വിപുലീകരിച്ച മൂന്നാം പതിപ്പ്

# പാറമേൽ അടിസ്ഥാനമിടുന്നവൻ

സാജു

മാർഗം ബുക്സ്
പ്രസിദ്ധീകരണം

**Paramel Adisthanamidunnavan**
(Malayalam)

Author
Saju

First Published
January 2000

Second Edition
January 2001

Third enlarged 'Margam' Edition
January 2005

Published by
Margam Books,
Post Box 3, Bilaspur C' Garh
495001

Printed by
Graphic Systems & Co.
Mallappally ✆ 0469 2785522

Price : Rs. 25/-

# ഒന്നാം പതിപ്പിൻെറ പ്രസാധകക്കുറിപ്പ്

മനുഷ്യജീവിതത്തെ 'ഡിസ്പോസ്സിബിൾ' സംസ്ക്കാരം ഗ്രസിച്ചു കഴിഞ്ഞിരിക്കുകയാണ്- സൗകര്യത്തിന് ഉപയോഗിച്ചശേഷം വലിച്ചെറിയുക! ശാശ്വതമായി നിലനിൽക്കുന്ന ഒന്നിനോടും മനുഷ്യന് പ്രതിപത്തി വേണ്ടതുപോലെയില്ല.

മാനവ സംസ്ക്കാരത്തെ ആകെ രോഗാതുരമാക്കുന്ന ഈ പ്രവണതയെ മുൻ കണ്ടുകൊണ്ടായിരിക്കാം. "........ എൻെറ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു" എന്ന് ക്രിസ്തു അരുളിച്ചെയ്തത്.

വചനത്തിലെ ശാശ്വത സത്യങ്ങളെ തിരസ്കരിച്ചുകൊണ്ട് അനുഭവങ്ങൾക്ക് മുൻതൂക്കം നൽകി സ്വന്തം മന:സാക്ഷിയിൽ ചൂട് പിടിച്ചവരായി ജനത്തെ വലച്ചുകളയുന്ന ധാരാളം ഉപദേഷ്ടാക്കൻമാർ ക്രൈസ്തവ ലോകത്ത് പെരുകുന്നു.

അമൂല്യങ്ങളായ മുത്തുകളും പവിഴങ്ങളും കൊണ്ട് സമൃദ്ധമായ ഒരു പാരാവാരമാണ് തിരുവചനം. എന്നാൽ വചനാടിസ്ഥാനമില്ലാത്ത അനുഭവങ്ങളുടെ വേലിയേറ്റത്തിൽപ്പെട്ട് ഇളകിയാടുകയാണ് പലരും.

ഈ പുസ്തകത്തിലൂടെ ആഴിയുടെ അഗാധതയിലേക്ക് ഊളിയിട്ട് മുത്തും പവിഴവും നിറഞ്ഞ ആ അക്ഷയഖനി അനുവാചകന് പരിചയപ്പെടുത്തുകയാണ് ബഹുമാന്യ സഹോദരൻ സാജു. അനുഗൃഹീതമായ തൻെറ തൂലികയിലൂടെ ഒഴുകിയെത്തുന്ന ഈ തെളിഞ്ഞ ചിന്തകൾ വായനക്കാരെ വചനത്തിലേക്കും അതിൻെറ ഉടയവനിലേക്കും മടക്കിവരുത്തുമെന്ന് ഞങ്ങൾക്ക് ശുഭാപ്തിവിശ്വാസമുണ്ട്.

സാജുവിന് എല്ലാ അനുമോദനങ്ങളും. ക്രിസ്തുവാകുന്ന ഇളകാത്ത അടിസ്ഥാനത്തിൻമേൽ തങ്ങളുടെ ജീവിതങ്ങളെ കെട്ടിപ്പടുക്കുവാൻ ഈ ഗ്രന്ഥപാരായണം മുഖാന്തിരമാകട്ടെ എന്ന പ്രാർത്ഥനയോടെ അനുവാചക സമക്ഷം സമർപ്പിക്കുന്നു.

തൃശൂർ
ജനുവരി 2000 പ്രഫ. ജേക്കബ് തോമസ്

## മുഖാമുഖം

ഇരുപത്തഞ്ചു കൊല്ലങ്ങളിലെ ആത്മിക ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ അവഗണിക്കാനാവാത്ത ഒരു ചോദ്യമുണ്ട്............. എന്താണ് എന്നെ നിലനിർത്തിയത്?

ഒരിക്കലും ഞാനൊരു 'സ്പിരിറ്റ്വൽ ജയൻറ്' ആയിരുന്നില്ല. കുറിച്ചുവെയ്ക്കാൻ വീരചരിത്രങ്ങളുമില്ല. ആത്മനിന്ദയുണർത്തുന്ന ഒട്ടനവധി ഓർമ്മകളുണ്ടുതാനും. എന്നിരുന്നാലും ഇപ്പോഴും ഞാൻ ' വിശ്വാസ ' ത്തിൽത്തന്നെയുണ്ട്.

ദൈവകൃപ എന്നേ ആത്യന്തികമായി പറയാനുള്ളു. എന്നാലും, 'വചന' ത്തിന് ഇക്കാര്യത്തിൽ വലിയൊരു സ്ഥാനമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ പുസ്തകത്തിൽ പറയുംപോലെ, എന്നെ രക്ഷയ്ക്കു പ്രാപ്തമാക്കിയത് ജഡാവതരണം ചെയ്ത നിത്യവചനമാണെങ്കിൽ എന്നെ രക്ഷയിൽ നിലനിർത്തിയത് എഴുതപ്പെട്ട വചനമാണ്.

1974ൽ ഞാൻ രക്ഷയിലേക്ക് 'വന്നുകൊണ്ടിരിക്കുന്ന' കാലം. എന്നുവെച്ചാൽ, ഞാൻ ക്രിസ്തുവിനാൽ ആകൃഷ്ടനായി; എന്നാൽ രക്ഷയെപ്പറ്റിയുള്ള ഉള്ളറിവൊന്നുമില്ലാതിരുന്ന സമയം. ഒരു കൂട്ടായ്മായോഗത്തിൽ വെച്ച് അതിൻെറ നടത്തിപ്പുകാരോടു ഞാൻ ചോദിച്ചു: "എന്തുകൊണ്ടാണ് നിങ്ങൾ ഇത്ര സന്തോഷമുള്ളവരായിരിക്കുന്നത്?"

അവർ എന്തൊക്കെയോ പറഞ്ഞു. എന്നാൽ 'ആത്മീയ ഭാഷ' മനസ്സിലാകാതിരുന്ന ഞാൻ അന്തംവിട്ടു നിന്നതേയുള്ളൂ. (അന്നു ഞാൻ വെറുമൊരു ഹൈസ്കൂൾ വിദ്യാർത്ഥിയാണ്). എന്നാൽ അവരെനിക്കൊരു നിർദ്ദേശം തന്നു: ബൈബിൾ വായിക്കുക.

ഞാനതു ചെയ്തു. രണ്ടുമൂന്നു മാസങ്ങൾകൊണ്ട് ഏകദേശം മുഴുവൻ! ആർത്തിയായിരുന്നു. അതെനിക്ക് ജീവാമൃതമായി.ഞാൻ 'രക്ഷിക്കപ്പെട്ടു '.

എൻെറ വിശ്വാസത്തെ ഞാൻ വചനത്തിലുറപ്പിച്ചു. അത് എൻെറ കാലിനു ദീപവും എൻെറ പാതയ്ക്ക് പ്രകാശവുമായി. അതെനിക്ക് നാവിൽ മധുരമായി, ഉദരത്തിൽ തണുപ്പായി, ഹൃദയത്തിൽ തീയായി, കണ്ണിൽ പ്രകാശമായി.....

വചനത്തിനു വലിയ പ്രാധാന്യം കൊടുക്കുന്നവരായിരുന്നു എൻെറ സമൂഹം. യോഗങ്ങൾക്കെല്ലാം വേദപുസ്തകം കൊണ്ടുപോകുന്നവർ......... ദിനം തോറുമുള്ള വായനയ്ക്ക് വളരെ പ്രാധാന്യം കൊടുക്കുന്നവർ............! എന്നാൽ കുറേ കഴിഞ്ഞപ്പോൾ എനിക്കുതോന്നി, എൻെറ സമൂഹത്തിന് വചനം അക്ഷരം മാത്രമാണ്.

അവരതിൽ നിന്ന് ചതഞ്ഞ 'ഡോഗ്മ ' മാത്രമേ ഉണ്ടാക്കുന്നുള്ളു. ജീവനുണ്ടാക്കുന്നില്ല. വചനത്തിൻെറ ആത്മാവ് നഷ്ടപ്പെടുന്നു.

ഞാൻ പറഞ്ഞു: കർത്താവേ, എനിക്ക് ആ അപകടം വരരുത്.

എനിക്കു വചനത്തെ അതിൻെറ ആത്മാവിൽ അറിയണം.

പല ആണ്ടറുതി യോഗങ്ങളിൽ ഞാൻ പ്രാർത്ഥിച്ചു:

കർത്താവേ, ഇക്കൊല്ലം പരിശുദ്ധാത്മാവ് എനിക്കു വചനത്തെ പഠിപ്പിക്കണമേ. സകല സത്യത്തിലേക്കും വഴി നടത്തണെ.

ആത്മാവ് വഴി നടത്തിയപ്പോൾ ഞാനറിഞ്ഞു; സത്യം വളരെ വിലയുള്ളതാണ്.

വില കൊടുക്കാതെ പറ്റില്ല. ഉപേക്ഷിക്കേണ്ടതു പലതുണ്ട്.

അംഗീകാരം, അധികാരം, ആത്മാനുരാഗം, സ്വാനുസുഖം.............അങ്ങനെ പലതും. വിട്ടുകളയാനും എനിക്കു ബുദ്ധിമുട്ടായിരുന്നു. ഇപ്പോഴുമാണ്. എന്നാൽ പിടിച്ചുവെച്ചപ്പോഴൊക്കെ സത്യത്തിൻെറ തീർത്ഥയാത്രയിൽ ഞാൻ വഴിമുട്ടി.

ദൈവം എന്നെ പഠിപ്പിച്ച ആത്മിക യാഥാർത്ഥ്യങ്ങളുടെ വിവരണമല്ല ഈ പുസ്തകം. ഓരോ പ്രാവശ്യവും വചനം വായിക്കുമ്പോൾ ദൈവം എന്നെ പുതിയതൊന്നു പഠിപ്പിക്കുന്നു എന്ന തിരിച്ചറിവിൽ വചനത്തിലൂടെ ദൈവം നിങ്ങളെയും പഠിപ്പിക്കുവാനുദ്ദേശിക്കുന്നു എന്ന നിർദ്ദേശവും അതിനായി ഏല്പിച്ചുകൊടുക്കണമെ എന്ന അപേക്ഷയും!

വചനത്തിലേക്ക് മടങ്ങിപ്പോവുക എന്ന ആഹ്വാനം! അതു മാത്രമാണ് ഈ പുസ്തകം.

ഞാൻ ഈ പുസ്തകമെഴുതിയത് സാധാരണക്കാർക്കുവേണ്ടിയാണ്-വളരെ സാധാരണക്കാർക്കുവേണ്ടി.

അതിനാൽ, പുതിയൊരു രചനാ ശൈലി തന്നെ ഒരുക്കിയെടുക്കുവാൻ ഞാൻ പരിശ്രമിച്ചു. ആത്മിക സത്യങ്ങളെ കഥകളും അനുഭവങ്ങളും കൊണ്ടു പൊതിഞ്ഞ്.......കഴിയുന്നത്ര ലളിതമാക്കാനുള്ള ബോധപൂർവ്വമായ പരിശ്രമം. കഥകളൊക്കെ സാങ്കല്പികമാണ്. അനുഭവങ്ങൾ യാഥാർത്ഥ്യവും. ലളിതമാക്കാനുള്ള പ്രക്രിയയിൽ പല വേദപുസ്തക ഭാഗങ്ങളും ഇപ്പോഴത്തെ മലയാള ബൈബിളിൻെറ പരിഭാഷയേക്കാൾ ലളിതമാക്കി- അർത്ഥവ്യാപ്തി ചോർത്തിക്കളയാതെ.

ഞാൻ പറഞ്ഞല്ലോ, ഇത് വചനത്തിനൊരു വ്യാഖ്യാനമല്ല. വചനത്തിലേക്ക്, ബൈബിളിലേക്ക്- അതിൻെറ ആത്മാവിലേക്ക് പ്രവേശിക്കാനുള്ള ഒരു ആഹ്വാനമാണ്.

വിലകൊടുക്കേണ്ടി വന്നാലും നാം സത്യത്തിലേക്ക് നയിക്കപ്പെടേണ്ടതുണ്ട്. നമുക്കു സ്വാതന്ത്ര്യം നല്കുന്ന സത്യത്തിലേക്ക്.

നിങ്ങളുടെ

**സാജു**

*വലിയ വട്ടപ്പാറ വീട്*
*കുറിയന്നൂർ പോസ്റ്റ്, തിരുവല്ല*
*കേരളം 689 550*
*20, ഡിസംബർ 1999*

*e-mail:jesusmission@rediffmail.com*
*visit.www.jesusmissionindia.org*
*Ph: 0469 2672310*
*Mob: 94471 72310*

Page No.


1. പാറമേൽ അടിസ്ഥാനമിടുന്നവൻ ..................................................... 7

2. മാംസമായി അക്ഷരമായി വചനം ..................................................... 13

3. നല്ല നിലത്തു വീണ വിത്ത് ..................................................... 18

4. വചനത്തിൽ സന്തോഷിക്കുക ..................................................... 25

5. വചന വായനയും വചന ധ്യാനവും ..................................................... 30

6. ചെവികളെ തുളയ്ക്കുക ..................................................... 40

7. വചനം V/S പാപം ..................................................... 49

8. സൗമ്യതയുടെ ആത്മാവ് ..................................................... 59

9. പാരമ്പര്യവും സമ്പ്രദായങ്ങളും ..................................................... 66

10. വചനം സ്വാതന്ത്ര്യം ..................................................... 79

11. ലളിതം മനോഹരം ..................................................... 90

12. വചനത്തിൻെറ വ്യാഖ്യാനവും പരിശുദ്ധാത്മാവും ..................... 98

13. കണ്ണാടി കാണുന്നവർ ..................................................... 121

14. ആത്മശക്തിയാൽ അനുസരണത്തിലേക്ക് ..................................... 131

15. ഉണർവ്വിൻെറ വാതായനം ..................................................... 136


# 1 പാറമേൽ അടിസ്ഥാനമിടുന്നവൻ

സ്റ്റേറ്റ് ബാങ്കിലെ ഉദ്യോഗസ്ഥനായ രാജൻെറ കുടുംബജീവിതം വളരെ സന്തുഷ്ടമായിരുന്നു. ഭാര്യ രജനി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിപ്പിക്കുന്നുണ്ടായിരുന്നെങ്കിലും ഓമന മകൻ രഞ്ജിത്ത് ജനിച്ചപ്പോൾ അവർ മകനെ നോക്കാൻ ഉദ്യോഗം ഉപേക്ഷിച്ചു. പിന്നീടാണ് അവർക്ക് റാണി പിറന്നത്.

പെട്ടെന്നാണ് കാര്യങ്ങൾ തിരിഞ്ഞുമറിഞ്ഞത്. അജ്ഞാത അതിഥിയായി വന്ന ഗർഭാശയ കാൻസർ വെളിപ്പെടുമ്പോഴേക്കും അതിൻെറ മൂന്നാംഘട്ടത്തിലെത്തിയിരുന്നു. ഇനിയൊന്നും ചെയ്യാനില്ലെന്നായിരുന്നു. ഡോക്ടർമാരുടെ വിധി. സ്വർഗ്ഗത്തിലെന്നതുപോലെ ആനന്ദാരവങ്ങൾ മുഴങ്ങിയിരുന്ന ആ വീട്ടിൽ ശ്മശാനത്തിലെന്നതുപോലെ മൂകത തളംകെട്ടി.

ബാങ്കിലെ അറ്റൻഡർ വർഗ്ഗീസാണ് പട്ടണത്തിൽ നടക്കുന്ന 'ക്രൂസേഡി'നെപ്പറ്റി രാജനോട് പറഞ്ഞത്. രോഗശാന്തി വരപ്രാപ്തരായ ആരോ വിദേശത്തുനിന്നും വരുന്നുണ്ടത്രേ. 'ഒക്കെ ശുദ്ധ തട്ടിപ്പ്' എന്നായിരുന്നു ഇത്തരം യോഗങ്ങളെപ്പറ്റി രാജൻെറ ചിന്ത. എന്നാലിപ്പോൾ, രജനിയുടെ രോഗാവസ്ഥയിൽ 'തട്ടിപ്പു' പോലും പരീക്ഷിക്കാൻ അവൻ മനസ്സുള്ളവനായിരുന്നു.

എന്തായാലും ആ ക്രൂസേഡിൽ വെച്ച് രജനിക്ക് അത്ഭുത രോഗ സൗഖ്യം ലഭിച്ചു. 'യേശുക്രിസ്തു' മാത്രമാണ് യഥാർത്ഥ ദൈവമെന്ന തിരിച്ചറിവ് രാജനുണ്ടായി, രജനിക്കും. അങ്ങനെയാണ് ആ കുടുംബം 'വിശ്വാസ' ത്തിലായത്.

രാജൻ ക്ഷണിച്ചതുകൊണ്ടുമാത്രമാണ് അവൻെറ അമ്മാവൻെറ മകൾ രേണു സഭയിലെ ഒരു ഉപവാസയോഗത്തിനു പോയത്. രേണുവിൻെറ വിവാഹം കഴിഞ്ഞ് മൂന്നു വർഷം പോലുമായിട്ടില്ല; ഭർത്താവ് അവളെയും ഒരു വയസ്സുള്ള കുഞ്ഞിനെയും ഉപേക്ഷിച്ച മട്ടാണ്. മറ്റൊരു പെൺകുട്ടിയോടൊപ്പം ഒരു വാടക വീട്ടിലാണ് അയാളിപ്പോൾ താമസം. രേണു ഒരു കുപ്പി വിഷം വാങ്ങിവെച്ചിട്ടുണ്ട്. അത് കുഞ്ഞിനും കൊടുത്ത് സ്വയം ജീവനൊടുക്കാനാണ് അവളുടെ പ്ലാൻ. എന്തോ ഒരു ധൈര്യം തോന്നിയില്ല. അതിനിടയിലാണ് ഉപവാസപ്രാർത്ഥനയ്ക്കുള്ള രാജൻെറ ക്ഷണം.

യോഗത്തിലെ ശബ്ദ കോലാഹലങ്ങൾ രേണുവിന് അലോസരമായി തോന്നി. മനസ്സമാധാനമാണ് തനിക്കാവശ്യം. അത് ഈ ബഹളത്തിനിടയിൽ ലഭിക്കുമെന്നു തോന്നുന്നില്ല. എന്തായാലും വന്നതല്ലെ.......രേണു പുറകിലത്തെ നിരയിൽ കുമ്പിട്ടിരുന്നു. അപ്പോഴാണ് പ്രവാചകൻെറ വെടിപൊട്ടുന്ന ശബ്ദം. "പുറകിലത്തെ നിരയിൽ രണ്ടാമതിരിക്കുന്ന സഹോദരിയോട് ദൈവത്തിൻെറ ആത്മാവു പറയുന്നു: നിൻെറ ജീവനൊടുക്കാൻ വിഷക്കുപ്പി കരുതിയിരിക്കുന്ന അവസ്ഥ ഞാൻ കാണുന്നു. നിൻെറ പ്രശ്നങ്ങളുമായി എൻെറ സന്നിധിയിലേക്കു വരിക. നിന്നെ സഹായിപ്പാൻ എൻെറ കരങ്ങൾക്ക് ഇന്നും ശക്തിയുണ്ട്."

രേണു ക്രിസ്തുവിശ്വാസിയായത് അങ്ങനെയാണ്.

അവരുടെ സഭയിലെ സൗമ്യനും സുവിശേഷ സ്നേഹിയുമായ ഒരു 'അച്ചായ' നാണ് തോമസുകുട്ടി. ഒരു സ്വകാര്യ പണമിടപാടു സ്ഥാപനത്തിൻെറ മാനേജരായ തോമസുകുട്ടിച്ചായൻ ജോലിസമയത്തുപോലും കഴിവതും ഇടപാടുകാരോട് സുവിശേഷം പറയാതിരിക്കില്ല. സഭയിലെ പ്രബോധനങ്ങൾക്കും പരസ്യസ്ഥലങ്ങളിലെ പ്രസംഗങ്ങൾക്കും തോമസുകുട്ടിച്ചായൻ മിടുക്കനാണ്.

തോമസുകുട്ടിച്ചായൻെറ വ്യക്തിത്വമാണ്. സജിയെ ആ കൂട്ടായ്മയിലേക്ക് ആകർഷിച്ചത്. സജിക്ക് ഗൾഫിൽ ജോലിയായിരുന്നു. രണ്ടുകൊല്ലമേ പണിയെടുക്കാൻ പറ്റിയുള്ളു. വിസ പുതുക്കിക്കിട്ടിയിട്ടില്ല.കുറച്ചു പണം മിച്ചം വെയ്ക്കാൻ പറ്റി. നാട്ടിലെത്തി സജി പഴയ പ്ലംബിംഗ് ജോലിയിൽ തുടർന്നു. ബാങ്കിൽ കിടക്കുന്ന അല്പം പണം സ്വകാര്യബാങ്കിൽ നിക്ഷേപിച്ചാൽ കിട്ടുന്ന മാസപ്പലിശയെപ്പറ്റി തോമസുകുട്ടിച്ചായനാണ് സജിയെ ബോധവൽക്കരിച്ചത്. ഇത് തൻെറ ബാങ്കിൽ ഇടാൻ വേണ്ടി പറയുന്നതല്ലെന്നും അച്ചായൻ പറഞ്ഞു. "എവിടെ വേണമെങ്കിലും ആ പണം ഇട്ടോളൂ സജി; എൻെറ ബാങ്കിൽ ഇട്ടിട്ടെന്ത്? ഞാൻ വെറും മാനേജർ മാത്രം." എന്നാണ് തോമാച്ചായൻ പറഞ്ഞതെങ്കിലും സജി അവിടെത്തന്നെയാണ് പണം നിക്ഷേപിച്ചത്. സൗമ്യനും സഹായിയും സ്വാർത്ഥരഹിതനുമായ തോമാച്ചായനോടൊപ്പം ആരാധിക്കാൻ സജി ഉത്സാഹം കാട്ടി.

റോബിയുടെ പശ്ചാത്തലം മറ്റൊന്നാണ്. അമേരിക്കൻ സിറ്റിസണായ, രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട് വേർപെട്ട കൂട്ടായ്മയിലുള്ള അമ്മിണിക്കുട്ടി എന്ന യുവതിക്ക് വിവാഹാലോചനകൾ ക്ഷണിച്ചുള്ള പരസ്യത്തിന് സമുദായക്കാരനും സിവിൽ എഞ്ചിനീയറുമായ റോബി പ്രതികരിച്ചപ്പോൾ അവർ ആകെ ആവശ്യപ്പെട്ടത് റോബി സ്നാനപ്പെട്ട് അവരുടെ കൂട്ടായ്മയിൽ ചേരണമെന്നായിരുന്നു. പള്ളിക്കാരനായിരിക്കുമ്പോൾ തന്നെ ഒരുവിധം ഭക്തനൊക്കെ ആയിരുന്ന റോബിക്ക് അത്ര വലിയൊരു നിബന്ധനയായി തോന്നിയില്ല. വിവാഹത്തോടുള്ള ബന്ധത്തിലാണ് റോബി സ്നാനപ്പെട്ടതെങ്കിലും അവന് പുതിയ ജീവിതം രസിച്ചു തുടങ്ങി. അമ്മിണിക്കുട്ടിയെ കിട്ടിയതിൽ മാത്രമല്ല, 'വിശ്വാസി' യാകാൻ കഴിഞ്ഞതിലും റോബി സന്തോഷിക്കുന്നു. അതുകൊണ്ടാണ്, കല്യാണം കഴിഞ്ഞ് അമ്മിണിക്കുട്ടി മടങ്ങിപ്പോയിട്ടും റോബി പുതിയ കൂട്ടായ്മയിൽതന്നെ തുടരുന്നത്. ഒരു കൊല്ലത്തിനകം റോബിക്ക് അമേരിക്കയിലെത്താം. അമ്മിണിക്കുട്ടി ഫയൽ ചെയ്തിട്ടുണ്ട്.

ഇവരെല്ലാവരും - രജനിയും, രാജനും, രേണുവും, സജിയും എല്ലാം - പുതിയ സഭയിൽ സന്തുഷ്ടരായിരുന്നു. നല്ല കൂട്ടായ്മ, നല്ല തീപ്പൊരി ആരാധന, ഇടയ്ക്കിടെയെത്തുന്ന കൃപാവര ശുശ്രൂഷകർ........പുതുതായി വിശ്വാസത്തിൽ വന്ന പലർക്കും പലവിധ എതിർപ്പുകളും അവരുടെ സ്വന്തക്കാരിൽ നിന്ന് നേരിടേണ്ടിവന്നുവെങ്കിലും അവർ പിടിച്ചു നിന്നു. 'നിന്ദ' യും 'പഴി' യും അവരെ പിൻമാറ്റിയില്ല. അത്രയ്ക്കും നല്ല ആരാധനയായിരുന്നു സഭയിൽ. ഒരു 'ആരാധന ' കഴിയുമ്പോഴേയ്ക്കും എല്ലാ ദുരിതവും മറന്നുപോകും.

ഇതൊക്കെയായിട്ടും ചിലതൊക്കെ ആ സഭയിൽ വന്നു സംഭവിച്ചു. ഒന്നും ആരും വരുത്തിയതെന്നു പറയാനാവില്ല. എന്നിട്ടും പുതുതായി വിശ്വാസത്തിൽ വന്ന പലരും പിൻമാറിപ്പോയി.

രജനിക്ക് അത്ഭുതരോഗ സൗഖ്യം ലഭിച്ചുവെന്നതു ശരിതന്നെ. എന്നാൽ ആരും നിനച്ചിരിക്കാത്ത നേരത്താണ് അവളുടെ ഓമന മകൻ രഞ്ജിത്ത് പുറകോട്ടെടുത്ത സ്കൂൾ ബസിനടിയിൽപ്പെട്ടു മരിച്ചത്. അത് അവർക്ക് വലിയ ഒരു ഷോക്ക് ആയെന്നു പറയണോ? അടക്കത്തിന് സഭക്കാരെല്ലാം സഹകരിച്ചെങ്കിലും വീട്ടുകാർ അവരെ കൈവിട്ടു. കുല ദൈവങ്ങളെ വിട്ട് പുതുദൈവത്തെ തേടിപ്പോയതിന് ഈശ്വരൻമാർ നല്കിയ ശിക്ഷയാണ് മകൻെറ മരണമെന്നായിരുന്നു വീട്ടുകാരുടെ ഭാഷ്യം. രാജൻ ആകെ തളർന്നുപോയി. 'എല്ലാം ആർക്കുവേണ്ടി? എന്നാണവൻെറ ചിന്ത. മകൻ മരിച്ച് ആഴ്ചകൾ കഴിഞ്ഞിട്ടും അവൻ ജോലിക്കു പോയില്ല. ചെന്നപ്പോഴാകട്ടെ, കാഷ്കൗണ്ടറിൽ കണക്കുകളെല്ലാം തെറ്റി. നൂറിനു പകരം അഞ്ഞൂറും അഞ്ഞൂറിനു പകരം നൂറും നോട്ടുകൾ മാറിക്കൊടുത്തു. സഹപ്രവർത്തകർ രാജനെ മറ്റൊരു സെക്ഷനിലേക്കു മാറ്റിയെങ്കിലും അവിടെയും അക്കങ്ങളും വാക്കുകളും കൂട്ടുപിണഞ്ഞു. ഇപ്പോൾ രാജൻ ദീർഘ ആവധിയിലാണ്. ഭാര്യയോ ഭർത്താവോ ഇപ്പോൾ ആരാധനയ്ക്കു വരുന്നില്ലെന്നു മാത്രമല്ല, പുതുപ്രശ്നങ്ങളുടെ പരിഹാരത്തിനായി മന്ത്രവാദികളെ വരുത്തി പൂജ നടത്തുകയും ചെയ്യുന്നു.

രേണുവിൻെറ കാര്യം പറഞ്ഞാൽ, അവൾക്ക് പ്രവാചകരായിരുന്നു ജീവശ്വാസം. ഓരോ ചലനങ്ങൾക്കും അവൾ പ്രവാചകനെ കണ്ടു. എന്നാൽ, ഒരു സഭായോഗത്തിൽ പുതിയൊരു പ്രവാചകൻ എല്ലാവരും കേൾക്കെ "നിൻെറ പാപാവസ്ഥകളെ ഞാൻ കാണുന്നു. നിൻെറ അഭിലാഷങ്ങളുടെ കെട്ടിനെ വിട്ട് വിശുദ്ധിയുടെ പാതയിലേക്കു തിരിയുക, ഞാൻ ദഹിപ്പിക്കുന്ന അഗ്നിയാണ്" എന്നു പറഞ്ഞത് രേണുവിന് താങ്ങാനാവുന്നതിനപ്പുറമായി. ഭർത്താവ് മറ്റൊരു സ്ത്രീയുടെ കൂടെ താമസിക്കുന്നതറിഞ്ഞിട്ടും വഴിവിട്ടൊരു ചിന്ത മനസ്സിൽ കയറ്റിയിട്ടില്ലാത്ത തന്നെ പൊതുജനമദ്ധ്യത്തിൽ പാപിയായി ചിത്രീകരിച്ചതിനു പിന്നിലെ 'ദൈവാത്മാവ്' രേണുവിന് അജ്ഞാതമായിരുന്നു. തുടർന്നുള്ള ദിനങ്ങളിൽ സഭയിലുള്ളവരുടെ പെരുമാറ്റത്തിലെ വ്യത്യാസം രേണുവിന് അവഗണിക്കാനായില്ല. പാസ്റ്റർ ഉൾപ്പെടെയുള്ള പുരുഷൻമാർ രേണുവുമായി സംസാരിക്കേണ്ടിവന്നപ്പോൾ പേടിയോടെ പോകാൻ ധൃതി കാട്ടി. രേണുവുമായി സംസാരിക്കുന്ന പുരുഷൻമാരെ അവരുടെ ഭാര്യമാർ തറപ്പിച്ചുനോക്കി മുഖം വീർപ്പിച്ചു. രേണു ഇപ്പോൾ വീട്ടിലിരിപ്പാണ്.പൊട്ടിച്ചുകളഞ്ഞ വിഷക്കുപ്പിക്കു പകരമൊന്നാണ് ഇപ്പോഴവളുടെ മനസ്സിൽ.

തോമാച്ചായൻ ആളൊരു 'മാന്യ'നായിരുന്നെങ്കിലും അദ്ദേഹം ജോലി ചെയ്യുന്ന സ്ഥാപനം പൊട്ടി. പൊട്ടിയതാണെന്നും പൊട്ടിച്ചതാണെന്നും സംസാരമുണ്ട്. എന്തായാലും പാവങ്ങളുടെ ലക്ഷക്കണക്കിനു രൂപാ വെള്ളത്തിലായി. പാവം തോമാച്ചായൻ എന്തു ചെയ്യും? സഭക്കാർ തോമാച്ചായനവേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. എന്നാൽ പോലീസ് അന്വേഷണത്തിലാണറിയുന്നത്, തോമാച്ചായൻ സ്ഥാപനത്തിൻെറ വെറും മാനേജർ മാത്രമല്ലായിരുന്നെന്നും സ്ഥാപനത്തിൻെറ പ്രമുഖ പാർട്ട്ണർമാരിലൊരാളായിരുന്നെന്നും പാവങ്ങളുടെ പണവുമായി തോമാച്ചായൻ മുങ്ങി.

"മാന്യ"നായ തോമാച്ചായൻെറ വഞ്ചന പുറത്തുവന്നപ്പോൾ എല്ലാവരും ഞെട്ടിയെങ്കിലും അത് ഏറെ തളർത്തിയത് സജിയെയാണ്. ഇങ്ങനെയാണോ വിശ്വാസികൾ അവിശ്വാസികളിൽ നിന്നും വേർപെട്ടവരാകുന്നത്, എന്നാണ് സജിയുടെ ഇപ്പോഴത്തെ സംശയം.

റോബിക്ക് ഇപ്പോൾ അമ്മിണിക്കുട്ടിയുടെ കത്തുകൾ കിട്ടുന്നില്ല. എന്തു പറ്റിയെന്നന്വേഷിക്കാൻ അവളെ ഫോണിലും കിട്ടുന്നില്ല. ഒടുവിൽ ഒരു അകന്ന ബന്ധുവിൽ നിന്നാണ് അമ്മിണിക്കുട്ടി ഇപ്പോൾ ഒരു സായിപ്പിനൊപ്പമാണ് താമസമെന്ന് റോബി അറിയുന്നത്. അവിടെ പൊലിഞ്ഞു വീണത് റോബിയുടെ അമേരിക്കൻ സ്വപ്നം മാത്രമല്ല, ജീവിതം തന്നെയായിരുന്നു. റോബി ഇപ്പോൾ പെന്തെക്കോസ്തിലില്ല, പള്ളിയിലുമില്ല. എങ്ങുമില്ല എന്നു പറയുന്നതാവും കൂടുതൽ സത്യം. അവൻ മദ്യത്തിൽ മുങ്ങിത്താണുപോയി.

എന്താണ് സംഭവിച്ചത്?

രാജനും, രജനിയും, രേണുവും, സജിയും റോബിയുമെല്ലാം യഥാർത്ഥത്തിൽ വിശ്വാസികളല്ലായിരുന്നോ? തീർച്ചയായും ആയിരുന്നു. അവരാരും കപടതയോടെയല്ല ദൈവത്തെ സേവിച്ചത്. എന്നാൽ അവരുടെ വിശ്വാസത്തിൻെറ അടിത്തറ അവരുടെ അനുഭവങ്ങൾ മാത്രമായിരുന്നു. അത്ഭുത രോഗശാന്തിയാണ് രാജനെയും രജനിയെയും വിശ്വാസികളാക്കിയത്. രേണു പ്രവാചക ശബ്ദത്തിൽ വീണുപോയി. സജിയെ ഒരു മാതൃകാ പുരുഷനാണ് വിശ്വാസത്തിലെത്തിച്ചത്. റോബിയെ അമ്മിണിക്കുട്ടിയും..............

ഇതുപോലെ പലതുമാകാം നമ്മളെയൊക്കെ വിശ്വാസത്തിലെത്തിച്ചത്. മുഖാന്തിരങ്ങൾ പലതുമാകട്ടെ. നാം ഈ അതിവിശുദ്ധ വിശ്വാസത്തിന് ഉടമകളായല്ലോ; നമുക്ക് ദൈവത്തിന് സ്തോത്രം ചെയ്യാം. എന്നാൽ നമ്മുടെ വിശ്വാസത്തിൻെറ അടിത്തറ നമ്മുടെ അനുഭവം മാത്രമാണെങ്കിൽ തിരിച്ചൊരനുഭവം നമ്മെ വിശ്വാസത്തിൽ നിന്നു പിൻമാറ്റിയേക്കാം.

നില നിൽക്കുകയും തകരുകയും ചെയ്യുന്ന വിശ്വാസത്തെപ്പറ്റി യേശുക്രിസ്തു പറയുന്ന ഉപമ ശ്രദ്ധിക്കൂ.

*"..........ആകയാൽ എന്റെ ഈ വചനം കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വൻ മഴ ചൊരിഞ്ഞു, നദികൾ പൊങ്ങി, കാറ്റ് അടിച്ചു, ആ വീടിൻമേൽ അലച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടുചെയ്യാത്തവൻ ഒക്കെയും മണലിൻമേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വൻമഴ ചൊരിഞ്ഞു. നദികൾ പൊങ്ങി, കാറ്റ് അടിച്ചു, ആ വീടിൻമേൽ അലെച്ചു. അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു". (മത്തായി 7:24-27)*

"എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ...." അവനാണ്. പാറമേൽ അടിസ്ഥാനമിട്ടവൻ. അവന്റെ ഉറപ്പ്, അവന്റെ അടിസ്ഥാനം, യേശുക്രിസ്തുവിന്റെ വചനമാണ്. വചനത്തിൽ വിശ്വാസം ഉറപ്പിച്ചവൻ വൻമഴയുടെ ചൊരിച്ചിലിലും നദിയുടെ ഉയർച്ചയിലും കാറ്റിന്റെ പ്രവാഹത്തിലും തകർന്നു പോകുന്നില്ല. അല്ലാത്തവൻ മണലിൻമേൽ വീടു പണിയുന്നവനാണ്. പണി എളുപ്പം; എന്നാൽ അതിന്റെ തകർച്ചയും എളുപ്പമായിരിക്കും. അത് വലിയതുമായിരിക്കും !

ഏതൊക്കെ മുഖാന്തിരങ്ങളിലൂടെ നാം രക്ഷാനുഭവത്തിലേക്കു പ്രവേശിച്ചാലും നമ്മുടെ വിശ്വാസത്തെ വചനത്തിലുറപ്പിക്കുന്നില്ലെങ്കിൽ തകർച്ച ആസന്നമാണെന്ന് യേശുവിന്റെ വാക്കുകൾ വ്യക്തമാക്കുന്നു. വചനം അറിയുന്നവരും അനുസരിക്കുന്നവരുമാകണം നാം.

❖ ❖ ❖



# 2 മാംസമായി അക്ഷരമായി വചനം

നമുക്കു രക്ഷ നേടിത്തന്നത് എന്താണ് എന്നു ചോദിച്ചാൽ ഉത്തരം ഒട്ടും സംശയിക്കാതെ ഇപ്രകാരമായിരിക്കും: ക്രൂശു മരണത്തിലൂടെ യേശുക്രിസ്തു നടത്തിയ പാപപരിഹാരബലി!!

ശരിയായ ഉത്തരം. എന്നാൽ, യേശു 'ജഡാവതരണം ചെയ്ത ദൈവത്തിന്റെ വചന'മാണ് എന്ന് യോഹന്നാൻ പറയുന്നു. *"ആദിയിൽ 'വചനം' ഉണ്ടായിരുന്നു. 'വചനം' ദൈവത്തോടുകൂടെ ആയിരുന്നു; 'വചനം' ദൈവം ആയിരുന്നു.... 'വചനം' ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു....." (യോഹന്നാൻ 1:1,14)*

ഒറ്റ വായനയിൽ ഒരുപക്ഷെ ഈ വാക്യത്തിന്റെ അർത്ഥവ്യാപ്തി അറിയാനായില്ലെന്നുവരാം. വചനം എന്നാൽ വാക്ക് എന്നു മാത്രമല്ല അർത്ഥം. യോഹന്നാൻ ഉപയോഗിക്കുന്ന 'ലോഗോസ്' എന്ന ഗ്രീക്ക് വാക്കിന് വളരെ അർത്ഥവ്യാപ്തിയുണ്ട്. 'യുക്തി' എന്നും 'ചിന്ത' എന്നും 'മനസ്സ്' എന്നും അതിന് കല്പിത അർത്ഥമാകാം. യൂദ - യവനായ ചിന്തകളിൽ വളരെ പ്രസക്തമായ ഒരു വാക്കാണ് 'ലോഗോസ് '.

എന്റെ ചിന്ത, യുക്തി, മനസ്സ് ഇതൊക്കെ എന്റെ ഭാഗം തന്നെയാണല്ലോ. എന്നാൽ, എന്റെ ചിന്തയെയും യുക്തിയെയും മനസ്സിനെയും

ഞാൻ പ്രതിഫലിപ്പിക്കുന്നത് എങ്ങനെയാണ്? വാക്കുകളിലൂടെ! വാക്കുകളിലൂടെ വെളിപ്പെടുത്തിയില്ലെങ്കിൽ എന്റെ ചിന്തയും മനസ്സും ഗുപ്തമായിരിക്കും. വചനം എന്റെ മനസ്സിനെ വെളിപ്പെടുത്തുന്നു. മനസ്സിനെ എന്നാൽ എന്നെത്തന്നെയാണ് അത് വെളിപ്പെടുത്തുന്നത്. എന്റെ മനസ്സ് എന്നിൽ നിന്നു വ്യത്യസ്തമല്ലാത്തതിനാൽ എന്റെ വചനം എന്റെ തന്നെ വെളിപ്പാടാണ്.

ദൈവത്തിന്റെ വചനവും അങ്ങനെതന്നെ. എന്നാൽ, വചനം ദൈവത്തിന്റേതാകുമ്പോൾ അതിന്റെ പ്രത്യേകതകൾ ഇരട്ടിക്കുന്നു.

സൃഷ്ടിയിങ്കൽ പ്രവർത്തിച്ചത് ദൈവ വചനമാണ്.

*"യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി." (സങ്കീർത്തനം 33:6)*

യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഈ ചിന്തയ്ക്ക് അടിവരയിടുന്നു. *"സകലവും അവൻ (അവന്റെ വചനം) മുഖാന്തിരം ഉളവായി; ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല." (യോഹന്നാൻ 1:3)*

വചനം സൃഷ്ടിയിൽ മാത്രമല്ല, സ്ഥിതി സംരക്ഷണത്തിലും പ്രവർത്തന നിരതമായിരുന്നുവെന്നതാണ് യഹൂദചിന്ത.

*"അവൻ തന്റെ ആജ്ഞ ഭൂമിയിലേക്ക് അയയ്ക്കുന്നു, അവന്റെ വചനം അതിവേഗം ഓടുന്നു....... അവൻ നീർക്കട്ട കഷണം കഷണമായി എറിയുന്നു........അവൻ തന്റെ വചനം അയച്ച് അവയെ ഉരുക്കുന്നു......" (സങ്കീർത്തനം 147: 15-18)*

*"അവൻ തന്റെ വചനത്തെ അയച്ച് അവരെ സൗഖ്യമാക്കി.........." (സങ്കീർത്തനം 107:20).*

സൃഷ്ടിയും സ്ഥിതിസംരക്ഷണവും മാത്രമല്ല ദൈവത്തിന്റെ വചനത്താൽ നടക്കുന്നത്. അന്ത്യവും വചനത്താൽ തന്നെയായിരിക്കും. സംഹാരവും വചനത്തിന്റെ പ്രവൃത്തിയെന്ന് പത്രോസ് പറയുന്നു.

*"ആകാശവും, വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ടു ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീയ്ക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു." (2 പത്രോസ് 3:5-7)*



യഹൂദചിന്ത 'വചന'ത്തിന് ഒരു സ്വതന്ത്ര അസ്തിത്വം തന്നെ കല്പിച്ചുകൊടുക്കുന്നുണ്ട്. യിസഹാക്ക് ഉപായിയായിരുന്ന യാക്കോബിനെ അനുഗ്രഹിച്ചു. അല്പം കഴിഞ്ഞാണ് ഏശാവ് എത്തുന്നത്. "വാക്കുകൾ കൈവിട്ടുപോയി" എന്നായിരുന്നു യിസ്ഹാക്കിന്റെ ഭാഷ്യം. അതിനി തിരിച്ചെടുക്കാനാവില്ല.

യഹൂദന്മാർക്ക് ദൈവവും ദൈവവചനവും പകരമുപയോഗിക്കാവുന്ന വാക്കുകൾ തന്നെയായിരുന്നു. ഭക്തിയിൽ വളരെ ഉയർന്നു നിന്ന അവരുടെ ശാസ്ത്രിമാർ 'യഹോവ 'എന്ന വാക്ക് ഭീതിയോടെ മാത്രം ഉപയോഗിച്ചു. പഴയനിയമത്തിന്റെ സാമാന്യഭാഷാവ്യാഖ്യാനത്തിൽ (ടാർഗൂം) പലയിടത്തും ദൈവമെന്നതിനുപകരമായിത്തന്നെ ദൈവവചനമെന്നുപയോഗിച്ചിട്ടുണ്ട്.

*"ദൈവത്തെ എതിരേൽപ്പാൻ മോശെ ജനത്തെ പാളയത്തിൽ നിന്നു പുറപ്പെടുവിച്ചു".* (പുറപ്പാട് 19:17- പഴയനിയമം)

"ദൈവത്തിന്റെ വചനത്തെ എതിരേൽപ്പാൻ മോശെ ജനത്തെ പാളയത്തിൽ നിന്നു പുറപ്പെടുവിച്ചു." (ടാർഗൂം- പഴയ നിയമത്തിന്റെ അരാമ്യ പരിഭാഷ)

ഈ അർത്ഥത്തിൽ "വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു" എന്ന യോഹന്നാന്റെ വാക്കുകൾ വായിക്കുന്നത് കാര്യങ്ങൾ കൂടുതൽ സരളമാക്കും. ദൈവത്തിന്റെ മനസ്സിന്റെ പ്രതിഫലനമാണ് വചനം. അത് ദൈവത്തോടു കൂടെയായിരുന്നു, ദൈവം തന്നെയായിരുന്നു.

ഗ്രീക്ക് തത്വചിന്തകർക്കും 'വചനം' എന്ന വാക്ക് അന്യമായിരുന്നില്ല. പ്രപഞ്ചത്തിലെ സകല ചലനങ്ങളെയും നിയന്ത്രിക്കുന്ന 'യുക്തി' യാണ് ലോഗോസ് എന്ന് ഹൊറോക്ലീറ്റസ് പറഞ്ഞു. പ്ലേറ്റോയിലൂടെ ആവിർഭവിച്ച ആശയവാദത്തിലും 'ലോഗോസി 'ന് നല്ല സ്ഥാനമുണ്ടായിരുന്നു. ആശയം മാത്രമാണ് യാഥാർത്ഥ്യം എന്ന് പ്ലേറ്റോ പറഞ്ഞു. ബാക്കി പ്രപഞ്ചത്തിൽ കാണുന്നതെല്ലാം, കാണാൻ കഴിയാത്ത ആശയത്തിന്റെ പ്രതിഫലനം മാത്രം! ഉദാഹരണമായി മനോഹരമായ ഒരു ചിത്രത്തിന്റെ കാര്യമെടുക്കുക. എവിടെയാണ് യഥാർത്ഥ ചിത്രം ഇരിക്കുന്നത്? ചിത്രകാരന്റെ മനസ്സിൽ! ചിത്രകാരൻ ക്യാൻവാസിൽ തന്റെ മനസ്സ് പകർത്തുക മാത്രമേ ചെയ്യുന്നുള്ളൂ. യാഥാർത്ഥ്യം ചിത്രകാരന്റെ മനസ്സിനുള്ളിലിരിക്കുന്ന 'ആശയ'മാണ്. ആശയം ചിത്രമാകുമ്പോൾ നമുക്ക് അത് വായിക്കാൻ പറ്റുന്നു എന്നു മാത്രം.

തൻെറ വായനക്കാർ യഹൂദ - യവന ചിന്തകളിൽ പ്രാവീണ്യമുള്ള വരാണ് എന്ന തിരിച്ചറിവിൽ യോഹന്നാൻ യേശുക്രിസ്തുവിൻെറ ജഡാ വതരണത്തെ 'ലോഗോസ്' ചിന്തയുടെ പശ്ചാത്തലത്തിൽ വിശദമാക്കു വാൻ പരിശ്രമിക്കുന്നു. യേശു, ദൈവത്തിൽനിന്നു വേർതിരിച്ചു കാണാ നാകാത്ത ദൈവത്തിൻെറ ലോഗോസ് ആണെന്നും, ആ ലോഗോസ് - വചനം- ജഡാവതരണത്തിലൂടെ ജനങ്ങൾക്കു വായിക്കാൻ പാകത്തിൽ വെളിപ്പെടുത്തപ്പെടുകയായിരുന്നു എന്നുമാണ് യോഹന്നാൻെറ ഭാഷ്യം.

"ആർ മുഖാന്തിരമാണോ സകല സൃഷ്ടികളും ഉളവായത്, ആ ദൈവ ത്തിൻെറ 'ലോഗോസ്'- ആരാണോ സകല സൃഷ്ടിയെയും നിയന്ത്രിക്കു ന്നത്, ആ ദൈവത്തിൻെറ ലോഗോസ് - ഇതാ പിതാവിൻെറ തേജസ്സിൻെറ വെളിപ്പാടായി നമ്മുടെയിടയിൽ കൂടാരമടിച്ചിരിക്കുന്നു: ദൈവത്തിൻെറ വചനം ജഡമായിത്തീർന്നിരിക്കുന്നു - ശരീരം ധരിച്ചിരിക്കുന്നു! അവനാണ് യേശുക്രിസ്തു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. ദൈവം എങ്ങനെയുള്ളവൻ എന്നതിന് നമുക്ക് വളരെ മങ്ങിയ അറിവുക ളേയുണ്ടായിരുന്നുള്ളു. എന്നാലിതാ ഇപ്പോൾ പിതാവിൻെറ മടിയിലിരി ക്കുന്ന ഏകജാതൻ നമ്മുടെയിടയിലേക്ക് ഇറങ്ങി വന്നു പാർത്തതിനാൽ പിതാവിനെ നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു". (യോഹന്നാൻ 1:14,18)

ദൈവത്തിൻെറ ലോഗോസ് ശരീരമെടുത്ത് യേശുവായി - നമ്മിലൊ രുവനായി ജീവിച്ചതിനാലാണ് ദൈവത്തിൻെറ സ്വഭാവം നമുക്ക് മനസ്സി ലാക്കാൻ കഴിയുന്നത്. എന്നാൽ യോഹന്നാൻ പറയുന്നത് ദൈവത്തിൻെറ വചനം ജഡമായിത്തീർന്നതിന് മറ്റൊരു ഉദ്ദേശം കൂടെയുണ്ട് എന്നാണ്. *"കൃപയും സത്യവും ലോകത്തിലേക്കു കൊണ്ടുവരുവാൻ.......അവനെ കൈക്കൊണ്ട് അവൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവരെയും ദൈവമക്കളാക്കുവാൻ........വചനം ജഡമായിത്തീർന്നു" (യോഹന്നാൻ 1:17,12)*

നമ്മെ ദൈവമക്കളാക്കുവാൻ ജഡാവതരണം ചെയ്ത വചനത്തിന്, യേശുവിന്, വളരെ വിലകൊടുക്കേണ്ടിവന്നു: സ്വന്തം ജീവൻ തന്നെ! ജഡമായിത്തീർന്ന വചനത്തിൻെറ (യേശുക്രിസ്തുവിൻെറ) ക്രൂശു മരണത്താലാണ് ആരും രക്ഷയെ അറിയുന്നത്. നമുക്കൊക്കെയും രക്ഷ യെ പ്രദാനം ചെയ്തത് ജഡാവതരണം ചെയ്ത വചനമാണ്.

വചനമാണ് നമ്മെ രക്ഷയ്ക്ക് പ്രാപ്തമാക്കുന്നത്! എന്നാൽ, നമ്മെ രക്ഷയിൽ വളർത്തുന്നതെന്താണ്? അതും വചനം തന്നെ!



*"ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ 'വചനം' എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ". (1 പത്രോസ് 2:3)*

നമ്മുടെ രക്ഷ സാധ്യമാക്കി തീർത്തത് ജഡാവതരണം ചെയ്ത വചനമാണെങ്കിൽ ആ രക്ഷയിൽ നമ്മെ വളർത്തുന്നത് എഴുതപ്പെട്ട വചനമാണ്. വചനത്തെ നിരസിക്കുന്നവർക്ക് നിലനില്പില്ല.

*"അവർ വചനം അനുസരിക്കായ്കയാൽ ഇടറിപ്പോകുന്നു."*
*(1 പത്രോസ് 2:8)*

പല മുഖാന്തിരങ്ങളിലൂടെയാകാം നമ്മളോരോരുത്തരും രക്ഷാനു ഭവത്തിലേക്കു കടന്നുവന്നത്. എന്നാൽ പല വഴിയിലൂടെയല്ല നാമാരും രക്ഷയെ പ്രാപിച്ചത്. അതിന് ഒരു വഴി മാത്രമേയുള്ളൂ. ജഡാവതരണം ചെയ്ത ദൈവത്തിൻെറ വചനം!

തൻെറ ക്രൂശു മരണത്തിലൂടെ നിത്യവചനമായ യേശു നമുക്ക് നിത്യ ജീവൻ നല്കിത്തന്നു. അതേപോലെ രക്ഷയിൽ വളരുവാനും നമുക്ക് ഒരു വഴിയേയുള്ളു. പാറമേൽ അടിസ്ഥാനമിട്ടവനെപ്പോലെ എഴുതപ്പെട്ട വചനത്തിൽ നമ്മുടെ വിശ്വാസത്തിന് അടിസ്ഥാനമിടുക. വചനമെന്ന മായമില്ലാത്ത പാൽ കുടിച്ച് വളരുക.

രക്ഷ പ്രാപിക്കുവാൻ നിങ്ങൾക്ക് ജഡാവതരണം ചെയ്ത വചന ത്തിൻെറ മാർഗ്ഗമേയുള്ളു. രക്ഷ നിലനിർത്താൻ നിങ്ങൾക്ക് എഴുതപ്പെട്ട വചനത്തിൻെറ മാർഗ്ഗമേയുള്ളു. (The incarnated word of God is God's way for you to obtain your salvation while the written word of God is God's way for you to sustain your salvation.)

എഴുതപ്പെട്ട വചനം നിരന്തരം നമ്മെ രക്ഷയിൽ വളർത്തുന്നു. വചനത്തിൽ വളരുന്നതിന് കഴിയാഞ്ഞതാണ് സാബുവിൻെറ സഭയിൽ പലരും ഇടയ്ക്കുവെച്ച് പിന്മാറിപ്പോകാൻ കാരണം.

❖❖❖

# 3 നല്ല നിലത്തുവീണ വിത്ത്

ഏലിയാസ് ഒരു കൺവൻഷനിൽവെച്ച് ദൈവ വചനം കേട്ടു. അവന് വളരെ സന്തോഷം തോന്നി. അടുത്ത ഞായറാഴ്ച സാബു പാസ്റ്ററുടെ സഭയിൽ യോഗത്തിനു പോയി. അവിടെയുള്ള ആളുകളുടെ സന്തോഷമൊക്കെ കണ്ടപ്പോൾ ഏലിയാസിനും ഒരു പുതിയ ജീവിതത്തിന് ആഗ്രഹമുണ്ടായി. "എനിക്കും മദ്യപാനമൊക്കെ നിർത്തി നിങ്ങളെപ്പോലെ ആയാൽ കൊള്ളാമെന്നുണ്ട്". ഏലിയാസ് എഴുന്നേറ്റ് സഭയിൽ സാക്ഷ്യവും പറഞ്ഞു.

ഉച്ചതിരിഞ്ഞ് ഏലിയാസ് വീട്ടിൽക്കിടന്ന് ഒന്നു മയങ്ങി. കൂട്ടുകാരൻ വാസുവാണ് വിളിച്ചുണർത്തിയത്. മിലിട്ടറി ക്വോട്ടയിൽ കിട്ടിയ രണ്ടു കുപ്പി റം വീട്ടിലിരിപ്പുണ്ടെന്നും, മദ്യപിക്കാൻ കൂടണമെന്നും വാസു നിർബന്ധം പിടിച്ചു. താൻ മദ്യപാനം നിർത്തിയെന്നും സഭയിൽ പോയി സാക്ഷി പറഞ്ഞെന്നും ഏലിയാസ് വാസുവിനോടു പറഞ്ഞു. വാസു ചിരിച്ചതേയുള്ളൂ. അവനും ബൈബിളിലുള്ള ചില കാര്യങ്ങളൊക്കെ അറിയാം. "സത്യ ക്രിസ്ത്യാനിയാകണമെങ്കിൽ അല്പം റം കുടിക്കണം" എന്നാണ് ഹിന്ദുവായ വാസുവിൻെറ പക്ഷം. "ഈശോ തമ്പുരാനും കുടിച്ചിട്ടില്ലാരുന്നോടോ? അങ്ങേരല്ലേ കല്യാണത്തിന് നല്ല ലഹരിയുള്ള വീഞ്ഞുണ്ടാക്കിക്കൊടുത്തത്. നമ്മളും കുടിക്കണം. പിന്നെന്തോത്തിനാ ദൈവം ഈ ലഹരിയുള്ള സാധനമൊക്കെ പടച്ചുവിട്ടത് ..........?"

"എന്നാലും വാസൂ, മദ്യപാനി ദൈവരാജ്യത്തിൽ പോകത്തില്ലെന്ന് ഞങ്ങളുടെ വേദപുസ്തകത്തിലെഴുതിയിട്ടുണ്ടെന്നാ ഉപദേശി പറഞ്ഞത്" എന്ന് ഏലിയാസ് പറഞ്ഞുനോക്കി. അതിനും വാസുവിന് ഉത്തരമുണ്ടായിരുന്നു: "എടോ, നിങ്ങളുടെ കുർബ്ബാനയ്ക്ക് വീഞ്ഞല്ലെ കുടിക്കാൻ കൊടുക്കുന്നത്, നമ്മളത് കുറച്ചൂടെ കുടിക്കുന്നു. അത്രേല്ലേ ഉള്ളൂ. ഞങ്ങളുടെ ദേവന്മാരും ഒന്നാന്തരം മദ്യപാനികളായിരുന്നു- അവരു കുടിച്ചത് എന്താണെന്നറിയാമോ? സോമരസം! യജ്ഞം നടത്താൻ പോലും അതു വേണം. പിന്നെന്താടോ, ഗാന്ധിജി പോലും "റം റം" എന്നു പറഞ്ഞാ മരിച്ചത്......" വാസു ഒരു തമാശ പൊട്ടിച്ചു.

ഏലിയാസ് അവനോടൊപ്പം പോയി. മിലിട്ടറി കുപ്പി അവരൊരുമിച്ചു കാലിയാക്കി.

പിന്നെ ഏലിയാസ് സഭയിൽ പോയിട്ടില്ല.

ശിവകുമാറിൻെറ ഭാര്യ ദേവിയും വളരെ ആത്മാർത്ഥതയോടെ സാബുവിൻെറ സഭയിൽ ആരാധനയ്ക്കു വന്നതാണ്. കണ്ണുനീരോടുകൂടെയുള്ള അവളുടെ പ്രാർത്ഥന സഭയിലെ പാരമ്പര്യമുള്ള വിശ്വാസികൾക്കു പോലും ലജ്ജയുണ്ടാക്കി. "ദൈവം ജാതികളെക്കൊണ്ട് നമുക്ക് എരിവു വരുത്തുകയാണെന്ന്" അവരിൽ പലരും ഏറ്റു പറഞ്ഞു. തൻെറ വീട്ടിൽ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തണമെന്ന് ദേവി ആവശ്യപ്പെട്ടപ്പോൾ സാബു പാസ്റ്റർ ഒന്നു ശങ്കിച്ചതാണ്. ശിവകുമാർ എതിർത്താലോ? എന്നാൽ, ആത്മീയം തൻെറ കഴുത്തിനു മുകളിൽ ദൈവം തന്ന തലകൊണ്ടാണ് തീരുമാനിക്കേണ്ടതെന്നും ഭർത്താവിനുപോലും തൻെറ ആത്മീയത്തിൽ കൈകടത്തേണ്ട കാര്യമില്ലെന്നും ദേവി തറപ്പിച്ചു പറഞ്ഞു. ഭാര്യമാർ ഭർത്താക്കന്മാരെ കർത്താവിൽ അനുസരിച്ചാൽ മതിയെന്നും അതിനപ്പുറത്തുള്ള അനുസരണം ദൈവം ആവശ്യപ്പെടുന്നില്ലെന്നും ദേവി തീർത്തു പറഞ്ഞു.

ഉപവാസ പ്രാർത്ഥനയുടെ ആദ്യ ദിവസം ശിവകുമാർ കുറെ നേരമൊക്കെ വീട്ടിൽ വന്നവരോട് കുശലം പറഞ്ഞെങ്കിലും യോഗം തുടങ്ങിയതോടെ അവൻ ഇറങ്ങിപ്പോയി. ഉപവാസപ്രാർത്ഥന ആരാധനയാൽ ശബ്ദമുഖരിതമായിരുന്നു. നല്ല ഉച്ചത്തിൽ ആരാധന നടന്നാൽ പൈശാചിക ബന്ധനങ്ങൾ അഴിയും എന്ന് ധരിച്ചിരുന്നതിനാൽ ദേവി കൂടുതൽ സന്തോഷിച്ചു. എന്നാൽ, ശിവകുമാറിൻെറ കൂട്ടുകാർ അവനോട് വീട്ടിലെ ബഹളത്തെക്കുറിച്ച് അന്വേഷിച്ചു. "എന്താടോ തൻെറ ഭാര്യയും താലി പറിക്കുമോ" എന്ന് ക്രിസ്ത്യാനികൾ കൂടി ചോദിച്ചപ്പോൾ അവന് ലജ്ജയും

ദേഷ്യവുമൊക്കെ തോന്നി. വീട്ടിലെത്തിയപ്പോൾ അവൻ പറഞ്ഞു: "ഇവിടെ നിന്റെ അവന്മാരുടെ പ്രാർത്ഥനയൊന്നും വേണ്ട".

പിറ്റേന്നും പ്രാർത്ഥന നടന്നു. ദേവി മൗനിയായിരുന്നു. മൂന്നു ദിവസത്തേക്കു പ്രാർത്ഥന പറഞ്ഞതല്ലെ, ഇടയ്ക്ക് നിർത്താൻ പറയുന്നതെങ്ങനെ?

അന്ന് പ്രാർത്ഥന നടന്നുവെന്നറിഞ്ഞ് ശിവകുമാർ ദേവിയെ കണക്കറ്റു മർദ്ദിച്ചു. ആദ്യമായാണ് ശിവകുമാർ ദേവിയെ ദേഹോപദ്രവം ചെയ്യുന്നത്.

പിറ്റേന്ന് ശിവകുമാർ വീട്ടിൽ നിന്നു പോയില്ല. പ്രാർത്ഥനക്കാർ വന്നപ്പോൾ അവൻ പറഞ്ഞു. "ഇനി ഈ വീട്ടിൽ കയറിയേക്കരുത്. മുട്ടു തല്ലിയൊടിക്കും ഞാൻ........"

ദേവി ഇപ്പോൾ അമ്പലത്തിൽത്തന്നെയാണ് പോകുന്നത്. അവൾക്ക് യേശുവിനോടു പ്രാർത്ഥിക്കണമെന്നൊക്കെയുണ്ട്. ഇത്രയും ആത്മാർത്ഥതയുണ്ടായിരുന്നിട്ടും യേശുദേവൻ തന്നെ പീഡനത്തിനു വിട്ടുകൊടുത്തതെന്തെന്ന് അവൾക്കു മനസ്സിലായില്ല. ഏതായാലും ദേഹം നൊന്തുള്ള ഭക്തിയൊന്നും വേണ്ട എന്നാണ് അവളിപ്പോൾ പറയുന്നത്.

സൂസന്നയും ഭർത്താവു ബാബുവും ഒരുമിച്ചാണ് രക്ഷിക്കപ്പെട്ടുവന്നത്. വളരെ സന്തോഷത്തോടെ അവർ സാബു പാസ്റ്ററുടെ സഭയിൽ കൂടി നടക്കുകയായിരുന്നു. കത്തോലിക്കയിൽ നിന്നു മാറി അവർ മറ്റൊരു സഭയിൽ പോയതിൽ വീട്ടുകാർക്കെല്ലാം എതിർപ്പുണ്ടായിരുന്നെങ്കിലും അവർ 'അതി വിശുദ്ധ' വിശ്വാസത്തിനുവേണ്ടി പിടിച്ചു നിന്നു. പ്രതികൂലങ്ങളിലും തളരാതെ നിന്ന സൂസന്നയെയും ബാബുവിനെയും സഭക്കാർ വളരെ സ്നേഹിക്കുകയും പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്തു.

ബി. എഡ്. പാസ്സായിരുന്ന സൂസന്നയ്ക്ക് റീത്തുകാർ നടത്തുന്ന ഒരു സ്കൂളിൽ ടീച്ചറുദ്യോഗം പറഞ്ഞുവെച്ചിരുന്നതാണ്. എന്നാൽ അവർ തിരുസഭ ഉപേക്ഷിച്ചുപോയതിന്റെ പേരിൽ ഉദ്യോഗം നല്കാൻ മാനേജരച്ചൻ വിസമ്മതം കാണിച്ചു. "ഞങ്ങളുടെ സഭയിൽ ഉറച്ചു നില്ക്കുന്നവരോട് ഞാൻ കൂറു കാണിച്ചേ മതിയാകൂ ബാബു. നിങ്ങളുടെ വിശ്വാസം അതാണെങ്കിൽ പൊയ്ക്കൊള്ളൂ. ഉദ്യോഗവും അവരു തരട്ടെ" എന്നാണ് അച്ചൻ പറഞ്ഞത്. പെന്തെക്കോസ്തുകാർക്ക് എവിടെയാണ് സ്കൂൾ?

ഓർക്കാപ്പുറത്തേറ്റ ഒരു അടിയായിപ്പോയി അത്. ബാബുവും സൂസന്നയും ഒത്തിരി ആലോചിച്ചു. ബാബുവിന്റെ പ്രൈവറ്റ് ബാങ്കിലെ ജോലിക്ക് സ്ഥിരതയൊന്നുമില്ല. അതുതന്നെയല്ല. ആ ജോലിയിൽ നിന്ന് മിച്ചമൊന്നും വെയ്ക്കാൻ പറ്റില്ല. ഇക്കാലത്ത് നാലു പുത്തൻ കയ്യിലില്ലാത്തവരെ ആർക്കു വേണം?

പിറ്റേ ദിവസം സൂസന്നയും ബാബുവും കൂടെ മാനേജരച്ചന്റെയടുക്കലെത്തി. "അച്ചാ, ഞങ്ങൾ പുതുസഭയിലൊന്നും പോകുന്നില്ല. ഞങ്ങൾ തിരുസഭയിൽതന്നെ മരിക്കുന്നതുവരെ. ദയവായി സൂസന്നയ്ക്കു തന്നെ ജോലി കൊടുക്കണം."

എന്താണ് ഇവർക്കൊക്കെ പറ്റിയത്? ഏലിയാസും ദേവിയും സൂസന്നയും ബാബുവുമൊക്കെ വചനം ശ്രവിച്ചെങ്കിലും, അത് കൈക്കൊണ്ടെങ്കിലും അതിൽ വളർന്നില്ല. യേശുക്രിസ്തുവിന്റെ ഭാഷയിൽ അവരൊന്നും ഒരുക്കപ്പെട്ട നിലമായിരുന്നില്ല.

*"വിതെയ്ക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു; വിതെയ്ക്കുമ്പോൾ ചിലത് വഴിയരികെ വീണു. പറവകൾ വന്ന് അത് തിന്നുകളഞ്ഞു. ചിലതു പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തിടത്തു വീണു; മണ്ണിനു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചു വന്നു. സൂര്യൻ ഉദിച്ചാറെ ചൂട് തട്ടി, വേർ ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി. മറ്റു ചിലത് മുള്ളിനിടയിൽ വീണു. മുള്ളു മുളച്ചു വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലത് നല്ല നിലത്ത് വീണു. നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു. ചെവിയുള്ളവൻ കേൾക്കട്ടെ........" (മത്തായി 13:3-9)*

ഇതിലെ വിത്ത് ദൈവവചനമാണെന്നറിയാൻ നമ്മൾ വ്യാഖ്യാന ഗ്രന്ഥങ്ങളൊന്നും തെരയേണ്ടതില്ല. യേശുകർത്താവു തന്നെ ഈ ഉപമ വ്യാഖ്യാനിക്കുന്നുണ്ട്.

*"എന്നാൽ വിതയ്ക്കുന്നവന്റെ ഉപമ കേട്ടുകൊൾവിൻ. ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടത് എടുത്തുകളയുന്നു; ഇതത്രെ വഴിയരികെ വിതെയ്ക്കപ്പെട്ടത്. പാറസ്ഥലത്തു വിതെയ്ക്കപ്പെട്ടതോ, ഒരുത്തൻ വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നത് ആകുന്നു എങ്കിലും വേരില്ലാതിരിക്കയാൽ അവൻ ക്ഷണികനത്രെ. വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു. മുള്ളിന്നിടയിൽ വിതെയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ട് നിഷ്ഫലമായി തീരുന്നതാകുന്നു. നല്ല നിലത്തു വിതെയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ട് ഗ്രഹിക്കുന്നതാകുന്നു. അതു വിളഞ്ഞ് നൂറും അറുപതും മുപ്പതും മേനി നല്കുന്നു."*

ഏലിയാസ് കൺവൻഷനിൽ വചനം കേട്ടത് വഴിയരികിൽ വീണ വിത്തുപോലെയേയുള്ളു. അത് ആഴത്തിലേക്കിറങ്ങിയില്ല. 'മദ്യപാനി സ്വർഗ്ഗരാജ്യം അവകാശമാക്കയില്ല' എന്നവൻ കേട്ടു. അവൻ മദ്യപാനം ഉപേക്ഷിച്ച് സ്വർഗ്ഗരാജ്യം സ്വീകരിക്കാൻ ആഗ്രഹിച്ചു. എന്നാൽ അവൻെറ ദുഷിച്ച കൂട്ടുകാർക്ക് അവനിൽ നിന്നു വചനം എടുത്തുകളയാൻ പ്രയാസമൊന്നുമില്ലായിരുന്നു.

ദേവിയിൽ വചനം പാറസ്ഥലത്തു വീണ വിത്തുപോലെ പ്രവർത്തിച്ചു. മണ്ണിന് ആഴമില്ലാതിരുന്നതിനാൽ അത് അതിവേഗത്തിൽ വളർന്നു. എന്തൊരാവേശമായിരുന്നു അവൾക്ക്! എന്നാൽ വചനം നിമിത്തം ഒരു പീഡ അവൾ പ്രതീക്ഷിച്ചിരുന്നില്ല. അവൾ വാടിക്കരിഞ്ഞുപോയി.

സൂസന്നയും ബാബുവും വചനം ശ്രദ്ധിച്ചവരാണ്. വീട്ടുകാരുടെ എതിർപ്പുകളോ പീഡനങ്ങളോ അല്ല അവരെ തകർത്തത്; " ഈ ലോകത്തിൻെറ ചിന്തയും ധനത്തിൻെറ വഞ്ചന"യുമാണ്.

ഇന്നും വചനം കേൾക്കുന്നവർ ധാരാളമെങ്കിലും നിലനില്ക്കുന്നവർ ചുരുക്കമാവുന്നതിൻെറ കാരണം ഇതൊക്കെത്തന്നെയാണ്. മിക്കവരും വചനത്തെ ഹൃദയത്തിനുള്ളിലേക്കു കടത്താതെ ശത്രുവിനു പെറുക്കാൻ പാകത്തിൽ വഴിയരികിൽത്തന്നെ ഇട്ടേക്കുന്നു. പ്രലോഭനങ്ങൾക്ക് എപ്പോഴും പ്രവേശിക്കാനായി അവർ വാതിൽ മലർക്കെ തുറന്നിട്ടിരിക്കുന്നു. ആർക്കും കയറിയിറങ്ങാവുന്ന ഒരു തുറന്ന വഴിസ്ഥലമാണവർ.

മറ്റു ചിലർക്ക് വചനം എല്ലാ സൗകര്യങ്ങളും നല്കികൊടുക്കണം. നേട്ടങ്ങ ളിലേ അവർക്കു നോട്ടമുള്ളു. പീഡനം അവരുടെ നിഘണ്ടുവിലില്ല. ഉപദ്രവങ്ങളില്ലാത്ത വചനമേ അവർക്കു വേണ്ടൂ

മറ്റു ചിലർക്കാകട്ടെ വചനത്തിനായി വിലകൊടുക്കുവാൻ മനസ്സില്ല. അരക്ഷിത ബോധത്തിൻെറയും അത്യാഗ്രഹങ്ങളുടെയും ഇരകളാണവർ.

ബെന്നിയും സാബു പാസ്റ്ററുടെ സഭയിലെ അംഗമാണ്. ഒരു പ്രൈവറ്റു കമ്പനിയിലെ സ്റ്റെനോഗ്രാഫറായ അവന് തുച്ഛമായ വരുമാനമേയുള്ളു. കടുത്ത കത്തോലിക്കരാണ് കുടുംബാംഗങ്ങൾ. ബെന്നി രക്ഷിക്കപ്പെട്ടതറിഞ്ഞ് വീട്ടുകാർ വലിയ ബഹളമുണ്ടാക്കി. അമ്മ നെഞ്ചത്തടിച്ചു കരഞ്ഞു. അവൻ അവരെ ആശ്വസിപ്പിച്ചു: "ഞാൻ തെറ്റൊന്നും ചെയ്യുകയല്ല. ഞാൻ ശരി തെരഞ്ഞെടുക്കുകയാണ്. ഇതുവരെ വല്ലപ്പോഴുമെങ്കിലും ഞാൻ മദ്യപിക്കുമായിരുന്നു. ഇനി അതുമില്ല. ദുഷിച്ച വഴികൾ ഞാൻ ഉപേക്ഷിച്ചപ്പോൾ നിങ്ങളെന്തിന് എന്നോട് ദേഷ്യപ്പെടുന്നു?"



ബെന്നിയുടെ വാക്കുകൾ അപ്പനുമമ്മയ്ക്കും ബോധ്യമായില്ലെങ്കിലും അവരൊന്നു തണുത്തു. പിറ്റെമാസം അവൻ എല്ലാ മാസവും അപ്പനു കൊടുത്തിരുന്നതിനെക്കാൾ നൂറു രൂപ കൂടുതൽ കൊടുത്തു. സഭയിൽ ദശാംശം കൊടുക്കാനും അവൻ മറന്നില്ല. (മദ്യത്തിനും മറ്റുല്ലാസത്തിനും ഈ മാസം ചെലവു വന്നില്ലല്ലോ.)

ക്രിസ്തുമസിനായിരുന്നു ഏറ്റവും വലിയ പ്രശ്നം. കമ്പനിയിലെല്ലാവരും ടൂർപോകുന്നു. ബെന്നിക്കും പോയേ പറ്റൂ. എന്നാൽ വിനോദയാത്രയിൽ ബെന്നി കൂട്ടുകാർക്ക് ഒരു അത്ഭുതമായി. എല്ലാവരും മദ്യപിച്ചപ്പോൾ അവൻ മാറി നിന്നു. കൂട്ടുകാരുടെ നിർബന്ധത്തിലും പ്രലോഭനത്തിലും അവൻ വീണുപോയില്ല. എല്ലാവരും സിനിമയ്ക്കു പോയപ്പോൾ അവൻ ലോഡ്ജ് മുറിയിലിരുന്ന് വേദപുസ്തകം വായിച്ചു. തൻെറ വിശ്വാസത്തിനു വിരുദ്ധമല്ലാത്ത എല്ലാ വിനോദങ്ങളിലും അവൻ പങ്കു ചേർന്നു. എന്നാൽ ആത്മീയ വിഷയത്തിൽ അരുതാത്തതെന്ന് തോന്നിയതിൽ നിന്ന് മാറി നിന്നു.

ഞായറാഴ്ച രാവിലെ ജോലി ചെയ്യാൻ ബോസ് വിളിച്ചപ്പോഴാണ് ബെന്നി ശരിക്കും വിശ്വാസത്തിൻെറ പരീക്ഷയിലായത്. ബോസിനിഷ്ടമുള്ളപ്പോൾ സ്റ്റെനോയെ വിളിക്കാമെന്നായിരുന്നു അയാളുടെ വാദം. എന്നാൽ ബെന്നി പറഞ്ഞു: "ശരിയായിരിക്കാം സർ! എന്നാൽ എനിക്ക് ആരാധനായോഗം ആ നേരത്താണ്. അത് മുടക്കാൻ പ്രയാസമുണ്ട്".

ജോലി ഉപേക്ഷിക്കാനും ബെന്നി തയ്യാറായിരുന്നു. ദരിദ്രമായ കുടുംബത്തിൻെറ അത്താണി അവനായിരുന്നിട്ടും! എന്നാൽ പിന്നീട് ബോസ് ബെന്നി പറഞ്ഞതിനനുസരിച്ച് ഞായറാഴ്ച ജോലി വേണ്ടെന്നു വയ്ക്കുകയായിരുന്നു. അവനു ജോലി നഷ്ടപ്പെട്ടില്ല.

ബെന്നിയുടെ ജീവിതം അവൻെറ കൂട്ടുകാർക്കും സഹപ്രവർത്തകർക്കും ഒരു വെല്ലുവിളിയായി. അവരിൽ ചിലർ ഇപ്പോൾ സാബു പാസ്റ്ററുടെ സഭയിൽ ആരാധന കൂടുന്നുണ്ട്.

ബെന്നി വചനത്തിനു വളരുവാനായി തൻെറ ഹൃദയനിലത്തെ ഒരുക്കിയെടുത്തെന്നു തന്നെയല്ല, അവൻ തന്നിൽ വീണ വചനം സഹപ്രവർത്തകർക്കു പങ്കു വെയ്ക്കുക കൂടി ചെയ്തു. അവൻ ഫലമുള്ളവനായിത്തീർന്നു.

നല്ല നിലത്തുവീണ വിത്തുമാത്രമാണ് ഫലപ്രാപ്തിയിലെത്തുന്നത്. ചിലരെങ്കിലും ചിന്തിക്കുന്നതുപോലെ, വഴിയരികിൽ വീണത് മുപ്പതും

പാറസ്ഥലത്ത് വീണത് അറുപതും നല്ല നിലത്തുവീണത് നൂറും മേനി വിളയുകയല്ല, നല്ല നിലത്തു വീണതു മാത്രം മുപ്പതും അറുപതും നൂറും മേനി വിളയുകയാണ്. അല്ലാത്തതൊന്നും ഫലപ്രാപ്തിയിലെത്തുന്നില്ല.

വിത്തല്ല വ്യത്യാസമുണ്ടാക്കുന്നതെന്നതും നാം മറന്നുകൂടാ. എല്ലായിടത്തും വിതയ്ക്കപ്പെട്ടത് ഒന്നു തന്നെ. നിലമാണ് വ്യത്യാസമുണ്ടാക്കുന്നത്. നല്ല നിലത്തു വീണതു മാത്രം ഫലം തരുന്നു. വചനത്തിൻെറ ഗ്രഹണത്തിൽ ഒരുക്കപ്പെട്ട നിലം എത്ര വലിയൊരു അനിവാര്യതയാണെന്നത് നാം മനസ്സിലാക്കിയേ തീരു.

❖ ❖ ❖



# 4 വചനത്തിൽ സന്തോഷിക്കുക

സുനിതയ്ക്ക് എങ്ങനെയും ആത്മീയമായി ഉയർച്ച പ്രാപിക്കണമെന്നുണ്ട്. അതിന് ഏറ്റവും അത്യാവശ്യമായ കാര്യം വചനത്തെ ധ്യാനിക്കുകയാണെന്ന് അവളുടെ പാസ്റ്റർ പറഞ്ഞു. " അവൻെറ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" എന്ന ഒന്നാം സങ്കീർത്തനത്തിലെ വാക്യം സുനിതയ്ക്ക് ആവേശം പകർന്നു. എങ്ങനെയും വചനധ്യാനത്തിന് കൂടുതൽ സമയമെടുക്കണമെന്ന് അവൾ തീരുമാനിച്ചു.

രാപ്പകൽ ധ്യാനിക്കാനൊന്നും പറ്റിയില്ലെങ്കിലും ദിവസം ബൈബിളിലെ അഞ്ച് അധ്യായങ്ങളെങ്കിലും വായിക്കണമെന്ന് അവൾ നിശ്ചയിച്ചു. വെളുപ്പിനെ അതിനു സമയം കിട്ടിയെന്നു വരില്ല. ഏറ്റവും നല്ലത്. ഭർത്താവിനെ ഓഫീസിലും കുഞ്ഞുങ്ങളെ സ്കൂളിലും വിട്ടുകഴിഞ്ഞുള്ള ഒഴിവു നേരമാണ്. ഉച്ചയ്ക്കലത്തേക്കുള്ള ഭക്ഷണവും രാവിലെതന്നെ വെയ്ക്കുന്നതിനാൽ സമയം കിട്ടും.

എന്നാൽ വചനധ്യാനം തുടങ്ങിയപ്പോഴാണ് പ്രശ്നം ആരംഭിക്കുന്നത്. സുനിതയ്ക്ക് ഒരദ്ധ്യായം തീർത്തു വായിക്കാൻ പറ്റിയില്ല. അപ്പോഴേക്കും ഉറക്കം വന്നു. കണ്ണു വലിച്ചു തുറന്നിട്ടും അടഞ്ഞുപോകുന്നു. അവൾ ഒന്നു മയങ്ങി. രാവിലെ അങ്ങനെയൊരുറക്കം പതിവുള്ളതല്ല.

ഉച്ചതിരിഞ്ഞ് ബൈബിളെടുത്തു വായിക്കുമ്പോഴും തദൈവ! രാത്രിയിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. "ദൈവമേ!" സുനിത ചിന്തിച്ചു: "ഒരദ്ധ്യായം തീർത്തു വായിക്കാനുള്ള പാട്! ഇനി എങ്ങനെ ഇതു രാപ്പകൽ ധ്യാനിക്കും?"

നോവൽ വായിക്കുമ്പോഴോ, പത്രം വായിക്കുമ്പോഴോ, എന്തിന്, കുട്ടികളുടെ പാഠപുസ്തകം വായിക്കുമ്പോഴോ സുനിത ഉറങ്ങാറില്ല. എന്നാൽ ബൈബിൾ വായന ശ്രമകരം തന്നെ! എവിടെയാണ് കുഴപ്പം?

ഒന്നാം സങ്കീർത്തനത്തിലെ വാക്യം ഒന്നുകൂടെ ശ്രദ്ധിക്കുക.

*"യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, അവൻെറ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" (സങ്കീർത്തനം 1:2)*

യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിക്കുന്നവനേ യഹോവയുടെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുവാൻ കഴിയൂ. അതല്ലെങ്കിൽ നാം ചെയ്യുന്ന പരിശ്രമങ്ങളെല്ലാം സുനിതയുടെ കാര്യത്തിലെന്നപോലെ വിഫലമായിപ്പോകും.

ഒരു പുസ്തകത്തിൽ നമുക്ക് സന്തോഷിക്കുവാൻ കഴിയുന്നത്, ഒന്നാമത് നാം അതിനെ എങ്ങനെ കാണുന്നു എന്നതിനെ ആശ്രയിച്ചാണ്. ദൈവവചനത്തെ നാം എങ്ങനെ കാണുന്നു? അഥവാ, ദൈവ വചനം നമുക്ക് എന്താണ്?

പലർക്കും ബൈബിൾ ഒരു നിയമ സംഹിതയാണ്. എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ നമുക്ക് അനുവാദമുണ്ട്. എന്തൊക്കെ കാര്യങ്ങൾ നാം ചെയ്തുകൂടാ തുടങ്ങിയ കാര്യങ്ങൾ വിവരിക്കുന്ന ഒരു നിയമപുസ്തകം. ബൈബിളിൽ നാം ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങൾ പറയുന്നുണ്ടെങ്കിലും അതിനെ വെറുമൊരു നിയമപുസ്തകമായാണു നാം കാണുന്നതെങ്കിൽ നമുക്കതിൽ സന്തോഷിക്കുവാൻ കഴിയില്ല. നമ്മൾ അനുസരിക്കേണ്ട നിയമങ്ങളാണ് ഇന്ത്യൻ പീനൽകോഡ് എങ്കിലും അതിൻെറ പുസ്തകരൂപം ആർക്കാണ് വായിച്ചു രസിക്കാൻ കഴിയുക?

മറ്റു ചിലർ പറയുന്നത്, നാമതിനെ നിയമമായി എടുക്കേണ്ടതില്ല. ദൈവത്തിനു നമ്മെക്കുറിച്ചുള്ള ഇച്ഛകൾ (God's will for mankind) ആണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്; അതിനെ ഒരു നിർദ്ദേശമായി എടുത്താൽ മതി എന്നാണ്. എന്നാൽ അങ്ങനെയുള്ള നിർദ്ദേശങ്ങളും നമുക്ക് രാപ്പകൽ ധ്യാനിക്കാൻ കഴിയണമെന്നില്ല. ഏതെങ്കിലും വീട്ടുപകരണത്തിൻെറ കാറ്റലോഗ് നാം വായിച്ചു രസിക്കുമോ?



വചനം നമുക്ക് നിയമസംഹിതയോ നിർദ്ദേശമോ മാത്രമായിരിക്കാൻ പാടില്ല. അതിനെക്കാൾ ആഴമുണ്ടതിന്. താൻ എങ്ങനെയുള്ളവൻ എന്ന് ദൈവം വെളിപ്പെടുത്തുന്നത് ബൈബിളിലൂടെയാണ്. ബൈബിളിൻെറ ഓരോ താളുകളിലൂടെയും ദൈവത്തെ നാം അറിയുന്നു. (ഇതു പിന്നാലെ വിശദീകരിക്കാം.)

വചനത്തെ നമുക്കു പ്രിയതരമാക്കുന്ന മറ്റൊരു ഘടകം അത്, ആർ നമുക്കു നല്കിയിരിക്കുന്നു എന്നതാണ്. അത് 'ദൈവത്തിൻെറ' തിരുവചനമാണ്.

രാവിലെ കത്തുകൾ കൊടുക്കാനിറങ്ങിയതാണ് പോസ്റ്റ്മാൻ രാമൻകുട്ടി. ഒരു കത്ത് വേണ്ടത്ര ഒട്ടാതെ പൊളിഞ്ഞിരിക്കുന്നതുകണ്ട് (ചെയ്യരുതാത്തതാണെങ്കിലും) രാമൻകുട്ടി അതിലൂടെ കണ്ണോടിച്ചു. ആമിനയ്ക്ക് ഭർത്താവു സുബൈർ ഗൾഫിൽ നിന്നയച്ച കത്താണ്. വീടിനു പെയിൻെറടിക്കുന്ന കാര്യങ്ങൾ, കുട്ടികളുടെ പഠിത്തം, ഗൾഫിലെ ജോലിയുടെ കഷ്ടപ്പാട്.......ഇതൊക്കെയേ അതിൽ എഴുതിയിട്ടുള്ളു. രാമൻകുട്ടി അത് മടക്കിവെച്ചു.

ആമിനയുടെ വീട്ടിലേക്ക് ഒത്തിരി നടപ്പുണ്ട്. ആമിന മുറ്റം തൂത്തുകൊണ്ടിരിക്കുകയായിരുന്നു. ഭർത്താവിൻെറ കത്തുണ്ടെന്നറിഞ്ഞ് അവൾ ചൂൽ മുറ്റത്തു തന്നെയിട്ട് കത്തുവായിക്കാൻ തുടങ്ങി. അവളുടെ കണ്ണുകൾ വികസിക്കുന്നതും കവിളിൽ പുഞ്ചിരി വിടരുന്നതുമൊക്കെ രാമൻകുട്ടി ശ്രദ്ധിച്ചു. അവന് അല്പം വെള്ളം വേണമായിരുന്നു. നടന്ന് ക്ഷീണിച്ചതാണ്. ആമിന കത്തൊന്നു വായിച്ചോട്ടെ എന്നുവെച്ച് രാമൻകുട്ടി കാത്തുനിന്നു. എന്നാൽ അവൾ കത്ത് ഒരാവർത്തി വായിച്ചിട്ട് രണ്ടാമാവർത്തി വായിച്ചു തുടങ്ങി. ഇതെന്ത്, ഇത്ര വായിച്ചു രസിക്കാൻ! രാമൻകുട്ടിക്ക് അത്ഭുതം തോന്നി. വീടിനു പെയിൻറടിക്കുന്ന കാര്യവും ഗൾഫിലെ ചൂടിനെപ്പറ്റിയുമൊക്കെ വായിക്കാൻ ഇത്ര രസമോ?

കുറെ നേരം നോക്കി നിന്നിട്ട് രാമൻകുട്ടി അല്പം വെള്ളം ചോദിച്ചു. "മോളേ, മാമന് വെള്ളം കൊണ്ടു കൊടുക്ക്" എന്ന് പുത്രിയെ വിളിച്ചു പറഞ്ഞതല്ലാതെ ആമിന കത്തിൽ നിന്നു മുഖമുയർത്തിയില്ല. ഇപ്പോഴവൾ മൂന്നാം പ്രാവശ്യമാണ് കത്ത് വായിക്കുന്നത്. രാമൻകുട്ടി രണ്ടുഗ്ലാസ് വെള്ളം കുടിച്ചു മടങ്ങുമ്പോൾ ആമിന കത്ത് നാലാം പ്രാവശ്യം വായിക്കുകയായിരുന്നു.

ഒരു കത്ത് രാമൻകുട്ടിക്ക് ഒരുപ്രാവശ്യം പോലും വായിക്കാൻ കഴിയാ

തിരുന്നതും ആമിനയ്ക്ക് നാലുവട്ടം വായിച്ചിട്ട് മതിയാകാതെ വന്നതും എന്തുകൊണ്ടാണ്? ആമിനയുടെ ഭർത്താവ് സുബൈർ, രാമൻകുട്ടിക്ക് ആരുമല്ല. എന്നാൽ ആമിനയ്ക്ക് അവൻ പ്രിയ ഭർത്താവാണ്.

ദൈവവചനത്തിൽ ഒരാൾ രസിക്കുന്നത് പ്രധാനമായും അയാൾക്ക് ദൈവവുമായുള്ള ബന്ധത്തിൻെറ അടിസ്ഥാനത്തിലാണ്. "ദൈവ സന്തതിയായവൻ ദൈവവചനം കേൾക്കുന്നു" (യോഹന്നാൻ 8:47) എന്ന് യേശു പറഞ്ഞു. നാം നമ്മുടെ പിതാവിനെ സ്നേഹിക്കുന്നുവെങ്കിൽ അവിടുത്തെ വചനം നാം ശ്രദ്ധിക്കും. ദൈവത്തെ സ്നേഹിക്കാത്തവന്ദൈവത്തിൽ സന്തോഷിക്കാത്തവന് ദൈവവചനത്തിലും സന്തോഷിക്കുവാൻ കഴിയില്ല. എന്നാൽ നമ്മുടെ പ്രിയനാഥൻ വിദൂരത്തിൽ നിന്നും നമുക്കെഴുതുന്ന കത്തുപോലെ വചനത്തെ കാണുവാൻ നമുക്കു കഴിയുന്നുവെങ്കിൽ നമുക്കതിൽ രസിക്കാൻ കഴിയും.

ഒരാളുടെ കത്തിലൂടെ - അയാൾ നമുക്ക് എത്ര പരിചിതനും സ്നേഹിതനുമാണെങ്കിൽ കൂടെ - നാം അയാളെ കൂടുതൽ അറിയുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഒരാൾ തൻെറ വാക്കുകളിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. പരസ്പരം അറിയാമെങ്കിലും, സുദൃഢമായ ഒരു ഭാര്യാ ഭർത്തൃ ബന്ധത്തിന് ഉടമകളാണെങ്കിലും സുബൈറിൻെറ കത്തിലൂടെ, വാക്കുകളിലൂടെ,ആമിന സുബൈറിനെ ഓരോ പ്രാവശ്യവും കൂടുതൽ അറിയുന്നുണ്ട്. ഒരു ഭർത്താവെന്ന നിലയിൽ സുബൈറിന് തന്നോടുള്ള സ്നേഹം, കുടുംബനാഥനെന്ന നിലയിലുള്ള ഉത്തരവാദിത്തം, പിതാവെന്ന നിലയിൽ കുട്ടികളെ കുറിച്ചുള്ള ആകാംക്ഷ......

നാം ദൈവത്തെ ദൈവവചനത്തിലൂടെ കൂടുതൽ മനസ്സിലാക്കുന്നതും ഇതേ രീതിയിലാണ്. നമ്മെ സ്നേഹിക്കുന്ന ദൈവം തൻെറ കത്തിലൂടെ, വചനത്തിലൂടെ നമ്മോടു സംസാരിക്കുന്നു. ഓരോ പ്രാവശ്യവും അത് വായിക്കുമ്പോൾ നാം ദൈവത്തെ കൂടുതൽ അറിയുന്നു. ദൈവം തൻെറ ജനത്തെ തൻെറ വചനത്തിലൂടെ തന്നെക്കുറിച്ചുള്ള പുതിയ വെളിപ്പാടുകളിലേക്ക് നയിക്കുന്നു. എന്നാൽ അത് പലപ്പോഴും ദൈവത്തിൻറ ഗുണഗണങ്ങൾ വിവരിക്കുന്ന പ്രസ്താവനകളിലൂടെ ആയിരിക്കണമെന്നില്ല. സുബൈറിൻെറ കത്തിലും, "ആമിന, നിന്നോടെനിക്ക് വളരെ സ്നേഹമുണ്ട്, കുടുംബത്തെ കുറിച്ച് എനിക്ക് വളരെ ഉത്തരവാദിത്തമുണ്ട്. കുഞ്ഞുങ്ങളെക്കുറിച്ച് എനിക്ക് വളരെ കരുതലുണ്ട്..........." എന്നൊന്നും എഴുതിയിട്ടില്ലായിരിക്കാം. എങ്കിലും, അവധിക്കെത്തുമ്പോൾ ആമിനയ്ക്കു സമ്മാനിക്കാനായി വാങ്ങിവെച്ചിരിക്കുന്ന ഒരു പുത്തനാഭരണത്തിൻെറ



വിവരണത്തിലൂടെ, വീടിനു പെയിൻറടിക്കാനായി ഉടനെ തന്നെ അയച്ചു തരുന്ന പണത്തേക്കുറിച്ചുള്ള വാഗ്ദാനത്തിലൂടെ, കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി ബാങ്കിൽ നിക്ഷേപിച്ചുതുടങ്ങിയ പുതിയ സമ്പാദ്യ പദ്ധതിയെക്കുറിച്ചുള്ള അറിവിലൂടെ.........ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞ ഒരു മാസം തുടർച്ചയായി ചെയ്യുന്ന ഓവർടൈമിനെ കുറിച്ചുള്ള സൂചനയിലൂടെ..........പ്രത്യേകം പ്രസ്താവനകളില്ലെങ്കിലും ആമിന സുബൈറിൻെറ സ്നേഹവും കരുതലും ഉത്തരവാദിത്തവും മനസ്സിലാക്കും. അത് അവളെ സുബൈറിനോടുള്ള സ്നേഹത്തിലും ബഹുമാനത്തിലും മുതിർന്നു വരുവാൻ സഹായിക്കും.

ദൈവവും വചനത്തിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നത് പ്രസ്താവനകളിലൂടെയല്ല, മനുഷ്യനോടുള്ള, നമ്മോടുള്ള ഇടപെടലുകളുടെ വിവരണത്തിലൂടെയാണ്. നമ്മുടെ പ്രാണനാഥൻ നമുക്കുവേണ്ടി നിർവ്വഹിച്ച പ്രവൃത്തികൾ, അവിടുന്ന് ഇപ്പോൾ നമുക്കുവേണ്ടി നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ അവിടുന്ന് നമുക്ക് നൽകിയിരിക്കുന്ന വാഗ്ദാനങ്ങൾ............ഇതൊക്കെ വചനത്തിലൂടെ നാം അറിയുമ്പോൾ ദൈവം കരുതലുള്ളവനാണെന്നും കരുണയുള്ളവനാണെന്നും കൈവിടാത്തവനാണെന്നും പ്രസ്താവനകളുടെ അഭാവത്തിലും നാം അറിയും.

മനുഷ്യനോടുള്ള ദൈവിക ഇടപെടലിൻെറ വിവരണമാണ് വേദപുസ്തകം മുഴുവൻ. ആ ഇടപെടലുകളിലെല്ലാം ദൈവം തൻെറ സ്വഭാവം വെളിപ്പെടുത്തുന്നു. അതിൻെറ ഓരോ വിവരണത്തിലൂടെയും നമുക്ക് ദൈവസ്വഭാവത്തെ - ദൈവത്തെത്തന്നെ അറിയാനാവും. അത് വായിച്ചു ഗ്രഹിക്കുക, അതിൽ സന്തോഷിക്കുക. നമ്മുടെ പ്രാണനാഥനെ കൂടുതൽ അറിയാനും കൂടുതൽ സ്നേഹിക്കാനുമുള്ള വഴിയാണത്!

❖ ❖ ❖

# 5 വചന വായനയും വചന ധ്യാനവും

പോൾ വേദപുസ്തകം തുറന്നപ്പോൾ ആദ്യം കിട്ടിയത് നെഹമ്യാവ് 12-ാം അദ്ധ്യായമാണ്. ചില വാക്യങ്ങൾ വായിച്ചു കഴിഞ്ഞപ്പോൾ ആദ്യം വായിച്ചത് അവൻ മറന്നു. അർത്ഥം മനസ്സിലാക്കിത്തന്നെ വായിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നതിനാൽ രണ്ടാമതൊരിക്കലൂടെ അവൻ വായിച്ചു തുടങ്ങി. പകുതി വായിച്ചപ്പോൾ വീണ്ടും ലിങ്ക് നഷ്ടപ്പെട്ടു.

ആദ്യമായാണ് പോൾ നെഹമ്യാവിൻെറ പുസ്തകം വായിക്കുന്നത്. അവന് ഒട്ടും വായനീയത അനുഭവപ്പെട്ടില്ല. എവിടെയാണ് പ്രശ്നം? പോളിന് നെഹമ്യാവിൻെറയോ പ്രവാസാനന്തര സംഭവങ്ങളുടെയോ പശ്ചാത്തലമറിയില്ല. നെഹമ്യാവിൻെറ പുസ്തകം ഒരിക്കൽ പോലുംഒരുമിച്ചു വായിച്ചിട്ടില്ലാത്ത വ്യക്തിക്ക് ഇടയ്ക്കു നിന്നൊരു വാക്യമോ, അദ്ധ്യായമോ -പ്രത്യേകിച്ചും അതിൻെറ അന്ത്യപാദത്തിൽ നിന്നു വായിച്ചാൽ ഒരിക്കലും ആസ്വദിക്കാൻ കഴിയണമെന്നില്ല.

വേദപുസ്തകത്തിലെ മിക്ക പ്രബോധനങ്ങളും വേദപുസ്തകത്തിൽ തന്നെ വിവരിച്ചിട്ടുള്ള ചരിത്രത്തിലെ - മനുഷ്യാനുഭവങ്ങളിലെ - ദൈവിക ഇടപെടലിൻെറ വ്യാഖ്യാനമായാണു പ്രത്യക്ഷപ്പെടുക. അപ്പോൾ പിന്നെ ചരിത്രമറിയാതെ നമുക്കെങ്ങനെ അതിലെ ദൈവിക സ്പർശനത്തെയും അതിൻെറ വിവരണത്തെയും അറിയാനാകും? അതുകൊണ്ട് വേദപുസ്തക പഠനത്തിൻെറ പ്രഥമപടി വേദപുസ്തകത്തിൻെറ തുടർമാനമായ



വായനയാണ്. എല്ലാമറിഞ്ഞു കഴിഞ്ഞുള്ള വായനയല്ല, എല്ലാം അറിയാനുള്ള വായന.

ആദ്യവായനയിൽ നാം വേദപുസ്തകത്തിൻെറ ആത്മീയ അർത്ഥതലങ്ങളിലേക്കൊന്നും പ്രവേശിച്ചില്ലെന്നു വരാം. എന്നാൽ ആ വായന നമ്മെ വേദപുസ്തകത്തിൻെറ ലോകത്തേക്കു പ്രവേശിപ്പിക്കുന്നു. മറ്റൊരു രീതിയിൽ, ആദ്യ വായനയിലൂടെ നാം കഥയറിയുന്നു, ചരിത്രമറിയുന്നു. ഉപരിതലത്തിലുള്ള ഈ അറിവ് അത്ര വില കുറഞ്ഞതല്ല. ഈ അറിവിലൂടെയേ നമുക്ക് ആത്മീയ അർത്ഥതലങ്ങളിലേക്ക് പ്രവേശിക്കാൻ കഴിയൂ.

ജെ. ഐ. പായ്ക്കർ ഒരിക്കൽ എഴുതി:“പരിശുദ്ധാത്മാവിന് നിങ്ങളുടെ അറിവിൻെറ മേൽ മാത്രമേ പ്രവർത്തിക്കാനാവൂ.”

പ്രത്യക്ഷത്തിൽ ഈ പ്രസ്താവന പരിശുദ്ധാത്മാവിനെ പരിമിതപ്പെടുത്തുന്ന ഒന്നായി തോന്നാം. എന്നാൽ വാസ്തവമെന്താണ്?

പരിശുദ്ധാത്മാവ് ഒരു പെൺകുട്ടിയോട് ഞാൻ നിനക്ക് ‘ഹുൽദാ പ്രവാചകി ’യുടെ ശുശ്രൂഷ നല്കിയിരിക്കുന്നു എന്നു പറഞ്ഞുവെന്നിരിക്കട്ടെ. എന്താണ് ഹുൽദാ പ്രവാചകിയുടെ ശുശ്രൂഷയെന്നറിയണമെങ്കിൽ ആദ്യം ഹുൽദാ പ്രവാചകി ആരാണെന്നറിയണം, അവൾ എന്തു ശുശ്രൂഷയാണ് ചെയ്തുകൊണ്ടിരുന്നത് എന്നറിയണം. ഇതു രണ്ടും അറിയാത്ത ഒരു വ്യക്തിയോട് ഈ രീതിയിൽ ദൈവത്തിന് എങ്ങനെ ഇടപെടാനാകും.?

യഹൂദ്യ രാജാക്കന്മാരിൽ ഏറ്റവും വലിയ ഉണർവ്വു നായകനായിരുന്ന യോശിയാവിൻെറ കാലത്ത് രാജാവ് ആലോചന ചോദിച്ചിരുന്നത് ഹൂൽദാ പ്രവാചകിയിലൂടെയാണ്. (2 ദിനവൃത്താന്തം 34:19-38) ഈ പ്രവാചകിയുടെ ആലോചനയാണ് പ്രസിദ്ധമായ യോശിയാവിൻെറ ഉണർവ്വിനു വഴിത്തിരിവായത്. ദൈവം ഒരു സ്ത്രീയെ ഹൂൽദാ പ്രവാചകിയെപ്പോലെ അഭിഷേകം ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിലും അത് അവരെ അറിയിക്കണമെങ്കിൽ ‘ഹൂൽദാപ്രവാചകി ‘യെക്കുറിച്ചുള്ള അറിവ് അവർക്കുണ്ടായേ മതിയാകൂ. പരിശുദ്ധാത്മാവിന് നമ്മുടെ അറിവിൻമേലാണ് പ്രവർത്തിക്കാൻ കഴിയുന്നത്. എന്നാലെന്താണിന്നു സംഭവിക്കുന്നത്? വേദപുസ്തക സംഭവങ്ങളും കഥാപാത്രങ്ങളും നമുക്ക് അപരിചിതമായതിനാൽ ദൈവത്തിൻെറ പരിശുദ്ധാത്മാവിന് നമ്മോട് ഇടപെടുവാനുള്ള വാതിലുകൾ നാം അടച്ചു കളയുന്നു.

ഒരുപക്ഷേ, പശ്ചാത്തലമറിയാത്തപ്പോഴും പെട്ടെന്നു വേദപുസ്തകം

തുറന്നപ്പോൾ അതിൽ കണ്ട ഒരു വാക്യത്തിലൂടെ ദൈവം നിങ്ങളോട് സംസാരിച്ചിട്ടുണ്ടല്ലോ എന്നു നിങ്ങൾ പറഞ്ഞേക്കാം. പശ്ചാത്തലമറിയാത്തപ്പോഴും വേദപുസ്തകത്തിലെ ഏതെങ്കിലുമൊരു വാക്യമോ വാക്യാംശമോ നമ്മെ സന്തോഷിപ്പിച്ചേക്കാം. എന്നാൽ പശ്ചാത്തലമറിയാതെ ദൈവാത്മാവ് ഉദ്ദേശിക്കുന്ന നിലയിൽ വേദപുസ്തകത്തെ മനസ്സിലാക്കാൻ നമുക്കു കഴിയില്ല.

ബിജു യെശയ്യാ പ്രവചനം വായിച്ചുകൊണ്ടിരിക്കെ ഒരു പ്രത്യേക ഭാഗം അവന് വളരെ സന്തോഷകരമായി തോന്നി. യെശയ്യാ 7:10-12 വരെയായിരുന്നു അത്.

യഹോവ പിന്നെയും ആഹാസിനോട്; "നിൻെറ ദൈവമായ യഹോവയോട് താഴെ പാതാളത്തിലോ മീതെ ഉയരത്തിലോ ഒരു അടയാളം ചോദിച്ചു കൊള്ളുക" എന്നു കല്പിച്ചതിന് ആഹാസ്: "ഞാൻ ചോദിക്കയില്ല, യഹോവയെ പരീക്ഷിക്കയുമില്ല" എന്നു പറഞ്ഞു.

ഒറ്റ വായനയിൽ, ആഹാസിൻെറ വിശ്വാസം എത്ര മഹത്തരം എന്നൊക്കെയാണു ബിജു ചിന്തിച്ചത്! ആഹാസിൻെറ വിശ്വാസം തനിക്കുമുണ്ടായിരുന്നെങ്കിൽ എന്ന് അവൻ ആഗ്രഹിച്ചുപോയി. വിശ്വാസമുണ്ടാകുന്നത് നല്ലകാര്യം തന്നെ. എന്നാൽ യഹോവ ആഹാസിൻെറ വാക്കുകളിൽ കോപിക്കുകയാണ്.

ചരിത്രമെന്താണ്? യഹൂദയ്ക്കെതിരെ അരാമും യിസ്രയേലും ഒരുമിച്ച് യുദ്ധത്തിനൊരുങ്ങിയപ്പോൾ ആഹാസ് രാജാവ് ഭയപ്പെട്ടുപോയി. (യെശയ്യാവ് 7:1-2) യെശയ്യാവ് ആഹാസിനോട് കർത്താവു വിടുവിക്കും എന്ന സന്ദേശം നല്കുന്നു. എന്നാൽ ആഹാസ് ഒരിക്കലും യഹോവയിൽ ആശ്രയിച്ചില്ല. പ്രവാചകനെ ഒഴിവാക്കാനായി അവൻ വിധേയത്വം ഭാവിച്ചെന്നേയുള്ളു. യെശയ്യാവ് 7-ാം അദ്ധ്യായം മുഴുവനും, 2 രാജാക്കന്മാർ 16-ാം അദ്ധ്യായവും ചേർത്തു പഠിച്ചാൽ ഇതു വ്യക്തമായി മനസ്സിലാകും. എന്നാൽ ഈ പശ്ചാത്തലമറിയാഞ്ഞാലോ, വചനം പരിശുദ്ധാത്മാവ് ഉദ്ദേശിച്ച നിലവിട്ട് വികലമായി നമ്മുടെ ഹൃദയത്തിൽ കയറും.

ഇക്കാരണങ്ങളാൽ തന്നെ, വേദപുസ്തകത്തിൻെറ തുടർമാനമായ വായനയിലൂടെ മാത്രം നേടിയെടുക്കാനാവുന്ന ഒരു ആകമാന വീക്ഷണം വചന പഠനത്തിൻെറ പ്രാഥമികതയാകുന്നു. കഴിയുമെങ്കിൽ ചില ദിവസങ്ങൾ കൊണ്ട് വേദപുസ്തകം ഇടമുറിയാതെ വായിച്ച് വചനത്തിൻെറ ലോകത്തെ നമുക്ക് പരിചയപ്പെടുത്തിയിടണം. പിന്നെയും ചിലപ്പോഴൊക്കെ വേദപുസ്തകത്തിലെ ചില പുസ്തകങ്ങൾ ഒറ്റയിരുപ്പിനു



വായിച്ചു തീർക്കണം. ഉപവാസത്തിൻെറ ദിനങ്ങളിൽ ഇപ്രകാരം വേദപുസ്തകം വായിക്കുന്നതിനു സമയമെടുക്കുന്നത് നല്ലതാണ്. ദൈവാത്മാവിന് നമ്മോട് അർത്ഥപൂർണ്ണമായി ഇടപെടാനുള്ള വഴിതുറക്കലാവുമത്!!

വേദപുസ്തക വായനയുടെ ആദ്യപാഠങ്ങളാണിവ. എന്നാൽ വചനം വായിക്കുന്നതും വചനം ധ്യാനിക്കുന്നതും രണ്ടും രണ്ടാണെന്ന കാര്യം നാം അറിഞ്ഞിരിക്കണം. അവൻെറ ന്യായപ്രമാണത്തെ രാപ്പകൽ"ധ്യാനിക്കുന്ന" മനുഷ്യനാണ് ഭാഗ്യാവസ്ഥയിലെത്തുന്നത്. (സങ്കീർത്തനം 1:2)

സാറ വേദപുസ്തകം വായിക്കുന്നതു ശ്രദ്ധിക്കുക: യോഹന്നാൻെറ സുവിശേഷം 6-ാം അദ്ധ്യായമാണ് അവൾ വായിച്ചുകൊണ്ടിരിക്കുന്നത്.

*"യഹൂദന്മാരുടെ പെസഹാപെരുന്നാൾ അടുത്തിരുന്നു. യേശു വലിയൊരു പുരുഷാരം തൻെറ അടുക്കൽ വരുന്നതു കണ്ടിട്ട് ഫിലിപ്പോസിനോട് ഇവർക്കു തിന്നുവാൻ നാം എവിടെ നിന്ന് അപ്പം വാങ്ങും എന്നു ചോദിച്ചു. ഇത് അവനെ പരീക്ഷിപ്പാനത്രെ ചോദിച്ചത്. താൻ എന്തു ചെയ്‌വാൻ പോകുന്നു എന്നു താൻ അറിഞ്ഞിരുന്നു. ഫിലിപ്പോസ് അവനോട് ഓരോരുത്തന് അല്പമല്പം ലഭിക്കേണ്ടതിന് ഇരുനൂറു പണത്തിന് അപ്പം മതിയാകയില്ല എന്ന് ഉത്തരം പറഞ്ഞു. ശിഷ്യന്മാരിൽ ഒരുത്തനായി ശിമോൻ പത്രോസിൻെറ സഹോദരനായ അന്ത്രയോസ് അവനോട്: ഇവിടെ ഒരു ബാലകനുണ്ട്; അവൻെറ പക്കൽ അഞ്ചു യവത്തപ്പവും രണ്ടു മീനും ഉണ്ട്; എങ്കിലും ഇത്രപേർക്ക് അത് എന്തുള്ളൂ എന്നു പറഞ്ഞു. ആളുകളെ ഇരുത്തുവിൻ എന്ന് യേശു പറഞ്ഞു. ആ സ്ഥലത്ത് വളരെ പുല്ലുണ്ടായിരുന്നു. അയ്യായിരത്തോളം പുരുഷന്മാർ ഇരുന്നു. പിന്നെ യേശു അപ്പം എടുത്തു വാഴ്ത്തി, ഇരുന്നവർക്കു പങ്കിട്ടുകൊടുത്തു. അങ്ങനെതന്നെ മീനും വേണ്ടുവോളം കൊടുത്തു. അവർക്കു തൃപ്തിയായ ശേഷം അവൻ ശിഷ്യൻമാരോട്! ശേഷിച്ച കഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ എന്നു പറഞ്ഞു. അഞ്ചു യവത്തപ്പത്തിൽ തിന്നു ശേഷിച്ച കഷണം അവർ ശേഖരിച്ച് പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു." (യോഹന്നാൻ 6:4-13)*

യേശുവിൻെറ പ്രവൃത്തികൾ വായിച്ച് സാറയ്ക്കും അത്ഭുതമായി. യേശു തീർച്ചയായും മറ്റുള്ളവരിൽ നിന്നു വ്യത്യസ്തൻ തന്നെ. ദൈവപുത്രനല്ലെങ്കിൽ യേശുവിന് ഇതു ചെയ്യാൻ കഴിയുമോ? ജനങ്ങൾ എന്തുകൊണ്ട് ഇതു മനസ്സിലാക്കുന്നില്ല. അത്ഭുതവാനായ ഈ യേശുവിനെ കണ്ടുമുട്ടാനായത് ദൈവകൃപ തന്നെ. സാറ ബൈബിൾ അടച്ചുവെച്ചു, ദൈവത്തെ സ്തുതിച്ചു.

സാറയുടെ ബൈബിൾ വായനയ്ക്ക് കുഴപ്പം വല്ലതുമുണ്ടോ? ഇല്ലെന്നു വേണം കരുതാൻ. അവൾ യേശുവിൻെറ പ്രവൃത്തിയെ മനസ്സിലാക്കി, ദൈവത്തെ സ്തുതിച്ചു. എന്നാൽ സാറയുടേത് വായനമാത്രമാണ്. ധ്യാനമല്ല.

സാറ വചനഭാഗം മനസ്സിലാക്കുകയും ചിന്തിക്കുകയും സ്തുതി കരേറ്റുകയുമൊക്കെ ചെയ്തിട്ടും എന്തുകൊണ്ട് അതു ധ്യാനമാകുന്നില്ല.?

ഇവിടെയാണ് ധ്യാനം എന്ന വാക്കിൻെറ വ്യാവഹാരികാർത്ഥവും ആത്മീയാർത്ഥവും വ്യത്യസ്തമാകുന്നത്. ഏതു ചിന്തയെയും ധ്യാനമെന്നു വിളിക്കാൻ നമുക്കു പ്രയാസമില്ല. എന്നാൽ ഒന്നു കൂടെ ആഴത്തിൽ ആലോചിച്ചു നോക്കൂ: കൂട്ടുകൂടി വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരാൾ കുറേ നേരത്തേക്ക് മിണ്ടാതെയിരുന്നാൽ നാം ചോദിക്കും: "എന്താടോ, ധ്യാനിച്ചുകൊണ്ടിരിക്കുന്നത്?"

എന്താണതിനർത്ഥം? കൂട്ടുകാർ സംസാരിക്കുമ്പോൾ, ശരീരസാന്നിദ്ധ്യം അവർക്കു നല്കിയെങ്കിലും "അയാൾ" മറ്റേതോ ലോകത്തിലായിരുന്നു. അയാളുടെ മനസ്സ് വിദൂരലോകത്തിലോ വിദൂര കാലത്തിലോ ആയിരുന്നു. അയാൾ കൂട്ടുകാരെ കാണുകയോ കൂട്ടുകാരെ കേൾക്കുകയോ ചെയ്തില്ല. അയാൾ ധ്യാനത്തിലായിരുന്നു.

സാറ വേദപുസ്തകം വായിച്ചപ്പോൾ അവളത് മനസ്സിലാക്കിയെങ്കിലും ദൈവത്തെ സ്തുതിച്ചെങ്കിലും ആ സംഭവങ്ങൾ അവൾക്ക് രണ്ടായിരം കൊല്ലങ്ങൾക്ക് അപ്പുറം തന്നെയായിരുന്നു. തീർച്ചയായും അത് രണ്ടായിരം വർഷങ്ങൾക്കു മുമ്പു നടന്ന സംഭവം തന്നെ. എന്നാൽ ധ്യാനാവസ്ഥയിൽ നാം ചരിത്രത്തിലെ ആ സംഭവത്തിലേക്ക് കയറിപ്പോവുകയാണ് (അല്ലെങ്കിൽ ചരിത്രം വർത്തമാനത്തിലേക്ക് ഇറങ്ങിവരികയുമാവാം.)

ധ്യാനാവസ്ഥയിൽ നാം വേദപുസ്തക കാലത്തിലേക്ക് പ്രവേശിക്കുമ്പോഴും ഇരിക്കുന്ന മുറിവിട്ട് നാം പുറത്തേക്കുപോകുന്നില്ല. വേദപുസ്തകം നമ്മുടെ മടിയിൽ തുറന്നു തന്നെയിരിക്കുകയാവാം. എന്നാൽ അക്ഷരങ്ങളുടെ ലോകത്തു നിന്നും നമ്മൾ വായിച്ച സംഭവങ്ങളിലേക്ക് നടന്നു കയറുന്നു. വർത്തമാനകാലത്തു നിന്നും ഭൂതകാലത്തിലേക്ക്........

യോഹന്നാൻെറ സുവിശേഷം 6-ാം അദ്ധ്യായം നമ്മുടെ മടിയിൽ തുറന്നു തന്നെയിരിക്കുമ്പോൾ നാം പലസ്തീനിലെ വിശാലമായ ആ പുൽത്തകിടിയിലേക്കു നടന്നു കയറുകയാണ്. അവിടെ നാം നമുക്കും ഒരു ഇരിപ്പിടം കണ്ടെത്തുന്നു.



പുരുഷാരത്തോടൊപ്പമിരുന്ന് നാമും അവൻെറ വാക്കുകൾ കേൾക്കുന്നു.......ഇപ്പോൾ നിങ്ങളും നിരയായിരിക്കുന്നവരുടെ കൂട്ടത്തിലാണ്.... അതാ യേശു അപ്പം കരങ്ങളിലെടുത്ത് ആകാശത്തേക്കുയർത്തി പ്രാർത്ഥിക്കുന്നു.....അത്ഭുതം !!! അത് പെരുകുകയാണ്!!!

ശേഷിച്ച കഷണങ്ങൾ പെറുക്കിക്കൂട്ടാൻ ശിഷ്യരുടെ തിരക്ക്! ഭക്ഷിച്ചു തൃപ്തനായ നിങ്ങൾക്ക് അവരുടെ കൂടെ കൂടരുതോ? അതാ യേശു നിങ്ങളുടെ അടുക്കലേക്കല്ലെ വരുന്നത്? അവിടുന്ന് നിങ്ങളുടെ അടുത്തു വന്നിരിക്കുന്നു........യേശു നിങ്ങളോടു സംസാരിക്കുന്നു........അവൻെറ സാന്ത്വനം നിങ്ങൾക്ക് അനുഭവിക്കാൻ കഴിയുന്നില്ലേ?

ധ്യാനാവസ്ഥയിൽ അക്ഷരങ്ങളിലെ സംഭവങ്ങൾ നിങ്ങൾ നിങ്ങളുടെ സ്വന്തമാക്കുകയാണ്. ധ്യാനിക്കുന്നവൻ ഒരിക്കലും സംഭവങ്ങൾ നോക്കിക്കാണുകയല്ല, പ്രത്യുത, അവൻ സംഭവങ്ങളിൽ പങ്കാളിയാവുകയാണ്. ഇക്കഥയിൽ നിങ്ങൾ പെട്ടെന്നു തന്നെ പുരുഷാരത്തിലൊരുവനോ അതല്ലെങ്കിൽ വിളമ്പുകാരനോ ആവുകയാണ്. എന്നാൽ അതിലുപരി സംഭവങ്ങളുടെ, വിവരിക്കപ്പെട്ട തലത്തിനുമപ്പുറത്തേക്ക് നിങ്ങൾ ചെന്നെത്തുന്നു. ഇവിടെ പുരുഷാരം യാത്രയായിട്ടും നിങ്ങൾ പുൽത്തകിടിയിൽ നിന്നു പോവുന്നില്ല..........നിങ്ങൾ കർത്താവിൻെറ സാന്നിദ്ധ്യം പിന്നെയുമറിയുകയാണ്. ആ അറിവ് നിങ്ങളുടെ ബുദ്ധിയിലോ ഹൃദയത്തിലോ അല്ല, പ്രത്യുത ആത്മാവിലുള്ള അറിവാണ്.

ആദ്യത്തെയോ രണ്ടാമത്തേയോ വായനയിൽ നിങ്ങൾക്ക് ഇത്തരമൊരു ധ്യാനാവസ്ഥയിലേക്കു പ്രവേശിക്കാൻ കഴിഞ്ഞുവെന്നു വരില്ല. അതിനൊരു പ്രധാന കാരണം ആ സാഹചര്യം നമുക്ക് സുപരിചിതമായിക്കഴിഞ്ഞിട്ടില്ല എന്നതു തന്നെ. ഒരു പരിധിവരെ, നിരന്തരമായ വായനയിലൂടെയാണ് നാം ധ്യാനാവസ്ഥയിലേക്കു പ്രവേശിക്കുന്നത്. വേദപുസ്തക സംഭവങ്ങളോരോന്നും അക്ഷരങ്ങൾക്കപ്പുറത്ത്, നമ്മുടെ ഹൃദയ ഭിത്തിയിൽ വർണാഭമായി പതിഞ്ഞു കിടക്കുമ്പോൾ നമുക്ക് ആ ലോകത്തിലേക്കു പ്രവേശിക്കുന്നത് എളുപ്പമായി.

എന്നാൽ നിരന്തരമായ വായനകൊണ്ടു മാത്രം നാം ധ്യാനാനുഭവത്തിലേക്കു പ്രവേശിച്ചുകൊള്ളണമെന്ന് നിർബന്ധമില്ല. വായന ഒരു പക്ഷേ, സ്വാഭാവികമായി നമ്മെ വചന പഠനത്തിലേക്കു നയിച്ചേക്കാം. എന്നാൽ ധ്യാനത്തിന് കൂടുതൽ ബോധപൂർവ്വമായ പരിശീലനം ആവശ്യമാണ്. പലപ്പോഴും സംഭവിക്കുന്ന അപകടം വചനപഠനത്തെ നാം വചനധ്യാനമായി തെറ്റിദ്ധരിക്കുന്നതാണ്.

എന്താണ് വചന പഠനത്തിൽ നടക്കുന്നത്? ഉപരിതല വായന വിട്ട് നാം കൂടുതൽ വിശദമായി കാര്യങ്ങൾ പഠിക്കുന്നു. വായിക്കുന്ന ഭാഗത്തെ മറ്റ് വേദപുസ്തക ഭാഗങ്ങളുമായി താരതമ്യം ചെയ്യുന്നു; നമുക്കു ലഭ്യമായ അറിവുകളുടെ അടിസ്ഥാനത്തിൽ വചനഭാഗം വിശകലനം ചെയ്യുന്നു. നമുക്ക് പുത്തൻ അറിവുകൾ ലഭിക്കുന്നു. സത്യത്തിൻെറ പുതിയ പുതിയ മാനങ്ങൾ നമുക്ക് വെളിപ്പെടുന്നു; പുതിയ വാഗ്ദത്തങ്ങൾ നാം അറിയുന്നു.....അതു നമ്മെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു. ഇതൊക്കെ ശരിയാണെങ്കിലും, വചനപഠനം മുഖ്യമായും നമ്മുടെ മനസ്സിനെ - ബുദ്ധിയെയാണ് സ്പർശിക്കുന്നത്. അതു നമ്മുടെ ഹൃദയത്തെ ഉത്തേജിപ്പിക്കുകയും ചെയ്തേക്കാം. എന്നാൽ ധ്യാനത്തിൽ നാം ബുദ്ധിയെയും ഹൃദയത്തെയും കടന്ന് ആത്മതലത്തിലേക്കു പ്രവേശിക്കുന്നു. നമ്മുടെ ആത്മാവ് ഉണർത്തപ്പെടുന്നു. വചന പഠനത്തിൽ വേദപുസ്തകത്തിൻെറ യുക്തിപരമായ വിശകലനം നടക്കുന്നു. അത് ആവശ്യം തന്നെ. വചനം യുക്തിക്ക് അത്രയൊന്നും വിരുദ്ധമല്ല. നാം ദൈവത്തെ സേവിക്കേണ്ടത് അജ്ഞതയിലല്ലല്ലോ. അറിവ് അത്യന്താപേക്ഷിതം! ആ അറിവ് പഠനത്തിലൂടെ നമുക്ക് സ്വായത്തമാക്കാം. അറിവ് മനസ്സിനെ ശാന്തമാക്കുന്നു.ഹൃദയത്തെ സാന്ത്വനപ്പെടുത്തുന്നു. ധ്യാനത്തിലും തീർച്ചയായും നമ്മുടെ മനസ്സും ഹൃദയവും സാന്ത്വനവുമനുഭവിക്കുന്നുണ്ട്. എന്നാൽ ആ സാന്ത്വനം ആത്മാവിൽ നിന്ന് താഴേക്കിറങ്ങിവരുന്നതാണ്. അതായത്, വചന പഠനത്തിൽ 'അറിവ്' മനസ്സിനെ ശാന്തമാക്കുന്നു. അതിന് 'യുക്തി' യുണ്ട്. ധ്യാനത്തിൽ നാം യുക്തിയെ കടന്നുപോകുന്നു. അവിടെ സാന്ത്വനം നല്കുന്നത് 'അറിവ്' അല്ല, 'വെളിപ്പാടാ'ണ്. ആത്മതലത്തിൽ 'അജ്ഞത'യുടെ എതിർപദം 'അറിവ് 'അല്ല. 'വെളിപ്പാട്' ആണ്. അറിവ് ബുദ്ധിയിലാണുണ്ടാവുന്നത്. വെളിപ്പാട് ആത്മാവിലും!. ധ്യാനാനുഭവത്തിൻെറ സമ്പുഷ്ടി ആത്മതലത്തിലാണ്. അവിടെനിന്നു സൗഖ്യം ഹൃദയത്തെയും മനസ്സിനെയും നിറയ്ക്കുകയാണ്.

മറ്റൊന്നു കൂടെ! വേദപുസ്തക സംഭവങ്ങൾ നമ്മെ ത്രസിപ്പിക്കുന്നത്, ആ സംഭവങ്ങളുടെ അനുഭവ തീവ്രതയാലല്ല, ആ സംഭവങ്ങളിലെ, അരുമനാഥൻെറ ദൃശ്യമോ അദൃശ്യമോ ആയ സാന്നിദ്ധ്യത്താലാണ്. മറ്റൊരു രീതിയിൽ, അവിടുത്തെ സാന്നിധ്യമാണ് അനുഭവങ്ങൾ തീവ്രമാക്കുന്നത്.

ലോകപ്രശസ്തനായ ഒരു അഭിനേതാവ് ഒരു സമ്മേളനത്തിൽ 23-ാം സങ്കീർത്തനം വളരെ നാടകീയമായി അവതരിപ്പിച്ചു. ഓരോ വാക്യങ്ങളിലും അയാളുടെ മുഖത്ത് ഭാവങ്ങൾ കയറിയിറങ്ങി. സദസ്യർ നിർന്നിമേഷരായി. ചില മിനിറ്റുകൾക്കുള്ളിൽ കരഘോഷം കൊണ്ട് അവർ ആ



അഭിനേതാവിനെ പുകഴ്ത്തി.എല്ലാം കഴിഞ്ഞപ്പോൾ അയാൾ ചോദിച്ചു: ആർക്കെങ്കിലും ഇതൊന്ന് ആവർത്തിക്കാമോ?

അഭിനയ ചക്രവർത്തിയോടു മത്സരിക്കാൻ ആരും തയ്യാറായില്ല. ഒടുവിൽ വീണ്ടുമൊരിക്കൽ കൂടെ അയാൾ പ്രോത്സാഹിപ്പിച്ചപ്പോൾ പിൻനിരയിൽ നിന്ന് ഒരു വൃദ്ധവനിത എഴുന്നേറ്റ് ചെന്നു.

ആദ്യം പലർക്കും പുച്ഛം തോന്നിയെങ്കിലും അവർ 23-ാം സങ്കീർത്തനം ഉരുവിട്ടു തുടങ്ങിയപ്പോൾ ആളുകൾ വീർപ്പടക്കിയിരുന്നു കേട്ടു. അഭിനയ ചക്രവർത്തിയെ അതിശയിക്കുന്നതായിരുന്നു അവരുടെ അവതരണം. സ്തംബ്ധരായിരുന്ന് അതു കേൾക്കാനും കാണാനുമേ സദസ്യർക്കു കഴിഞ്ഞുള്ളു.

എല്ലാം കഴിഞ്ഞ് പത്രപ്രവർത്തകർ അഭിനയ കർത്താവിനോടു ചോദിച്ചു: എന്തുകൊണ്ട് വൃദ്ധയായ ആ സ്ത്രീക്ക് നിങ്ങളെക്കാൾമെച്ചമായ രീതിയിൽ 23-ാം സങ്കീർത്തനം അവതരിപ്പിക്കുവാൻ കഴിഞ്ഞു?

"എനിക്കറിയാവുന്നത് 23-ാം സങ്കീർത്തനം മാത്രമാണ്. എന്നാൽ അവർക്ക് അവരുടെ ഇടയനെ അറിയാം" എന്നായിരുന്നു അഭിനേതാവിൻെറ മറുപടി.

വായനയും ധ്യാനവും തമ്മിലുള്ള വ്യത്യസ്തത കൂടുതൽ വ്യക്തമാവുകയാണിവിടെ. വചന പഠനത്തിൽ നാം വിശകലനത്തിലൂടെ വചനത്തിൻെറ അർത്ഥതലങ്ങളിലേക്കു പ്രവേശിക്കുമ്പോൾ ധ്യാനാനുഭവത്തിൽ വചനത്തെ നാം നമ്മിലേക്കു കൊണ്ടുവരികയും, നമ്മുടെ ഉള്ളിലേക്കു പ്രവേശിപ്പിക്കുകയുമാണ്. മറ്റൊരർത്ഥത്തിൽ ധ്യാനത്തിൽ വചനം നാം നമ്മുടെ സ്വന്തമാക്കുകയാണ്. നമ്മെ സ്നേഹിക്കുന്ന ഒരാളുടെ കത്ത് നാം ഒരിക്കലും വിശകലനം ചെയ്ത് പഠിക്കുകയല്ലല്ലോ. അത് നാം അതായിത്തന്നെ നമ്മിലേക്കു സ്വീകരിക്കുന്നു. നാം അതിലേക്കു പ്രവേശിക്കുകയും അതിൽ ജീവിക്കുകയും ചെയ്യുന്നു. വായന ഇടയനെക്കുറിച്ചുള്ള അറിവു നല്കുന്നു. ധ്യാനം നമ്മെ ഇടയൻെറ ആടാക്കുന്നു. ധ്യാനിക്കുന്നവൻ ഇടയനോടൊപ്പം പച്ചയായ പുല്പുറങ്ങളിലേക്കു യാത്രയാവുന്നു. അവിടെയവൻ ശത്രുഭയമില്ലാതെ മേഞ്ഞു നടക്കുന്നു. ഇടയനോടൊപ്പം അവൻ അരുവിയിൽ നിന്ന് കുളിർമയുള്ള വെള്ളം കുടിക്കുന്നു. വിശപ്പൊഴിഞ്ഞ് ദാഹമൊഴിഞ്ഞ് അവൻ കുളിരറിയുന്നു. നിശ്ശബ്ദനായി ഇടയനോടൊപ്പം അവൻ നീതി പാതകളിൽ നടക്കുന്നു. ഇടയൻെറ കോൽ നിര തെറ്റാതെ നടക്കാൻ അവന് തുണയാകുന്നു. വലിയ വിരുന്നിൻെറ

സൗഖ്യം അവൻെറ നിരന്തരാനുഭവമാണ് - ഇടയൻെറ ഒഴിയാത്ത സാന്നിദ്ധ്യവും! അവൻെറ തലയിൽ എണ്ണ നിറയുന്നത് അവനറിയുന്നു. അവൻെറ പാനപാത്രത്തിൻെറ കവിഞ്ഞൊഴുക്കിൽ മറ്റുള്ളവർ ദാഹ മകറ്റുന്നത് അവനിൽ പുതുനിറവാകുന്നു. അവനെ പിൻതുടരുന്ന നന്മയും കരുണയും അവൻ കാണുന്നുണ്ടെങ്കിലും അവൻെറ വാസം യഹോവയുടെ ആലയത്തിലാണ്...........

ഇതൊക്കെ വല്ലപ്പോഴും സംഭവിക്കാവുന്ന കാര്യങ്ങളായി നാം കരുതിയേക്കാം. എന്നാൽ വേദപുസ്തകം പഠിപ്പിക്കുന്നത് വചനം 'രാപ്പകൽ' ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ എന്നാണ്. അതെങ്ങനെ സാധിക്കും? ഊണുമുറക്കവുമില്ലാതെ നമുക്ക് വചനം വായിച്ചുകൊണ്ടിരിക്കാനും വായനയിലൂടെ ധ്യാനത്തിലേക്കു പ്രവേശിക്കാനുമാവുമോ?

എന്നാൽ മറ്റൊരു രീതിയിലാണ് രാപ്പകൽ ധ്യാനം യാഥാർത്ഥ്യമാവുന്നത്. തുടർമാനമായ വായനയിലൂടെ വചനം നമ്മുടെ ഹൃദയത്തിലാവുന്നു. ഏതെങ്കിലും ഒരു ഭാഗമോ ഒരു സംഭവമോ മാത്രമല്ല - ഒരായിരം ഭാഗങ്ങൾ! ഒരിക്കൽ ആ വേദപുസ്തകാനുഭവങ്ങളിലേക്കൊക്കെ നാം വായനയിലൂടെ, ധ്യാനത്തിലൂടെ കടന്നു കയറിയിട്ടുണ്ട്. വായനയിൽവെച്ച് വർത്തമാന കാലത്തു നിന്നും നാം ഭൂതകാലത്തെ അനുഭവങ്ങളിലേക്കു പ്രവേശിച്ചിട്ടുണ്ട്. എന്നാലിപ്പോൾ കാര്യങ്ങൾ തിരിച്ചു സംഭവിക്കുന്നു. വേദപുസ്തകാനുഭവങ്ങൾ ഇപ്പോൾ നമ്മുടെ അനുഭവങ്ങളിലേക്ക് ഇറങ്ങിവരികയാണ്. ഇപ്പോൾ ഭൂതകാലം വർത്തമാന കാലത്തിലേക്കു പ്രവേശിക്കുകയാണ്.

എന്തെല്ലാം ജീവിതാനുഭവങ്ങളിലൂടെ നാം കടന്നു പോകുന്നു! ഉദാഹരണമായി ഉറ്റവരാൽ വഞ്ചിക്കപ്പെടുന്ന ഒരവസ്ഥ നിങ്ങൾക്കുണ്ടായി എന്നു ചിന്തിക്കുക. മരുഭൂമിയുടെ ചൂട്.....വിഭവങ്ങൾ തീർന്നുപോയിരിക്കുന്നു......... സഹായിക്കാൻ ആരുമില്ല.......മരണമല്ലാതെ മറ്റൊന്നും മുന്നിലില്ല. ...അവിടെ, നമ്മുടേതിനു തുല്യമായ ഒരു ജീവിതാവസ്ഥ വേദപുസ്തകത്തിൽ നിന്ന് നമ്മിലേക്ക് ഇറങ്ങിവരികയാണ്. ഒരു പക്ഷെ ഹാഗാറിൻെറ അനുഭവമാകാം അത്. നേരത്തെ വചനത്തിൽ നിന്ന് മരുഭൂമിയിലേക്കാണ് നിങ്ങൾ ധ്യാനത്തിലൂടെ യാത്ര ചെയ്തതെങ്കിൽ ഇപ്പോൾ നിങ്ങൾ മരുഭൂമിയിലേക്കു പോകേണ്ട കാര്യമില്ല. നിങ്ങൾ മരുഭൂമിയിലാണ്. വചനം ഇപ്പോൾ മരുഭൂമിയിലേക്കു വരികയാണ്. മരുഭൂമിയിലെ തിളയ്ക്കുന്ന ചൂടിൽ നിങ്ങൾ ഉരുകുമ്പോൾ ആ ചൂടിലേക്ക് യൗഗികമായി ഒരു നീരുറവ ഒഴുകി വരികയാണ്. സന്തോഷം കൊണ്ട് നിങ്ങൾ അലറിക്കൂവുന്നു. ഔപചാരികതയോടെ നിങ്ങൾ ഒരു കപ്പു വെള്ളമെ ടുത്തു



കുടിക്കുകയല്ല, നിങ്ങൾ ആ ഉറവയിൽ ഉരുണ്ടു കളിക്കുകയാണ്! തുരുത്തി നിറച്ച് വെള്ളവുമായി നിങ്ങൾ മകൻെറയടുത്തേക്ക് ഓടുന്നു. നിങ്ങളവനെ കുടിപ്പിക്കുക മാത്രമല്ല കുളിപ്പിക്കുകയും ചെയ്യും!!!

ഇവിടെ നിങ്ങളുടെ ധ്യാനാവസ്ഥയിലേക്ക് വചനം മഴയായി പെയ്തിറങ്ങുകയാണ്. പഠനമുറിയിലല്ല ഈ ധ്യാനം.അനുഭവങ്ങളുടെ യാഥാർത്ഥ്യ തലത്തിലാണ്. എന്നാൽ ഒരിക്കൽ പഠനമുറിയിൽ ഇതു നിങ്ങൾ അറിഞ്ഞതാണ്. യൗഗികമായൊരു അനുഭവമാണത്.

കാലത്തിൻെറ മുന്നേറ്റത്തിൽ ഈ യൗഗികത നിങ്ങളുടെ നിരന്തരാനുഭവമായിത്തീരുന്നു. വചനം ചിലപ്പോൾ പഠനമുറിയിൽ നിന്ന്, മിക്കപ്പോഴും ഹൃദയഭിത്തികളിൽ നിന്ന് ജീവിതത്തിലേക്ക് ഇറങ്ങിവരുന്നു - രാപ്പകൽ!! ഹൊ! എന്തൊരു ഭാഗ്യാവസ്ഥയാണിത്!!!

❖ ❖ ❖

# 6 ചെവികളെ തുളയ്ക്കുക

ഈ കേസിൽ വിവാഹമോചനത്തിന് ആവശ്യപ്പെട്ടത് സ്ത്രീയാണ്. അതിനവൾ വ്യക്തമായ കാരണവും പറയുന്നുണ്ട്. വിവാഹം കഴിഞ്ഞിട്ട് നീണ്ട പന്ത്രണ്ടു വർഷങ്ങളായി. ഇതുവരെയായും ഭർത്താവ് തന്നോടു സംസാരിച്ചിട്ടില്ല.

ഒരൊറ്റ 'ഹിയറിംഗി'ൽ തന്നെ ന്യായാധിപൻ വിധി പ്രഖ്യാപിച്ചു. വിവാഹമോചനം അനുവദിച്ചിരിക്കുന്നു!

വിധികേട്ട ഭർത്താവ് പറഞ്ഞു. "ബഹുമാനപ്പെട്ട കോടതി, എനിക്കു പറയാനുള്ളതുകൂടെ കേൾക്കണം."

"താനൊന്നും പറയണ്ട" എന്നായിരുന്നു ന്യായാധിപൻെറ പ്രതികരണം. "താൻ ഊമനൊന്നുമല്ലല്ലോ.കെട്ടിയ പെണ്ണിനോടു പന്ത്രണ്ടു വർഷമായി സംസാരിച്ചിട്ടില്ലെന്നു പറഞ്ഞാൽ........വിവാഹമോചനം അനുവദിച്ചിരിക്കുന്നു.!"

"അതു ഞാൻ അംഗീകരിക്കുന്നു. ബഹുമാനപ്പെട്ട കോടതി......എങ്കിലും വിവാഹം കഴിഞ്ഞിട്ട് പന്ത്രണ്ടു കൊല്ലമായിട്ടും ഞാനെൻെറ ഭാര്യയോട് സംസാരിച്ചില്ല എന്നതിൻെറ കാരണമെങ്കിലും കേൾക്കാൻ ബഹുമാനപ്പെട്ട കോടതി തയ്യാറാകണം". ഭർത്താവു പറഞ്ഞു.



"എന്തു കാരണമാണെങ്കിലും അത് ന്യായീകരിക്കത്തക്കതല്ല". കോടതി പറഞ്ഞു: "എങ്കിലും തനിക്ക് കാരണം ബോധിപ്പിക്കാം".

"ബഹുമാനപ്പെട്ട കോടതി, ഈ പന്ത്രണ്ടു വർഷവും ഞാനവളോടു സംസാരിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ അവൾ സംസാരമൊന്നു നിർത്തിയിട്ടുവേണമല്ലോ എനിക്കു സംസാരിക്കാൻ......."

മിക്കപ്പോഴും, ഒരുപക്ഷെ എല്ലായ്പ്പോഴും നമുക്ക് കേൾക്കാനല്ല, പറയാനാണ് വേഗത കൂടുതൽ. നമ്മുടെ സംസാരത്തിൻെറ ആധിക്യത്താൽ കേൾവിക്കാരന് തിരിച്ചൊരക്ഷരം പറയാനുള്ള അവസരം തന്നെ നമ്മൾ നിഷേധിക്കുന്നു.

*"ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന് താമസവും ഉള്ളവൻ ആയിരിക്കട്ടെ"* (യാക്കോബ് 1:19) എന്ന് തിരുവചനം പറയുന്നു. അതിനു വിപരീതമായി, പറവാൻ വേഗതയും കേൾപ്പാൻ താമസവും ഉണ്ടാകുന്നത് നമ്മുടെ സ്വാർത്ഥതയുടെ പ്രദർശനമാണ്. നമ്മൾ പറയുന്നത് മറ്റുള്ളവർ കേൾക്കണമെന്ന് നമുക്കാഗ്രഹമുള്ളതുതന്നെ മറ്റുള്ളവർക്ക് അവർ പറയുന്നത് നമ്മൾ കേൾക്കാൻ ആഗ്രഹമുണ്ടെന്നതിൻെറ തെളിവല്ലേ? അതിനുള്ള അവസരം നാം മറ്റുള്ളവർക്ക് നിഷേധിച്ചാൽ അത് സ്വാർത്ഥതയല്ലാതെ മറ്റെന്താണ്?

"ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും ഉണ്ടായിരിക്കണം." എന്നത് ഒരു സാമാന്യ തത്വമാണെങ്കിലും യാക്കോബ് അപ്പൊസ്തലൻ ഇവിടെ അത് ഉപയോഗിച്ചിരിക്കുന്നത് ഒരു പ്രത്യേക അർത്ഥത്തിലാണ്. നമുക്ക് വചന കേൾവിക്ക് വേഗതയുണ്ടായിരിക്കണം എന്നാണ് അപ്പോസ്തലൻ പറയുന്നത്. പ്രസ്താവനയുടെ മുൻ പിൻ വാക്യങ്ങളാണ് അതു തെളിയിക്കുന്നത്.

"എല്ലാ നല്ല ദാനങ്ങളും പൂർണ്ണതയുള്ള വരങ്ങളും നമുക്കു നല്കുന്ന വെളിച്ചങ്ങളുടെ പിതാവ് (അവിടുന്ന് മാറ്റത്തിൻെറ ലാഞ്ചന പോലുമില്ലാത്തവനാണ്) അവിടുത്തെ സൃഷ്ടികളിൽ എന്തുകൊണ്ടും പ്രാമാണ്യമുള്ളവരായിത്തീരേണ്ടതിനായി അവിടുത്തെ ഇഷ്ടത്താൽ നമ്മെ വിളിച്ചിരിക്കുന്നത്- നമ്മെ ജനിപ്പിച്ചിരിക്കുന്നത്- സത്യവചനത്താലാണ്" എന്ന് അപ്പൊസ്തലൻ പറയുന്നു (യാക്കോബ് 1:17,18) അതോടു ചേർത്താണ് അടുത്ത വാക്യം. "പ്രിയ സഹോദരന്മാരേ, നിങ്ങൾ അത് അറിയുന്നുവല്ലോ. (സത്യവചനത്താലാണ് നിങ്ങൾ ജനിപ്പിക്കപ്പെട്ടിരിക്കുന്നത് എന്നതും, അവൻെറ സൃഷ്ടികളിൽ നാം പ്രാമാണ്യമുള്ളവരായിരിക്കുക എന്നത് പിതാവിൻെറ ഇഷ്ടമാണെന്നതും.) എന്നാൽ ഏതു മനുഷ്യനും

കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിനു താമസമുള്ളവനായിരിക്കട്ടെ". (യാക്കോബ് 1:19) വചനത്താൽ ജനിപ്പിക്കപ്പെട്ടവരാകയാൽ ആ വചനത്തെ ശ്രദ്ധിക്കുവാൻ നിങ്ങൾ ഉത്സുകരായിരിക്കണം എന്നു സാരം.

വചനകേൾവിയെക്കുറിച്ചാണ് യാക്കോബിൻെറ പ്രസ്താവനയെന്നറിയാൻ മുൻ വാക്യങ്ങളെന്നപോലെ പിൻ വാക്യങ്ങളും സാക്ഷ്യമാണ്. അതു പറയുന്നത്, വചനം സൗമ്യതയോടെ കൈക്കൊള്ളുന്നതിനെപ്പറ്റിയും വചനം പ്രവൃത്തിയിൽ എത്തിപ്പെടേണ്ടതിനെപ്പറ്റിയുമാണ് (യാക്കോബ് 1:21-25)

എന്നാൽ നമുക്കെന്താണ് സംഭവിക്കുന്നത്? നാം കൂടുതൽ പറയുന്നു. വളരെ കുറച്ചു മാത്രമേ കേൾക്കുന്നുള്ളു. സാധാരണ ജീവിതത്തിലെന്നതുപോലെ ദൈവസന്നിധിയിലും നാം വളരെ കൂടുതൽ പറയുന്നു; വളരെ കുറച്ചുമാത്രം കേൾക്കുന്നു. അത് അപകടകരമാണ് എന്ന് യാക്കോബ് ഓർമ്മിപ്പിക്കുന്നു.......എന്തുകൊണ്ട്?

കേൾപ്പാൻ വേഗത വേണ്ടതുപോലെ, പറവാൻ താമസം വേണ്ടതുപോലെ, മറ്റൊന്നിനുകൂടെ നമുക്ക് താമസം വേണം. - കോപത്തിന്! (യാക്കോബ് 1:19) കേൾപ്പാൻ വേഗതയില്ലാത്തവൻ പറയുവാനും കോപിക്കുവാനും വേഗതയുള്ളവനായിരിക്കും. അനുദിനം നാം കാണുന്ന കാര്യമാണല്ലോ ഇത്. എന്തിനും ഏതിനും ചാടിക്കടിക്കുവാൻ വരുന്ന മേലധികാരി മിക്കപ്പോഴും അതു ചെയ്യുന്നത് കീഴുദ്യോഗസ്ഥൻ പറയുന്നത് മുഴുവൻ കേൾക്കാതെയാണ്. ശാന്തമായി കേൾക്കുന്നവൻ ശാന്തമായി ഉത്തരം പറയും. കോപത്തിന് അയാൾ സമയമെടുക്കും.

ഈ സാമാന്യതത്വം വചനകേൾവിയുടെ കാര്യത്തിലും പ്രസക്തമാണ്. ശരിയായി വചനം കേൾക്കാത്തവൻ പെട്ടെന്ന് വിധി പ്രസ്താവിക്കും. കോപാകുലമായിരിക്കും അവൻെറ വാക്കുകൾ. എന്താണെന്നോ ഇതിലെ അപകടം? നമ്മുടെ കോപം നമ്മുടേതുമാത്രമാണ്. അതിൽ ദൈവത്തിൻെറ നീതി പ്രവർത്തിക്കുന്നില്ല (യാക്കോബ് 1:20). ദൈവത്തിൻെറ നീതി ദൈവത്തിൻെറ വചനത്തിൽ മാത്രമാണ് വെളിപ്പെടുന്നത്. വചനം കേൾക്കാത്തവൻെറ വിധിയിൽ മനുഷ്യൻെറ കോപമാണ് വെളിപ്പെടുന്നത്.

ദാവീദ് രാജാവ് പാപം ചെയ്തു- ഹീനമായൊരു പാതകം! തൻെറ പടയാളികളിലൊരാളായ ഊരിയാവിൻെറ ഭാര്യയെ സ്വന്തമാക്കാനായി ദാവീദ് ഊരിയാവിനെ കൊല്ലിച്ചു. വ്യഭിചാരവും കൊലപാതകവുമാണ് ഇവിടെ പാപം. അങ്ങനെയിരിക്കെ ഒരുനാൾ നാഥാൻ പ്രവാചകൻ രാജസന്നിധിയിലെത്തി ഒരു കഥ പറഞ്ഞു: ഒരു ധനവാനും ഒരു ദരിദ്രനും! ധനവാന് ആടുകൾ അനവധി: ദരിദ്രനോ ഒന്നു മാത്രം. എന്നാൽ അതിഥി എത്തിയാറെ ധനികൻ തൻെറ ആടുകളിൽ ഒന്നിനെപ്പോലും തൊടാതെ ദരിദ്രൻെറ ഏക ആടിനെ അപഹരിച്ച്, കൊന്ന്, വിരുന്നൊരുക്കി (2 ശമുവേൽ 12:1-4).

കഥകേട്ടപ്പോൾ "ദാവീദിൻെറ കോപം" ആ മനുഷ്യൻെറ നേരെ ഏറ്റവും ജ്വലിച്ചു. അവൻ മരണയോഗ്യൻ എന്ന് വിധി കല്പിച്ചു. (2 ശമുവേൽ 12:5)

മനുഷ്യൻെറ കോപം ജ്വലിച്ചു, എന്നാൽ അവിടെ ദൈവത്തിൻെറ നീതി വെളിപ്പെട്ടില്ല. കാരണമുണ്ട്. ദാവീദ് പറവാൻ വേഗത കാട്ടി. കേൾക്കുന്നതിനു മുമ്പു തന്നെ വിധി പ്രസ്താവിക്കാൻ അവൻ ധൃതിപ്പെട്ടു. യഥാർത്ഥത്തിൽ വചനം ദാവീദിനോടുള്ള സന്ദേശമായിരുന്നു. പ്രവാചകൻ അത് പറയുന്നുണ്ട്. നാഥാൻ ദാവീദിനോടു പറഞ്ഞത്"ആ മനുഷ്യൻ നീ തന്നെ." (2ശമുവേൽ 12:7) എന്നാൽ താമസിച്ചുപോയി. പ്രവാചക വചനങ്ങൾ, കേട്ടു തീരുന്നതിനുമുമ്പുതന്നെ 'ദാവീദിൻെറ കോപം' ജ്വലിച്ചുകഴിഞ്ഞിരുന്നു.

വചനം ശരിയായി കേൾക്കുന്നില്ലെങ്കിൽ നാം മറ്റുള്ളവരെ വിധിക്കുവാൻ ധൃതികാട്ടും. "ആ മനുഷ്യൻ മരണയോഗ്യൻ!" എന്നു വിളിച്ചു കൂവും. എന്നാൽ വചനം ശരിക്കു കേൾക്കുമ്പോൾ നാം കോപത്തിനു താമസമുള്ളവരായിത്തീരുന്നു. വചനം മറ്റുള്ളവർക്കുള്ള ദൂതല്ല, തന്നോടുതന്നെയുള്ള ദൂതാണ് എന്ന തിരിച്ചറിവു നടക്കുന്നു. വചനം കേട്ടുകഴിയുമ്പോൾ കോപം അനുതാപത്തിനു വഴി മാറും.

സത്യവചനത്തെ കേട്ട് പിൻ പറ്റുന്നത് 'അവൻെറ സൃഷ്ടികളിൽ പ്രാമാണ്യമുള്ളവരാകേണ്ടതിന്' അനിവാര്യമാണെങ്കിൽത്തന്നെയും പലപ്പോഴും വചനകേൾവിയിൽ നിന്ന് നമ്മെ അകറ്റുന്ന ചില ഘടകങ്ങളുണ്ട്. യാക്കോബ് അതിനെപ്പറ്റി മുന്നറിയിപ്പ് നൽകുന്നു.

"ആകയാൽ (വചനകേൾവി, സുഗമമാകേണ്ടതിന്) എല്ലാ അഴുക്കും, ദുഷ്ടതയുടെ ആധിക്യവും വിട്ടുകളഞ്ഞിട്ട് നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനത്തെ സൗമ്യതയോടെ കൈക്കൊള്ളുവിൻ (യാക്കോബ് 1:21)

ഇവിടെ 'അഴുക്ക്', 'ദുഷ്ടത' എന്നീ വാക്കുകൾ രണ്ടു വ്യത്യസ്ത

അർത്ഥത്തിലാണ് അപ്പൊസ്തലൻ ഉപയോഗിച്ചിരിക്കുന്നത്. അഴുക്ക് എന്നതിൻെറ മൂലവാക്ക് (റുപാരിയ) 'ചെവിക്കായം' (റുപോസ്) എന്നൊരു ധാതുവിൽ നിന്നാണ് ഉത്ഭവിക്കുന്നത്. വചന കേൾവിയെ തടയുന്ന 'ചെവിക്കായം' ഉപേക്ഷിക്കുവാൻ ഇവിടെ യാക്കോബ് ആവശ്യപ്പെടുന്നു.

ചെവി അടഞ്ഞിരുന്നാൽ കേൾവി തടസ്സപ്പെടും, പലരുടെയും ബധിരതയുടെ, പ്രത്യേകിച്ചും ഭാഗിക ബധിരതയുടെ കാരണം ചെവിക്കായമാണ്. ചെവി നന്നായി കഴുകിയാൽ ബധിരത അവസാനിക്കാനുള്ളതേയുള്ളു. എന്നാൽ എത്ര ലളിതമാണ് കാര്യങ്ങൾ എന്നറിയാതെ ആളുകൾ ചെവിക്കായം വെച്ചുകൊണ്ട് ബധിരരായി ജീവിതം പാഴാക്കുന്നു.

വചനകേൾവിയെ മാത്രം ബാധിക്കുന്ന ചെവിക്കായത്തെക്കുറിച്ചാണ് യാക്കോബ് ഇവിടെ പറയുന്നത്. വചനം വ്യക്തമായി സംസാരിക്കുമ്പോഴും നാം അതിനെ ഉള്ളിലേക്കു കടത്താതെ ചെവിക്കു പുറത്തു നിർത്തുന്നു. (ചെവി കേൾക്കാതിരിക്കാനാണ് ചിലപ്പോഴെങ്കിലും നമുക്ക് ആഗ്രഹമെന്ന് തോന്നിപ്പോയിട്ടുണ്ട്. 'അധികം വചനം കേൾക്കാതിരിക്കുകയാണ് നല്ലത് എന്ന് ചിലർ പറയുന്നതു കേട്ടിട്ടില്ലേ? വചനം കേട്ടാൽ അത് അനുസരിക്കേണ്ടി വരുമല്ലോ) എന്നാൽ അപ്പൊസ്തലൻ പറയുന്നത് എല്ലാ അഴുക്കും (വചനകേൾവിയെ തടയുന്ന ചെവിക്കായം) ദൂരീകരിക്കുവാൻ നാം ബോധപൂർവ്വമായി പരിശ്രമിക്കണമെന്നാണ്.

40-ാം സങ്കീർത്തനത്തിലെ ഒരു പ്രാർത്ഥനാഭാഗം ശ്രദ്ധിക്കൂ.

*"ഹനനയാഗവും ഭോജനയാഗവും നീ ഇച്ഛിച്ചില്ല; നീ ചെവികളെ എനിക്കു തുളച്ചിരിക്കുന്നു. ഹോമയാഗവും പാപയാഗവും നീ ചോദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. എൻെറ ദൈവമെ, നിൻെറ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു." (സങ്കീർത്തനം 40:6-8)*

ഈ വേദഭാഗത്ത് ദൈവത്തിൻെറ ഒരു പ്രത്യേക പ്രവൃത്തിയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. " നീ ചെവികളെ എനിക്കു തുളച്ചിരിക്കുന്നു."

ശ്രദ്ധിക്കുക, ഇവിടെ കാതുകളല്ല, ചെവികളാണ് തുളയ്ക്കപ്പെടുന്നത്. ആവർത്തന പുസ്തകത്തിലെ (15:17) നിത്യദാസ്യത്വത്തിൻെറ അടയാളമായ കാതുകുത്തലുമായി ഇതിനെ ബന്ധപ്പെടുത്തുവാൻ പാടില്ല. ചെവി തുളഞ്ഞപ്പോഴാണ് "പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു എന്ന തിരിച്ചറിവ് സങ്കീർത്തനക്കാരനുണ്ടാകുന്നത്. അപ്പോൾ "ന്യായപ്രമാണം അവൻെറ ഉള്ളിലായി." "ദൈവത്തിൻെറ ഇഷ്ടം ചെയ്‌വാൻ അവൻ പ്രിയപ്പെട്ടു".



ചെവി തുളയ്ക്കപ്പെടുന്നതിനു മുമ്പും അതിനുശേഷവുമുള്ള അനുഭവങ്ങളുടെ വ്യത്യാസമറിയാൻ ഈ എബ്രായ കവിതയെ താഴെപ്പറയുന്ന ക്രമത്തിൽ വായിക്കാം.

"ഹനനയാഗവും ഭോജനയാഗവും നീ ഇച്ഛിച്ചില്ല; ഹോമയാഗവും പാപയാഗവും നീ ചോദിച്ചില്ല.

എന്നാൽ ചെവികളെ നീ എനിക്ക് തുളച്ചിരിക്കുന്നു.

*അപ്പോൾ ഞാൻ പറഞ്ഞു: " അവിടുത്തെ ന്യായപ്രമാണം എൻെറ ഉള്ളിലുണ്ട്, പുസ്തകച്ചുരുളിൽ എന്നെപ്പറ്റി എഴുതിയിരിക്കുന്നു. ദൈവമേ ഇതാ ഞാൻ വരുന്നു. അവിടുത്തെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു." (സങ്കീർത്തനം 40:6-8)*

ചെവി തുളയുന്നതിനുമുമ്പ് ദൈവത്തിൻെറ ഇഷ്ടം ഹനനയാഗവും ഭോജനയാഗവും ഹോമയാഗവും പാപയാഗവും ആണ് എന്നായിരുന്നു സങ്കീർത്തനക്കാരൻെറ ചിന്ത. എന്നാൽ ചെവി തുളഞ്ഞപ്പോൾ ന്യായപ്രമാണം ഉള്ളിൽ കയറി. അപ്പോഴാണ് പുസ്തകച്ചുരുളിൽ മതത്തിൻെറ കുറേ ആചാരങ്ങളല്ല, എന്നെക്കുറിച്ചാണ് എഴുതിയിരിക്കുന്നത് എന്നറിയുന്നത്.

യാഗത്തെപ്പറ്റി തിരുവചനം പറയുന്നില്ലേ എന്ന് ചോദിച്ചേക്കാം. ഉണ്ട്. എന്നാൽ എന്താണ് യാഗത്തിൻെറ അന്തഃസത്ത? ദൈവസന്നിധിയിലേക്ക് നേരിട്ടു പ്രവേശിക്കാൻ കഴിയാത്ത മനുഷ്യൻെറ നിസ്സഹായാവസ്ഥയാണ് ഓരോ യാഗത്തിലും വെളിപ്പെടുന്നത്. ഓരോ തവണയും അവൻ കരുണയ്ക്കായി കേഴുന്നു. ഓരോ യാഗവും ഒരുവനെ കൂടുതൽ വിനയാന്വിതനാക്കേണ്ടതാണ്. എന്നാൽ അതു സംഭവിക്കുന്നില്ല. കാരണം യാഗം എന്നത് ഒരു ഉപാധി എന്ന നിലവിട്ട് ലക്ഷ്യം എന്ന നിലയിലേക്ക് വളർന്നു.

ദൈവത്തിന് കാളകളെ വേണ്ടിയിട്ടല്ല അവിടുന്ന് യാഗം സ്ഥാപിച്ചത്. അവിടുത്തേക്കാവശ്യം യാഗമർപ്പിക്കുന്നവൻെറ ഹൃദയമാണ്. എന്നാൽ മതം ന്യായപ്രമാണത്തെ അതിൻെറ ആത്മാവിനെ മനുഷ്യൻെറ ഉള്ളിലേക്കു കടത്തിയില്ല. മതം പറഞ്ഞു: നീ ദൈവത്തിന് കാളകളെ കൊടുക്കൂ; യാഗം കഴിച്ചാൽ നീ സ്വതന്ത്രനായി, ഇനി നിനക്കു നിൻെറ വഴി.

സംഘടിത സഭ എപ്പോഴും അങ്ങനെയാണ്. സഭയുടെ ആചാരങ്ങളനുഷ്ഠിക്കുന്നതാണ് ഏറ്റവും വലിയ കാര്യം എന്ന് എപ്പോഴും നമ്മോടു പറഞ്ഞുകൊണ്ടിരിക്കും. വ്യക്തികളെക്കുറിച്ചുള്ള ദൈവേഷ്ടം എല്ലായ്പ്പോഴും വിസ്മരിക്കപ്പെടുന്നു.

ഉപദേശാചാരങ്ങൾ അനുഷ്ഠിക്കുന്ന ഒരുവന് സംഘടിത മതം വ്യാജമായൊരു സുരക്ഷിതബോധം നല്കുന്നു. അതിൽ ആശ്രയിക്കുന്നവന് വചനകേൾവിയും ആചാരങ്ങളുടെ ഭാഗം മാത്രമാകുന്നു. ആചാരങ്ങളുടെ ഭാഗമായി അവൻ സുവിശേഷ മഹായോഗങ്ങളിലും ബൈബിൾ കൊയ്ത്തിലുമൊക്കെ പങ്കെടുക്കുന്നു. അപ്പോഴും അവന്റെ ചെവികൾ തുളയ്ക്കപ്പെട്ടിട്ടില്ല. ന്യായപ്രമാണം അവന്റെ ചെവികളിൽ വന്നലച്ചുവെങ്കിലും ന്യായപ്രമാണം എന്റെ ഉള്ളിലിരിക്കുന്നു എന്നു പറയാനുള്ള പ്രാഗത്ഭ്യം അവനു ലഭിക്കുന്നില്ല.

ന്യായപ്രമാണം ഉള്ളിലിരിക്കുന്നവൻ ദൈവത്തിന്റെ ഇഷ്ടം അറിയുന്നു ദൈവത്തിന്റെ ഇഷ്ടംചെയ്‌വാൻ പ്രിയപ്പെടുന്നു. "ഇതാ ഞാൻ വരുന്നു"എന്നു പറഞ്ഞ് ദൈവത്തിന്റെ ഇഷ്ടം ചെയ്യാൻ ഇറങ്ങി പുറപ്പെടുന്നു. പിന്നീടവൻ ചെയ്യുന്നത് മഹാസഭയിൽ 'ദൈവത്തിന്റെ നീതി'യെപ്രസംഗിക്കുകയാണ്. (സങ്കീർത്തനം 40:9)

എവിടുന്നാണ് അവൻ 'ദൈവത്തിന്റെ നീതി'യെ അറിഞ്ഞത്? തീർച്ചയായും അത് ചെവികളെ തുളച്ച് അവന്റെ ഉള്ളിലേക്കു കയറിയ ന്യായപ്രമാണത്തിൽ നിന്നു തന്നെ. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല എന്നു നാം ഓർക്കണം. കേൾപ്പാൻ-ദൈവവചനം കേൾപ്പാൻ - കാതുകളെ തുളച്ച് അതിനെ ഹൃദയത്തിലേക്കു പ്രവേശിപ്പിക്കുവാൻ തയ്യാറാകുന്നവനേ 'ദൈവത്തിന്റെ നീതി' അറിയൂ. ദൈവത്തിന്റെ നീതി അറിയുന്നവനിൽ നിന്ന് മനുഷ്യന്റെ കോപം അപ്രത്യക്ഷമാകുന്നു; അവിടെ അനുതാപം നിറയുന്നു.

നമ്മുടെ മുൻവിധികൾ (സമൂഹമോ, സഭയോ നമ്മിൽ രൂഢമൂലമാക്കിയ ധാരണകൾ) വചന കേൾവിയിലേക്കും അതുവഴി ദൈവേഷ്ടത്തിലേക്കും പ്രവേശിക്കുന്നതിന് നമുക്ക് തടസ്സമാകുന്നു. എന്നാൽ ഇതിന്റെ ഏറ്റവും വലിയ വഞ്ചന അത് തടസ്സമാണെന്ന വസ്തുത നാം അറിയുന്നില്ലെന്നതാണ്. അതുകൊണ്ട് അതിനെ 'ആത്മവഞ്ചന ' എന്നാണു വിളിക്കേണ്ടത്. 'ആത്മവഞ്ചന'യുടെ പ്രത്യേകത, അവിടെ നാം മറ്റുള്ളവരെയല്ല, നമ്മെത്തന്നെയാണ് വഞ്ചിക്കുന്നത് എന്നതാണ്. ആത്മവഞ്ചിതനായ ഒരു ഭക്തനെക്കുറിച്ച് യാക്കോബ് എഴുതുന്നു.

*"നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ; തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ". (യാക്കോബ് 1:26)*



ഇവിടെ ഈ വ്യക്തി വഞ്ചിക്കുന്നത് മറ്റൊരാളെയല്ല. തന്നെത്തന്നെയാണ്. ഇയാൾ ഒരു കപടഭക്തനല്ല. താൻ കള്ളനാണെന്നും തന്റെ ഭക്തി കപടമാണെന്നും കപടഭക്തനറിയാം. എന്നാൽ, ഇവിടെ പരാമർശിക്കപ്പെടുന്ന വ്യക്തി സ്വയം കരുതുന്നത് അവനൊരു ഭക്തനാണെന്നാണ്. അവനതിനു സംശയമൊന്നുമില്ല. കാരണം, ആചാരങ്ങളും അനുഷ്ഠാനങ്ങളും കൃത്യമായി പാലിക്കുന്നവനാകയാൽ അവൻ ഭക്തനാണെന്ന് മതം അവനോട് ഉറപ്പായി പറഞ്ഞിട്ടുണ്ട്.

എന്നാൽ യഥാർത്ഥ ഭക്തി എന്തെന്ന് അവനറിയില്ല. കാരണം വചനം അവന്റെ ഉള്ളിലില്ല. ചെവികൾ തുളയ്ക്കപ്പെട്ടിട്ടില്ലാത്തതിനാൽ ന്യായപ്രമാണ പുസ്തകത്തിൽ തന്നെക്കുറിച്ച് എഴുതിയിരിക്കുന്നതിനെ അവൻ അറിഞ്ഞിട്ടില്ല. "പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തി അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ തന്നത്താൻ കാത്തുകൊള്ളുന്നതും ആണ്." (യാക്കോബ് 1:27) എന്ന മഹൽസത്യം അവന് ന്യായപ്രമാണത്തിൽ നിന്നു മാത്രമേ അറിയാൻ കഴിയൂ. ന്യായം, കരുണ, വിശ്വസ്തത എന്നിവയാണ് ന്യായപ്രമാണത്തിൽ ഘനമേറിയവയെന്ന് യേശുകർത്താവു പറയുന്നുണ്ട്. (മത്തായി 23:23)

വചനം ഉള്ളിൽ കടക്കാത്തതുകൊണ്ട് നല്ലൊരു ശതമാനം ആളുകളും സംഘടിത മതത്തിന്റെ വ്യാജവാഗ്ദാനങ്ങളിൽ കുടുങ്ങി വഞ്ചിതരായിത്തീർന്നിരിക്കുന്നു. തങ്ങൾ ഭക്തരാണ് എന്നാണവർ നിരൂപിക്കുന്നത്. സഭ അതു ശരിവയ്ക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ദൈവികധാരയിൽ നിന്ന് വിദൂരെയായിരിക്കെ ദൈവിക പാതയിൽ തന്നെയാണ് ഞാൻ എന്ന് നാം നമ്മോടു തന്നെ പറയുന്നു.

യേശുവിന്റെ അരികിലെത്തിയ ധനികനായ യുവാവിനും അതു തന്നെയാണ് സംഭവിച്ചത്. (മർക്കോസ് 10:17-22) "കല്പനകൾ മുഴുവൻ ഞാൻ അനുസരിക്കുന്നുണ്ടല്ലോ. അതും ചെറുപ്പം മുതൽ." എന്നാണ് അവൻ പറയുന്നത്. ഇനി നിറവേറ്റപ്പെടുവാനായി ദൈവേഷ്ടം ഒന്നും ബാക്കിയില്ലെന്നായിരുന്നു അവന്റെ വാദം. താൻ ഭക്തനാണ് എന്നുതന്നെയായിരുന്നു അവന്റെ നിരൂപണം.

എന്നാൽ, യേശു പറയുന്നു, നീ അനുഷ്ഠിച്ചത് ന്യായപ്രമാണത്തിന്റെ മത വ്യാഖ്യാനമാണ്. അതു നിന്റെ തലയ്ക്കു മുകളിലുണ്ട്. എന്നാലത് കാതു തുളച്ച് ഉള്ളിലേക്ക് കയറിയിട്ടില്ല. വചനത്തിന്റെ ആത്മാവ് നിന്റെ ഉള്ളിലില്ല. നീ പറഞ്ഞല്ലോ, കല്പനകളെല്ലാം നീ

പ്രമാണിക്കുന്നുവെന്ന്. അതു ശരിയല്ല. ഒരു കുറവു നിനക്കുണ്ട്. കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കുന്നുണ്ടോ നീ. എങ്കിൽപ്പിന്നെ നിൻെറ സ്വത്ത് മറ്റുള്ളവർക്ക് - ദരിദ്രർക്ക് -പകുത്തു കൊടുത്താലെന്താ? നിനക്കുള്ളത് വിറ്റ് ദരിദ്രർക്കു കൊടുക്കുക. പിന്നെ വന്ന് എന്നെ അനുഗമിക്കുക. (മർക്കോസ് 10:21)

ചെവികളെ തുളയ്ക്കുവാൻ ആ യുവാവ് തയ്യാറായിരുന്നില്ല. വചനത്തിൻെറ അക്ഷരം അവൻെറ തലയിലുണ്ടായിരുന്നു. എന്നാൽ വചനത്തിൻെറ ആത്മാവ് അവൻെറ ഉള്ളിലില്ലായിരുന്നു. അവൻ ഈ വചനത്തിൽ വിഷാദിച്ച് മടങ്ങിപ്പോയി" എന്നാണ് മാർക്കോസ് എഴുതുന്നത്(മാർക്കോസ് 10:22)

വചനകേൾവിയെ തടയുന്ന പ്രധാന കാര്യമായാണ് മുൻവിധിയുടെ ചെവിക്കായത്തെ അപ്പൊസ്തലൻ പരിചയപ്പെടുത്തുന്നത്. വചനത്തിൻെറ ആത്മാവിനെ ഉൾക്കൊള്ളാൻ - ആചാരങ്ങളുടെ അനുഷ്ഠാനത്തിലൂടെ നമുക്ക് ലഭിക്കാനിടയുള്ള വ്യാജസംതൃപ്തിയുടെ പുറംതോടുകളെ പൊട്ടിച്ച് വചനം ശക്തിയായി ഹൃദയത്തിൻെറ ഉള്ളിലേക്കു കടക്കുവാൻ-നമ്മുടെ ചെവികളെ തുളയ്ക്കുവാനായി കർത്താവിനോട് നമുക്ക് അപേക്ഷിക്കാം.

വചനകേൾവിയുടെ ശത്രുവായി മറ്റൊരു കാര്യവും യാക്കോബ് പറയുന്നുണ്ട്. അപ്പൊസ്തലൻ അതിനെ വിളിക്കുന്നത് ദുഷ്ടതയുടെ ആധിക്യം എന്നാണ്.

❖ ❖ ❖



# 7 വചനം Vs പാപം

പ്രസിദ്ധമായ ആ യൂണിവേഴ്സിറ്റിയിൽ മകന് അഡ്മിഷൻ കിട്ടിയതിൽ അമ്മ വളരെ സന്തോഷിച്ചു. അവൻ വീട്ടിൽ നിന്നു പോവുകയാണ്. ഇനി യൂണിവേഴ്സിറ്റിയിൽ സമൂഹത്തിലെ ഉന്നതരും കുലീനരുമായ കുട്ടികളോടൊന്നിച്ച് പഠനം. മിടുക്കനാണവൻ! പഠനം കഴിഞ്ഞാൽ അവന് ഇംഗ്ലണ്ടിലെവിടെയെങ്കിലും ജോലിക്ക് പ്രയാസമുണ്ടാവുകയില്ല. പെട്ടെന്ന് അമ്മയോർത്തു. മകൻ തൻെറ നിരന്തര സാന്നിദ്ധ്യത്തിൽ നിന്ന് അകലുകയാണ്. വിദ്യയുടെ നാളുകൾ കഴിഞ്ഞാൽ ഉദ്യോഗത്തിൻെറ നാളുകൾ. ഇതുവരെയെന്നതുപോലെ ഇനി അവനെ ഓരോന്നിനും ഉപദേശിക്കുവാനും സാന്ത്വനിപ്പിക്കുവാനും താൻ അടുത്തുണ്ടാവുകയില്ല. അവൻെറ സഹപാഠികൾ ധനികരായിരുന്നേക്കാം. എന്നാൽ അവർക്കവന് വേണ്ടമാർഗ്ഗനിർദേശങ്ങൾ നൽകി മുമ്പോട്ടു കൊണ്ടുപോകാനാകുമോ? ഒരു പക്ഷേ, അവൻെറ അദ്ധ്യാപകർക്കു പോലും അതിനുകഴിഞ്ഞില്ലെന്നുവരാം. ജീവിതത്തിൻെറ നാല്ക്കവലകളിൽ അവനു മാർഗ്ഗനിർദ്ദേശം നല്കാൻ ആരുണ്ട്? ഇരുൾ മൂടും വേളകളിൽ പ്രകാശമായി നില്ക്കുവാൻ ആരുണ്ട്?

യൂണിവേഴ്സിറ്റിയിലേക്ക് മകൻ യാത്രയാകുന്ന ദിവസം അമ്മ മകന് ഒരു സമ്മാനം കൊടുത്തു. "ജോൺ ഇത് ഒരു പുസ്തകമാണ്. ഒന്നുകിൽ ഈ പുസ്തകം നിന്നെ പാപത്തിൽ നിന്ന് അകറ്റി നിർത്തും. അല്ലെങ്കിൽ പാപം നിന്നെ ഈ പുസ്തകത്തിൽ നിന്ന് അകറ്റിനിർത്തും.

ജോൺവെസ്ലി എന്ന യുവാവിന് മാതാവ് സമ്മാനിച്ചത് വേദപുസ്തകമായിരുന്നു. അന്ന് വേദപുസ്തകം ദുർലഭമായ വസ്തുവായിരുന്നു. വളരെ വിലകൊടുത്ത് മാതാവ് ആ പുസ്തകം മകനു സമ്മാനിച്ചെങ്കിൽ, അത് ഒരിക്കലും നഷ്ടമായിപ്പോയില്ല. ആ പുസ്തകത്തിലെ അഗ്നി പാപത്തിൻെറ തണുപ്പറിയാതെ ജീവിക്കാൻ ജോൺവെസ്ലിയെ പ്രാപ്തനാക്കി. വെസ്ലിയിലൂടെ യൂറോപ്പിലുടനീളം പതിനായിരങ്ങൾ വചനത്തിൻെറ ശക്തിയാൽ പാപത്തെ പടിക്കു പുറത്തു നിർത്തി. വേദപുസ്തകത്താൽ ക്രമീകരിക്കപ്പെട്ട ജീവിതരീതി പിൻപറ്റുവാൻ ജനങ്ങളെ പ്രബോധിപ്പിച്ച 'മെഥൊഡിസ്റ്റു' പ്രസ്ഥാനത്തിൻെറ നായകനായിരുന്നു ജോൺ വെസ്ലി.

"ഒന്നുകിൽ വചനം പാപത്തിൽ നിന്നു നമ്മെ അകറ്റും. അല്ലെങ്കിൽ പാപം വചനത്തിൽ നിന്ന് നമ്മെ അകറ്റും."

വചനവും പാപവും എങ്ങനെ വിരുദ്ധമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിൻെറ യുക്തിപരമായ വിശദീകരണം സുസാദ്ധ്യമല്ലെങ്കിലും പ്രയോഗത്തിൽ അത് അങ്ങനെയാണ് കാണുന്നത്. ഒരു ശിക്ഷ്യനിൽ പാപത്തിൻെറ സാന്നിദ്ധ്യമുണ്ടായാൽ ഉടനടി അവനിൽ നഷ്ടമുണ്ടാകുന്നതായി കാണുന്നത് പ്രാർത്ഥനയോ പ്രവചനമോ മറ്റ് ശുശ്രൂഷകളോ അല്ല, പ്രത്യുത, വചന ധ്യാനമാണ്. പാപത്തിൽ ജീവിക്കുന്നവർ തന്നെ പലരും 'അത്ഭുത' ശുശ്രൂഷകൾ നിർവ്വഹിക്കുന്നത് കണ്ടിട്ടില്ലെ?

പാപവും പ്രവചനവും ഒരാൾ എങ്ങനെ ഒരുമിച്ചു കൊണ്ടുപോകുന്നുവെന്ന് മിക്കവരും ചോദിക്കുന്നു. പലരെയും കുഴയ്ക്കുന്ന ഒരു പ്രശ്നമാണിത്. ഒരു കാര്യം മാത്രമറിയാം- അത് സംഭവിക്കുന്നുണ്ട്.

പാറമേൽ അടിസ്ഥാനമിട്ടവൻെറ ഉപമ (മത്തായി 7.21-27) ശ്രദ്ധിക്കുക.

അന്ത്യനാളിൽ തള്ളപ്പെടുന്ന പലരും കർത്താവേ, കർത്താവേ എന്നു വിളിച്ചുകൊണ്ട് അവൻെറ അടുക്കൽ വരും. അവരുടെ അവകാശവാദങ്ങൾ രസകരമാണ്.

"നിൻെറ നാമത്തിൽ ഞങ്ങൾ 'പ്രവചിക്കുക'യും നിൻെറ നാമത്തിൽ 'ഭൂതങ്ങളെ പുറത്താക്കുക'യും നിൻെറ നാമത്തിൽ വളരെ 'വീര്യപ്രവൃത്തികൾ' പ്രവർത്തിക്കുകയും ചെയ്തു. (7.22)

അവർ പ്രവചിച്ചവരും, ഭൂതങ്ങളെ പുറത്താക്കിയവരും, വളരെ വീര്യപ്രവർത്തികളെ ചെയ്തവരുമാണ്- അതും കർത്താവിൻെറ നാമത്തിൽ. എന്നിട്ടും കർത്താവ് അവരെ തള്ളിക്കളഞ്ഞു.

അവർ പറയുന്നത് കള്ളമാണെന്ന് യേശു പറയുന്നില്ല. സത്യമായിരിക്കാം. അവർ പ്രവാചകരും ഭൂതശാന്തി വരപ്രാപ്തരും വീര്യപ്രവൃത്തികളെ ചെയ്യുന്നവരും ഒക്കെയായിരിക്കാം. എന്നാൽ കർത്താവിന് അതൊന്നും വിഷയമല്ല. കാരണം, അവർ അധർമ്മം പ്രവർത്തിക്കുന്നവരാണ് (7:23) അധർമ്മം പ്രവർത്തിക്കുന്നവർക്ക് കർത്താവിൻെറ നിത്യസന്തോഷത്തിൽ പ്രവേശനമില്ല.



അധർമ്മം പ്രവർത്തിക്കുന്നവൻ വീര്യ പ്രവൃത്തികളും ചെയ്യുന്നതാണ് നാം ഇവിടെ കാണുന്നത്. ഇതെങ്ങനെ ശരിയാകും?

ആത്മികവരങ്ങൾ ദൈവത്തിൻെറ ദാനമാണ്. ദാനം ദാതാവിൻെറ കൃപയാൽ മാത്രം ലഭിക്കുന്നതാണ്. നമ്മുടെ വിശുദ്ധിക്ക് ദൈവം നല്കുന്ന പ്രതിഫലമോ സമ്മാനമോ അല്ല, ദൈവം നമുക്കു നല്കുന്ന ആത്മികവരം. എന്നാൽ അതു നല്കുമ്പോൾ നാം അതുപയോഗിച്ച് വിശുദ്ധിയിൽ വളരണമെന്ന് ദൈവം ആഗ്രഹിക്കുന്നുണ്ട്. ദൈവം നല്കിയ വരങ്ങളെ- പ്രവചനത്തിനും ഭൂതശാന്തിക്കും വീര്യപ്രവൃത്തികൾക്കും നമ്മെ പ്രാപ്തമാക്കുന്ന വരങ്ങളെ - ദൈവം ആഗ്രഹിക്കുന്ന വിശുദ്ധി നിലനിർത്താതെ ഉപയോഗിക്കുമ്പോൾ ദൈവം ദുഃഖിക്കുന്നുണ്ട്. എന്നാലും ദൈവത്തെ ദുഃഖിപ്പിച്ചുകൊണ്ട് പല ശിഷ്യരും അതു ചെയ്യുന്നു. അത്ഭുതവും അധർമ്മവും അവർ ഒരുമിച്ചു കൊണ്ടുപോകുന്നു. ദൈവത്തിൻെറ ദുഃഖം അവർ കണക്കിലെടുക്കുന്നില്ല.

ദൈവം കൃപാവരം നല്കിയ ഒരു വ്യക്തി ഒരു ദിവസം പാപത്തിൽ വീണു പോയാൽ അടുത്ത നിമിഷം ദൈവം അവനു നല്കിയ ദാനത്തെ തിരിച്ചെടുക്കണമെന്നില്ല. നമ്മുടെ മക്കളിലാരെങ്കിലും തെറ്റു ചെയ്താൽ അടുത്ത നിമിഷം തന്നെ നാം അവർക്കു കൊടുത്ത സകല സമ്മാനങ്ങളും തിരികെ വാങ്ങുന്നില്ലല്ലോ. ദോഷികളായ നമ്മൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് അങ്ങനെ ചെയ്യുമോ?

വേദപുസ്തകം പഠിപ്പിക്കുന്നത് നാം അവിശ്വസ്തരായിത്തീരുമ്പോഴും അവൻ വിശ്വസ്തനായി തുടരുന്നുവെന്നാണ്. (2 തിമൊഥയോസ് 2:13) ദൈവം തൻെറ മക്കൾ മടങ്ങിവരേണ്ടതിനായി ക്ഷമയോടെ കാത്തിരിക്കുന്നു. താൻ കൃപാവരങ്ങളെ നല്കിയ വ്യക്തി ഇപ്പോഴത്തെ പാപത്തെ ഉപേക്ഷിച്ച് മടങ്ങി വരണമെന്നും വിശുദ്ധിയിൽ തൻെറ ശുശ്രൂഷ തുടരണമെന്നുമാണ് ദൈവത്തിൻെറ ആഗ്രഹം. എന്നാൽ ദുഃഖത്തോടെ, ക്ഷമയോടെ ദൈവം കാത്തിരിക്കുന്നതിനെ ഈ മനുഷ്യൻ കണക്കാക്കുന്നില്ല. ദൈവത്തിൻെറ ഈ കാത്തിരിപ്പിൻെറ കാലയളവിൽ കൃപാവരപ്രാപ്തൻ കൃപാവര ശുശ്രൂഷയും അധർമ്മവും ഒരുമിച്ചു കൊണ്ടുപോകുന്നു.

ദൈവത്തിൻെറ ക്ഷമയെയും ദൈവത്തിൻെറ വിശ്വസ്തതയെയും മടങ്ങിവരവിനായല്ല, മറുതലിപ്പിനായാണ് പലരും ഉപയോഗിക്കുന്നത്. ദാതാവിനെക്കാൾ ദാനത്തെ അവർ സ്നേഹിച്ചു കഴിഞ്ഞു.

തങ്ങൾ വീര്യപ്രവൃത്തികൾ ചെയ്യുന്നവരാകയാൽ ദൈവികധാരയിൽത്തന്നെയാണ് തങ്ങളുടെ യാത്ര എന്നാണ് അവർ ചിന്തിക്കുന്നത്. കൃപാവരത്തെ - കൃപാദാനത്തെ- അവരിപ്പോൾ ദാനമായല്ല, അവരുടെ വിശുദ്ധിക്കും കഴിവിനും ദൈവം നല്കിയ അധികാരമുദ്രയായാണു കാണുന്നത്. അതുകൊണ്ടാണ് അവർ സംശയം കൂടാതെ തങ്ങൾക്കു തുറന്നു തരേണ്ടതിന്ന് കർത്താവിനോടു യാചിക്കുന്നത്. തങ്ങൾപുറന്തള്ളപ്പെടുന്നു എന്ന യാഥാർത്ഥ്യം അവർക്ക് അംഗീകരിക്കാനാവുന്നില്ല. ഒരിക്കലും സംഭവിക്കാനാവാത്ത ഒരു കാര്യമായാണവർ അതിനെ കരുതിയത്.

ആത്മവഞ്ചനയുടെ മറ്റൊരു ദൃശ്യമാണിത്. കഴിഞ്ഞ അദ്ധ്യായത്തിൽ, ദൈവേഷ്ടത്തിൻെറ നിർവ്വഹണത്തിൽ നിന്ന് മതാചാരങ്ങളുടെ അനുഷ്ടാനം നല്കുന്ന വ്യാജ സംതൃപ്തി എങ്ങനെ നമ്മെ തടയുമെന്ന് നാം കണ്ടു. തങ്ങൾ ദൈവികധാരയിൽ - ദൈവേഷ്ടത്തിൻെറ പാതയിൽത്തന്നെയാണെന്നാണ് ഒരോ ഡോഗ്മാറ്റിക്കിൻെറയും (സഭയുടെ പാരമ്പര്യ വിശ്വാസപ്രമാണത്തിന് അമിത പ്രാധാന്യം കൊടുക്കുന്ന വ്യക്തിയുടെയും) ചിന്ത. എന്നാൽ ഈ വ്യാജചിന്ത തിരുവചനത്തിനായി ചെവി തുളയ്ക്കാനും വചനത്തിൻെറ ആത്മാവിനെ ഉള്ളിൽ കയറ്റാനും സമ്മതിക്കാതെ നമ്മെത്തന്നെ വഞ്ചിക്കുന്നു.

ഒരു ഡോഗ്മാറ്റിക്കിൻെറ ആത്മവഞ്ചനയെക്കാൾ ഭീകരമാണ്, കൃപാവരങ്ങളെയും അധർമ്മ പ്രവൃത്തിയെയും ഒരുമിച്ചു കൊണ്ടുപോകുന്നവൻെറ ആത്മവഞ്ചന. കൃപാവരങ്ങൾ തങ്ങളുടെ വിശുദ്ധിക്ക് ദൈവം നല്കിയ അംഗീകാരമാണ് എന്ന വ്യാജചിന്തയാൽ, കൃപാവരങ്ങൾ പ്രദർശിപ്പിക്കാൻ കഴിയുമ്പോഴെല്ലാം, തങ്ങൾ ദൈവത്താൽ അംഗീകരിക്കപ്പെട്ടവരാണ് എന്ന ചിന്ത അവരെ ഭരിക്കുന്നു.

ആത്മവരങ്ങൾ പ്രദർശിപ്പിക്കുന്നവർ പോലും അറപ്പില്ലാതെ അധർമ്മം പ്രവർത്തിക്കുന്നത് എന്തുകൊണ്ട് എന്നതിനെപ്പറ്റി ഒരു സുഹൃദ് സംഭാഷണത്തിനിടെ പാസ്റ്റർ പി.ജി. വർഗ്ഗീസ് പറയുകയുണ്ടായി. വളരെ ആത്മാർത്ഥതയോടെ ജീവിക്കുന്ന ആത്മ നിറവുള്ള ഒരു വ്യക്തിയുടെ ജീവിതത്തിൽ ഒരു പാപം സംഭവിച്ചാൽ ആദ്യം അയാളുടെ പേടി തൻെറ 'അഭിഷേകം' പോയോ എന്നതാണ്. അന്യഭാഷയാണല്ലോ അതറിയാനുള്ള മാനദണ്ഡമായി - കണക്കാക്കപ്പെടുന്നത്! പിന്നീട് യോഗത്തിനിരിക്കുമ്പോൾ, പ്രാർത്ഥിക്കുമ്പോൾ, മറ്റുള്ളവർ ആത്മാവിൽ നിറഞ്ഞ് അന്യഭാഷകളിൽ സംസാരിക്കുമ്പോൾ അയാൾക്കറിയേണ്ടത് തനിക്കും അന്യഭാഷകളിൽ സംസാരിക്കാനാവുമോ എന്നാണ്. തനിക്കും അന്യഭാഷകളിൽ സംസാരിക്കാനായാൽ പെട്ടെന്നു തന്നെ അയാൾ ഉറപ്പിച്ചു: ഇല്ല, തൻെറ അഭിഷേകം തൻെറ മേലുണ്ട്. പിന്നീടയാൾക്ക് ആ പാപംചെയ്യാൻ, ആ പാപം തുടരാൻ മടിയുണ്ടാവില്ല. അങ്ങനെ ഒരോ പാപംചെയ്യുമ്പോഴും തൻെറ 'അഭിഷേകം' പോയില്ലെന്നുറപ്പിക്കാൻ അയാൾ അന്യഭാഷ പറഞ്ഞുനോക്കുന്നു! കഴിഞ്ഞാൽ രക്ഷപ്പെട്ടു. താമസിയാതെ അയാളിലേക്ക് ഓരോ അധർമ്മവും പ്രവേശിച്ചുതുടങ്ങുന്നു. അയാൾ ആത്മിക ജീവിതം ആരംഭിച്ചത് ആത്മാർത്ഥതയോടെയായിരുന്നെങ്കിലും അയാൾ ആത്മ നിറവുണ്ടായിരുന്ന വ്യക്തിയായിരുന്നെങ്കിലും അന്ത്യം അധർമ്മിയായിട്ടെങ്കിൽ എന്തു പ്രയോജനം?

അധർമ്മവും അത്ഭുതവും ഒരുമിച്ചു കൊണ്ടുപോകാൻ കഴിയുമെങ്കിലും അധർമ്മവും വചനവും ഒരുമിച്ചുകൊണ്ടുപോകുന്നത് അസാദ്ധ്യമാണ്. പാപത്തിൽ വീഴുന്ന ശിഷ്യൻ ആദ്യം ഉപേക്ഷിക്കുന്നത് വചനമായിരിക്കും. പാപം വചനത്തിൽ നിന്ന് നമ്മെ അകറ്റും, അതുകൊണ്ടാണ് "നിങ്ങളുടെ വേദപുസ്തകത്തിൽ പൊടിപിടിച്ചിട്ടുണ്ടെങ്കിൽ സംശയം വേണ്ട, നിങ്ങൾ ഒരു പിൻമാറ്റക്കാരനാണ്" എന്ന് സ്പർജൻ പറഞ്ഞത്. പാപം ചെയ്തു വരുന്നവന് വചനത്തിൽ സന്തോഷിക്കുവാൻ കഴികയില്ല. അവനതു വീണ്ടും തുറന്നു വയ്ക്കുകയോ വായിക്കുകയോ ഒക്കെ ചെയ്തേക്കാം . എന്നാൽ വചനം അവനിലേക്കു കയറുന്നില്ല. 'ന്യായപ്രമാണം ഉള്ളിൽ' എന്ന അവസ്ഥ അവന് അന്യമാണ്. ന്യായപ്രമാണം ഉള്ളിലില്ലാത്തവൻ പാപത്തിൽ തുടർന്നുകൊണ്ടേയിരിക്കും.

ആത്മവരങ്ങളെ തങ്ങളുടെ വിശുദ്ധിയുടെ അംഗീകാര മുദ്രയായി കണക്കാക്കുന്ന ആത്മവഞ്ചിതരായ ആളുകൾക്കുള്ള ദൈവികദൂത് ഇതാണ്......... വൃക്ഷത്തെ അതിൻെറ ഫലത്താലാണ് തിരിച്ചറിയുന്നത്. (മത്തായി 7:20) അല്ലാതെ അതിനു ലഭിച്ച വളം കൊണ്ടല്ല.

പ്രവാചകനും വീര്യപ്രവർത്തകനും ഭൂതശാന്തിക്കാരനും അധർമ്മത്തിൽ വീഴുമ്പോൾ വചനത്തിൽ അടിസ്ഥാനമിട്ട് ജീവിതം പണിയുന്നവൻ കൊടുങ്കാറ്റിലും വൻമഴയുടെ ചൊരിച്ചിലിലും തളരാതെ കർത്താവിൻെറ നിത്യശാന്തിയിലേക്കു പ്രവേശിക്കുകയാണ്. കാരണം അവർ അധർമ്മം പ്രവർത്തിച്ചില്ല. എന്നാൽ വചനമാണ് അവരെ അധർമ്മത്തിൽ നിന്ന് അകറ്റി നിർത്തിയത് എന്ന് കർത്താവു പറയുന്നു. "എൻെറ ഈ

വചനങ്ങളെ കേട്ടുചെയ്യുന്നവനൊക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യൻ ആകുന്നു". (മത്തായി 7:24) ധർമ്മാധർമ്മങ്ങളുടെ തിരിച്ചറിവ് അവന് ലഭിക്കുന്നത് വചനത്താലാണ്.

പാപം വചനത്തിൽ നിന്ന് നമ്മെ അകറ്റും എന്നതുപോലെ വചനം പാപത്തിൽ നിന്ന് നമ്മെ അകററും എന്നതും യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് ജോൺവെസ്ലിയുടെ മാതാവ് "ഒന്നുകിൽ ഈ പുസ്തകം പാപത്തിൽ നിന്ന് നിന്നെ അകറ്റും അല്ലെങ്കിൽ പാപം ഈ പുസ്തകത്തിൽ നിന്ന് നിന്നെ അകറ്റും" എന്നു പറഞ്ഞത്.

യിസ്രയേലിലെ രാജാക്കന്മാർക്ക് കർത്താവു നല്കുന്ന വളരെ സുപ്രധാനമായ ഒരു ഉപദേശമുണ്ട്. *"അവൻ തന്റെ രാജാസനത്തിലിരിക്കുമ്പോൾ, ലേവ്യരായ പുരോഹിതൻമാരുടെ പക്കൽ നിന്ന് ഈ ന്യായപ്രമാണം വാങ്ങി അതിന്റെ ഒരു പകർപ്പ് ഒരു പുസ്തകത്തിൽ എഴുതി എടുക്കണം. ഈ ന്യായപ്രമാണത്തിലെ സകല വചനങ്ങളും ചട്ടങ്ങളും അവൻ പ്രമാണിച്ചു നടന്ന് തന്റെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിന് അത് അവന്റെ കൈവശം ഇരിക്കുകയും അവന്റെ ഹൃദയം സഹോദരന്മാർക്കു മീതെ അഹങ്കരിച്ചുയരാതെയും അവന്റെ കല്പന വിട്ട് ഇടത്തോട്ടോ വലത്തോട്ടൊ തിരിയാതെയും ഇരിക്കേണ്ടതിനും അവനും അവന്റെ പുത്രന്മാരും യിസ്രയേലിന്റെ ഇടയിൽ ദീർഘകാലം രാജ്യഭാരം ചെയ്യേണ്ടതിനുമായി അവൻ തന്റെ ആയുഷ്ക്കാലമൊക്കെയും അതു വായിക്കുകയും വേണം."(ആവർത്തനം 17:18-20)*

യഹോവയോടു പാപം ചെയ്യാതിരിക്കേണ്ടതിനു അത്യാവശ്യമായിരിക്കുന്നത്, ഒന്നാമത്, രാജാവിന്റെ കൈവശം ന്യായപ്രമാണ പുസ്തകത്തിന്റെ കോപ്പി (പകർപ്പ്) ഉണ്ടായിരിക്കുകയാണ്. രണ്ടാമത്, അവൻ തന്റെ ആയുഷ്ക്കാലമൊക്കെയും അത് വായിക്കണം. വചനം സ്വന്തമാക്കി അതു നിരന്തരം വായിക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവനാണ് പാപത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നത്.

119-ാം സങ്കീർത്തനം വചനത്തിന്റെ പാട്ടാണ്. അതിലെ ഓരോ വാക്കുകളും അണ്ണാക്കിനു മധുരമാണ്. അതറിയാനായി 119-ാം സങ്കീർത്തനം മൊത്തമായി ഒന്ന് വായിച്ചുനോക്കുക. (വലിയൊരു സങ്കീർത്തനം ആയതിനാൽ മിക്കപ്പോഴും നാമത് വായിക്കാതെ വിട്ടുകളയുന്നു.) ഈ സങ്കീർത്തനത്തിൽ വചനവും പാപവും എങ്ങനെ വിരുദ്ധചേരിയിൽ നില്ക്കുന്നു എന്ന് വ്യക്തമാക്കുന്ന നിരവധി വാക്യങ്ങളുണ്ട്.

ഒന്നാം വാക്യം തന്നെയെടുക്കുക. *"യഹോവയുടെ ന്യായപ്രമാണം അനുസരിച്ച് നടപ്പിൽ നിഷ്കളങ്കരായവർ ഭാഗ്യവാന്മാർ!"*



വചനമാണ് നിഷ്കളങ്കത നല്കുന്നത് എന്ന യാഥാർത്ഥ്യം സങ്കീർത്തനക്കാരൻ തുടക്കമായെടുക്കുന്നു. കൃത്യമായി പരിഭാഷപ്പെടുത്തിയാൽ "വഴികളെ നിഷ്കളങ്കമാക്കിയവൻ, യഹോവയുടെ ന്യായപ്രമാണത്തിൽ നടക്കുന്നവൻ ഭാഗ്യവാൻ"എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. വചനാനുസരണത്തിന്റെ പ്രായോഗികതയാണ് നിഷ്കളങ്കത. വചനത്തെ അനുസരിക്കുന്നവന് നിഷ്കളങ്കനാകാതെ പറ്റില്ല. അതുകൊണ്ട് സങ്കീർത്തനക്കാരൻ ഒരു യുവാവിനോടു പറയുന്നു:

*"ഒരു യുവാവിന്* (Youngman- ബാലൻ എന്നതിനെക്കാൾ മെച്ചമായ തർജ്ജമ യുവാവ് എന്നുതന്നെയാണ്) *എങ്ങനെ തന്റെ വഴികളെ കളങ്കരഹിതമായി സൂക്ഷിക്കാം? അവിടുത്തെ വചനത്താൽ അവന്റെ വഴികളെ കാവൽ ചെയ്യുന്നതിനാൽത്തന്നെ"* (വാക്യം 9).

ന്യായപ്രമാണം പാപത്തിന്റെ വഴിയിലേക്ക് വഴുതിപ്പോകാതെ ഒരു യുവാവിന്റെ പാതകളെ സൂക്ഷിക്കുന്നു. വചനം കളങ്കത്തിനെതിരെ കാവൽ നില്ക്കുന്നു. അത് അവന്റെ *"കാലിനു ദീപവും പാതയ്ക്കു പ്രകാശവും" ആണ്* (വാക്യം -105).

*"ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു, നിന്റെ വചനത്തെ എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു"* (വാക്യം 11) എന്നു പറയുമ്പോൾ വചനവും പാപവും വിരുദ്ധചേരിയിലാണെന്ന് സങ്കീർത്തനക്കാരൻ നമ്മെ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. *"വ്യാജവഴികളെ എന്നോട് അകറ്റേണമെ. കരുണയോടെ അവിടുത്തെ വചനത്തെ എന്നെ പഠിപ്പിക്കേണമെ"* (വാക്യം 29) എന്നു വീണ്ടും പറയുന്നു. വ്യാജവഴികളും തിരുവചനവും ഇവിടെയും വിരുദ്ധതയിൽത്തന്നെ.

പാപം ചെയ്യാതിരിക്കാൻ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കും എന്നു പറയുന്ന സങ്കീർത്തനക്കാരൻ പിന്നീടു പറയുന്നത്, *"നിന്റെ വചനം പ്രമാണിക്കേണ്ടതിനു ഞാൻ സകല ദുർമ്മാർഗ്ഗത്തിൽ നിന്നും കാൽ വിലക്കുന്നു"* (വാക്യം 101) എന്നാണ്. വചനം പാപത്തിൽ നിന്നു നമ്മെ അകറ്റുന്നതുപോലെ പാപം വചനത്തിൽ നിന്ന് നമ്മെ അകറ്റുമെന്നാണ് ഈ വാക്യം നമ്മെ മനസ്സിലാക്കുന്നത്. ദുർമാർഗ്ഗത്തിൽ എന്റെ കാൽ ചലിച്ചാൽ ന്യായപ്രമാണത്തിന്റെ അനുസരണം എനിക്ക് അസാധ്യമായിത്തീരും: ന്യായപ്രമാണത്തിൽ നിന്ന് അകന്നു നിന്നാലോ ദുഷ്ടത എനിക്ക് പ്രശംസനീയമായിത്തീരും. (സദൃശ്യവാക്യങ്ങൾ 28:4)

ദുഷ്ടതയും വചനവും വിരുദ്ധ ചേരിയിലായതിനാൽ ദുഷ്ടതയുടെ

ആധിക്യത്തെ വിട്ടുകളയാൻ യാക്കോബ് ആവശ്യപ്പെടുന്നു. *"ആകയാൽ എല്ലാ അഴുക്കും, ദുഷ്ടതയുടെ ആധിക്യവും വിട്ട്.......വചനം സൗമ്യതയോടെ കൈക്കൊൾവിൻ" (യാക്കോബ് 1:21)*

'ദുഷ്ടതയുടെ ആധിക്യം' എന്ന പ്രയോഗം ശ്രദ്ധിക്കുക. ദുഷ്ടതയുടെ ഒരു പ്രത്യേകതയാണ് ഇവിടെ പറയുന്നത്. അത് കാൻസർ പോലെ പടർന്നുകൊണ്ടിരിക്കും.

കാൻസറിൻെറ പ്രത്യേകത അറിയാമല്ലോ. ഒരു കോശത്തെ കാൻസർ ബാധിച്ചാൽ അത് അതിൽത്തന്നെ ഒടുങ്ങിപ്പോകയില്ല. ചുറ്റുമുള്ള ഓരോ കോശത്തെയും അത് കാൻസർ ബാധിതമാക്കും. നിശ്ശബ്ദമായിരിക്കും അതിൻെറ പ്രവർത്തനം. എന്നാൽ കാൻസർ ബാധിതമായ കോശത്തെ കണ്ടെത്തി നശിപ്പിക്കുന്നില്ലെങ്കിൽ ജീവിതത്തെത്തന്നെ നശിപ്പിക്കുന്ന നിലയിലേക്ക് അത് വളരും. ആത്മീയ ജീവിതത്തിലും ദുഷ്ടതയുടെ ഏതു ചെറിയ കോശത്തെയും കണ്ടെത്തി നാം നശിപ്പിക്കുന്നില്ലെങ്കിൽ അത് അടുത്ത കോശത്തേയും രോഗബാധിതമാക്കി ഒടുവിൽ ആത്മീയ മരണത്തിനുതന്നെ കാരണമാകും. ബിനുവിൻെറ ജീവിതത്തിൽ സംഭവിച്ചത് അതാണ്.

ബിനു ആത്മീയ ജീവിതത്തിൽ ഉത്സുകനായിരുന്നെന്നു തന്നെ പറയാം. സഭയിലെ എല്ലാ പ്രവർത്തനങ്ങളിലും അവൻ സന്തോഷത്തോടെ ഇടപ്പെട്ടു.അങ്ങനെയിരിക്കെ ഒരു ദിവസം കൂട്ടുകാരൻെറ 'ബാച്ചിലേഴ്സ് പാർട്ടി'ക്ക് അവൻ ക്ഷണിക്കപ്പെട്ടു. കൂട്ടുകാരൻെറ അളിയൻ ജർമ്മനിയിൽ നിന്നുകൊണ്ടു വന്ന വളരെ അപൂർവ്വമായ ഒരു ബ്രാൻറ് വിസ്കി ആയിരുന്നു പാർട്ടിയിലെ അത്യാകർഷകമായ ഘടകം. താൻ വിശ്വാസിയാണെന്നും മദ്യപിക്കില്ലെന്നുമൊക്കെ ബിനു ആദ്യം പറഞ്ഞു നോക്കി. എന്നാൽ അത്യപൂർവ്വമായ ഈ ബ്രാൻറ് രുചിക്കാൻ കഴിയുന്നതു തന്നെ ഭാഗ്യമാണെന്ന് കൂട്ടുകാർ അവനെ ഓർമ്മിപ്പിച്ചു. പ്രലോഭനത്തെ ചെറുത്തു നിർത്താൻ അവനു കഴിഞ്ഞില്ല. ഒരു പെഗ്ഗ് അവനും കഴിച്ചു.

കുറ്റബോധത്തോടെയാണ് ബിനു തിരികെ വീട്ടിലെത്തിയത്. കിടക്കയിൽ വീഴുന്നതിനു മുമ്പ് ദൈവമേ ക്ഷമിക്കണമേയെന്നവൻ പ്രാർത്ഥിച്ചു. പിന്നെ സങ്കടത്തോടെ കിടന്നുറങ്ങി.

പിറ്റേന്ന് ഞായറാഴ്ചയായിരുന്നു. രാവിലെ ഉണർന്നപ്പോൾ തലേന്നത്തെ സംഭവങ്ങൾ അവൻ വീണ്ടും ഓർത്തു. അവനു വലിയ ദുഃഖം തോന്നി. ഛെ! വേണ്ടായിരുന്നു.



കഴിഞ്ഞതൊക്കെ ചിന്തിച്ച് അവൻ കിടക്കയിൽത്തന്നെ വീണ്ടും കിടന്നു......ഒടുവിൽ സഭായോഗത്തിനു പോകാൻ സമയമായപ്പോൾ അവൻ ആലോചിച്ചു; പോകണോ? പാപം ചെയ്ത താൻ സഭായോഗത്തിനു പോകുന്നതു ശരിയാണോ?

ആദ്യം സഭായോഗത്തിനു പോകണ്ട എന്നു ചിന്തിച്ചതാണ്. എന്നാൽ ചെന്നില്ലെങ്കിൽ എല്ലാവരോടും കാരണം പറയേണ്ടിവരും. അവൻ സഭായോഗത്തിനു പോകാൻ തന്നെ തീരുമാനിച്ചു. എന്തായാലും ഇന്ന് സാക്ഷി പറയാനില്ല. അതുകൊണ്ട് സന്തോഷിപ്പിച്ച വാക്യത്തിനായ് ബൈബിൾ പരതിയുമില്ല. ഇന്നലെയും ബൈബിൾ വായിച്ചില്ലെന്ന് അവൻ ഓർത്തു.

സഭായോഗത്തിൽ അവൻ വീണ്ടും ഒരു പ്രതിസന്ധി കൂടെ നേരിട്ടു. തിരുവത്താഴത്തിൽ പങ്കെടുക്കണോ വേണ്ടയോ എന്നറിയാതെ അവൻ കുഴങ്ങി. ഒടുവിൽ മറ്റുള്ളവരിൽ നിന്നുണ്ടാകാനിടയുള്ള ചോദ്യശരങ്ങളെ പേടിച്ച് അവൻ തിരുവത്താഴത്തിനു കൈനീട്ടി. സഭായോഗം കഴിഞ്ഞപ്പോൾ അയോഗ്യമായി കർത്താവിൻെറ അത്താഴത്തിൽ പങ്കെടുത്തിട്ടും താൻ മരിച്ചില്ലല്ലോ എന്ന് അവൻ ആശ്വസിച്ചു.

വൈകുന്നേരം ബിനുവിൻെറ കൂട്ടുകാരൻ ഫോൺ ചെയ്തു. അളിയൻ കൊണ്ടുവന്ന വിസ്കിയുടെ ഒരു കുപ്പി ബാക്കിയുണ്ടെന്നും വന്നാൽ കഴിക്കാമെന്നും! ബിനു പറഞ്ഞു: "വേണ്ട സുഹൃത്തെ, ഇന്നലത്തെ........."

"ഇന്നലെയെന്തു പറ്റി? ആകാശം ഇടിഞ്ഞുവീണോ? താൻ വാ" എന്നു പറഞ്ഞ് സുഹൃത്ത് ഫോൺ താഴെവച്ചു.

അന്നും ബിനു സുഹൃത്തിൻെറ വീട്ടിലെത്തി. അന്നും കുറ്റബോധത്തോടെ കിടന്നുറങ്ങി. പിന്നൊരു ദിവസം ബിനു കൂട്ടുകാരൻെറ വീട്ടിലെത്തിയപ്പോൾ അവർ ചീട്ടു കളിക്ക് വട്ടം കൂട്ടുകയായിരുന്നു.

"വാടോ, വാടോ, ഒരു കൈ പിടി.... ആളില്ലാതിരിക്കുകയായിരുന്നു. ഇരി" കൂട്ടുകാർ ബിനുവിനെ പിടിച്ചിരുത്തി.

"അത് ഞാൻ..........ചീട്ടുകളിക്കുന്നത്............ഞങ്ങളുടെ സഭയിൽ..........." ബിനു ഒഴിഞ്ഞു മാറാൻ തുടങ്ങി.

"കള്ളു കുടിച്ചിട്ട് ദൈവം കോപിച്ചില്ല. പിന്നെയാ ചീട്ടുകളിച്ചിട്ട് ! താൻ ഇരി."

"എന്നാലും ഇത് ചൂതാട്ടമല്ലേ?"

"എന്തു ചൂതാട്ടം? ഇവിടാരും പൈസവെച്ച് ചീട്ടുകളിക്കുന്നില്ല." കൂട്ടുകാർ!

ബിനു അവരുടെ കൂടെയിരുന്ന് ചീട്ടുകളിച്ചു.

അന്നവൻ കൂടുതൽ കുറ്റബോധത്തോടെ കട്ടിലിൽ കിടന്നു. ഉറങ്ങുന്നതിനു മുമ്പവൻ പ്രാർത്ഥിച്ചു. എന്നാൽ അവന് വേദപുസ്തകം വായിക്കാൻ തോന്നിയില്ല.

പിന്നീടൊരിക്കൽ ബിനു പണം വച്ചു ചീട്ടുകളിച്ചു. സിഗരറ്റു വലിയും സാധാരണം. ഇപ്പോളവൻ പണം മുടക്കിയും മദ്യപിക്കും.

സഭാകാര്യങ്ങളിൽ വലുതായി ഇടപെടാറില്ലെങ്കിലും അവൻ സഭയിൽ പോകാറുണ്ട്. താൻ ചെയ്യുന്നത് പലതും തെറ്റാണെന്ന് അവനറിയാം. ഒരു ചടങ്ങെന്നപോലെ അവൻ ദിവസവും പ്രാർത്ഥിക്കാറുണ്ട്. എന്നാൽ അവന്റെ വേദപുസ്തകത്തിൽ പൊടി പിടിച്ചു.

ബിനു തെറ്റു തുടങ്ങിയത് ചെറിയ രീതിയിലാണ്. ഒരു ദിവസത്തെ ഒരു പെഗ്ഗ് മദ്യപാനം അന്നുകൊണ്ട് അവസാനിച്ചില്ല. അത് വളർന്നു കൊണ്ടിരുന്നു. മദ്യപാനം ചീട്ടുകളിയിലേക്കും അത് ചൂതാട്ടത്തിലേക്കും പടർന്നു. ക്രമേണ അവൻ ജീവിതത്തിൽ തകർന്നു - ആത്മീയമായും അല്ലാതെയും.

എല്ലാ ദുഷ്ടതയും അങ്ങനെയാണ്. ദുഷ്ടത ഒന്നിൽ മാത്രം ഒതുങ്ങി നിൽക്കയില്ല. അത് മറ്റെല്ലാ ജീവിതാവസ്ഥകളെയും കാൻസർ പോലെ വ്യണിപ്പിക്കും. ദുഷ്ടത വചനത്തിൽ നിന്ന് നിങ്ങളെ അകറ്റും എന്നതിനാൽ ദുഷ്ടതയുടെ ആധിക്യത്തെ - അർബുദസമാനമായ ദുഷ്ടതയെ ഉപേക്ഷിച്ച് വചനത്തെ കൈക്കൊള്ളുവാൻ യാക്കോബ് ആവശ്യപ്പെടുന്നു.

വെറുമൊരു ഒഴുക്കൻ മട്ടിലല്ല യാക്കോബ് അതു പറയുന്നത്. വചനകേൾവിയെ തടയുന്ന മുൻ വിധിയുടെ ചെവിക്കായത്തോടും വചനത്തിൽ നിന്നു നമ്മെ അകറ്റുന്ന കാൻസർ സമാനമായ ദുഷ്ടതയോടും കരുണ കൂടാതെ ഇടപെടണമെന്നാണ് അപ്പൊസ്തലന്റെ പക്ഷം. ലഘുവായ ഇടപെടൽ അവയെ ഇല്ലായ്മ ചെയ്യുകയില്ല. അവയെ കഴുകിക്കളഞ്ഞാൽ പോര, വിട്ട് (ഉരിഞ്ഞ്) കളയണം (യാക്കോബ് 1:21). പാമ്പ് പടം പൊഴിക്കുന്നതിനുപയോഗിക്കുന്ന ഒരു വാക്കാണത്. പടം പൊഴിക്കുന്ന പാമ്പ് പഴയ പടത്തിന്റേതായി ഒന്നും ബാക്കി വയ്ക്കുന്നില്ല. പാമ്പ് പടം പൊഴിക്കുന്നതുപോലെ നാം നമ്മുടെ മുൻ വിധികളുടെ ചെവിക്കായത്തെയും അർബുദസമാനമായ ദുഷ്ടതയെയും ഉരിഞ്ഞു കളയണം.

അടുത്ത പടി ശ്രദ്ധിക്കുക. വചനകേൾവിയെ തടസ്സപ്പെടുത്തുന്ന മുൻ വിധിയും ദുഷ്ടതയും നീങ്ങിയാൽ പിന്നെ വചനത്തെ സൗമ്യമോടെ ഉൾക്കൊള്ളുകയാണ് വേണ്ടത്.

❖ ❖ ❖



# 8 സൗമ്യതയുടെ ആത്മാവ്

വചനം കൈക്കൊള്ളാൻ ബോധപൂർവ്വമായ ഒരു പരിശ്രമം ആവശ്യമാണെന്ന് യാക്കോബ് അപ്പൊസ്തലൻ പറയുന്നു - അത് സൗമ്യതയോടെയാവണം താനും (യാക്കോബ് 1:21)

'സൗമ്യത' എന്നതിന് എഴുത്തുകാരൻ കല്പിക്കുന്ന അർത്ഥം വികാര രഹിതമായ അവസ്ഥ എന്നല്ല, വികാരങ്ങളുടെ ശരിയായ സംയോഗം എന്നാണ്. മനുഷ്യന് വികാരങ്ങളുള്ള വ്യക്തിത്വമാണുള്ളത് - അത് ദൈവികവുമാണ്.

വചനം ഒരാളിൽ ഒരു വികാരവുമുണ്ടാക്കുന്നില്ലെങ്കിൽ അത് ആശാസ്യമാവില്ല. വചനം നമ്മിൽ വികാരങ്ങളുണ്ടാക്കണം - സ്നേഹവും ദുഃഖവും ഭയവും അനുതാപവും...........വചനത്തിന്റെ സ്വീകരണത്തിൽ ഇതെല്ലാം ഉണ്ടാവണം. എന്നാൽ അത്, ഓരോന്നും ഉണ്ടാകേണ്ടിടത്താണുണ്ടാവേണ്ടത്. അതിനാണ് സൗമ്യത ആവശ്യമായി വരുന്നത്.

ദാവീദിന്റെയും നാഥാന്റെയും കഥ തന്നെയെടുക്കുക (2 ശമുവേൽ 12) നാഥാൻ പ്രവാചകൻ പറഞ്ഞ കഥ കേട്ട് ദാവീദ് കോപാകുലനായി. "ആ മനുഷ്യൻ മരണയോഗ്യൻ" എന്ന് അലറിക്കൂവി. എന്നാൽ അവിടെ കോപമല്ലായിരുന്നു ഉണ്ടാവേണ്ടിയിരുന്നത് - അനുതാപമായിരുന്നു. നോക്കുക, തെറ്റായ വികാരം തെറ്റായ സ്ഥാനത്ത് കയറി വരുന്നു. വചനം

ആവശ്യപ്പെടുന്ന വികാരമല്ല, മനുഷ്യൻെറ വികാരം (ദാവീദിൻെറ കോപം) ആണ് അവിടെ പ്രദർശിപ്പിക്കപ്പെടുന്നത്.

'സൗമ്യത' യെന്നത് നമ്മുടെ വികാരലോകത്തിൻെറ ഒരു ഒരുക്കമാണ്. ദൈവിക വികാരങ്ങൾക്ക് വിളനിലമാകാൻ നമ്മുടെ മാനുഷിക വികാരങ്ങളുടെ കളപറിച്ചു കളയുന്ന അവസ്ഥ. ദാവീദ് 'സൗമ്യത' യോടെയല്ല പ്രവാചക വചനം കേട്ടത്. മാനുഷിക വികാരങ്ങൾ കൊയ്യാൻ പാകത്തിൽ വളർന്നു നില്ക്കുന്ന കളത്തിലേക്കാണ് അവൻ വചനത്തിൻെറ വിത്തിറക്കുന്നത്. ഫലമോ, "ദാവീദിൻെറ കോപം" ജ്വലിക്കുന്നു. "അനുതാപം" എന്ന ദൈവിക വികാരമായിരുന്നു വിളയേണ്ടിയിരുന്നത്. എന്നാൽ,കോപമാണ് വിളഞ്ഞത്. 'സൗമ്യത' സ്വീകരിച്ചപ്പോൾ അനുതാപം വിളഞ്ഞു. അനുതപിക്കേണ്ടിടത്ത് അനുതപിക്കുവാനും ദുഃഖിക്കേണ്ടിടത്ത് ദുഃഖിക്കുവാനും സ്വയം ഏല്പിച്ചു കൊടുക്കുന്ന സൗമ്യതയോടെ വേണം നാം വചനത്തെ ഉൾക്കൊള്ളുവാൻ.

'സൗമ്യത' എന്നത് ദൈവിക വികാരങ്ങൾക്കു വിളഭൂമിയാകുവാൻ നമ്മുടെ വികാരലോകത്തെ ഒരുക്കിയിടുന്നതാണ് എന്നതുപോലെ, അത്, ഒരു വിദ്യാർത്ഥിയുടെ വിനയത്തോടെ നമ്മെത്തന്നെ പഠിക്കുവാൻ ഏല്പിച്ചുകൊടുക്കുന്നതുമാണ്. ചിലരുടെ ചിന്ത, തങ്ങൾ സർവ്വജ്ഞപീഠം കയറിയവരാണെന്നും, ഇനി പുതുതായൊന്നും തങ്ങൾക്ക് പഠിക്കാനില്ലെന്നുമാണ്. അത് പറയാനും അവർക്കു മടിയില്ല.

ഒരു ബൈക്ക് ആക്സിഡൻറ് നടന്ന് അല്പ നിമിഷങ്ങൾക്കുള്ളിൽ ധാരാളമാളുകൾ അവിടെ ഓടിക്കൂടി. ബൈക്ക് ഓടിച്ചിരുന്ന വ്യക്തിക്ക് തലയ്ക്കു പരിക്കുണ്ട്. കൂടി വന്നവർ അയാളെ എടുത്ത് ഒരു കാറിൽ കയറ്റി ആശുപത്രിയിലേക്കു കൊണ്ടുപോകാനൊരുങ്ങി. കൂട്ടത്തിൽ പ്രായമുള്ള ഒരു വ്യക്തിയും കാറിൽ കയറി. അപ്പോൾ അടുത്തു നിന്ന യുവാവ് അദ്ദേഹത്തോടു പറഞ്ഞു. "നിങ്ങൾ ഇങ്ങോട്ടിറങ്ങൂ; ഞാൻ അയാളുടെ കൂട്ടത്തിൽ പോകാം. അതായിരിക്കും കൂടുതൽ പ്രയോജനം.

"എന്തുകൊണ്ട്?" പ്രായമുള്ള വ്യക്തി ചോദിച്ചു.

"ഞാൻ സ്കൗട്ട് ടീമിൽ ഉണ്ടായിരുന്ന ആളാണ്. എനിക്ക് ഫസ്റ്റ് എയിഡ് നന്നായറിയാം. നിങ്ങൾ പോയാൽ എന്താണ് പ്രയോജനം?"

"കുഞ്ഞെ, ഇപ്പോൾ ഞാൻ തന്നെ പോകുന്നതായിരിക്കും പ്രയോജനം. കാരണം ഞാനൊരു ന്യൂറോ സർജനാണ്" എന്നായിരുന്നു പ്രായമായ വ്യക്തിയുടെ മറുപടി.



സ്കൗട്ടിൽ ഫസ്റ്റ് എയ്ഡ് പഠിച്ചുകഴിഞ്ഞാൽ ന്യൂറോ സർജൻ ചമയുന്നതാണ് ഇന്നത്തെ പതിവ്. ബൈബിൾ സ്കൂളിലെ ഒരു ഹ്രസ്വകാല കോഴ്സുപോലും ബൈബിളിൻെറ "എൻസൈക്ലോപീഡിയ" ആണെന്ന ഭാവത്തിൽ നടക്കാൻ പലരേയും പ്രേരിപ്പിക്കുന്നു.

സോക്രട്ടീസിനോട് ഒരിക്കൽ അദ്ദേഹത്തിൻെറ ശിഷ്യന്മാർ ചോദിച്ചു. "ഗുരോ, താങ്കൾക്കറിയാവുന്നതൊക്കെ താങ്കൾ ഞങ്ങൾക്കു പറഞ്ഞു തന്നിട്ടുണ്ടോ?"

"ഉണ്ടെന്നാണ് ഞാൻ ചിന്തിക്കുന്നത്" സോക്രട്ടീസ് പറഞ്ഞു.

"അങ്ങനെയെങ്കിൽ ഇനിയിപ്പോൾ ഞങ്ങൾ അങ്ങയുമായി തുല്യരായല്ലോ." ശിഷ്യൻമാരുടെ മറുപടി.

"ഏകദേശം" സോക്രട്ടീസ് മറുപടി പറഞ്ഞു. "എന്നാൽ ഒരു കാര്യത്തിൽ വ്യത്യാസമുണ്ട്."

അതെന്താണെന്നറിയാൻ ശിഷ്യർക്ക് ധൃതിയായി. "വളരെ ലളിതമാണത്" സോക്രട്ടീസ് പറഞ്ഞു: "എൻെറ അജ്ഞതയെപ്പറ്റി എനിക്ക് ജ്ഞാനമുണ്ട്. എന്നാൽ നിങ്ങളുടെ അജ്ഞതയെപ്പറ്റി നിങ്ങൾക്ക് അതില്ല."

നമ്മുടെ അജ്ഞതയെപ്പറ്റി നമുക്കു ബോധ്യമില്ലാത്തതിനാൽ പലപ്പോഴും നാം ജ്ഞാനികളായി ഭാവിക്കുന്നു. "കർത്താവേ, എന്നെ പഠിപ്പിക്കണമെ"യെന്നല്ല, "കർത്താവേ, എനിക്കത് അറിയാമെന്ന് നിനക്കറിയാമല്ലോ" എന്നാണ് നാം പറയുന്നത്.

വചനം വെറും അറിവു നല്കാൻ മാത്രമല്ല നമ്മുടെ അടുത്തേക്കു വരുന്നത് എന്നുമോർക്കണം. പലപ്പോഴും അത് നമ്മിൽ നിന്ന് പുതിയതു പലതും ആവശ്യപ്പെടുന്നു. ഒരു പുതിയ ചിന്താഗതി, ഒരു പുതിയ ജീവിതരീതി.......വചനം ആവശ്യപ്പെടുന്ന വികാരങ്ങൾക്ക് തടസ്സം കൂടാതെ വളരുവാൻ നമ്മുടെ വികാരലോകത്തെ ഒരുക്കുന്നതുപോലെ, വചനം ആവശ്യപ്പെടുന്ന ജീവിതരീതി സ്വീകരിക്കാൻ പാകത്തിൽ നമ്മുടെ മനസ്സിനെയും ഒരുക്കുന്നതാണ് സൗമ്യത. എന്നാൽ ഒരു പുതിയ കാര്യം പഠിപ്പിക്കാനും പുതിയ ജ്ഞാനത്തിലൂടെ നമ്മെ രൂപാന്തരപ്പെടുത്തുവാനുമായി വചനം അടുത്തു നില്ക്കുമ്പോഴും, വചനം എന്തു പഠിപ്പിക്കുന്നുവെന്ന് അറിയുവാനോ, വചനം നല്കുവാനാഗ്രഹിക്കുന്ന രൂപാന്തരത്തിന് നമ്മെത്തന്നെ വിധേയപ്പെടുത്തുവാനോ ഉള്ള വിനയം - സൗമ്യത നാം പുലർത്തുന്നില്ല. അറിവിൽ ഞാൻ സമ്പന്നനാണ് എന്ന ചിന്ത പുതിയതു പഠിക്കാനുള്ള മനസ്സ് നമ്മിൽ നിന്ന് എടുത്തു കളയുന്നു.

പത്രോസിന്റെ കാര്യം തന്നെയെടുക്കുക. കർത്താവിന് അവനെ വലിയൊരു പാഠം പഠിപ്പിക്കണമായിരുന്നു. അതിനൊരു പശ്ചാത്തലം എന്ന നിലയിൽ ദൈവം അവനെ ഒരു വിവശതയിലൂടെ കടത്തിവിട്ടു. (അപ്പൊസ്തല പ്രവൃത്തികൾ 10:9-16) വിവശതയിൽ,

*"ആകാശം തുറന്നിരിക്കുന്നതും വലിയൊരു തുപ്പെട്ടിപോലെ നാലു കോണും കെട്ടീട്ടു ഭൂമിയിലേക്കു ഇറക്കിവിട്ടോരു പാത്രം വരുന്നതും അവൻ കണ്ടു. അതിൽ ഭൂമിയിലെ സകലവിധ നാല്ക്കാലിയും ഇഴജാതിയും ആകാശത്തിലെ പറവയും ഉണ്ടായിരുന്നു. പത്രോസേ, എഴുന്നേറ്റു അറത്തു തിന്നുക എന്നു ഒരു ശബ്ദം ഉണ്ടായി. അതിനു പത്രോസ്: ഒരിക്കലും പാടില്ല, കർത്താവേ, മലിനമോ അശുദ്ധമോ ആയതൊന്നും ഞാൻ ഒരു നാളും തിന്നിട്ടില്ലല്ലോ. ആ ശബ്ദം രണ്ടാം പ്രാവശ്യം അവനോടു: ദൈവം ശുദ്ധീകരിച്ചതു നീ മലിനമെന്നു വിചാരിക്കരുത് എന്നു പറഞ്ഞു. ഇങ്ങനെ മൂന്നു പ്രാവശ്യം ഉണ്ടായി. ഉടനെ പാത്രം തിരികെ ആകാശത്തിലേക്കു വലിച്ചെടുത്തു."*

പത്രോസിനു വിശന്നു; കർത്താവ് പത്രോസിന്റെ വിശപ്പകറ്റാൻ വലിയോരു വിരുന്നൊരുക്കി. ഒരു തുപ്പെട്ടി- നാലുകോണും കെട്ടിയ വലിയൊരു ഷീറ്റ് (വിരി)- നിറയെ മൃഗങ്ങൾ! നോഹയുടെ പെട്ടകത്തിൽ കയറിയ സകല ജന്തുക്കളും!!

എണ്ണിക്കൂടാനാവാത്തത്ര മൃഗങ്ങളെ മുഴുവൻ കൊടുത്തിട്ട് കർത്താവ് പത്രോസിനോടു പറഞ്ഞു: "പത്രോസേ, എഴുന്നേല്ക്ക്. വിശന്നിരിക്കേണ്ട ആവശ്യമില്ല.  ഈ മൃഗങ്ങൾ മുഴുവൻ നിനക്കുള്ളതാണ്. അറത്തു തിന്നുക."

പത്രോസ് ആദ്യം സന്തോഷിച്ചു. അവൻ മൃഗങ്ങളെ നോക്കി. ജീവിതകാലം മുഴുവൻ സമൃദ്ധിയായി തിന്നാലും അത് തീരില്ല.

പെട്ടെന്നു തന്റെ മതബോധമുണർന്നു. അവൻ മൃഗങ്ങളുടെ കാലുകളിലേക്ക് നോക്കി. മിക്കതിന്റേയും കുളമ്പ് പിളർന്നതല്ല. കുളമ്പ് പിളർന്നിട്ടില്ലാത്ത മൃഗങ്ങൾ ശുദ്ധിയുള്ളവയല്ല. അവൻ പറഞ്ഞു: ദൈവമേ, എന്താ ഈ പറയുന്നത്? ഈ മൃഗങ്ങൾ ശുദ്ധിയുള്ളവയല്ലല്ലോ. ഞാനിത് കഴിക്കണമെന്നോ? ഒരിക്കലും പാടില്ല. ഇതുവരെയായും ഇങ്ങനെയുള്ളതൊന്നും തിന്നിട്ടില്ലെന്ന് നിനക്കറിയില്ലേ?"

ശുദ്ധാശുദ്ധികളെപ്പറ്റി പത്രോസിന് നന്നായറിയാം. സിന്നഗോഗുകളിൽ അവനത് പഠിച്ചിട്ടുണ്ട്. റബ്ബിമാർ അത് വിശദീകരിക്കുന്നത് അവൻ കേട്ടിട്ടുണ്ട്. "അതുകൊണ്ട് അറത്തു തിന്നുകൊൾക" എന്ന കർത്താവിന്റെ വചനത്തെ അവന് അങ്ങനങ്ങ് സൗമ്യതയോടെ ഉൾക്കൊള്ളാൻ പ്രയാസമുണ്ട്.

പത്രോസ് പഠിക്കാൻ തയ്യാറല്ല. കർത്താവിന്റെ വാക്കുകളെ അനുസരിക്കുന്നതിനുപകരം അവൻ കർത്താവിനെ പഠിപ്പിക്കാൻ പരിശ്രമിക്കയാണ്. "ഒരിക്കലും പാടില്ല കർത്താവേ" എന്നാണവൻ പറയുന്നത്. ശുദ്ധാശുദ്ധികളെപ്പറ്റി തനിക്കുള്ള അറിവ് കർത്താവിനില്ലേ എന്നാണ് അവന്റെ സംശയം.

കർത്താവു പറഞ്ഞു: "പത്രോസേ, ദൈവം ശുദ്ധീകരിച്ചത് നീ മലിനമെന്ന് വിചാരിക്കരുത്."

പലർക്കും അങ്ങനെയാണ്. അവർ ദൈവത്തെക്കാൾ വലിയ വിശുദ്ധി കാണിക്കും. ദൈവം ശുദ്ധമെന്നു വിധിച്ചതുപോലും അവർ അശുദ്ധമെന്നു പറയും. അതിനു പ്രത്യേകിച്ച് കാരണമൊന്നുമില്ല. അവർ പഠിച്ചുവച്ചിരിക്കുന്നത് അങ്ങനെയാണെന്നതൊഴികെ. അതുവിട്ട് മറ്റൊന്ന് പഠിക്കാൻ അവർ തയ്യാറല്ല. അത് പഠിപ്പിക്കാൻ പരിശ്രമിക്കുന്നത് ദൈവമാണെങ്കിൽ പോലും! പഠിക്കുവാനുള്ള ആത്മാവ് (A teachable spirit) ഇല്ലാത്തവരാണവർ.

പഠനക്ഷമയില്ലാത്തവൻ മാറ്റത്തിനു തയ്യാറാവുകയില്ല. തനിക്കായി നല്കപ്പെട്ട മൃഗങ്ങൾ ശുദ്ധിയില്ലാത്തവയാണ് എന്ന പത്രോസിന്റെ മുൻവിധി ദൈവവചനത്തെ അവന്റെ ഉള്ളിലേക്കു കടക്കാതെ തടുത്തു നിർത്തുന്നു. അവനെ പഠിപ്പിക്കാൻ കർത്താവ് കാര്യമായി പരിശ്രമിക്കുന്നുണ്ട്. മൂന്നുവട്ടം കർത്താവ് അവനോട് പറഞ്ഞു: "പത്രോസേ, അവ അശുദ്ധമല്ല അവയെ ഞാൻ ശുദ്ധീകരിച്ചതാണ്".

സൗമ്യതയില്ലായ്മയുടെ ഏറ്റവും വലിയ പ്രശ്നം സത്യം അറിഞ്ഞാലും അതിനെ അനുസരണമാക്കി മാറ്റാൻ ഒരുവനു കഴിയുകയില്ലെന്നതാണ്. മൃഗങ്ങൾ ശുദ്ധീകരിക്കപ്പെട്ടതാണെന്ന് മൂന്നു വട്ടം കർത്താവു പറഞ്ഞപ്പോൾ പുതിയൊരു ന്യായീകരണത്തിലാണ് പത്രോസ് തൂങ്ങിക്കിടക്കുന്നത്. അവൻ പറയുന്നു: "ഒരു പക്ഷേ നീ അതിനെ ശുദ്ധീകരിച്ചു എന്നത് ശരിയായിരിക്കാം. ഞാൻ വാദിക്കുന്നില്ല. എന്നാൽ അവ ശുദ്ധമാണെങ്കിലും, അശുദ്ധമാണെങ്കിലും എനിക്കുവേണ്ട. കാരണം ഇതുവരെ ഞാൻ ഇങ്ങനെയുള്ളത് ഒന്നും കഴിച്ചിട്ടില്ല. കുളമ്പ് പിളരാത്ത മൃഗങ്ങളെ തിന്നുന്നതല്ല എന്റെ പാരമ്പര്യം. ഇത്രയും പ്രായമായിട്ടും ഞാനത് കഴിച്ചിട്ടില്ല. ഇനി കഴിക്കാൻ ആഗ്രഹവുമില്ല." വചനത്തെ സൗമ്യതയോടെ

കൈക്കൊള്ളുന്നതിനു പകരം പാരമ്പര്യം കൊണ്ടു തടയുന്നതാണ് ഇവിടെ കാണുന്നത്. പിൻതുടർന്നുപോന്ന വ്യവസ്ഥയെ തള്ളിപ്പറയാൻ അവനു പ്രയാസമാണ്. മലിനമോ അശുദ്ധമായതോ ഒന്നും ഞാൻ ഇതുവരെ തിന്നിട്ടില്ല. ഇതുവരെ ചെയ്തിട്ടില്ലാത്തത് അത് ശരിയാണെങ്കിലും തെറ്റാണെങ്കിലും ഇനി ചെയ്യാൻ ആഗ്രഹമില്ല.

നാം പഠിച്ചുവെച്ചതിൽ നിന്നും വ്യത്യസ്തമായ ഒരു കാര്യം ദൈവവചനം നമ്മോടാവശ്യപ്പെടുമ്പോൾ അതു നമ്മുടെ ചിന്തകൾക്കും രീതികൾക്കും വിരുദ്ധമാണെങ്കിൽതന്നെ സൗമ്യതയോടെ, പഠനക്ഷമതയോടെ അതിനെ സ്വീകരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. മൂന്നു പ്രാവശ്യം കർത്താവ് പത്രോസിനോട്, പുതിയതൊന്നു സ്വീകരിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ അതിനെ സ്വീകരിക്കുവാൻ പത്രോസ് സൗമ്യത കാട്ടിയില്ല. തുപ്പെട്ടി ആകാശത്തേക്ക് തിരിച്ചെടുക്കപ്പെട്ടു. ദൈവവചനത്തെ മുൻവിധി കൂടാതെ സൗമ്യതയോടെ അനുസരിക്കാൻ നാം തയ്യാറാകാത്തതു കൊണ്ടുമാത്രം എത്രയോ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ തിരികെ എടുക്കപ്പെടുന്നു!!

സൗമ്യതയോടെ എന്ന യാക്കോബിലെ വാക്യത്തിന്റെ മറ്റൊരു അലങ്കാര പ്രയോഗമാണ് പത്രോസിന്റെ ലേഖനത്തിൽ നാം കാണുന്നത്. *"ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ". (1 പത്രോസ് 2:2)*

ഇപ്പോൾ ജനിച്ച കുഞ്ഞിന് ആകെ ആവശ്യമായിരിക്കുന്നത് മുലപ്പാൽ മാത്രമാണ്. കുഞ്ഞിന് മുലപ്പാൽ മാത്രം മതിയോയെന്ന് ചിലരെങ്കിലും സംശയിച്ചേക്കാം. നവജാത ശിശുവിന് മുലപ്പാൽ മാത്രം മതിയെന്നാണ് വൈദ്യശാസ്ത്രം പറയുന്നത്. അത് സമ്പൂർണ്ണാഹാരമാണ്. അതുകൊണ്ട് എത്ര ദരിദ്രയായ അമ്മയ്ക്കും സമ്പൂർണ്ണാഹാരം കൊടുത്ത് തന്റെ കുഞ്ഞിനെ ചില ദിവസത്തേക്കെങ്കിലും വളർത്താം. വചനം പുതുവിശ്വാസിയുടെ സമ്പൂർണ്ണാഹാരമാണ്.

പ്രായമായ കുഞ്ഞുങ്ങൾ പലരും പാൽ അതായിത്തന്നെ കുടിക്കാൻ താല്പര്യപ്പെടുന്നില്ല. ഒരാൾക്ക് പാലിൽ അല്പം ചായ ഒഴിച്ചേ മതിയാകൂ. മറ്റൊരാൾക്ക് പാൽ നേർപ്പിച്ച് ചോക്കലേറ്റ് പൊടി ഇടുന്നതാണിഷ്ടം. എന്നാൽ ഇപ്പോൾ ജനിച്ച ശിശുവിന് അതൊന്നും ആഗ്രഹമില്ല. ശുദ്ധമായ മുലപ്പാൽ മാത്രമാണ് അത് വാഞ്ഛിക്കുന്നത്. അതുപോലെ നാമും വചനമെന്ന മായമില്ലാത്ത (മറ്റൊന്നും കലർത്താത്ത) പാൽ കുടിപ്പാൻ വാഞ്ഛിക്കണമെന്നാണ് പത്രോസ് ആവശ്യപ്പെടുന്നത്.



യാക്കോബിന്റെ ലേഖനത്തിൽ വചനം സൗമ്യതയോടെ ഉൾക്കൊള്ളണം എന്നു പറയുമ്പോൾ പത്രോസ് പറയുന്നത് അതിനായ് തീക്ഷ്ണതയോടെ വാഞ്ഛിക്കണമെന്നാണ് - ഒന്ന്, തരുന്നതിനെ സ്വീകരിക്കുന്നതാണെങ്കിൽ, രണ്ടാമത്തേത്, അതിനായി തേടിച്ചെല്ലുന്നതാണ്. ഈ രണ്ട് അവസ്ഥകളും നമുക്ക് അത്യന്താപേക്ഷിതമാണ്. കേൾക്കുന്ന വചനത്തെ വികാരങ്ങളുടെ ശരിയായ സംയോഗത്തോടെ നാം സ്വീകരിക്കണം. വചനം നമ്മെ സന്തോഷിപ്പിക്കേണ്ടിടത്ത് സന്തോഷിപ്പിക്കുകയും അനുതപിപ്പിക്കേണ്ടിടത്ത് അനുതപിപ്പിക്കുകയും വേണം. അപ്പോഴേ, നാമത് സൗമ്യതയോടെ കൈക്കൊള്ളുന്നു എന്നു പറയാനാവൂ. അതുപോലെ കൃത്യമായ പഠനക്ഷമതയോടെയാവണം നാം വചനം കൈക്കൊള്ളുന്നത്. ഇന്നലെവരെ നാം ചിന്തിച്ച ചിന്തകളെ വചനത്തിന്റെ അനുസരണത്തിനായി ഉപേക്ഷിക്കുവാനും ഇതുവരെ പരിചയിച്ചിട്ടില്ലാത്ത ഒരു ജീവിതരീതിയെ വചനം ആവശ്യപ്പെടുന്നുവെങ്കിൽ സ്വീകരിക്കുവാനുള്ള വിനയം (സൗമ്യത)നമുക്കുണ്ടാവണം. അതേ സമയം വചനം ലഭിക്കുമ്പോഴൊക്കെ സ്വീകരിക്കുക എന്നു മാത്രമല്ല നവജാതശിശു മുലപ്പാലിനായി എത്ര തീക്ഷ്ണതയോടെ വാഞ്ഛിക്കുന്നുവോ അതുപോലെ വചനത്തിനായുള്ള അഭിവാഞ്ഛ നമ്മെ ഭരിക്കുകയും വേണം.

❖ ❖ ❖

# 9 പാരമ്പര്യവും സമ്പ്രദായങ്ങളും

സൗമ്യതയോടെ വചനം കൈക്കൊള്ളുന്നതിൽ നിന്നും നമ്മെ തടയുന്ന പ്രധാനപ്പെട്ട രണ്ടു ശക്തികളാണ് പാരമ്പര്യവും സമ്പ്രദായങ്ങളും. അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നെങ്കിലും ഇതു രണ്ടും വ്യത്യസ്തമാണ്. പാരമ്പര്യമെന്നത് ഒരു വ്യക്തിയിൽ അയാളുടെ പൈതൃകം നല്കുന്ന ആത്മബോധമാണ്. സമ്പ്രദായങ്ങൾ പൂർവ്വികൻമാർ തുടങ്ങിവെച്ച ആചാരങ്ങളുടെ തെറ്റിക്കൂടാത്ത അനുഷ്ഠാനവും!

ഒരു വ്യക്തിയുടെ ജീവിതത്തെ തെറ്റായും ശരിയായും സ്വാധീനിക്കാനുള്ള ശക്തി പാരമ്പര്യത്തിനുണ്ട്. പാരമ്പര്യത്തെക്കുറിച്ചുള്ള പക്വമായ ഓർമ്മയും അവബോധവും ഒരാളെ മാന്യനും വിശാലഹൃദയനുമാക്കുന്നു. പലപ്പോഴും ഒരാളുടെ നല്ല പെരുമാറ്റത്തെ - അതിഥി സൽക്കാരത്തെയും മറ്റും പ്രകീർത്തിക്കാനായി, അതാണ് അയാളുടെ പാരമ്പര്യം എന്നു നാം പറയാറുണ്ടല്ലോ.

എന്നാൽ, പാരമ്പര്യത്തെക്കുറിച്ചുള്ള തെറ്റായ അവബോധം ഒരുവനെ അഹങ്കാരിയോ വിഡ്ഢിയോ ഒക്കെ ആക്കിത്തീർക്കുന്നു. പൈതൃക ചിന്തകൾ അവനെ വിശാലതയിലേക്കല്ല, സങ്കുചിതത്വത്തിലേക്കാണു നടത്തുന്നത്. അങ്ങനെയുള്ളവർ വിഡ്ഢിത്തങ്ങൾ ആവർത്തിക്കുമ്പോഴും നാം പറയും: "അയാളിൽ നിന്ന് നമുക്കതേ പ്രതീക്ഷിക്കാനാവൂ; അതാണ് അയാളുടെ പാരമ്പര്യം".



ജീനുകളിലൂടെ പകർന്നു കിട്ടുന്നതു മാത്രമല്ല പാരമ്പര്യം. അവൻ ശൈശവം മുതൽ കേട്ടുവരുന്ന പൈതൃക കഥകളും അവൻെറ സമൂഹം അവനിൽ ചെലുത്തുന്ന സ്വാധീനങ്ങളും അവൻെറ പാരമ്പര്യ ചിന്തകളെ വളർത്തുകയാണ്. അങ്ങനെ, തൻെറ സമൂഹം മറ്റു സമൂഹങ്ങളിൽ നിന്നൊക്കെ വ്യത്യസ്തമായ ഒരു സംഘമാണെന്നത് തിരിച്ചറിവ് അവനുണ്ടാകുന്നു. അതാണ് അവൻെറ സ്വാത്മബോധത്തെ (ഐഡൻറിറ്റി) വളർത്തുന്നത്.

എല്ലാ സമൂഹങ്ങൾക്കും അവരുടേതായ പ്രത്യേകതകളുണ്ടാവും. എന്നാൽ, തങ്ങളുടെ സമൂഹം മറ്റു സംഘങ്ങളേക്കാൾ ഉന്നതമാണെന്ന ചിന്ത വരുമ്പോൾ പ്രശ്നം ആരംഭിക്കുന്നു. ഏറ്റം വലിയ പ്രശ്നം, ഈ ചിന്തയുടെ കടിഞ്ഞാണില്ലാത്ത വളർച്ച, തങ്ങളുടെ സമൂഹം സമ്പൂർണ്ണമാണെന്ന ചിന്തയിലേക്ക് അവരെ എത്തിക്കുമെന്നതാണ്.

പലപ്പോഴും പാരമ്പര്യ ചിന്തകൾ മനുഷ്യന് പക്വനെതിനേക്കാൾ വ്യാജമായ ഒരു ഐഡൻറിറ്റിആണു നല്കുന്നത് എന്നത് കഷ്ടം തന്നെ. തങ്ങൾ സമ്പൂർണ്ണമായൊരു സമൂഹത്തിൻെറ ഭാഗമാണെന്നും അതിനാൽ തങ്ങളിൽ നിന്നും മറ്റുള്ളവർ പഠിക്കുന്നതല്ലാതെ തങ്ങൾക്ക് മറ്റുള്ളവരിൽ നിന്ന് ഒന്നും പഠിക്കാനില്ലെന്നുമാണ് അവരുടെ ചിന്ത. അവർ വിജ്ഞാനത്തിനായി ആകെ നോക്കുന്നത് മൺ മറഞ്ഞ അവരുടെ പിതാക്കൻമാരിലേക്കു മാത്രമായിരിക്കും.

യഹൂദൻെറ പ്രശ്നവും അതു തന്നെയായിരുന്നു. സമ്പൂർണ്ണ നിയമത്തിൻെറയും സമ്പൂർണ്ണ ആത്മീയതയുടെയുംകുത്തകക്കാരെന്ന് തങ്ങളെത്തന്നെ കരുതിയ യഹൂദന് യേശുവിൻെറ വചനങ്ങൾക്ക് ചെവി കൊടുക്കാൻ കഴിയുമായിരുന്നില്ല.

യേശു യഹൂദന്മാരോടു പറഞ്ഞു: *"എൻെറ വചനത്തിൽ നിങ്ങൾ നിലനിൽക്കുന്നുവെങ്കിൽ..................നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും."* (യോഹന്നാൻ 8:31,32).

അതുകേട്ട് യഹൂദൻമാർക്ക് ആകെ ദേഷ്യം വന്നു: "എന്താ നീയീ പറയുന്നത്? നീയെന്തു ചിന്തിച്ചു? ഞങ്ങൾ അടിമകളെന്നോ? ഞങ്ങൾ അബ്രഹാമിൻെറ സന്തതികളാണ്. ഇന്നുവരെ ഞങ്ങൾ ആർക്കും അടിമകളായിരുന്നിട്ടില്ല. പിന്നെ, നിങ്ങൾ സ്വതന്ത്രർ ആകും എന്ന് നീ പറയുന്നതിൻെറ അർത്ഥമെന്താണ്?"

പാരമ്പര്യം ഒരു മനുഷ്യനെ അന്ധനാക്കുന്നതിൻെറ ഏറ്റവും വലിയ ഉദാഹരണമാണിത്. യഹൂദർ പറയുന്നു: "ഞങ്ങൾ ആർക്കും ഒരു നാളും

അടിമകളായിരുന്നിട്ടില്ല". എന്നാൽ വാസ്തവമെന്താണ്? അവർ ഈജിപ്തിൽ അടിമകളായിരുന്നു. പിന്നീട് അവർ ബാബിലോണിൽ അടിമകളായി. മേദ്യരും പേർഷ്യരും അവരെ അടിമകളാക്കി. പിന്നീട് ഗ്രീസും സിറിയയും അവരെ അടിമകളാക്കി. ഇപ്പോഴോ, "ഞങ്ങൾ ആർക്കും ഒരു നാളും അടിമകളായിരുന്നിട്ടില്ല" എന്നു പറയുന്ന ഈ നിമിഷത്തിൽ അവർ റോമിന്റെ അടിമകളാണ്. അവർ അടിമകളാണെന്ന യാഥാർത്ഥ്യം പറയുന്ന അവർക്കും കേൾക്കുന്ന യേശുവിനും അറിയാം. എന്നിട്ടും ലജ്ജയില്ലാതെ അവർ തങ്ങൾ സ്വതന്ത്രരാണെന്നു വീമ്പിളക്കുന്നു. കള്ളു കുടിച്ച് ഓടയിൽ വീണു കിടക്കുന്ന ഒരുവൻ, "ഇനി രണ്ടു കുപ്പി കൂടെ കുടിച്ചാലും മത്തായി സ്ട്രെയിറ്റായിട്ടു തന്നെ നടക്കും" എന്നു പറയുന്നതുപോലേയുള്ളൂ ഇത്.

അടിമയായിരിക്കുമ്പോഴും അവരെ അഭിമാന വിജ്രുംഭിതരാക്കുന്നത്, അവർ അബ്രഹാമിന്റെ സന്തതികളാണെന്ന ചിന്തയാണ്. ഒരു യഹൂദന് അബ്രഹാമിന്റെ പൈതൃകത്തോളം വലിയതായി ഒന്നുമില്ല. അബ്രഹാമിന്റെ സന്തതിയെന്നതിനാൽത്തന്നെ താൻ സ്വതന്ത്രനും സുരക്ഷിതനുമായിരിക്കുമെന്ന് ഓരോ യഹൂദനും ചിന്തിച്ചു. യാഥാർത്ഥ്യത്തിന്റെ ഭീകരതയെ കാണുവാൻ പോലും അനുവദിക്കാതെ മായികതയുടെ ലോകത്ത് ഒരു ജനതയെ തളച്ചിടുന്ന പാരമ്പര്യത്തിന്റെ ശക്തി എത്ര അപകടകരം!! അടിമയുടെ വിമോചന മന്ത്രവുമായി ഒരുവന്റെ ചങ്ങലകളഴിക്കാൻ ചെല്ലുന്ന രക്ഷകനോട് താൻ ബന്ധിതനേയല്ല എന്ന് അടിമ പറഞ്ഞാൽ എന്താണു സ്ഥിതി? വചനം സ്വാതന്ത്ര്യമന്ത്രവുമായി യഹൂദനെ തേടിയെത്തിയപ്പോൾ പാരമ്പര്യത്തിന്റെ ഭ്രാന്തു പിടിച്ച യഹൂദൻ പറയുന്നു: "ആ വചനം ഞങ്ങൾക്കാവശ്യമില്ല; കാരണം, ഞങ്ങൾ അടിമകളല്ല."

അബ്രഹാമിന്റെ പാരമ്പര്യം പറയുന്ന യഹൂദരോട് യേശു വീണ്ടും സംവദിക്കുന്നു: "ശരിയായിരിക്കാം. നിങ്ങൾ അബ്രഹാമിന്റെ സന്തതി തന്നെ. എന്നാൽ എന്തുകൊണ്ട് നിങ്ങൾ എന്റെ വാക്കുകളെ ശ്രദ്ധിക്കുന്നില്ല? പിതാവിന്റെ സന്നിധിയിൽ നിന്നു കേട്ടിട്ടുള്ളതു മാത്രമാണ് ഞാൻ പ്രസ്താവിക്കുന്നത്. പിതാവിൽ നിന്നു കേട്ടത് നിങ്ങൾ ചെയ്യേണ്ടതല്ലേ?" (യോഹന്നാൻ 8:38)

അവർ പറയുന്നത് ശ്രദ്ധേയമാണ്: "നീ പറയുന്നതൊന്നും ഞങ്ങൾക്കു മനസ്സിലാകുന്നില്ല.ഞങ്ങൾക്കറിയാവുന്നകാര്യം ഞങ്ങൾ അബ്രഹാമിന്റെ മക്കൾ എന്നതു മാത്രമാണ്." (യോഹന്നാൻ 8:39)



പാരമ്പര്യം വരുത്തിയ വിന നോക്കൂ. സ്വാതന്ത്ര്യത്തിന്റെ വചനത്തെ അവർക്കു കേൾക്കാൻ താൽപര്യമില്ല. (അടിമകളാണെന്ന യാഥാർത്ഥ്യമെങ്കിലും ഗ്രഹിച്ചിട്ടുവേണ്ടെ, സ്വാതന്ത്ര്യത്തിന്റെ വചനത്തെക്കുറിച്ച് ആലോചിക്കാൻ). അവർക്ക് ആകെയറിയാവുന്ന യാഥാർത്ഥ്യം, അവർ അബ്രഹാമിന്റെ സന്തതികളാണ് എന്നതാണ്. പാരമ്പര്യമൊഴികെ മറ്റൊന്നും അവർക്ക് യാഥാർത്ഥ്യമല്ല.

ഒടുവിൽ യേശു പറയുന്നു: "നിങ്ങൾ അബ്രഹാമിന്റെ സന്തതികളെങ്കിൽ അത് തെളിയിക്കൂ. പാരമ്പര്യം വാക്കുകൾ കൊണ്ടല്ല, പ്രവൃത്തികൾ കൊണ്ടാണു തെളിയിക്കേണ്ടത്. അബ്രഹാമിന്റെ സന്തതികൾ അബ്രഹാം ചെയ്തതു തന്നെ ചെയ്യണം."

എന്തായിരുന്നു അബ്രഹാം ചെയ്ത പ്രവൃത്തി? ദൈവത്തിന്റെ സന്ദേശവുമായി - സന്തതിയുടെ വാഗ്ദത്തവുമായെത്തിയ ദൂതൻമാരെ ബഹുമാനത്തോടെ സൽക്കരിച്ചു. (ഉല്പത്തി 18:1-8). തന്റെ വാക്കുകൾ മാനുഷികമല്ലെന്നും പിതാവിന്റെ സന്നിധിയിൽ താൻ കണ്ടിട്ടുള്ള കാര്യങ്ങൾ മാത്രമാണ് താൻ സംസാരിക്കുന്നതെന്നും യേശു പറയുന്നുണ്ട്. (വാക്യം 38,40) മറ്റൊരു രീതിയിൽ യേശുവും ദൈവത്തിന്റെ സന്ദേശവാഹകനാണ്. എന്നിട്ടും അബ്രഹാമിന്റെ സന്തതികൾ ദൈവത്തിന്റെ സന്ദേശവുമായെത്തിയ യേശുവിനെ (അബ്രഹാം ചെയ്തതുപോലെ) സ്വീകരിക്കുവാനല്ല, കൊല്ലുവാനാണ് നോക്കുന്നത്. അതിന്റെ കാരണം പാരമ്പര്യ ചിന്തകൾ അവരിൽ നൽകുന്ന തെറ്റായ അവബോധം തന്നെ.

യോഹന്നാന്റെ സുവിശേഷം 8-ാം അദ്ധ്യായം വായിച്ചാൽ, യഹൂദർ മിക്കപ്പോഴും ദൈവവചനത്തെ നിഷേധിക്കുന്നത് അബ്രഹാമിന്റെ പേരിലാണ്. (33 മുതൽ 40 വരെ വാക്യങ്ങൾ ശ്രദ്ധിക്കുക.)

അബ്രഹാമിന്റെ സന്തതി എന്ന ആത്മബോധം അവരിൽ തെറ്റായ ദിശയിലാണു പ്രവർത്തിക്കുന്നത്. അബ്രഹാമിന്റെ സന്തതിയായതിനാൽ അബ്രഹാമിനെപ്പോലെ ജീവിക്കണം എന്നവർ ആഗ്രഹിക്കുന്നില്ല. പകരം പാരമ്പര്യത്തിന്റെ നന്മകളെ അവഗണിച്ച് അതിന്റെ ഉപരിപ്ലവവും വികലവുമായ അവബോധത്തെയാണ് അവർ ഉൾക്കൊള്ളുന്നത്.

പിന്നീടു നാം കാണുന്നത്, അബ്രഹാമിന്റെ സന്തതിയെന്ന രൂക്ഷമായ അവബോധം മറ്റൊരു തലത്തിലേക്ക് വളരുന്നതാണ്- ആർക്കും അബ്രഹാമിനെക്കാൾ വലിയവരാവാനാവില്ല എന്ന ചിന്തയാണ് അവർക്കിപ്പോൾ.

വചനവുമായി - ജീവന്റെ വചനവുമായി യേശു യഹൂദരെ വീണ്ടും

സമീപിക്കുന്നു. *"എന്റെ വചനം പ്രമാണിക്കുന്നവൻ ഒരു നാളും മരണം കാണുകയില്ല"* എന്ന് യേശു പറഞ്ഞു. (യോഹന്നാൻ 8:51) ജനങ്ങൾ പറയുന്നത് യേശുവിനു ഭൂതമുണ്ടെന്നാണ്. കാരണം, അബ്രഹാമും പ്രവാചകന്മാരും മരിച്ചു. പിന്നെയാണോ, യേശുവിന്റെ വചനങ്ങളെ പ്രമാണിക്കുന്നവൻ അമർത്യനാവുന്നത്? *"ആരാണെന്നാണ് നിന്റെ ചിന്ത? ഞങ്ങളുടെ പിതാവായ അബ്രഹാമിനേക്കാൾ വലിയവനാണോ നീ? അബ്രഹാം മരിച്ചു; പ്രവാചകൻമാരും മരിച്ചു. പിന്നെ നീ പറയുന്ന വാക്കുകൾ എങ്ങനെ നടക്കും?"* അവർ ചോദിച്ചു. (യോഹന്നാൻ 8:52,53)

കർത്താവിന്റെ വചനത്തിനു ലഭിക്കേണ്ട ഇടം പാരമ്പര്യം കയ്യടക്കുന്ന സ്ഥിതി ഇന്നും സാധാരണം തന്നെ. അതുകൊണ്ട് പലരും കർത്താവിനെ കൊല്ലാൻ നോക്കുന്നു (യോഹന്നാൻ 8:37) യഹൂദരെപ്പോലെ നാം അക്ഷരാർത്ഥത്തിൽ യേശുവിനെ കൊല്ലുവാൻ നോക്കുന്നില്ലായിരിക്കാം. എന്നാൽ നമ്മിൽ ക്രിസ്തു വളരാൻ നാം അനുവദിക്കാതിരിക്കുമ്പോൾ നാം ക്രിസ്തുവിനെ കൊല്ലാൻ നോക്കുകയാണ്. കർത്താവിന്റെ വചനത്തിന് നമ്മിൽ ഇടമില്ലാത്ത കാലത്തോളം കർത്താവ് നമ്മിൽ മരിക്കുന്നു.

ആധുനിക കാലത്ത് പാരമ്പര്യം വചനത്തിൽ നിന്ന് നമ്മെ എങ്ങനെ അകറ്റുന്നു എന്ന് ചിന്തിക്കുക.യഹൂദൻമാരുടെ പാളിച്ചകൾ തന്നെയാണ് ഏതാണ്ട് നമുക്കും ഭവിക്കുന്നത്. യഹൂദന് അബ്രഹാം വിഗ്രഹമായിരുന്നതുപോലെ നമുക്കും സഭയിൽ പല വിഗ്രഹങ്ങളുമുണ്ടാകാം. ഒരു പക്ഷെ മൺമറഞ്ഞുപോയ നമ്മുടെ സഭാസ്ഥാപകർ: അല്ലെങ്കിൽ ജീവിച്ചിരിക്കുന്ന ചില നേതാക്കൾ! അവരിൽ പലർക്കും നാം 'തെറ്റിക്കൂടായ്മ' കല്പിച്ചതുപോലെയാണ്. വചനത്തിന്റെ സത്യങ്ങൾ പ്രഘോഷിക്കപ്പെട്ടാൽ പോലും അത് ശ്രദ്ധിക്കാനല്ല നമുക്കു താൽപര്യം. "നമ്മുടെ പിതാക്കന്മാർ!" എന്നൊക്കെ പറഞ്ഞ് നാം ബഹളമുണ്ടാക്കും. യഹൂദർ അബ്രഹാമിനെ പിതാവ് എന്നു വിളിച്ചു പൂജിച്ചിരുന്നപ്പോഴും അബ്രഹാമിന്റെ ജീവിതത്തെ അനുഗമിക്കുവാൻ അവർ തയ്യാറായിരുന്നില്ല എന്നതുപോലെ, ആധുനിക കാലത്തും "ഞങ്ങളുടെ സഭ" "ഞങ്ങളുടെ പിതാക്കന്മാർ" എന്നൊക്കെ പറഞ്ഞ് പാരമ്പര്യത്തിൽ പുകഴുന്നതല്ലാതെ യഥാർത്ഥത്തിൽ പിതാക്കന്മാരുടെ വിശ്വാസത്തെയോ ജീവിതത്തെയോ പിൻ തുടരുവാൻ ഈ ബഹളം കൂട്ടുന്നവർ തയ്യാറാവുന്നില്ലെന്നതാണു വാസ്തവം.

ജോണിന്റെ വിശ്വാസ പ്രഖ്യാപനം പോലേയുള്ളു പലരുടെയും പാരമ്പര്യ ബോധം. ഒരു മാന്യനായ വ്യക്തി ജോണിനോടു ചോദിച്ചു. "ജോൺ എന്താണ് നിങ്ങളുടെ സഭയുടെ വിശ്വാസം?"



ജോണിന് അതു വിശദീകരിക്കാൻ അറിയില്ലായിരുന്നു. അതുകൊണ്ട് അവൻ പറഞ്ഞു: "അത്.......എന്റെ വിശ്വാസം തന്നെയാണ് എന്റെ സഭയുടെയും വിശ്വാസം."

"അതു ശരി. എന്താണ് ജോണിന്റെ വിശ്വാസം?" അദ്ദേഹം ചോദിച്ചു.

"അത് സർ.........എന്റെ സഭയുടെ വിശ്വാസം തന്നെയാണ് എന്റെയും വിശ്വാസം" ജോൺ ഉരുണ്ടുകളിച്ചു.

"അതിരിക്കട്ടെ, എന്താണ് ജോണിന്റെയും ജോണിന്റെ സഭയുടെയും വിശ്വാസം?" മാന്യൻ വിടാൻ ഭാവമില്ല.

"അതുരണ്ടും ഒന്നു തന്നെയാണു സർ!"ജോൺ വിദഗ്ദ്ധമായി രക്ഷപ്പെട്ടു.

എന്താണ് തന്റെ വിശ്വാസം എന്ന് ജോണിന് അറിയില്ല എന്നതു പോട്ടെ, എന്താണു തങ്ങളുടെ വിശ്വാസം എന്ന് ഇപ്പോൾ സഭയ്ക്കും അറിയാൻ വയ്യാത്ത അവസ്ഥ വന്നിരിക്കയാണ്. എന്നിട്ടും നമ്മൾ പാരമ്പര്യ വിശ്വാസത്തിൽ അഭിമാനം കൊള്ളുന്നു.

ദൈവം ഓരോ പുതിയ പാഠം പഠിപ്പിക്കാൻ പരിശ്രമിക്കുമ്പോഴും പാരമ്പര്യം അതിനു വിലങ്ങുതടിയായി നില്ക്കുന്നു. ഒരു കാര്യം നാം ഓർക്കണം പിതാക്കന്മാർക്കും തെറ്റുപറ്റിയിരിക്കാം. തെറ്റു പറ്റാത്തത് ദൈവത്തിനും അവന്റെ വചനത്തിനും മാത്രമാണ്.

യഹൂദർ മാത്രമല്ല ശമര്യരും 'പാരമ്പര്യ'ത്തിന്റെ തെറ്റായ അവബോധത്താൽ വചനത്തിന് കടകം നില്ക്കുന്നുവെന്നാണ് യേശു ശമര്യക്കാരി സ്ത്രീയുമായി നടത്തിയ സംഭാഷണം വ്യക്തമാക്കുന്നത്.

യേശു യഹൂദ്യയിൽ നിന്നും ശമര്യയിലൂടെ ഗലീലയ്ക്ക് പോവുകയായിരുന്നു. (യോഹന്നാൻ 4-ാം അദ്ധ്യായം) ഇതു തന്നെ യേശു യഹൂദന്റെ പാരമ്പര്യം ലംഘിച്ചുകൊണ്ടു ചെയ്യുന്ന കാര്യമാണ്.

അക്കാലത്ത് യിസ്രായേൽ മൂന്നായി വിഭജിക്കപ്പെട്ടിരുന്നു. തെക്കേയറ്റം യഹൂദ്യ, വടക്കേയറ്റം ഗലീല, ഇടയ്ക്ക് ശമര്യ. യഹൂദർ മുഖ്യമായും യഹൂദ്യയിലും ഗലീലയിലുമായി കഴിഞ്ഞു. ഗലീലയിലുള്ളവർക്ക് യഹൂദ്യയിലേക്കും തിരിച്ചും പോകാൻ ഏറ്റവും എളുപ്പമുള്ള വഴി ശമര്യയിലൂടെയാണ്. എന്നാൽ ശമര്യക്കാരെ അറയ്ക്കപ്പെട്ടവരായി കണക്കാക്കിയിരുന്ന യഹൂദർ, പ്രത്യേകിച്ചും അവരുടെ റബ്ബിമാർ,ശമര്യയിലൂടെ യാത്ര

ചെയ്യാൻ ഇഷ്ടപ്പെട്ടില്ല. അതിനാൽ ശമര്യ ഒഴിവാക്കി, യഥാർത്ഥത്തിൽ ആവശ്യമുള്ളതിനേക്കാൾ ഇരട്ടി സമയം ചെലവഴിച്ച് രണ്ടു പ്രാവശ്യം യോർദ്ദാൻ കടന്ന് അവർ യഹൂദ്യയിൽ നിന്നു ഗലീലയിലേക്ക് യാത്ര ചെയ്തു. എന്നാൽ പാരമ്പര്യത്തിനു കീഴ്പ്പെടാൻ യേശു എന്ന റബ്ബി (ഗുരു) തയ്യാറായിരുന്നില്ല.

ശമര്യയിലൂടെയുള്ള യേശുവിൻെറ യാത്രയിൽ സംഭവിക്കുന്നതെല്ലാം പാരമ്പര്യത്തിൻെറ ലംഘനമാണ്. ഒന്നാമത് യേശു ശമര്യയിലൂടെ യാത്ര ചെയ്യുന്നു. രണ്ടാമത് യേശു ഒരു ശമര്യ വംശജയോട് വെള്ളം ചോദിക്കുന്നു. ശമര്യരും യഹൂദരും തമ്മിൽ ഒരു സമ്പർക്കവുമില്ലാതിരുന്ന കാലത്ത് യഹൂദർ ഒരു ശമര്യവംശജയോട് വെള്ളം ചോദിക്കുന്നത് ആലോചിക്കാൻ പറ്റാത്ത കാര്യമാണ്. "കൂഥ്യനിൽ (ശമര്യക്കാരിൽ) നിന്നു ഭക്ഷണം കൈക്കൊള്ളുന്നവൻ പന്നിയുടെ മാംസം ഭക്ഷിക്കുകയാണ്" എന്ന് യഹൂദ റബ്ബിമാർ പാടി നടക്കുന്ന സമയം! എന്നാൽ യേശു യഹൂദൻെറ പാരമ്പര്യമെല്ലാം മറികടക്കുന്നു.

മറ്റൊന്നു കൂടെ. യേശു ഇവിടെ വെള്ളം ചോദിക്കുന്നത് ഒരു സ്ത്രീയോടാണ്. യഹൂദ റബ്ബിമാർ പൊതുസ്ഥലത്തുവെച്ച് ഒരിക്കലും സ്ത്രീകളോടു സംസാരിച്ചിരുന്നില്ല - അത് സ്വന്തം ഭാര്യയോടോ സഹോദരിയോടോ ആണെങ്കിൽ പോലും.! എന്നാൽ യേശു ആ പാരമ്പര്യത്തെ തകർത്ത്, തനിക്ക് ബന്ധമില്ലാത്ത തൻെറ ജാതിക്കാരിപോലുമല്ലാത്ത ഒരു സ്ത്രീയോട് പരസ്യസ്ഥലത്തുവച്ച് സംസാരിക്കുന്നു.

എല്ലാ പാരമ്പര്യങ്ങളെയും തകർത്ത് യേശു ശമര്യയിലെ സുഖാർ പട്ടണത്തിൽ ഒരു സ്ത്രീയെ തേടി ചെല്ലുമ്പോൾ, സങ്കടകരമായ വസ്തുത യേശുവിൻെറ വചനത്തെ അവൾ തൻെറ പാരമ്പര്യം കൊണ്ടു തടയാൻ പരിശ്രമിക്കുന്നതാണ്.

സുഖാർ പട്ടണത്തിൽ നിന്നും സുമാർ ഒരു കിലോമീറ്റർ ദൂരെയാണ് യാക്കോബിൻെറ കിണർ. യേശു ശമര്യക്കാരി സ്ത്രീയോട് വെള്ളം ചോദിച്ചപ്പോൾ, അവൾക്കത് വിശ്വസിക്കാനായില്ല. "നീ യഹൂദനായിരിക്കെ ശമര്യക്കാരത്തിയായ എന്നോട് വെള്ളം ചോദിക്കുന്നത് എന്ത്" എന്നാണ് അവളുടെ സംശയം. എന്നാൽ യേശു പറഞ്ഞു: "ദൈവത്തിൻെറ ദാനത്തെക്കുറിച്ചും, നിന്നോടു സംസാരിക്കുന്ന - കുടിപ്പാൻ ചോദിക്കുന്ന - വ്യക്തിയെക്കുറിച്ചും നിനക്കറിയില്ല. അറിഞ്ഞിരുന്നെങ്കിൽ നീ അവനോടു ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു."



'ജീവനുള്ള വെള്ളം' എന്തെന്ന് ശമര്യക്കാരി ഗ്രഹിക്കുന്നില്ല - അഥവാ അവൾ തെറ്റായാണു അത് ഗ്രഹിക്കുന്നത്. അവളതിനെ ഭൗതികമായി കാണുന്നു. അവൾ ചോദിക്കുന്നു: യജമാനനെ, നിനക്കു കോരുവാൻ പാത്രമില്ലല്ലോ. കിണർ ആഴമുള്ളതുമാണ്. പിന്നെ നീ എങ്ങനെയാണ് ജീവനുള്ള വെള്ളം എനിക്കു തരുന്നത്?

ജീവനുള്ള വെള്ളം കോരി എടുക്കുന്നതാണ് എന്നാണവളുടെ ചിന്ത! അതിനെ ആത്മീയമായി കാണുവാൻ അവൾക്കു കഴിയുന്നില്ല. അങ്ങനെയൊരു മണ്ഡലത്തിലൂടെ അവൾ സഞ്ചരിച്ചിട്ടില്ല. അവൾ അജ്ഞയാണ്. അജ്ഞയാണെങ്കിലും അവൾക്ക് തൻെറ പാരമ്പര്യത്തെപ്പറ്റി ബോധ്യമുണ്ട്. "നമ്മുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനാണോ നീ? അവനാണ് ഞങ്ങൾക്ക് ഈ കിണർ തന്നത്" എന്നവൾ പറയുന്നുണ്ട്.

ശമര്യർ തങ്ങളെത്തന്നെ യാക്കോബിൻെറ മക്കളായി കണക്കാക്കിയിരുന്നു.യാക്കോബിൻെറ മകനായ യോസേഫിൻെറ മക്കളായ എഫ്രയിമിൻെറയും മനശ്ശെയുടെയും പിൻ തുടർച്ചക്കാരാണ് ശമര്യയിൽ നല്ലൊരു വിഭാഗം. വേദപുസ്തകത്തിലും പല സ്ഥലങ്ങളിലും യിസ്രായേൽ രാഷ്ട്രത്തെ 'എഫ്രയിം' എന്ന പേരിൽ വിളിച്ചിട്ടുണ്ട്. അതുകൊണ്ട് ശമര്യ സ്ത്രീ പറയുന്നത് തെറ്റല്ല. പാരമ്പര്യത്തിൻെറ പ്രശ്നവും അതാണ്. അവർ പറയുന്നതിൽ പലപ്പോഴും സത്യം അടങ്ങിയിരിക്കും. എന്നാൽ പാരമ്പര്യത്തിലുള്ള അവരുടെ തെറ്റായ ഊന്നൽ വചനത്തിനു മുമ്പിൽ സൗമ്യത കാട്ടാൻ അവരെ വിലക്കുന്നു.

അജ്ഞയായ ഈ സ്ത്രീ ധാർമ്മികമായി മറ്റുള്ളവരാൽ പുറന്തള്ളപ്പെട്ടവളുമായിരിക്കണം. അതുകൊണ്ടാവാം പട്ടണത്തിൽ നിന്നും ഒരു കിലോമീറ്റർ ദൂരമുള്ള കിണറിങ്കലേക്ക് ഉച്ചവെയിലിൽ അവളെത്തിയത്. അജ്ഞയും ധാർമ്മികമായി പുറന്തള്ളപ്പെട്ടവളുമെങ്കിലും അവൾ തൻെറ പാരമ്പര്യത്തിൽ 'അഭിമാന വിജൃംഭിത'യാവുകയാണ്. എന്നാൽ കർത്താവു പറയുന്നു - പാരമ്പര്യമല്ല, ജീവിതമാണു വലുത്. എവിടെ, നിൻെറ ഭർത്താവിനെ കൊണ്ടുവരൂ.

ജീവിതത്തെ സ്പർശിച്ചപ്പോൾ ശമര്യ സ്ത്രീക്ക് ഒരു ചലനമുണ്ടായി: ഇവൻ ഒരു പ്രവാചകനാവണം. അവൾ പറയുന്നു. "പ്രവാചകാ, ഞാനൊരു പാപിയാണ്. എന്നാൽ പറയൂ, എവിടെയാണ് എൻെറ പ്രായശ്ചിത്ത നമസ്കാരം ഞാൻ നിർവ്വഹിക്കേണ്ടത്? ഞങ്ങളുടെ പാരമ്പര്യമനുസരിച്ച് ഞങ്ങൾ നമസ്ക്കരിക്കുന്നത് ഈ മലയിൽ (ഗരസിംമല) ആണ്. നിങ്ങൾ പറയുന്നത് യരുശലേമിൽ നമസ്ക്കരിക്കണമെന്നാണ്.

ഏതാണ് ശരി? നീ പ്രവാചകനാണല്ലോ ഞങ്ങളുടെ തർക്കത്തിന് പരിഹാരം കണ്ടെത്തിത്തരിക.

ഗരസിം മലയ്ക്ക് ശമര്യർ ഒത്തിരി പ്രാധാന്യം നല്കിയിരുന്നു.യഹൂദർ യരുശലേമിനെക്കുറിച്ചു പറഞ്ഞിരുന്ന കാര്യങ്ങളെല്ലാം ശമര്യർ ഗരസിമിനെക്കുറിച്ചു പറഞ്ഞു. അബ്രഹാം യിസ്ഹാഖിനെ യാഗം കഴിച്ചത് ഗരസിം മലയിലാണ് എന്നായിരുന്നു ശമര്യർ പഠിപ്പിച്ചത്. മൽക്കി സദേക്ക് അബ്രഹാമിനു പ്രത്യക്ഷമായതും ഗരസിം മലയിൽത്തന്നെ. വാഗ്ദത്ത നാട്ടിലേക്കു പ്രവേശിച്ച് ആദ്യം യിസ്രായേൽ കർത്താവിനു യാഗമർപ്പിക്കുന്നതും ഗരസിം മലയിലാണെന്ന് അവർ പറഞ്ഞു.

(ഗരസിം മലയ്ക്ക് ശമര്യർ നല്കുന്ന പ്രാധാന്യം വ്യക്തമാക്കുന്ന ഒരു കഥ പാലസ്തീനിൽ പ്രചരിച്ചിരുന്നു. ഒരിക്കൽ റബിയോഹന്നാൻ ഗലീലയിൽ നിന്നും ശമര്യയിലൂടെ യരുശലേമിലേക്കു പോവുകയായിരുന്നു. ഒരു ശമര്യൻ അയാളെ പിടിച്ചു നിർത്തി ചോദിച്ചു:"എവിടെ പോകുന്നു?"

"യരുശലേമിലേക്ക് പ്രാർത്ഥിക്കാൻ പോകുന്നു" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

"അതെന്തിന്?" ശമര്യൻ ചോദിച്ചു:"ഈ വിശുദ്ധ പർവ്വതത്തിൽ (ഗരസിം) ആരാധിച്ചാൽ പോരെ? വെറുതെ ആ ശപിക്കപ്പെട്ട യരുശലേമിലേക്കു പോകണമോ?")

അനുതാപമുണ്ടായപ്പോഴും ശമര്യസ്ത്രീയെ സത്യത്തിലേക്കു പ്രവേശിക്കുന്നതിൽ നിന്നു തടഞ്ഞു നിർത്തുന്നത് അവളുടെ പാരമ്പര്യമാണ്. എന്നാൽ യഹൂദൻ പാരമ്പര്യത്തിൽ കടിച്ചുതൂങ്ങി യേശുവിനെ കൊല്ലാൻ പരിശ്രമിച്ചപ്പോൾ,ശമര്യസ്ത്രീ ആത്യന്തികമായി പാരമ്പര്യത്തെ ഉപേക്ഷിച്ച് കർത്താവിന്റെ വചനത്തെ ഉൾക്കൊള്ളുന്ന കാഴ്ചയാണ് നാം കാണുന്നത്.

പാരമ്പര്യം (Traditions)പോലെയോ അതിലധികമോ വചനകേൾവിയെയും സ്വീകരണത്തെയും തടയുന്ന മറ്റൊരു വിപത്താണ് സമ്പ്രദായങ്ങൾ. നേരത്തെ പറഞ്ഞതുപോലെ, സമ്പ്രദായങ്ങൾ പൂർവ്വന്മാർ തുടങ്ങിവെച്ച ചില ആചാരങ്ങളാണ്. (Practices)

പാരമ്പര്യത്തിന്റെ കാര്യത്തിലെന്നപോലെ ആചാരത്തിന്റെ കാര്യത്തിലും, അതിന് മനുഷ്യനെ തെറ്റായും ശരിയായും സ്വാധീനിക്കാനുള്ള കഴിവുണ്ട്. ചില ആചാരങ്ങൾ മനുഷ്യന് ആരോഗ്യപരമായും ധാർമ്മികമായും നന്മ നല്കുന്നുവെങ്കിൽ മറ്റു ചിലതിന്, അതു പൂർവ്വന്മാർ



തുടങ്ങിവെച്ചു എന്നതൊഴികെ മറ്റു പ്രത്യേകതകളൊന്നും കാണില്ല.

സമ്പ്രദായങ്ങളിൽ ചിലതൊക്കെ അർത്ഥ സമ്പുഷ്ടമാണെങ്കിൽ മറ്റു ചിലവ നിരർത്ഥകങ്ങളായിരിക്കും. ഒരിക്കൽ ഒരു ഗുരു പൂജ നടത്തുമ്പോൾ അയാളുടെ പൂച്ച വല്ലാതെ ശല്യമുണ്ടാക്കുമായിരുന്നു. അതിന് അയാൾ ചെയ്തിരുന്നത് പൂജ തുടങ്ങുന്നതിന് അല്പം മുമ്പ് പൂച്ചയെ ഒരു കൂടയിൽ പിടിച്ചിടും, പിന്നെ പൂജ നടത്തും.

ഗുരു മരിച്ചു. ശിഷ്യൻ പൂജ ഏറ്റെടുത്തു നടത്തിത്തുടങ്ങി. അയാളും പൂച്ചയെ അടച്ചിട്ടിട്ടു മാത്രം പൂജ നടത്തി. കുറെ നാൾ കഴിഞ്ഞ് പൂച്ച ചത്തുപോയി. എന്താ പറയുക! പൂജ മുടങ്ങി. പൂജയ്ക്കു മുമ്പ് പൂച്ചയെ കൂടയിലിടണ്ടെ? ഒടുവിൽ എവിടെ നിന്നോ ഒരു പൂച്ചയെ സംഘടിപ്പിച്ച് കൂടയിലടച്ചാണ് പൂജ നടത്തിയത്.

ഇത് നിരർത്ഥകമെങ്കിലും ദോഷമുണ്ടാക്കുന്ന ഒന്നല്ല. എന്നാൽ ചില ആചാരങ്ങൾ നിരർത്ഥകം മാത്രമല്ല ഭീകരവുമായിരിക്കും. അതിന് ഏറ്റം വലിയ ഉദാഹരണമാണ് സതി തുടങ്ങിയ ആചാരങ്ങൾ. ഏതോ ഒരു സ്ത്രീ ഭർതൃവിയോഗത്തിൽ മനം നൊന്ത് ആത്മാഹുതി ചെയ്തിരിക്കാം. അവർ കാണിച്ച അബദ്ധത്തെ ബന്ധുക്കൾ ഒരുപക്ഷെ മഹത്വവത്ക്കരിച്ച് വിവരിച്ചിരിക്കാം. എന്നാൽ അത് വളർന്ന് ഭർത്താവിന്റെ മരണത്തിൽ ഭാര്യ ആത്മാഹുതി ചെയ്തേ പറ്റൂ എന്ന നിലയിൽ 'സമ്പ്രദായം' വളർന്നതാണ് കഴിഞ്ഞ നൂറ്റാണ്ടുകളിൽ നാം കണ്ടത്.

(ഇതൊക്കെ 'ജാതികളുടെ ആചാരങ്ങൾ' എന്നു പറഞ്ഞ് തള്ളിക്കളയാൻ വരട്ടെ. നമുക്കുമുണ്ട് ആചാരങ്ങൾ ഏറെ.)

യഹൂദരുടെയിടയിൽ സമ്പ്രദായങ്ങൾ വരുത്തിവെച്ച വിന മറ്റൊന്നാണ്. അവർ ന്യായപ്രമാണത്തിനു പകരം നിൽക്കാൻ സമ്പ്രദായത്തെ അനുവദിച്ചു. ഒന്നുകിൽ ന്യായപ്രമാണം അനുസരിക്കുക അതിനു കഴിയുന്നില്ലെങ്കിൽ ഇന്നയിന്ന കാര്യങ്ങൾ ചെയ്യുക- ട്രെയിനിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്താൽ ആയിരം രൂപ പിഴയോ, അത് ഒടുക്കിയില്ലെങ്കിൽ മൂന്നു മാസം തടവോ എന്നു പറയുന്നതുപോലെയായി കാര്യങ്ങൾ.

ന്യായപ്രമാണപ്രകാരം ഒരാൾ തന്റെ അപ്പനേയും അമ്മയെയും സംരക്ഷിക്കണം. അത് മകന്റെ ചുമതലയാണ്. അപ്പനെയോ അമ്മയെയോ സംരക്ഷിക്കാതെ അവരെ ദുഷിക്കുന്നവർക്ക് മരണമാണു ശിക്ഷ. എന്നാൽ യഹൂദന് സമ്പ്രദായത്തിന്റെ സഹായത്തോടെ ഈ ശിക്ഷയിൽ നിന്ന് ഊരിപ്പോരാം! "നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടത് വഴിപാട്

എന്നു പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ടതില്ല" (മത്തായി 15:5) എന്ന് സമ്പ്രദായങ്ങൾ പിൻതുടരുന്ന പരീശൻ പറഞ്ഞു. അപ്പനുകൊടുക്കേണ്ടിയിരുന്ന പണം വഴിപാടു കൊടുത്താൽ മതിയത്രെ! സംഗതി ക്ലീൻ.

ഇക്കാലത്തിലേക്ക് ഇത് ഇങ്ങനെ വിശദീകരിക്കാം: മതഭക്തനായ ഒരു മകൻ അപ്പനോടു പറയുന്നു. "അപ്പാ, അപ്പനു തരാനായി ഞാൻ 500 രൂപ മാറ്റിവെച്ചിരുന്നതാണ്. എന്നാൽ എന്തു പറയാൻ! ഞാനത് ക്രൂസ്സേഡു നടത്താൻ കൊടുത്തു" അങ്ങനെ പറഞ്ഞാൽ അവൻ അപ്പനെ സംരക്ഷിക്കേണ്ട ചുമതലയിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നു. (അങ്ങനെ വന്നാൽ മിക്കവാറും അവൻ വഴിപാടുകൊടുക്കുന്നതെല്ലാം അപ്പനു കൊടുക്കാൻ വച്ചിരുന്ന തുകയായിരുന്നിരിക്കും.)

വചനത്തിൻെറ അനുസരണമാണ്, അതിൽ കുറഞ്ഞതൊന്നുമല്ല ദൈവഹിതം എന്നിരിക്കെ പരീശൻ പറഞ്ഞത് മതത്തിനുവേണ്ടി, മതത്തിൻെറ സംരക്ഷണത്തിനുവേണ്ടി വചനത്തിൻെറ അനുസരണത്തിൽ ഇളവുവരുത്താമെന്നാണ്. വൃദ്ധരായ മാതാപിതാക്കൾ അരക്ഷിതരായി കഴിഞ്ഞാലും സാരമില്ല. വഴിപാട് ആലയത്തിലെത്തിയിരിക്കണം.

വചനം അനുസരിക്കുന്നതിനു പകരം മറ്റൊരു 'ഓപ്ഷൻ' കൊടുക്കുമ്പോൾ വചനത്തിൻെറ അനന്യത നഷ്ടപ്പെടുകയാണ് - വചനം ദുർബ്ബലപ്പെടുകയാണ്. പരീശർ ചെയ്തത് വലിയൊരു പാതകം തന്നെ.

"അവർ മാനുഷമായ ഉപദേശങ്ങളെ ദൈവകല്പനയെന്നപോലെ പഠിപ്പിച്ചു." (മത്തായി 15:9) ദൈവകല്പനയുടെ അനുസരണത്തിനു പകരം മാനുഷകല്പനയായ സമ്പ്രദായങ്ങളെ ഉയർത്തിക്കാട്ടി. വചനത്തിനു പകരം സമ്പ്രദായം അനുസരിച്ചാലും മതിയെന്നായി. പിന്നെപ്പിന്നെ വചനാനുസരണത്തെക്കാൾ സമ്പ്രദായം തെറ്റിക്കൂടാത്തതായി.

മതത്തിൻെറ കാവൽക്കാരായ പരീശൻമാർക്ക് സമ്പ്രദായത്തെ തൊട്ടുകളിക്കുന്നത് ആലോചിക്കാൻ കൂടെ കഴിയുമായിരുന്നില്ല. യേശുവിൻെറ ശിഷ്യർ സ്വാതന്ത്ര്യം ആഘോഷിക്കുന്നവരും! അവർ - ശിഷ്യർ - മതപരമായ ഔപചാരിക കൈകഴുകൽ കൂടാതെ ഭക്ഷണം കഴിച്ചു. (ഇത് ഭക്ഷണത്തിനു മുമ്പുള്ള സാധാരണ കൈകഴുകലല്ല. ഒട്ടേറെ സമയമെടുത്ത് പ്രാർത്ഥനകൾ ചൊല്ലി നടത്തുന്ന ഔപചാരിക കഴുകൽ) ഉടനെ പരീശൻമാർ കർത്താവിനോടു ചോദിച്ചു: എന്തുകൊണ്ടു നിൻെറ ശിഷ്യന്മാർ ആചാരപരമായ കൈകഴുകൽ നടത്തിയില്ല? എന്തുകൊണ്ട് അവർ അലംഘ്യമായ പൂർവ്വ സമ്പ്രദായത്തെ ലംഘിച്ചു?



ഇത് തമാശയായിരിക്കുന്നു. വചനമാണ് ലംഘിക്കരുതാത്തത്. വചനത്തിന് ചില ഒഴിവുകഴിവുകൾ എന്ന നിലയിൽ തുടങ്ങിയതാണ് സമ്പ്രദായങ്ങൾ. അതിനു വചനത്തിൻെറ അടിത്തറയൊന്നുമില്ല. എന്നിട്ടിപ്പോൾ സമ്പ്രദായം തെറ്റിക്കൂടാത്തതായിത്തീരുന്നു.

കർത്താവ് പരീശനോടു കയർക്കുന്നു. നിങ്ങൾ 'സമ്പ്രദായ' ത്തിൻെറ സംരക്ഷണത്തിനുവേണ്ടി വചനത്തെ ലംഘിക്കുന്നു.

ഇന്നു സഭയിലും പലപ്പോഴും വചനത്തിനല്ല സമ്പ്രദായത്തിനാണു പ്രാധാന്യം. ഏതെങ്കിലും ഒരു കാര്യത്തിന് എന്താണു വചനത്തിൽ അടിസ്ഥാനം എന്നല്ല നമ്മൾ ചിന്തിക്കുന്നത് - നമ്മുടെ പിതാക്കന്മാർ ഇക്കാര്യത്തിൽ എന്തു നിലപാടെടുത്തു എന്നാണ്. "പിതാക്കൻമാർ ഇട്ട അതിർ നമ്മൾ ഇളക്കി മാറ്റരുത്" എന്ന വചനവും ഉദ്ധരിക്കും. (വചനത്തെ ലംഘിക്കാനുള്ള അവകാശത്തിനായി വചനത്തെത്തന്നെ ഉപയോഗിക്കുന്ന പാപവും കൂടെ തലയിൽ വലിച്ചു കയറ്റിവയ്ക്കുന്നു)

പിതാക്കന്മാരുടെ ആചാരങ്ങളിൽ - സമ്പ്രദായങ്ങളിൽ - കടിച്ചു തൂങ്ങിക്കിടക്കുമ്പോൾ നാം ദൈവവചനത്തിൻെറ സ്വാതന്ത്ര്യത്തെ ഉപേക്ഷിക്കുകയാണ്. ഇംഗ്ലീഷിൽ പുതിയ ബൈബിൾ തർജ്ജമയായ ആർ. എസ്. വി. പുറത്തിറക്കിയപ്പോൾ അത് സ്വീകരിക്കാൻ മിക്കവർക്കും പ്രയാസമായിരുന്നു. അന്ന് നിലവിലിരുന്ന പോപ്പുലർ തർജ്ജമ - കിംഗ് ജയിംസ് വേർഷൻ- ഒഴികെ മറ്റൊന്നും ബൈബിളല്ല എന്നാണ് പലരും ചിന്തിച്ചത് (ചിലരെങ്കിലും ഇപ്പോഴും അങ്ങനെ ചിന്തിക്കുന്നുണ്ട്.) എന്നാൽ ആർ. എസ്. വി. മൂലകൃതിയോട് വളരെ അടുത്ത തർജ്ജമയാണ് എന്ന യാഥാർത്ഥ്യം ആരോ പറഞ്ഞു മനസ്സിലാക്കിയപ്പോൾ ഒരു കെ. ജെ. വി. ഭക്തൻ പറഞ്ഞത്: "അപ്പൊസ്തലനായ പൗലോസിന് കിംഗ് ജയിംസ് തർജ്ജമ മതിയായിരുന്നെങ്കിൽ എനിക്കും അതു തന്നെ മതി" എന്നാണ്. ഇംഗ്ലണ്ടിലെ ജയിംസ് രാജാവിൻെറ നിർദ്ദേശപ്രകാരം പല പണ്ഡിതന്മാർ ചേർന്നിരുന്ന് 1611ൽ പ്രസിദ്ധീകരിച്ചതാണ് കിംഗ് ജയിംസ് വേർഷൻ എന്നും പൗലോസിനു 15 നൂറ്റാണ്ടിനുശേഷമാണ് അത് പുറത്തിറങ്ങിയതെന്നും അദ്ദേഹം ഓർക്കുന്നില്ല.

പാരമ്പര്യങ്ങളും സമ്പ്രദായങ്ങളും നമുക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മാത്രമാണ്. അതിൽ നാം അള്ളിപ്പിടിച്ചു കിടക്കേണ്ടതില്ല. ദൈവം ഓരോരുത്തരോട് ഓരോ രീതിയിൽ ഇടപെടുന്നു. ആ രീതികൾ തെറ്റിക്കൂടാത്തതല്ല.

മാർക്കോസ് 10:46-52 വരെ ഭാഗത്ത് കാണുന്ന സൗഖ്യമായ കുരുടനും യോഹന്നാൻ 9-ാം അദ്ധ്യായത്തിൽ കാണുന്ന കുരുടനും തമ്മിൽ കണ്ടു മുട്ടുന്ന ഒരു രംഗം പ്രൊഫ. മാത്യു പി. തോമസ് വിഭാവന ചെയ്തിട്ടുണ്ട്. ആദ്യത്തെയാളോട് രണ്ടാമത്തെയാൾ ചോദിച്ചു: നീ എങ്ങനെയാണ് സൗഖ്യം പ്രാപിച്ചത്? അവൻ പറഞ്ഞു. കർത്താവ് എന്നോടു "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു; ഞാൻ കാഴ്ചപ്രാപിച്ചു."

എന്നാൽ രണ്ടാമൻ പറഞ്ഞു: " അങ്ങനെ ഒരാൾക്കും കാഴ്ച പ്രാപിക്കാൻ പറ്റുകയില്ല. കാഴ്ച കിട്ടണമെങ്കിൽ യേശു നിലത്തു തുപ്പി, തുപ്പൽ കൊണ്ടു ചേറുണ്ടാക്കി ചേറ് നമ്മുടെ കണ്ണിൽ പുരട്ടി നാം ശീലോഹം കുളത്തിൽ ചെന്നു കഴുകണം. അല്ലാതെ ആർക്കും കാഴ്ച പ്രാപിക്കാൻ പറ്റില്ല."

ഇത്രയും മതിയല്ലോ ഇക്കാലത്ത് സഭ രണ്ടാകാൻ! വ്യർത്ഥമായ പാരമ്പര്യങ്ങൾ സഭയെ വിഭജിക്കുന്നതിന് കാരണമായിത്തീരുന്നു.

പാരമ്പര്യവും സമ്പ്രദായവും വചനത്തിന്റെ സ്ഥാനം കയ്യടക്കാൻ നാം സമ്മതിച്ചുകൂടാ. നിലനില്ക്കുന്നത് വചനം മാത്രമാണ്. വചനത്തെ തടയാനിടയുള്ള പാരമ്പര്യത്തിനും സമ്പ്രദായത്തിനും എതിരെ നാം ജാഗ്രത പുലർത്തേണ്ടതാകുന്നു.

❖ ❖ ❖



# 10 വചനം സ്വാതന്ത്ര്യം

ഗ്രാമീണ ബാങ്കിൽ നിന്ന് കാളിമൂപ്പൻ കാർഷിക വായ്പയെടുത്തത് കുറച്ച് ഏത്തവാഴകൾ കൃഷി ചെയ്യുവാൻ വേണ്ടിയായിരുന്നു. ഗ്രാമസേവകൻ പരമേശ്വരൻപിള്ളയാണ്. ആവശ്യമായ എല്ലാ ഒത്താശകളും ചെയ്തുകൊടുത്തത്. ആദ്യത്തെ ഒരു വർഷത്തേക്ക് പണം തിരിച്ചടയ്ക്കേണ്ട. പിന്നീട് പന്ത്രണ്ടു മാസ തവണകളായി അടച്ചു തീർക്കണം. സ്വന്തം ഭൂമിയിലല്ല കൃഷി; പാട്ടത്തിനാണ്. സ്വന്തമായുള്ള - വീടിരിക്കുന്ന അരയേക്കർ പുരയിടം ജാമ്യമായി കൊടുത്താണ് പണമെടുത്തിരിക്കുന്നത്. പണം തിരിച്ചടയ്ക്കു ന്നതിൽ വീഴ്ചവരുത്തിയാൽ വീട് ജപ്തി ചെയ്തുപോകും.

വായ്പ അഡ്ജസ്റ്റു ചെയ്തു തന്നതിന് ഗ്രാമസേവകന് ഒരു തുക കൊടുക്കേണ്ടിവന്നെങ്കിലും കൃഷി ഭൂമിയിൽ വാഴ വളർന്നുവന്നപ്പോൾ കാളിമൂപ്പൻ സന്തോഷിച്ചു. എന്നാൽ സന്തോഷം അധികനാൾ നീണ്ടു നിന്നില്ല. ഏത്തവാഴകൾ കൂമ്പുവിരിഞ്ഞു നിന്ന സമയത്ത് ചീറിയടിച്ച കാറ്റ് മുഴുവൻ വാഴകളെയും നിലംപരിചാക്കി.

ഭൂവുടമ പാട്ടം കിട്ടണമെന്നു നിർബന്ധം പിടിച്ചു. കാളിമൂപ്പൻ കടവും ഇടവും വാങ്ങി പാട്ടക്കാശ് കൊടുത്തു. പണിയെടുത്തു കടം വീട്ടാമെന്ന വ്യവസ്ഥയിലാണ് പലരും കടം കൊടുത്തത്.പിന്നെയും കാളിമൂപ്പന് ഉറങ്ങാൻ കഴിഞ്ഞില്ല. ബാങ്കിൽ നിന്നെടുത്ത പണം തിരിച്ചടച്ചേ പറ്റൂ. എന്തു ചെയ്യും?

ഇടയ്ക്കിടെ ഗ്രാമസേവകൻ പരമേശ്വരൻ പിള്ളയെത്തും. ബാങ്കിലെ പണം അടയ്ക്കുന്നുണ്ടോ എന്നറിയാൻ.

"ഞാൻ എവിടുന്നടയ്ക്കാൻ സാറെ, എൻെറ കയ്യിൽ ഒരു ചില്ലിയുമില്ല" എന്ന് മൂപ്പൻ പറയും. ശരിയാണ്. വല്ലപ്പോഴും കൂലിപ്പണിക്കുപോയാൽ കിട്ടുന്ന പണം കുടുംബത്തിലെ ചെലവിനു തികയില്ല. പോരാഞ്ഞ് പാട്ടക്കാശു കൊടുക്കാൻ വാങ്ങിയ കടം പലരും തിരിച്ചു പിടിക്കാനും തുടങ്ങി.

12 മാസങ്ങൾ കഴിഞ്ഞു. കാളിമൂപ്പന് ബാങ്കിലെ പണം തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ല. ആഗ്രഹമില്ലാഞ്ഞല്ല - അതിനുള്ള പാങ്ങില്ല.

ഒടുവിലൊരു ദിവസം ഗ്രാമസേവകൻ കാളിമൂപ്പന് ബാങ്കിൻെറ ഒരു നോട്ടീസ് കൊണ്ടുകൊടുത്തു. വായ്പ വാങ്ങിയിട്ട് രണ്ടു കൊല്ലം കഴിഞ്ഞെന്നും എത്രയും വേഗം പണം തിരിച്ചടയ്ക്കണമെന്നും അല്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കുമെന്നുമായിരുന്നു നോട്ടീസ്.

"നിയമനടപടിയെന്നു വെച്ചാൽ ജപ്തിയാ.അല്ലാതെന്തോന്ന് ! പോലീസുകാരും വരും, വീട്ടിലുള്ള സാധനമെല്ലാം വലിച്ചു പുറത്തിടും. നിങ്ങളേം പിടിച്ചു വീട്ടിനു പുറത്താക്കും. വീടടച്ച് സീലുവെയ്ക്കും. എത്രയും വേഗം പണമടയ്ക്കുന്നതാ ബുദ്ധി." ഗ്രാമസേവകൻ പറഞ്ഞു.

അതാണ് ബുദ്ധിയെന്ന് കാളിമൂപ്പനും തോന്നി. എന്നാൽ പണം വേണ്ടെ?

"സാറെ, രക്ഷിക്കണം, എന്നേം കുഞ്ഞുങ്ങളേം വഴിയാധാരമാക്കരുത്. ജപ്തിയില്ലാതെ സാറൊന്നു സഹായിക്കണം." കാളിമൂപ്പൻ ഗ്രാമസേവകൻെറ കരുണയ്ക്കായി അപേക്ഷിച്ചു.

"അയ്യോ, അതിപ്പോൾ ഞാൻ ചിന്തിച്ചാൽ നടക്കുന്ന കാര്യമാണോ? നിങ്ങൾക്കുവേണ്ടി ശുപാർശ ചെയ്തതിനാൽ ഞാൻ തന്നെ ഇപ്പോൾ കുഴപ്പത്തിലായിരിക്കുകയാണ്." പരമേശ്വരൻ പിള്ള പറഞ്ഞു.

ഗ്രാമസേവകൻ നിശ്ചയിച്ചാൽ തന്നെ രക്ഷിക്കാൻ കഴിയും എന്ന് കാളിമൂപ്പന് തോന്നി. അയാൾ വീടിനു പുറകിലേക്കു പോയി, കുടിയിൽ നിന്ന ഒരു ചെറുകുല വെട്ടി ഗ്രാമസേവകൻെറ മുമ്പിലെത്തി. "സാറെ ഇതു സ്വീകരിക്കണം, രക്ഷിക്കണം." കാളിമൂപ്പൻ പറഞ്ഞു.

പിന്നീട് ഇടയ്ക്കിടെ ഗ്രാമസേവകനെത്തും; ജപ്തിക്കാര്യം പറഞ്ഞ് കാളിമൂപ്പനെ പേടിപ്പിക്കും. പഴക്കുലയോ, ചേനയോ, കാട്ടുതേനോ ഒക്കെ സ്വീകരിച്ച് മടങ്ങിപ്പോകും.



മാസങ്ങൾ പലതു കടന്നുപോയി. വാങ്ങിയ പണവും ഇത്രയും വർഷങ്ങളിലെ പലിശയും എല്ലാം കൂടി ഇപ്പോൾ അടയ്ക്കേണ്ട തുക വാങ്ങിയതിൻെറ ഇരട്ടിയിൽ കൂടുതലായി എന്നു ഗ്രാമസേവകൻ പറഞ്ഞു.

കാളിമൂപ്പന് ഇപ്പോൾ ഗ്രാമസേവകനെ കാണുന്നതു തന്നെ പേടിയാണ്. ജപ്തി താമസിയാതെ ഉണ്ടാകും എന്നു തന്നെയാണ് ഗ്രാമസേവകൻ പറയുന്നത്. അത് താമസിക്കുന്നത് ഗ്രാമസേവകൻ ഇടനില നിൽക്കുന്നതുകൊണ്ടു മാത്രം. ഇപ്പോൾ കാളിമൂപ്പൻ ഇടയ്ക്കിടെ പള്ളിക്കൂടമിരിക്കുന്ന കുന്നിൻെറ മുകളിൽ കയറി ഗ്രാമവഴിയിലേക്കു നോക്കും. ജപ്തി ചെയ്യാൻ പോലീസുകാർ വരുന്നുണ്ടോ?

ഒരു ദിവസം സ്കൂളിൻെറ കുന്നിൽ വിഷാദമഗ്നനായി നില്ക്കുന്ന കാളിമൂപ്പനെക്കണ്ട് രവിമാഷ് ചോദിച്ചു: "എന്താ മൂപ്പാ, ഒരു ഭീതിയും വിഷാദവും?"

കാളിമൂപ്പൻ കാര്യമെല്ലാം പറഞ്ഞു. ജപ്തിക്കാര്യം പറഞ്ഞപ്പോൾ കാളിമൂപ്പൻെറ കണ്ണിൽ നിന്ന് നീർക്കണങ്ങൾ ഒഴുകുന്നുണ്ടായിരുന്നു.

എല്ലാം കേട്ടുകഴിഞ്ഞപ്പോൾ രവിമാഷ് ചിരിച്ചു- പൊട്ടിച്ചിരിച്ചു. കാളിമൂപ്പന് ഒന്നും മനസ്സിലായില്ല.

"മൂപ്പാ, ആ ഗ്രാമസേവകൻ പരമേശ്വരൻപിള്ള ഇയാളെ പറഞ്ഞു കളിപ്പിക്കുകയാ. കഴിഞ്ഞ കൊല്ലം വരെയുള്ള എല്ലാ കാർഷിക കടങ്ങളും സർക്കാർ എഴുതിത്തള്ളിയിട്ട് ആറുമാസമായി. അത് പത്രത്തിലുണ്ടായിരുന്നു. മൂപ്പൻ അറിഞ്ഞില്ലെ? ബാങ്കുകാർ തൻെറ കാര്യം ഉപേക്ഷിച്ചു. ഇനി അവർ ജപ്തിക്കുമൊന്നും വരുകേല."

കാളിമൂപ്പൻ വാ പൊളിച്ചിരുന്നുപോയി. ഒരു നിമിഷം വേണ്ടിവന്നു അയാൾക്ക് ബോധം തിരിച്ചുകിട്ടാൻ. പിന്നെ അയാൾ എഴുന്നേറ്റു: "ഓഹാ! അതു ശരി. ഇനി ആ ഗ്രാമസേവകനിങ്ങു വരട്ടെ..........ഞാൻ പഴക്കുല കൊടുക്കുന്നുണ്ട്.......ഹും!"

കാളിമൂപ്പൻ തലയുയർത്തി 'സ്വാതന്ത്ര്യ'ത്തോടെ വീട്ടിലേക്കു പോകുന്നത് രവിമാഷ് നോക്കിനിന്നു ചിരിച്ചു.

എന്താണ് കാളിമൂപ്പനെ 'സ്വതന്ത്ര'നാക്കിയത്? "കാർഷിക കടങ്ങൾ എഴുതിത്തള്ളിയ സർക്കാരിൻെറ നടപടി" എന്ന് നാം പറഞ്ഞേക്കാം. സാങ്കേതികമായി ശരിയാണ്. എന്നാൽ, സർക്കാർ കടങ്ങൾ എഴുതിത്തള്ളി ആറുമാസം കഴിഞ്ഞിട്ടും കാളിമൂപ്പൻ സ്വാതന്ത്ര്യം അനുഭവി

ച്ചില്ലല്ലോ. സ്വതന്ത്രനായിരുന്നെങ്കിലും ആ യാഥാർത്ഥ്യം കാളിമൂപ്പൻ അറിഞ്ഞില്ല. സത്യം അറിഞ്ഞപ്പോൾ മാത്രമാണ് കാളിമൂപ്പന് സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിഞ്ഞത്.

സത്യം അറിയാത്തതു കൊണ്ടുമാത്രം ബന്ധിതരായി കഴിയുന്ന അവസ്ഥ നമുക്കുമുണ്ടാകാം.

*"തന്നിൽ വിശ്വസിച്ച യഹൂദരോട് യേശു പറഞ്ഞു: എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും." (യോഹന്നാൻ 8:36).*

വിശ്വസിച്ചപ്പോൾ തന്നെ അവർ സ്വതന്ത്രരായതാണ്. പുത്രൻ അവർക്ക് സ്വാതന്ത്ര്യം നൽകി. എന്നാൽ ആ സ്വാതന്ത്ര്യം അവർ അനുഭവിക്കുന്നത്, പുത്രത്വത്തിന്റെ സത്യം 'അറിയു'മ്പോൾ മാത്രമാണ്.

"തന്നിൽ വിശ്വസിച്ച"വരോടുള്ള യേശുവിന്റെ വാക്കുകൾ അവർക്കുള്ള ഉപദേശവും അവർക്കുള്ള വാഗ്ദത്തവുമാണ്. അതിന്റെ കുറെക്കൂടെ കൃത്യമായ പരിഭാഷ ഇങ്ങനെയാണ്.

"എന്റെ വചനത്തിൽ നിലനിന്നാൽ യഥാർത്ഥത്തിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണ്. നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും."

ശിഷ്യത്വത്തിന്റെ ഒരു പ്രക്രിയയാണ് ഇവിടെ വരച്ചുകാട്ടപ്പെടുന്നത്.

വിശ്വസിക്കുന്നു → വചനത്തിൽ നിലനിൽക്കുന്നു

→ ശിഷ്യരാവുന്നു → സത്യം അറിയുന്നു →സ്വാതന്ത്ര്യം പ്രാപിക്കുന്നു.

ഈ വാക്യത്തിന്റെ ആദ്യഭാഗം ഉപദേശവും രണ്ടാം ഭാഗം വാഗ്ദാനവുമാണ്. ശ്രദ്ധിച്ചാൽ ഒരു കാര്യം കൂടെ ബോധ്യമാകും. വിശ്വസിക്കുന്നവർ മന:പൂർവ്വമായി ചെയ്യേണ്ട കാര്യം - ചെയ്യാവുന്ന കാര്യം- വചനത്തിൽ നില നിൽക്കുക എന്നതുമാത്രമാണ്. വചനത്തിൽ നില നിൽക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ. ശിഷ്യൻ സത്യം അറിയും; കാരണം അവൻ വചനത്തിൽ നിലനിൽക്കുന്നുണ്ട്. വചനം തന്നെയാണ് സത്യം. (യോഹന്നാൻ 17:17) വചനത്തിന്റെ അറിവിലൂടെ ശിഷ്യൻ സ്വാതന്ത്ര്യം അനുഭവമാക്കുന്നു, സത്യത്തിന്റെ സമ്പൂർണ്ണമായ ഗ്രഹണത്തിനു മുമ്പുതന്നെ - വിശ്വസിച്ചപ്പോൾത്തന്നെ - ശിഷ്യൻ സ്വാതന്ത്ര്യം പ്രാപിച്ചതാണ് എന്നാൽ ആ സ്വാതന്ത്ര്യബോധം അവനു യാഥാർത്ഥ്യമാകുന്നത് സത്യം (വചനം) ഗ്രഹിച്ചപ്പോഴാണ്.



നാം സ്വതന്ത്രരാണെന്ന യാഥാർത്ഥ്യം നാം അറിഞ്ഞേ മതിയാകൂ. ആ അറിവിലേക്കു നമ്മെ നയിക്കുന്നത് വചനമാണ്. വചനത്തിൽ നിലനില്ക്കുന്നവൻ സ്വതന്ത്രനാവുന്നു.

അറിവില്ലായ്മയുടെ പ്രശ്നം ചില്ലറയല്ല. സദൂക്യർ കുടുക്കു ചോദ്യവുമായി യേശുവിന്റെ അരികിലെത്തിയപ്പോൾ യേശു അവരോടു പറഞ്ഞത്: "നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ട് തെറ്റിപ്പോകുന്നു" എന്നാണ് (മത്തായി 22:29) തന്റെ ചുറ്റും കൂടിയ യഹൂദൻമാരോട് അവരുടെ ഏററവും വലിയ പ്രശ്നമായി കർത്താവ് പറയുന്നതും അവരുടെ അജ്ഞതയാണ്.

*"നിങ്ങളോ, ഞാൻ എവിടെ നിന്നു വന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല." (യോഹന്നാൻ 8:14)*

*"നിങ്ങൾ എന്നെ ആകട്ടെ, എന്റെ പിതാവിനെ ആകട്ടെ, അറിയുന്നില്ല." (യോഹന്നാൻ 8:9)*

*"പിതാവിനെക്കുറിച്ച് ആകുന്നു അവൻ തങ്ങളോടു പറഞ്ഞത് എന്ന് അവർ ഗ്രഹിച്ചില്ല" (യോഹന്നാൻ 8:27)*

"അറിവില്ലായ്മ പാപമല്ലല്ലോ" എന്നാണ് ചിലരുടെ ആശ്വാസം. ആയിരിക്കാം. അല്ലായിരിക്കാം. എന്നാൽ അറിവില്ലായ്മ മിക്കപ്പോഴും ക്ഷമിക്കപ്പെടുന്നില്ല. (Ignorance is not always forgiven) ചിലപ്പോഴൊക്കെ അതിനാൽ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. കർഫ്യൂനാളിൽ പുറത്തിറങ്ങി കളിച്ചാൽ ശിക്ഷ കിട്ടുമെന്ന് തീർച്ച. കർഫ്യൂ നടക്കുന്ന കാര്യം അറിഞ്ഞില്ല എന്നു പറഞ്ഞിട്ടു കാര്യമുണ്ടോ? കർഫ്യൂ പ്രഖ്യാപിക്കപ്പെട്ടതാണ്. അത് അറിയേണ്ടിയിരുന്നു. വചനത്തിൽ നിലനിൽക്കുകയെന്നത് ഓരോ ശിഷ്യന്റെയും ചുമതലയാണ്. അറിവില്ലായ്മയുടെ ആനുകൂല്യത്തിനായി കാത്തിരിക്കുന്നത് ഒരിക്കലും ആശാസ്യമല്ല. അറിയുകയെന്നത് - വചനത്തിൽ നിലനിൽക്കുകയെന്നത് നമ്മുടെ കടമയും കർത്തവ്യവുമാണ്.

ശിഷ്യൻ എന്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ് പ്രാപിക്കുന്നത്?

യേശു തന്നിൽ വിശ്വസിച്ചവരോടു പറഞ്ഞു: "വചനത്തിൽ നിലനിന്നാൽ നിങ്ങൾ സ്വാതന്ത്ര്യം പ്രാപിക്കും."

കേട്ടുനിന്നവർ ചോദിച്ചു: സ്വാതന്ത്ര്യം പ്രാപിക്കുമെന്നോ? അതിനു ഞങ്ങൾ അടിമകളല്ലല്ലോ.

അടിമത്തത്തെപ്പറ്റിയുള്ള അവരുടെ സങ്കല്പത്തിനാണു പ്രശ്നം.

അവരുടെ നോട്ടത്തിൽ അടിമത്തം ഒരു മണ്ഡലത്തിലേ ഉണ്ടാവൂ - രാഷ്ട്രീയ മണ്ഡലത്തിൽ.

യേശു പറഞ്ഞു: നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ഞാൻ ഉദ്ദേശിച്ചത് അതല്ല ('ആമേൻ, ആമേൻ' എന്ന പ്രയോഗത്തിൻെറ അർത്ഥം അതാണ്. ഒരാൾ നമ്മുടെ വാക്കുകൾ തെറ്റിദ്ധരിച്ചാൽ, "ഞാൻ അതല്ല പറഞ്ഞത്, ഞാൻ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് ഇതാണ്" എന്നു നാം പറയാറില്ലേ. അതിനുപയോഗിക്കുന്ന ഒരു അരാമ്യ ശൈലിയാണ് 'ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു 'എന്നത്). രാഷ്ട്രീയത്തേക്കാൾ വളരെ ആഴത്തിലാണ് നിങ്ങളുടെ അടിമത്തത്തിൻെറ വേരുകൾ എന്ന് യേശു പറഞ്ഞു. അത് പാപത്തിലാണ്. "പാപം ചെയ്യുന്നവൻ എല്ലാം പാപത്തിൻെറ ദാസൻ ആകുന്നു" (യോഹന്നാൻ 8:34)

പാപം ചെയ്യുന്നവൻ പാപത്തിൻെറ ദാസൻ; വചനത്തിൽ നിലനിൽക്കുന്നവൻ സ്വാതന്ത്ര്യം പ്രാപിക്കുന്നു. എന്താണിതിനർത്ഥം?

വചനത്തിൽ നിലനിൽക്കുന്നവന് പാപത്തിൽ നിന്നു സ്വാതന്ത്ര്യമുണ്ട്. വചനവും പാപവും വിരുദ്ധചേരിയിൽ നില്ക്കുന്നുവെന്ന് നാം നേരത്തേ കണ്ടു. ആ വസ്തുത ഇവിടെ ഒന്നുകൂടെ ഉറപ്പിക്കപ്പെടുന്നു. എന്നാൽ, കുറെക്കൂടെ ആഴമായ ഒരു ചിന്ത ഇവിടെയുണ്ട്.

കർത്താവ് നമ്മുടെ കഴിഞ്ഞകാലപാപങ്ങളെ മോചിച്ചുവെന്ന് എല്ലാവരും സമ്മതിക്കും. നാം പാപത്തിൻെറ ശിക്ഷയിൽ നിന്ന് വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. എന്നാൽ, പാപത്തിൻെറ ശക്തിയിൽ നിന്നോ?

വിശ്വാസികളിൽത്തന്നെ നല്ലൊരു ശതമാനവും പാപത്തിന് അടിമകളാണ്. "എന്തു ചെയ്യാം! നമ്മൾ ബലഹീനർ, പാപത്തിൻെറ ശക്തിക്ക് അധീനർ, പാപത്തിൻെറ പല്ലുകൾക്ക് ഇരകൾ" എന്നാണ് നമുക്ക് നമ്മെക്കുറിച്ചു തന്നെയുള്ള ചിന്ത. 'വിജയ ജീവിതം അസാധ്യം' എന്ന് പിശാച് ഓരോ ദിവസവും നമ്മോടു പറയുന്നു. ഗ്രാമസേവകൻ കാളിമൂപ്പനെ പേടിപ്പിച്ചതുപോലെ ഓരോ ദിവസവും പിശാച് നമ്മെ 'അടിമകൾ' എന്നു തെറ്റിദ്ധരിപ്പിച്ച് കൂടുതൽ ദാസ്യത്വത്തിലേക്കു നയിക്കുന്നു.

എന്നാൽ വാസ്തവമെന്താണ്? പിശാചിന് നമ്മുടെ മേൽ ഇപ്പോൾ അവകാശമൊന്നുമില്ല. പാപം നമ്മോട് അതിനു കീഴ്പെടാൻ ആവശ്യപ്പെടുമ്പോൾ നാമതിന് കീഴ്പ്പെടേണ്ട ആവശ്യമില്ല. "പാപത്തിന് നമ്മുടെ മേൽ കർത്തൃത്വം നടത്തുവാൻ - പാപത്തിലേക്ക് നമ്മെ വലിച്ചു കൊണ്ടുപോകുവാൻ കഴിയുകയില്ല" (റോമർ 6:14) എന്ന് പൗലോസ്



പറയന്നു. അഥവാ, പാപം എൻെറ മേൽ അധികാരം പ്രയോഗിക്കാൻ പരിശ്രമിക്കുമ്പോൾ ഞാനതിന് വിധേയപ്പെടേണ്ടതില്ല. കാരണം, കർത്താവ് എനിക്ക് പാപത്തിൻെറ ശിക്ഷയിൽ നിന്നു (കഴിഞ്ഞകാല പാപങ്ങൾ) മാത്രമല്ല പാപത്തിൻെറ ശക്തിയിൽ നിന്നു(ഇപ്പോഴത്തെ പ്രലോഭനങ്ങളുടെ ചങ്ങല) കൂടെ വിടുതൽ നല്കിയിരിക്കുന്നു.

അപ്പൊസ്തലനായ പൗലോസിൻെറ ചില വാക്കുകൾ അനവസരത്തിൽ വിശ്വാസികൾ ഉപയോഗിക്കുന്നതു കണ്ടിട്ടുണ്ട്.

*"ന്യായപ്രമാണം ആത്മികം; ഞാനോ ജഡമയൻ പാപത്തിനു ദാസനായി വില്ക്കപ്പെട്ടവൻ തന്നെ.......എൻെറ ബുദ്ധിയോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എൻെറ അവയവങ്ങളിൽ കാണുന്നു. അത് എൻെറ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു. അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?"(റോമർ 7:14-24)*

ഈ വാക്കുകൾ പൗലോസ് റോമാലേഖനമെഴുതുമ്പോഴുള്ള അദ്ദേഹത്തിൻെറ ചിന്തകളാണെന്നു തെറ്റിദ്ധരിക്കരുത്. സ്വന്തശക്തിയിൽ ന്യായപ്രമാണത്തിൻെറ നിയമങ്ങളെ അനുസരിക്കുവാൻ പരിശ്രമിക്കുന്ന ഒരു ഹതഭാഗ്യൻെറ ചിത്രമാണ് പൌലോസ് ഇവിടെ വരച്ചു കാട്ടുന്നത്. സ്വന്ത ശക്തിയിൽ പാപത്തിൽ നിന്നും മോചനം പ്രാപിക്കാൻ പരിശ്രമിച്ചാൽ നമ്മുടെ ഗതിയും ഇതു തന്നെയായിരിക്കും.

എന്നാൽ പൗലോസ് ആ വാക്കുകൾ അവസാനിപ്പിക്കുന്നത് അരിഷ്ടൻെറ വിലാപത്തോടെയല്ല, ഒരു ജയാളിയുടെ ആർപ്പുവിളിയോടെയാണ്.

"നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു" (റോമർ 7:25) കാരണം, പാപത്തിന് മരണത്തിന്, അധീനമായ ശരീരത്തിൽ നിന്നും എന്നെ വിടുവിക്കുവാൻ യേശു ക്രിസ്തുവുണ്ട്.

നാം ഉയരത്തിൽ നിന്ന് - ദൈവത്തിൽ നിന്ന് - ജനിച്ചിരിക്കുന്നതിനാൽ പാപത്തെ ജയിക്കുവാൻ നമുക്ക് ശക്തിയുണ്ട്. "ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപത്തിൽ തുടരുന്നില്ല. ദൈവത്തിൻെറ വിത്ത് അവനിൽ വളരുന്നു. ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവന് പാപത്തിൽ തുടരുവാൻ കഴിയുകയില്ല. അതിൻെറ ആവശ്യമില്ല. (1യോഹന്നാൻ 3:9) ദൈവത്തിൽ നിന്നു ജനിച്ചവന് പാപത്തോടു പോരാടാനുള്ള ശക്തിയുണ്ട്.

വചനത്തിൽ നില നില്ക്കുമ്പോഴാണ് ഈ ശക്തി നമുക്കു സ്വന്തമാക്കാൻ കഴിയുന്നത്. ഒരു പക്ഷെ അത് ശിഷ്യത്വത്തിൻെറ ആദ്യ ദിവസം ആകണമെന്നില്ല. പലപ്പോഴും നാം ശിഷ്യരായശേഷവും പാപത്തിൽ വീണു പോയെന്നിരിക്കാം. എന്നാൽ പാപത്തോടെതിർക്കാനുള്ള ശക്തി കർത്താവ് നമുക്ക് നല്കിയിട്ടുണ്ട്. ആദ്യദിവസം തന്നെ ആ ശക്തി നമുക്കായി ദൈവം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വചനത്തോട് വിധേയത്വം പുലർത്തി വളരുമ്പോൾ ആ ശക്തി നമുക്ക് പൂർണ അളവിൽ ഉപയോഗിക്കാൻ കഴിയും.

വചനത്തോടുള്ള വിധേയത്വവും പാപത്തിൻെറ ശക്തിയിൽ നിന്നുള്ള സ്വാതന്ത്ര്യവും ബന്ധപ്പെടുത്തി പൗലോസ് പറയുന്ന ഒരു വാക്യം ശ്രദ്ധിക്കുക.

*"ഒരിക്കൽ പാപത്തിൻെറ ദാസന്മാർ ആയിരുന്നെങ്കിൽത്തന്നെയും ഇപ്പോൾ നിങ്ങൾ വിധേയത്വം പ്രഖ്യാപിച്ചിട്ടുള്ള വചനത്തെ - നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ഉപദേശത്തെ - ഹൃദയപൂർവ്വം അനുസരിക്കുവാനും പാപത്തിൻെറ പഴയ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ചിട്ട് നിങ്ങൾ നീതിക്ക് അടിമകളായിത്തീരുവാനും ഇടയായിത്തീർന്നതോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു." (റോമർ 6:17, 18)*

ഒരിക്കൽ പാപം പറയുന്നത് ചെയ്യുവാൻ നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ വിട്ടുകൊടുത്തു. എന്നാലിന്ന് നിങ്ങൾ വിധേയത്വം പുലർത്തുന്ന വചനത്തെ - ഉപദേശത്തെ-യാണ് നിങ്ങൾ ഹൃദയപൂർവ്വം അനുസരിക്കുന്നത്! അതിനുള്ള ശക്തി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു.

യോഹന്നാൻ അപ്പൊസ്തലൻെറ ഒരു പ്രസ്താവനകൂടെ കുറിക്കട്ടെ.

*"ബാല്യക്കാരേ, നിങ്ങൾ ശക്തരാകയാലും ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും ഇതു ഞാൻ നിങ്ങൾക്ക് എഴുതുന്നു. (യോഹന്നാൻ 2:14)*

വചനത്തിൽ നിലനില്ക്കുന്ന - വചനത്തിൽ വസിക്കുന്ന - ശിഷ്യൻ, കർത്താവ് അവനു നല്കിയിരിക്കുന്ന സ്വാതന്ത്ര്യത്തെ - പാപത്തിൻെറ ശക്തിയിൽ നിന്നുള്ള സ്വാതന്ത്ര്യത്തെ - അറിയുകയും പാപത്തിൽ നിന്ന് സ്വതന്ത്രനാവുകയും ചെയ്യും. ഓരോ പ്രാവശ്യം പാപത്താൽ പ്രലോഭിപ്പിക്കപ്പെടുമ്പോഴും - ഒരു പക്ഷെ പാപത്തിൽ വീഴുമ്പോഴും - വചനം നമുക്ക് സാന്ത്വനവുമായെത്തും. പാപത്തിന് നാം അധീനപ്പെടേണ്ടതില്ലെന്നും, പാപത്തോടെതിർത്തു നിൽക്കാനുള്ള ശക്തി നമുക്കുണ്ടെന്നും നമ്മെ



ഓർമ്മിപ്പിക്കും. വചനത്തിൽ നില നിൽക്കുന്നവൻ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കും.

വചനം നല്കുന്ന മറ്റൊരു സ്വാതന്ത്ര്യം പുത്രത്വത്തിൻെറ സ്വാതന്ത്ര്യമാണ്. പാപത്തിൻെറ ദാസന്മാരായിരുന്നവർ ഇപ്പോൾ പിശാചിൻെറ സാമ്രാജ്യത്തിൽ നിന്നും ദൈവത്തിൻെറ സാമ്രാജ്യത്തിലേക്കു പ്രവേശിക്കുകയാണ്. ഈ പുതിയ അവസ്ഥയെ 'ദൈവത്തിൻെറ അടിമത്വത്തിലേക്ക് ' എന്നു പറയാമെങ്കിലും (റോമർ 6:17,18) നാം യഥാർത്ഥത്തിൽ ദൈവത്തിൻെറ അടിമത്തത്തിലേക്കല്ല, ദൈവത്തിൻെറ പുത്രത്വത്തിലേക്കാണ് പ്രവേശിച്ചിരിക്കുന്നത്. പുതിയ സ്വാതന്ത്ര്യം പുത്രത്വത്തിൻെറ സ്വാതന്ത്ര്യമാണ്.

ഗോവക്കാരനായ റോബർട്ടിന് കൽക്കട്ടയിലെ ഒരു സന്ദർശനവേളയിലാണ് രണ്ടു വയസ്സുള്ള പുത്രൻ ഡേവിഡിനെ തിരക്കിനിടയിൽ നഷ്ടപ്പെട്ടത്. കുഞ്ഞിനെ കണ്ടുപിടിക്കാനുള്ള എല്ലാ ശ്രമവും പരാജയപ്പെട്ടു. റോബർട്ട് കൽക്കട്ട പോലീസിൽ പരാതി നല്കി. എന്നാൽ പോലീസും പരാജയപ്പെട്ടു. പല വർഷങ്ങൾ കഴിഞ്ഞിട്ടും മകനെപ്പറ്റി ഒരു വിവരവും ലഭിച്ചില്ല. മകനെപ്പറ്റിയുള്ള ഓർമ്മകളിൽ നിന്ന് മോചനം കിട്ടാതെ പിതാവ് ഇടയ്ക്കിടെ കൽക്കട്ടയിലെത്തി. അപ്പോഴൊക്കെ പോലീസ് ഉദ്യോഗസ്ഥരെ കണ്ടു. അനാഥരായ കുട്ടികളെപ്പറ്റി പോലീസിലുള്ള റിപ്പോർട്ടുകളൊക്കെ വിശദമായി പരിശോധിച്ചു. പോലീസ് മേധാവികളിൽ പലരും റോബർട്ടിൻെറ സുഹൃത്തുക്കളായി. ഏറെ വർഷങ്ങൾക്കുശേഷം മോഷണക്കുറ്റത്തിന് ഒരു തെരുവുബാലൻ പോലീസ് പിടിയിലായി. ചോദ്യം ചെയ്യലിൽ ഒരു ഉദ്യോഗസ്ഥന് അവൻ കൽക്കട്ടക്കാരനല്ലായെന്നു തോന്നി. അയാൾ മേലുദ്യോഗസ്ഥനെ വിവരമറിയിച്ചു. റോബർട്ടിൻെറ പരിചയക്കാരനായിരുന്നു ആ ഉദ്യോഗസ്ഥൻ. ഒരു പക്ഷേ, വർഷങ്ങൾക്കു മുമ്പ് കാണാതെ പോയ ഡേവിഡ് ആയിരിക്കാം ഈ കുട്ടി എന്ന് അയാൾക്കു തോന്നി. റോബർട്ട് പറന്നെത്തി. പ്രാകൃത രൂപിയായിരുന്നു ആ കുട്ടി. എന്നിട്ടും പല അടയാളങ്ങളാൽ അത് ഡേവിഡാണെന്ന് റോബർട്ട് തിരിച്ചറിഞ്ഞു. അടുത്ത ദിവസം തന്നെ റോബർട്ട് ഡേവിഡുമായി ഗോവയിലെ വീട്ടിലെത്തി.

കൊട്ടാരം പോലെയൊരു വീട്. തെരുവിൽ വളർന്ന ഡേവിഡിന് എല്ലാം അപരിചിതമായിരുന്നു. അത്താഴം മേശമേൽ വിളമ്പിവെച്ച് വിളിച്ചപ്പോൾ ഡേവിഡ് മടിച്ചു നിന്നു. റോബർട്ട് അടുത്തു ചെന്നു നിർബന്ധിച്ചപ്പോൾ ഡേവിഡ് പറഞ്ഞു: "വേണ്ട സർ!"

“സാറല്ല. ഞാൻ നിന്റെ ‘ഡാഡി’ യാണു മോനെ!” റോബർട്ട് പറഞ്ഞു. കൂടുതൽ നിർബന്ധിച്ചപ്പോൾ അവൻ പ്ലെയ്റ്റിലെ ചോറുമായി നിലത്തു പോയിരുന്നു. - നിലത്തിരുന്നേ അവനു പരിചയമുള്ളല്ലോ. വളരെ പ്രയാസപ്പെട്ടാണ് റോബർട്ട് അവനെ കസേരയിലിരുത്തി ഭക്ഷണം കഴിപ്പിച്ചത്.

രാത്രിയിൽ അവനായൊരുക്കിയിരുന്ന കിടക്ക കണ്ട് അവൻ അത്ഭുതപ്പെട്ടുപോയി. അവന് അതിൽ കിടന്നിട്ട് ഉറക്കം വന്നില്ല. എന്നാൽ രാവേറെച്ചെല്ലും വരെ ഡാഡി അടുത്തു കിടന്ന് അവന്റെ ബാല്യകാല കുസൃതികളെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു. അവന് എല്ലാമൊന്നും മനസ്സിലായില്ലെങ്കിലും അവൻ പതിയെ റോബർട്ടിനെ പിതാവ് എന്ന നിലയിൽ അംഗീകരിക്കുകയായിരുന്നു.

ക്രമേണ ഡേവിഡ് റോബർട്ടിനെ ഡാഡി എന്നു വിളിച്ചു തുടങ്ങി. ഭവനത്തിൽ സ്വാതന്ത്ര്യത്തോടെ ഇടപെടാൻ തുടങ്ങി; തന്നെത്തന്നെ ആ ഭവനത്തിലെ അംഗമായും അവകാശിയായും കാണാൻ തുടങ്ങി.

ഡേവിഡിന്റെ രീതിക്കും ഭാവത്തിനും വ്യത്യാസം വന്നു തുടങ്ങി. അവൻ തീർത്തും റോബർട്ടിന്റെ കുട്ടിയായി. ഇടയ്ക്കിടെ അവൻ കണ്ണാടിയിൽ പോയി നോക്കും; റോബർട്ടിന്റെ രൂപത്തോട് തനിക്കുള്ള സാദൃശ്യം നോക്കി സംതൃപ്തിയടയും.

ഡേവിഡ് കാലക്രമത്തിൽ റോബർട്ടിന്റെ മകനായി രൂപാന്തരപ്പെടുകയല്ല; അവൻ എന്നും റോബർട്ടിന്റെ മകനായിരുന്നു. എന്നാൽ പിതാവുമൊത്തു താമസിച്ചു തുടങ്ങിയിട്ടും ഏറെക്കഴിഞ്ഞാണ് അവൻ പുത്രനെന്ന ബോധ്യത്തിലേക്കും പുത്രത്വത്തിന്റെ സ്വാതന്ത്ര്യത്തിലേക്കും വന്നത്. ആ സ്വാതന്ത്ര്യത്തിലേക്ക് അവനെ നയിച്ചത് നല്ല ആഹാരവും പട്ടുമെത്തയും ഒന്നുമല്ല; അവന്റെ പിതാവിന്റെ വചനങ്ങളാണ്. പിതാവിന്റെ വാക്കുകളിലൂടെ അവൻ പുത്രത്വം അനുഭവിച്ചറിഞ്ഞു.

“ നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവു താനും നമ്മുടെ ആത്മാവോടു സാക്ഷ്യം പറയുന്നു.” (റോമർ. 8:16).

ദൈവത്തിന്റെ ആത്മാവ് നമ്മുടെ ആത്മാവോടു പറയുന്ന സാക്ഷ്യം - വചനം- ആണ് നമ്മുടെ പുത്രത്വത്തെപ്പറ്റി നമുക്കുള്ള ഉറപ്പ്. വചനമാണ് നമുക്ക് പുത്രത്വത്തിന്റെ സ്വാതന്ത്ര്യം അനുഭവമാക്കുന്നത്. പിന്നീട് ആ വചനത്തിനായി നാം കാതോർത്തിരിക്കുകയും ചെയ്യും. “ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു” (യോഹന്നാൻ 8:47)



ഡേവിഡിനോട് ആദ്യം റോബർട്ട് സംസാരിച്ചപ്പോൾ അവൻ പേടിച്ചു. പിതാവായിരുന്നിട്ടുകൂടെ അവൻ റോബർട്ടിനെ ‘സാർ’ എന്നാണു വിളിച്ചത്. എന്നാൽ, വചനം അവനെ പുത്രത്വത്തിന്റെ സ്വാതന്ത്ര്യത്തിലേക്കു നടത്തി. ഇപ്പോഴവൻ റോബർട്ടിന്റെ വാക്കുകൾക്കായി കാതോർക്കുകയാണ്. പിതാവിന്റെ വാക്കുകൾ കേൾക്കാനും അനുസരിക്കാനും കഴിയുന്നത് ഒരു ഭാഗ്യമായി അവൻ കണക്കാക്കുന്നു.

അടുത്തതായി വചനം ഭാവിയുടെ ആശങ്കകളിൽ നിന്ന് നമുക്ക് സ്വാതന്ത്ര്യം നൽകുന്നു.

മാനുഷികമായി നമുക്ക് ഭീതികൾ ഏറെയുണ്ട്. എന്നാൽ വചനത്തിന്റെ വാഗ്ദാനങ്ങൾ കർത്താവിന്റെ കരങ്ങളിൽ നാം സുരക്ഷിതരാണെന്ന ബോധം നമുക്കു നൽകുന്നു. “എന്റെ വചനം പ്രമാണിക്കുന്നവൻ മരണം കാണുകയില്ല” എന്ന് യേശു പറയുന്നു. (യോഹന്നാൻ 8:51)

മരണത്തോളം ഭീതിതമായ ഒന്നുമില്ല - പ്രത്യേകിച്ച് മരണാനന്തര ജീവിതം അനിശ്ചിതത്വത്തിന്റേതാണെങ്കിൽ ! എന്നാൽ, കർത്താവിന്റെ വചനം മരണാനന്തരജീവിതത്തെക്കുറിച്ച് നമുക്ക് സന്തോഷകരമായ ഒരു പ്രത്യാശ നൽകുന്നു.

ക്രിസ്തീയ ജീവിതം എന്നത് മരണാനന്തരം തുടങ്ങുന്ന ഒന്നല്ല. അത് ഇവിടെ, ഈ ഭൂമിയിൽ ആരംഭിക്കുന്നതാണ്. എന്നാൽ അത് ഈ ഭൂമിയിൽ ഒടുങ്ങുന്നതല്ല. അത് മരണാനന്തരവും തുടരുന്നതാണ്. അതുകൊണ്ടാണ് കർത്താവ് നമുക്ക് വാഗ്ദത്തം ചെയ്ത ജീവനെ ‘നിത്യജീവൻ ’എന്നു വിളിക്കുന്നത്. അത് ഈ ലോകത്തിൽ തുടങ്ങുന്നതും വരും ലോകത്തിൽ തുടരുന്നതുമാണ്. ആ വചനത്തിന്റെ മാധുര്യവും ശക്തിയും അറിഞ്ഞതിനാലാണ് പത്രോസ് യേശുവിനോട്: “കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്” (യോഹന്നാൻ 6:68) എന്നു പറയുന്നത്.

വചനം നൽകുന്ന സ്വാതന്ത്ര്യത്തിന്റെ വ്യത്യസ്ത മാനങ്ങളെപ്പറ്റി ആലോചിച്ചുനോക്കൂ!! അതു നമ്മെ പാപത്തിന്റെ ശിക്ഷയിൽ നിന്ന് സ്വതന്ത്രമാക്കുന്നു; പാപത്തിന്റെ ശക്തിയിൽ നിന്ന്, പ്രലോഭനങ്ങളുടെ ദാസ്യത്വത്തിൽ നിന്നുപോലും സ്വാതന്ത്ര്യം നൽകുന്നു. പിശാചിന്റെ അടിമത്തത്തിൽ നിന്ന് വിടുവിച്ച് ദൈവം നമ്മെ പുത്രത്വത്തിന്റെ സ്വാതന്ത്ര്യത്തിലേക്കാണ് കൊണ്ടുപോകുന്നത്! അവിടുത്തെ ഭവനത്തിൽ അവിടുത്തോടൊത്തു വസിക്കുമ്പോൾ നാം ഭാവിയുടെ ആശങ്കകളിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നു.

❖ ❖ ❖

# 11 ലളിതം മനോഹരം

സുനിൽ അറിയപ്പെടുന്ന ഒരു ചിത്രകാരനാണ്. പ്രശസ്തനായിക്കഴിഞ്ഞപ്പോൾ നിരൂപകർ സുനിൽ ചിത്രങ്ങൾക്ക് വ്യാഖ്യാനവുമായെത്തി. പിന്നെ അയാൾ വരച്ചിരിക്കുന്നത് എന്താണെന്ന് നമ്മളറിയണമെങ്കിൽ നിരൂപകർ വ്യാഖ്യാനിച്ചേ മതിയാകൂ എന്നായി. "ആബ്സ്ട്രാക്റ്റ്" ആണ് സുനിലിൻെറ ചിത്രങ്ങൾ എന്ന് നിരൂപകർ പറഞ്ഞു. സുനിലിൻെറ ചിത്രങ്ങളുടെ പ്രദർശനത്തിന് ആളുകൾ ഓടിക്കൂടി. അയാളുടെ ചിത്രം വലിയ വിലയ്ക്ക് വില്ക്കപ്പെട്ടു. ധനികരുടെ സ്വീകരണമുറിയുടെ ചുവരുകൾ സുനിലിൻെറ ചിത്രങ്ങളാൽ അലംകൃതമായി.

ഒരിക്കൽ സുനിലിൻെറ ചിത്രങ്ങളുടെ പ്രദർശനം നടക്കുകയായിരുന്നു. ഒരു പ്രത്യേക ചിത്രത്തെപ്പറ്റി ഒരു ദേശീയ പത്രത്തിൽ നിരൂപകൻ ഇങ്ങനെ എഴുതി.

"അത്ഭുതമായിരിക്കുന്നൂ ഈ ചിത്രം. കാൻവാസിൽ നാം കാണുന്നത് ഒരു നിറകുംഭം. അതിൽ നിന്ന് പരന്നൊരു പ്രതലം. പിന്നെ ആകാശത്തേക്കു നീളുന്ന രണ്ട് കൊമ്പുകൾ.........അതിനപ്പുറം രണ്ട് ചെറിയ കൊമ്പുകളും!! ജന്മത്തിൻെറ നിറവാണു കുംഭം. പ്രതലം അതിനെ തടഞ്ഞു നിർത്തുന്ന മായയുടെ വേതാളമാണ്. എന്താണാ കൊമ്പുകൾ? അത് മായയെ കീറിമുറിച്ച് ആകാശത്തേക്കു തല നീട്ടുന്ന പ്രതീക്ഷയല്ലാതെ മറ്റൊന്നുമല്ല. ചെറിയ കൊമ്പുകളോ,അത് തുടരുന്ന പ്രതീക്ഷയുടെ ചിഹ്നമാണ്........."

എല്ലാം വായിച്ചു കഴിഞ്ഞ് സുനിലിനു സംശയം. തൻെറ ചിത്രത്തെപ്പറ്റിയാണോ നിരൂപകൻ ഇതൊക്കെ പറഞ്ഞിരിക്കുന്നത്? ഏതാണ് ആ ചിത്രം? സുനിൽ തൻെറ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന ഹോളിലേക്കു പോയി നോക്കി.....നിരൂപകൻ വാഴ്ത്തിയ ചിത്രമൊന്നു കാണാൻ! അയാൾക്ക് ചിരിയടക്കാൻ കഴിഞ്ഞില്ല. പ്രദർശന ഹോളിൽ തൻെറ ഒരു ചിത്രം തലതിരിച്ചാണു വെച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ വളരെ ലളിതമാണ് ആ ചിത്രം - ഒരു മേശപ്പുറത്ത് ഒരു യുവതി തലകുനിച്ച് വിഷാദമഗ്നയായിരിക്കുന്നു. തല തിരിച്ചു വച്ചപ്പോൾ യുവതിയുടെ തല 'ജൻമത്തിൻെറ നിറകുംഭ'മായി; മേശയുടെ പ്രതലം മായയുടെ വേതാളമായി; മേശക്കാലുകൾ മായയുടെ പ്രതലത്തെ കീറിമുറിച്ച് ആകാശത്തേക്ക് ഉയർന്നുപോകുന്ന 'പ്രതീക്ഷയുടെ കൊമ്പുകളാ'യി!!

ആരാണു തെറ്റുകാരൻ? പ്രദർശനഹോളിൽ ചിത്രം അടുക്കിയവൻ അതു തലതിരിച്ചുവെച്ചുവെന്നത് ഒന്നാമത്തെ തെറ്റ്. എന്നാൽ കൊടും പാതകം അതല്ല. 'തല തിരിഞ്ഞ വായനയ്ക്ക്' വ്യാഖ്യാനം ചമച്ച നിരൂപകൻെറ 'ബുദ്ധി' തന്നെ. നിരൂപകൻ വ്യാഖ്യാനിച്ചു നശിപ്പിച്ചിരുന്നില്ലെങ്കിൽ കുറെ നേരം നോക്കി നിൽക്കുമ്പോൾ ഒരു സാധാരണക്കാരന് ഈ ചിത്രം തല തിരിച്ചാണു വെച്ചിരിക്കുന്നത് എന്നറിയാനുള്ള ബുദ്ധി ഉദിച്ചേനെ, എന്നാൽ നിരൂപകൻെറ വ്യാഖ്യാനം സുനിലിൻെറ ചിത്രത്തിൻെറ യാഥാർത്ഥ്യത്തിലേക്കു പ്രവേശിക്കുന്നതിൽ നിന്ന് സാധാരണക്കാരനെ അകറ്റിനിർത്തുന്നു.

യഥാർത്ഥത്തിൽ വേദപുസ്തകത്തിൻെറ കാര്യത്തിലും സംഭവിച്ചിരിക്കുന്നത് ഇതാണ്. സാധാരണക്കാരനിൽ നിന്ന് നിരൂപകൻ - വ്യാഖ്യാതാവ് വചനത്തെ പിടിച്ചെടുത്തു. അതിന്, സാധാരണക്കാരനു സ്വപ്നം കാണാനാവാത്ത അർത്ഥമൊക്കെ കൊടുത്തു. തൻെറ സ്വന്തം ചിത്രത്തിൻെറ അർത്ഥം സുനിൽ തന്നെ അറിഞ്ഞത് ചിലപ്പോൾ നിരൂപകൻ അതു കണ്ടെത്തിയപ്പോഴാകണം. ദൈവം പോലും മനസ്സിൽ കണ്ടിട്ടില്ലാത്ത അർത്ഥം സ്റ്റേജുകളിൽ വെച്ചുവിളമ്പുന്ന വ്യാഖ്യാനപ്രസംഗകർ നമുക്കും കുറവല്ല. പലപ്പോഴും വേദപുസ്തകം തലതിരിച്ചു പിടിച്ചു വായിച്ച് നിരൂപകർ അതിനു ഗൂഢമായ വ്യാഖ്യാനങ്ങൾ നൽകി. അങ്ങനെയുള്ള വ്യാഖ്യാനങ്ങൾ അനേകരെ പണ്ഡിതരാക്കി. വലഞ്ഞത് സാധാരണക്കാരനും!

അല്ലെങ്കിൽ ആലോചിച്ചു നോക്കൂ, എബ്രായ ബൈബിളിലെ ഓരോ ഏഴാം വാക്കിനും അക്കങ്ങൾ കൊടുത്ത് കൂട്ടിയോജിപ്പിച്ച് അർത്ഥമുണ്ടാക്കുന്ന 'ബൈബിൾ കോഡു'കാരൻ ആർക്കുവേണ്ടിയാണ് വചനം വ്യാഖ്യാനിക്കുന്നത്?(ബിബ്ലിക്കൽ ന്യൂമറോളജി ഉപയോഗിച്ച് ബിബ്ലിയ ഹെബ്രായിക്ക എന്ന ഹീബ്രു ബൈബിൾ വ്യാഖ്യാനിച്ചെഴുതിയ പുസ്തകമാണ് ബൈബിൾ കോഡ്.) ഇതിന്റെ ലക്ഷക്കണക്കിനു കോപ്പികൾ വിറ്റഴിഞ്ഞു. ബൈബിളിൽ ഒളിഞ്ഞു കിടക്കുന്ന കോഡുകളിൽ നിന്ന് അർത്ഥം പെറുക്കി അയാൾ യിത്സാക്ക് റബ്ബിനെ രക്ഷിക്കാൻ നോക്കിയത്രേ. മേശക്കാൽ തലതിരിച്ചു പിടിച്ചു വ്യാഖ്യാനിക്കുന്നതുപോലെയല്ലേയുള്ളൂ ഇത്?

ദൈവം തന്റെ വചനത്തെ വളരെ ലളിതമാക്കി മനുഷ്യർക്കു നൽകിയിരിക്കുന്നു. അത് അതായിത്തന്നെ സ്വീകരിക്കുവാൻ പലപ്പോഴും നാം തയ്യാറല്ല. നിരൂപകൻ അതിനെ 'ഗൂഢ'മാക്കിയിരിക്കുന്നു. സുനിലാണു ചിത്രം വരച്ചതെങ്കിൽ അത് ലളിതമാവില്ലെന്നും ഗൂഢമായ അർത്ഥം ഒളിഞ്ഞു കിടപ്പുണ്ടെന്നുമാണ് നിരൂപകന്റെ പക്ഷം. ദൈവവചനവും ലളിതമാകാൻ പറ്റില്ലെന്നാണ് സ്റ്റേജുകളിളക്കുന്ന 'പണ്ഡിത'രുടെ മതം. അതുകൊണ്ട് എത്ര ഋജുവായ വേദഭാഗങ്ങളിലും അവർ അക്കങ്ങളും ചിത്രങ്ങളുമാരോപിച്ച് അന്തിക്രിസ്തുവിനെയും ആട്ടുകൊറ്റനെയും കമ്പ്യൂട്ടർ രാജാവിനെയുമൊക്കെ കാണുന്നു. അതുകൊണ്ട് സാധാരണക്കാരനായ വിശ്വാസിക്ക് ഇപ്പോൾ വചനത്തിലെ ഏതു ലളിതമായ ഭാഗവും സ്വന്തമാക്കാൻ പേടിയാണ്. തനിക്കു മനസ്സിലാക്കാൻ കഴിയുന്നത്ര ലളിതമാകാം ബൈബിൾ എന്നു വിശ്വസിക്കാൻ മടി. ഗൂഢമായ വല്ല അർത്ഥങ്ങളും വാക്കുകളിലോ അക്കങ്ങളിലോ മറഞ്ഞിരിപ്പുണ്ടെങ്കിലോ!

കോട്ടയംകാരനായ ജോയി സാറിനോട് (അദ്ദേഹത്തെ കൂട്ടുകാർ സോക്രട്ടീസ് എന്നാണു വിളിക്കുന്നത് - പണ്ഡിതൻ!) ഒരു ഹിന്ദു സുഹൃത്തു ചോദിച്ചു: "ജോയീ, ഇയാൾ ഗീത വായിച്ചിട്ടുണ്ടോ?"

"ഉണ്ടല്ലോ" ജോയിസാർ മറുപടി പറഞ്ഞു.

"എന്നിട്ട് തനിക്ക് മനസ്സിലായോ?" കൂട്ടുകാരന്റെ ചോദ്യം.

"ങ്ഹാ!" ജോയിസാർ ഒന്നു നീട്ടിപ്പറഞ്ഞു.

"എടോ തനിക്ക് ഗീത വായിച്ചിട്ട് ശരിക്കും മനസ്സിലായോ? കൂട്ടുകാരൻ വീണ്ടും ചോദിച്ചു.

"എല്ലാം മനസ്സിലായെന്നു തോന്നുന്നില്ല" ജോയിസാർ വിനയത്തോടെ പറഞ്ഞു.



"മനസ്സിലാകത്തില്ല." ഹിന്ദുസുഹൃത്തിന് ആശ്വാസമായി.

'മനസ്സിലാകത്തില്ല' എന്നതാണ് അദ്ദേഹം ഗീതയുടെ പ്രത്യേകതയായി കാണുന്നത്. അതൊക്കെ മനസ്സിലാക്കാൻ പണ്ഡിതരായ മുനിശ്രേഷ്ഠന്മാർ തന്നെ വേണം.

'മനസ്സിലാകത്തില്ല' എന്നതാണ് ഗീതയുടെ പ്രത്യേകതയെങ്കിൽ, 'മനസ്സിലാകും' എന്നതാണ് ബൈബിളിന്റെ പ്രത്യേകത. മനസ്സിലാകാൻ വേണ്ടിയാണ് ബൈബിൾ എഴുതിയതുതന്നെ - അതും സാധാരണക്കാർക്ക്.

സാധാരണക്കാരന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ഒരു ഭാഗവും ബൈബിളിലില്ലെന്നല്ല. എന്നാലും ആകമാനമായി നോക്കിയാൽ സാധാരണക്കാരന് മനസ്സിലാകും വിധമാണ് ബൈബിൾ എഴുതിയിരിക്കുന്നത് അല്ലാതെ, സാധാരണക്കാരനെ അകറ്റും വിധമല്ല.

നമുക്കറിയാം, ബൈബിളിന്റെ എഴുത്തുകാരിൽ മിക്കവരും സാധാരണക്കാരാണ്. ഗ്രാമീണ പ്രവാചകനായിരുന്ന ശമുവേൽ, ആട്ടിടയനായിരുന്ന ദാവീദ്, അത്തിപ്പഴത്തിന്റെ കൃഷിക്കാരനായിരുന്ന ആമോസ്, പുരോഹിത പാരമ്പര്യം മാത്രമുണ്ടായിരുന്ന യിരെമ്യാവ്, പ്രവാസിയായിരുന്ന യെഹെസ്ക്കേൽ, ചുങ്കക്കാരനായിരുന്ന മത്തായി, വൈദ്യനായ ലൂക്കോസ്, മീൻപിടുത്തക്കാരനായ പത്രോസ്, വാക്കുകൾ കൊണ്ട് ജ്ഞാനം പ്രയോഗിക്കില്ലെന്നു വാശിപിടിച്ച പൗലൊസ്.........

ദൈവം എന്തുകൊണ്ടാണ് വളരെ സാധാരണക്കാരായ വ്യക്തികളെ തന്റെ മഹത്തായ ഗ്രന്ഥം ചമയ്ക്കുവാനായി തെരഞ്ഞെടുത്തത്?

'ബലഹീനപാത്രങ്ങളിൽ തന്റെ ശക്തി വെളിപ്പെടുത്തി മഹത്വമെടുക്കാൻ' എന്ന് ചിലർ കരുതിയേക്കാം. എന്നാൽ, അതിനെക്കാൾ യുക്തിസഹം മറ്റൊരു ചിന്തയാണ്. തന്റെ സന്ദേശം വായിക്കേണ്ടവർ സാധാരണക്കാരായിരിക്കുമെന്ന് ദൈവത്തിനറിയാമായിരുന്നു. അവരതു വായിക്കുമ്പോൾ വാക്കുകളിലും ശൈലിയിലും പോലും വചനം അവർക്ക് അന്യമാവാൻ പാടില്ല. മഹാകവിയായിരുന്ന ഹോമറിനെയോ തത്വചിന്തകനായിരുന്ന പ്ലേറ്റോയെയോ വേദപുസ്തകമെഴുതാൻ ദൈവം ഏല്പിച്ചിരുന്നെന്നു ചിന്തിക്കുക......സാധാരണക്കാരായ നാം തീർച്ചയായും വിഷമിച്ചു പോയേനേ. പ്ലേറ്റോയുടേയോ അരിസ്റ്റോട്ടിലിൻേറയോ എഴുത്തുകളുള്ള ഒരു പുസ്തകമെടുത്ത് വായിച്ചു നോക്കൂ. ഒരു പേജു മറിയാൻ തന്നെ നാം ബുദ്ധിമുട്ടും. അവരിലൂടെയായിരുന്നു ദൈവം തന്റെ സന്ദേശത്തെ

ലോകത്തിനു കൊടുത്തിരുന്നതെങ്കിൽ, അത് ഭൂരിഭാഗം ജനങ്ങൾക്കും അപ്രാപ്യമായിത്തന്നെയിരുന്നേനേ. എന്നാൽ, ദൈവം ലോകത്തിനുള്ള തൻെറ സന്ദേശം സാധാരണക്കാരായ എഴുത്തുകാരുടെ ബുദ്ധിമണ്ഡലത്തിലൂടെ കടത്തിവിട്ട് സാധാരണക്കാരായ ജനങ്ങൾക്ക് പ്രാപ്യമാക്കിത്തീർത്തു.

വേദപുസ്തകത്തെ മനുഷ്യർക്ക് അപ്രാപ്യമാക്കുന്നതാണ് 'പാണ്ഡിത്യം' എന്നു കരുതുന്നവരുണ്ട്. എന്നാൽ അവർ 'വചനത്തിൻെറ ആത്മാവി'നോടു നീതി പുലർത്താത്തവരാണ്. കാരണം വചനം എല്ലായ്പ്പോഴും ലളിതമാക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. അനാദി മുതൽ വചനമായിരുന്ന ദൈവമനസ്സ് (ലോഗോസ്) മനുഷ്യർക്കു പ്രാപ്തമാക്കുന്നതിനായാണ് വചനം ജഡമായി നമ്മുടെയിടയിൽ പാർത്തതു തന്നെ (യോഹന്നാൻ 1:14). വചനത്തിൻെറ ആത്മാവ് ലാളിത്യത്തിൻെറ ആത്മാവാണ്. അതിനെ ഒരു കാരണവശാലും ഗൂഢമാക്കിക്കൂടാ.

ഒരിക്കൽ സെമിനാരിയിൽ നിന്ന് പഠിച്ചിറങ്ങിയ പണ്ഡിതനായ ഒരു യുവാവ് ഒരു ഗ്രാമസഭയിൽ ശുശ്രൂഷയ്ക്കെത്തി. തലയിൽ കൊള്ളാത്ത ദൈവശാസ്ത്ര ചിന്തകളും വായിൽകൊള്ളാത്ത ദൈവശാസ്ത്ര വാക്കുകളുമായിരുന്നു അയാളുടെ പ്രസംഗം മുഴുവൻ. ഒടുവിൽ സഹികെട്ട് സഭയിലെ മൂപ്പൻ ഒരു ദിവസം പറഞ്ഞു: "പാസ്റ്റർ, അങ്ങ് പറയുന്നതൊക്കെ വലിയ കാര്യങ്ങൾ തന്നെ. എന്നാൽ അതെല്ലാം ഞങ്ങളുടെ തലയ്ക്കു മുകളിലൂടെയാണു പോകുന്നത്."

"തലയ്ക്കു മുകളിലൂടെയാണു പോകുന്നതെങ്കിൽ എനിക്കെന്തു ചെയ്യാൻ പറ്റും? നിങ്ങൾ തലയുയർത്തിപ്പിടിച്ചാൽ മതി അപ്പോൾ തലയിൽ കയറും" എന്നായി പാസ്റ്റർ.

"പാസ്റ്റർ അങ്ങു പറഞ്ഞത് ശരിയാണ്. ഞങ്ങൾ തല ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കാം. മനസ്സിലായാൽ ഞങ്ങൾക്കു തന്നെയല്ലേ നല്ലത്! എന്നാൽ പാസ്റ്റർ ഒരു കാര്യം ഓർക്കണം. ദൈവം വലിയ ഇടയനായ പത്രോസിനെപ്പോലും നിയോഗിച്ചത് അവൻെറ കുഞ്ഞാടുകളെ മേയിക്കാനാണ് - അല്ലാതെ, ജിറാഫുകളെ മേയിക്കുവാനല്ല."

വചന വ്യാഖ്യാതാക്കൾ - പ്രസംഗകരും പ്രബോധകരും എഴുത്തുകാരും - ഇക്കാര്യം ശ്രദ്ധിച്ചാൽ നല്ലത്. വചനം സാധാരണക്കാർക്കു പ്രാപ്യമാക്കുകയാണ് ഇന്നത്തെ ആവശ്യം.

അത്മായരോടും ഒരു കാര്യം പറയാതെവയ്യ. വചനത്തിൻെറ ഗ്രഹണത്തിന് ഓരോ വട്ടവും വ്യാഖ്യാതാക്കളെ തേടിപ്പോകേണ്ട കാര്യമുണ്ടോ? സുനിലിൻെറ ചിത്രങ്ങൾ മിക്കതും സാധാരണക്കാരന് ഗ്രഹിക്കാൻ കഴിയുന്നത്ര ലളിതമായിരുന്നു. ഗ്രഹിക്കാൻ കഴിയില്ല എന്ന തോന്നലുണ്ടാക്കിയത് നിരൂപകൻെറ അതിസാമർത്ഥ്യമാണ്. കുത്തക നില നിർത്താനുള്ള അയാളുടെ ഒരു കച്ചവടതന്ത്രമാണതെന്നു കരുതുന്നതാവും കൂടുതൽ ബുദ്ധി.

വചനത്തിന് ചിലപ്പോൾ വ്യാഖ്യാനം ആവശ്യമായി വന്നേക്കാം.

*"ഫിലിപ്പോസ് ഓടിച്ചെല്ലുമ്പോൾ (ഷണ്ഡൻ) യെശയ്യാ പ്രവാചകൻെറ പുസ്തകം വായിക്കുന്നതു കേട്ടു. നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ എന്ന് (ഫിലിപ്പോസ്) ചോദിച്ചതിന്, ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും എന്ന് അവൻ പറഞ്ഞു". (അപ്പൊസ്തല പ്രവൃത്തി. 8: 30,31)*

ഇവിടെ ഷണ്ഡൻ യഹൂദ പശ്ചാത്തലമില്ലാത്ത ഒരു വ്യക്തിയാണെന്നതും, ഈ ഭാഗം യഹൂദൻമാരുടെ പ്രത്യേകതയായ മശിഹൈക പ്രതീക്ഷയെ ഉറപ്പിക്കുവാൻ ഉപയോഗിക്കപ്പെട്ടിരുന്ന ഒരു ഭാഗമാണെന്നതും ഓർക്കണം. അതല്ലെങ്കിൽ ഷണ്ഡന് വ്യാഖ്യാനിയുടെ ആവശ്യം ഉണ്ടാവണമെന്നില്ല.

വ്യാഖ്യാനങ്ങൾക്ക് തീർച്ചയായും പ്രസക്തിയുണ്ട്. എന്നാൽ ബൈബിളിലെ മിക്ക ഭാഗങ്ങളും വ്യാഖ്യാനിയുടെ പ്രത്യേക സഹായം കൂടാതെ തന്നെ മനസ്സിലാക്കാവുന്നതേയുള്ളു. അതിന് ബോധപൂർവ്വമായ ഒരു പരിശ്രമവും പരിശീലനവും ആവശ്യമാണെന്നു മാത്രം.

എപ്പോഴും വ്യാഖ്യാനിയെ തെരയുന്നതിൽ അപകടം ഏറെയുണ്ട്. വചനത്തിൻെറ ലാളിത്യം മനസ്സിലാക്കി തനിയെ ഗ്രഹിക്കുവാൻ പഠിക്കുകയാണ് ആവശ്യം. വചനം നമ്മുടെ സ്വന്തമാക്കണം. സ്വയം പഠിച്ച് മനസ്സിലാക്കണം. "നിങ്ങളിന്ന് എനിക്കൊരു മീൻ തന്നാൽ എനിക്ക് ഇന്നു ജീവിക്കാം; എന്നെ മീൻ പിടിത്തം പഠിപ്പിച്ചാലോ എനിക്ക് എന്നും ജീവിക്കാം" എന്നൊരു ചൊല്ലുണ്ട്. മീൻ പിടിത്തം അറിയില്ലെങ്കിൽ എന്നും നമുക്ക് മീൻ പിടിത്തക്കാരനെ ആശ്രയിക്കേണ്ടിവരും. നമുക്ക് മീൻപിടിത്തം അറിയാമെങ്കിൽ മീൻപിടിത്തക്കാരൻെറ കുത്തക പൊളിയുകയാണ്. മീൻ പിടിത്തക്കാരൻ നല്കുന്ന മീനിനെ വിവേചിക്കാനുള്ള കഴിവും കൂടെ (ഉത്തരവാദിത്തവും കൂടെ) നമുക്ക് കൂടുതലാവുകയാണ്.

വചനം നമുക്ക് സ്വന്തമാകുന്നത് കുത്തകക്കാർക്ക് അല്പം മുറുമുറുപ്പ്

ഉളവാക്കാനിടയുണ്ട്. എന്നാൽ അത് അത്യന്താപേക്ഷിതമായ കാര്യമാണ്. പണ്ട് കത്തോലിക്കർ വിശ്വാസികളെ വചനം വായിക്കാൻ സമ്മതിക്കാതിരുന്ന കാലത്ത് ഒരു ഇടവകാംഗം ബൈബിൾ വായിച്ചുകൊണ്ടിരിക്കുന്നത് പുരോഹിതൻ കണ്ടു "വേദപുസ്തകം നിങ്ങൾ വായിക്കുവാൻ പാടില്ല. അത് വായിച്ചു വ്യാഖ്യാനിക്കുവാൻ ഞങ്ങളുണ്ട്." അച്ചൻ പറഞ്ഞു.

"അച്ചോ, ഞാൻ മിൽക്ക് സ്റ്റോറിൽ നിന്നാണു പാലു വാങ്ങിക്കൊണ്ടിരുന്നത്. എന്നാൽ എപ്പോഴും മായം ചേർത്ത പാൽ കിട്ടുന്നു. അതുകൊണ്ട് ബുദ്ധിമുട്ടാണെങ്കിലും, ശരിക്കും കറക്കാനറിയില്ലെങ്കിലും ഒരു പശുവിനെ ഞാനങ്ങു വാങ്ങി...." വീട്ടുകാരൻ പറഞ്ഞു.

അച്ചൻ ഒന്നും മിണ്ടാതെ മടങ്ങിപ്പോയി എന്നു കഥ.

വചനം സ്വന്തമാകുന്ന പ്രക്രിയയിൽ ആദ്യമുണ്ടാവേണ്ടത് വചനം ദൈവം നൽകിയിരിക്കുന്നത് നമുക്കു വേണ്ടിയാണെന്ന തിരിച്ചറിവാണ്. പഠിച്ചു തുടങ്ങുമ്പോൾ എത്രയോ ലളിതമാണത് എന്നു നാം അറിയും. ക്രമേണ നാമത് ആസ്വദിക്കാൻ തുടങ്ങു. (വേദപുസ്തകത്തിന്റെ ലാളിത്യത്തിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ഒരു ചവിട്ടുപടിയായാണ് ഈ പുസ്തകത്തിലെ പല വേദഭാഗങ്ങളും നിലവിലുള്ള മലയാളം ബൈബിളിലെ പരിഭാഷയെക്കാൾ ലളിതമായ ഭാഷയിൽ എഴുതിയിരിക്കുന്നത്.)

*യഹോവയുടെ ന്യായപ്രമാണം തികവുള്ളത്*

*അതു പ്രാണനെ തണുപ്പിക്കുന്നു.*

*യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു*

*അത്  അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു*

*യഹോവയുടെ ആജ്ഞകൾ നേരുള്ളവ*

*അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.*

*യഹോവയുടെ കല്പന നിർമ്മലമായത്*

*അത് കണ്ണുകളെ പ്രകാശിപ്പിക്കുന്നു.*

*യോഹവഭക്തി നിർമ്മലമായത്*

*അത് എന്നേക്കും നിലനിൽക്കുന്നു.*

*യഹോവയുടെ വിധികൾ സത്യമായവ*



*അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു.*

*അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ*

*തേനിലും തേൻകട്ടയിലും മധുരമുള്ളവ*

*അടിയനും അവയാൽ പ്രബോധനം ലഭിക്കുന്നു*

*(സങ്കീർത്തനം 19:7-11)*

വചനം സങ്കീർത്തനക്കാരനു സ്വന്തമാണ്. അടിയനും അവയാൽ പ്രബോധനം ലഭിക്കുന്നു.

❖ ❖ ❖

# 12 വചനത്തിന്റെ വ്യാഖ്യാനവും പരിശുദ്ധാത്മാവും

വേദപുസ്തകത്തിലെ മിക്ക ഭാഗങ്ങളും വളരെ ലളിതവും സാധാരണക്കാർക്ക് പ്രാപ്യവും ആണെന്ന് നാം കണ്ടു. മിക്കപ്പോഴും അതു മനസ്സിലാക്കാൻ ആവശ്യമുള്ള 'എക്സ്ട്രാ ടൂൾസ്' എന്നു പറയുന്നത് വേദഭാഗങ്ങളുടെ ഒരു പശ്ചാത്തല പഠനം മാത്രമാണ് - വേദപുസ്തക എഴുത്തുകാരൻ ഏതു കാലഘട്ടത്തിന്റെ പ്രതിനിധിയാണ്, ഏതു സാഹചര്യത്തിലാണ് ഇതു പറയപ്പെട്ടിരിക്കുന്നത് തുടങ്ങിയ കാര്യങ്ങളുടെ തിരിച്ചറിവ് ! ഉപയോഗിക്കപ്പെട്ടിരിക്കുന്ന വാക്കുകളുടെ അന്നത്തെ അർത്ഥത്തിലേക്ക് നമുക്കു ചിലപ്പോൾ സഞ്ചരിക്കേണ്ടിയും വന്നേക്കാം. ഇക്കാര്യങ്ങളൊക്കെ സാമാന്യബുദ്ധിയുള്ള ഒരാൾക്ക് വായിച്ചോ ചോദിച്ചോ മനസ്സിലാക്കാവുന്നതേയുള്ളൂ. ഈ വാക്യത്തിൽ ഒളിഞ്ഞു കിടക്കുന്ന ആത്മിക മർമ്മങ്ങൾ എന്ന വീര വാദത്തോടെ 'യുക്തിക്കു നിരക്കാത്ത വൻകാര്യങ്ങൾ' തോന്നുന്ന രീതിയിൽ വ്യാഖ്യാനിക്കുന്നതല്ല ശരിയായ വ്യാഖ്യാന രീതി.

മുകൾ പറഞ്ഞ കാര്യങ്ങളിൽ നിന്നു മനസ്സിലാക്കേണ്ടത് വചനത്തിനു വ്യാഖ്യാനമേ ആവശ്യമില്ലെന്നല്ല. വചന വ്യാഖ്യാനം തീർച്ചയായും അത്യാവശ്യമാണ്. വചന വ്യാഖ്യാനത്തിന്റെ തെറ്റും ശരിയും പറയാൻ പുതിയൊരു പുസ്തകം തന്നെ വേണ്ടിവരും. എന്നാൽ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത് വചന വ്യാഖ്യാനം നമ്മുടെ ആത്മിക ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്നാണ്.

വചനത്തിന്റെ യഥാർത്ഥ വ്യാഖ്യാതാവ് പരിശുദ്ധാത്മാവു തന്നെയാണ്. ആത്മാവു സാക്ഷി നിൽക്കാത്ത ഒരു വ്യാഖ്യാനവും കൃത്യമായ വ്യാഖ്യാനമല്ല. കർത്താവു പറയുന്നു: "നിങ്ങളോടു പറയാനായി ഇനിയും വളരെയേറെക്കാര്യങ്ങൾ എന്റെ പക്കലുണ്ട്. എന്നാൽ അത് ഉൾക്കൊള്ളുവാൻ തക്ക നിലയിൽ നിങ്ങൾ ആയിത്തീർന്നിട്ടില്ല. എന്നാൽ സത്യത്തിന്റെ ആത്മാവു വരുന്നു. അവൻ വരുമ്പോൾ, നിങ്ങളെ അവൻ സകല സത്യത്തിലേക്കും വഴി നടത്തും." (യോഹന്നാൻ 16:12,13)

ഒരാൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത കാര്യം വിശദീകരിച്ചുകൊടുക്കുന്നതാണല്ലോ വ്യാഖ്യാനം. ആ അർത്ഥത്തിൽ ഇവിടെ പരിശുദ്ധാത്മാവാണ് യേശുവിന്റെ വചനത്തിന്റെ വ്യാഖ്യാതാവ്. പ്രത്യക്ഷത്തിൽ ആര് വചനവ്യാഖ്യാനം നടത്തിയാലും പരിശുദ്ധാത്മാവ് ഹൃദയത്തിൽ അതു സാക്ഷ്യപ്പെടുത്തുന്നില്ലെങ്കിൽ വചനവ്യാഖ്യാനം ഫലശൂന്യമാണ്.

രണ്ടു കാര്യങ്ങളാണ് പരിശുദ്ധാത്മാവിന്റെ പ്രധാന പ്രവൃത്തികളായി യേശു ഇവിടെ പറയുന്നത്. ഒന്ന്, അവിടുന്ന് "ബോധ്യം" വരുത്തുന്നു. (യോഹന്നാൻ 16:8) പാപം, നീതി, ന്യായവിധി എന്നീ മണ്ഡലങ്ങളിലാണ് പരിശുദ്ധാത്മാവ് ബോധ്യം വരുത്തുന്നത്. വചനത്തിന്റെ ശരിയായ വ്യാഖ്യാനത്തിൽ 'ബോധ്യം' വരുന്ന അവസ്ഥയുണ്ട്. എന്നാൽ അത് വ്യാഖ്യാതാവിന്റെ പ്രവൃത്തിയുടെ ഫലമല്ല. പ്രത്യക്ഷത്തിൽ വ്യാഖ്യാനം നടത്തുന്നത് നമ്മളാണെങ്കിലും നമ്മുടെ വ്യാഖ്യാനത്തിൻമേൽ പരിശുദ്ധാത്മാവു നല്കുന്ന സാക്ഷ്യത്താലാണ് 'ബോധ്യം 'സംഭവിക്കുന്നത്. വിസ്മയകരമായ പാണ്ഡിത്യത്തോടെ ഒരാൾ വ്യാഖ്യാനം നടത്തിയാലും പരിശുദ്ധാത്മാവിന്റെ ഹൃദയ സാക്ഷ്യത്തിലൂടെ ജനം ആത്മാവിലെ ബോധ്യങ്ങളിലേക്ക് നയിക്കപ്പെടുന്നില്ലെങ്കിൽ - സ്വീകർത്താക്കളിൽ പാപബോധമോ നീതിബോധമോ ന്യായവിധിബോധമോ ഉണ്ടാക്കുന്നില്ലെങ്കിൽ - ആ വ്യാഖ്യാനം സൂക്ഷിക്കപ്പെടേണ്ടതുണ്ട്.

'ബോധ്യം' എന്ന വാക്കിന് വ്യാവഹാരിക തലത്തിലെ അർത്ഥത്തിൽ നിന്ന് ഒരു വ്യത്യസ്തത ഇവിടെ കൽപ്പിക്കേണ്ടതുണ്ട്. സാധാരണഭാഷയിൽ യുക്തിയുടെ പരിണിതിയായി ബുദ്ധിയിൽ സംഭവിക്കുന്ന സന്തുലന സ്ഥിതിയെയാണ് നാം ബോധ്യം എന്നും പറയാറ്. എന്നാൽ, ആത്മാവിലുള്ള ബോധ്യം ഇതിൽ നിന്ന് വ്യത്യസ്തമാണ്.

ഗവൺമെൻറ് സർവ്വീസിൽ നിന്ന് അവധിയെടുത്ത് അഞ്ചു വർഷം ഗൾ

ഫിൽ ജോലി ചെയ്ത് മടങ്ങിയെത്തിയപ്പോൾ അബുവിൻെറ കൈയിൽ മിച്ചമുണ്ടായിരുന്നത് എട്ടു ലക്ഷം രൂപ. ആ പണം എന്തു ചെയ്യണം എന്നതിനെ പറ്റി അവൻ കാര്യമായി ആലോചിച്ചു. മൂന്നു സാധ്യതകൾ അബുവിനു മുൻപിൽ തെളിഞ്ഞുവന്നു.

1. ഷെയർ ബിസിനസിൽ ഏർപ്പെട്ട് എട്ടു ലക്ഷം രൂപ പെട്ടെന്ന് വർദ്ധിപ്പിക്കുക.

2. എട്ട് ലക്ഷം രൂപയുടെ കൂടെ അല്പം പണം കൂടെ കടമെടുത്തിട്ടായാലും കുറെ വസ്തുവോ മറ്റോ വാങ്ങി റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ ഏർപ്പെട്ട് പണമുണ്ടാക്കുക.

3. തൽക്കാലം എട്ടു ലക്ഷം രൂപ ബാങ്കിൽ നിക്ഷേപിക്കുക. മൂന്ന് വർഷം കൂടെ കഴിഞ്ഞാൽ പ്രോവിഡൻറ് ഫണ്ടിൽ നിന്ന് കുറെ പണം കൂടെ കടമെടുത്ത് ഒരു കൊച്ചു കൂര പണിയിക്കുക.

ഓരോ സാധ്യതകളെയും അബു വിശകലനം ചെയതു നോക്കി. ഷെയർ ബിസിനസ്സിൽ ലാഭമുണ്ടായേക്കാമെങ്കിലും നഷ്ടം ഉണ്ടാകാനാണ് കൂടുതൽ സാധ്യത. മിടുക്കരായ പലരും ഷെയർ ബിസിനസ്സ് ചെയ്ത കുത്തുപാളയെടുത്ത ചരിത്രം അബുവിനു നന്നായറിയാം. അങ്ങനെയിരിക്കെ അവരുടെയത്ര മിടുക്കും പരിചയവുമൊന്നുമില്ലാത്ത തനിക്ക്ഷെയർ ബിസിനസ് പറ്റിയ പരിപാടിയല്ല. കളയാനും മാത്രം പണമുണ്ടെങ്കിൽ പിന്നെയും വേണ്ടില്ല. കണക്കു കൂട്ടലുകൾ അല്പമൊന്നു പിഴച്ചാൽ കയ്യിലുള്ളതെല്ലാം പോയി. അഞ്ചുകൊല്ലത്തെ അദ്ധ്വാനഫലം മുഴുവൻ വെള്ളത്തിലാകാൻ അത്രയധികം സമയമൊന്നും വേണ്ട. തന്നെപ്പോലൊരാൾ ചുരുങ്ങിയ മൂലധനവുമായി ഷെയർ ബിസിനസ്സിൽ ചാടുന്നത് യുക്തിക്കു നിരക്കുന്നതല്ല എന്ന നിഗമനത്തിൽ അബു എത്തിച്ചേർന്നു.

രണ്ടാമത്ത സാദ്ധ്യതയുടെയും വരും വരാഴികകൾ അബു ചിന്തിച്ചു. റിയൽ എസ്റ്റേറ്റ് ബിസിനസ്സ് പണ്ടത്തെപ്പോലെ അത്ര ആകർഷകമല്ല. വസ്തുവും വീടുമൊക്കെ വാങ്ങിച്ചിട്ടവർ പലരും അതൊന്നു കയ്യൊഴിയാൻ പെടാപ്പാടു പെടുകയാണ്. അതിനിടയിൽ കടം വാങ്ങി റിയൽ എസ്റ്റേറ്റിൽ എടുത്തു ചാടുന്നതും യുക്തിക്കു നിരക്കുന്നതല്ലെന്ന് അബു മനസ്സിലാക്കി.

ഒടുവിൽ മൂന്നാമത്തെ സാധ്യത തീരുമാനമായി. പണം ബാങ്കിൽ തന്നെ കിടക്കട്ടെ. പലിശ കുറവാണെങ്കിലും മൂന്നു കൊല്ലംകൊണ്ട് എന്തായാലും എട്ടു ലക്ഷം എന്നത് പത്തു ലക്ഷമാകും. പിന്നെ പ്രോവിഡൻറ് ഫണ്ടിൽ നിന്ന് അല്പം പണം കൂടെയെടുത്ത് ഒരു ചെറിയ കൂര. ഇപ്പോൾ വാടക കൊടുക്കുന്ന പണം മതി അന്ന് പ്രോവിഡൻറ് ഫണ്ട് വായ്പ മാസാമാസം തിരിച്ചടയ്ക്കാൻ. എന്തുകൊണ്ടും അതുതന്നെയാണ് യുക്തിക്കു നിരക്കുന്നത് എന്ന നിഗമന ത്തിൽ അബു എത്തിച്ചേർന്നു.

യുക്തി സ്പർശിക്കുന്നത് നമ്മുടെ ബുദ്ധിയെയാണ്. ബുദ്ധിയുടെ അടിസ്ഥാനത്തിലുള്ള മനസ്സിൻെറ വിശകലനത്തിൽ നാം ഒരു നിഗമനത്തിലെത്തിച്ചേരുന്നു. നിഗമനത്തെയാണ് പലപ്പോഴും നാം ബോധ്യം എന്നു വിളിക്കുന്നത്.

എന്താണ് നിഗമനത്തിൻെറയും (Conclusion) ബോധ്യത്തിൻെറയും (Conviction) വ്യത്യാസം?

നിഗമനം യുക്തിയുടെ പരിണിതിയാണെന്ന് നാം കണ്ടു. കൂടുതൽ മെച്ചപ്പെട്ട യുക്തി (Reasoning) കൊണ്ട് നിഗമനത്തെ മാറ്റി മറിക്കാം. വസ്തുവിന് ഇപ്പോൾ വിലയില്ലെങ്കിലും ഗവൺമെൻറിൻെറ പുതിയ സാമ്പത്തിക നയം താമസിയാതെ റിയൽ എസ്റ്റേറ്റ് ബിസിനസ്സിനെ സമൃദ്ധമാക്കുമെന്ന് ഒരു സാമ്പത്തിക കാര്യ വിദഗ്ദ്ധൻ തീർത്തു പറഞ്ഞാൽ ഒരു പക്ഷെ, അബു പണം ബാങ്കിൽ നിക്ഷേപിക്കാനുള്ള അവൻെറ തീരുമാനത്തെ ഉപേക്ഷിച്ച് പുതിയ യുക്തിയുടെ അടിസ്ഥാനത്തിൽ റിയൽ എസ്റ്റേറ്റ് ബിസിനസ്സിലേക്ക് എടുത്തു ചാടാനും മതി. നിഗമനം (Conclusion) മാറ്റപ്പെടാനിടയുള്ളതാണ്. എന്നാൽ ബോധ്യം (Conviction) മാറ്റപ്പെടുന്നതല്ല. കാരണം, അത് യുക്തിയെയും കടന്നു ചെല്ലുന്നതാണ്.

യുക്തിയിൽ മാത്രമാണു നാം ആശ്രയിക്കുന്നതെങ്കിൽ, പുത്തൻ വാദങ്ങൾ നമ്മെ ആശയക്കുഴപ്പത്തിലേക്ക് നയിക്കാനിടയുണ്ട്. ഏതാണ് ശരി, ഏതാണ് മെച്ചപ്പെട്ട നിഗമനം എന്നറിയാതെ നാം കുഴങ്ങിപ്പോകാം. രണ്ടിലും ഒരുപക്ഷെ നമുക്ക് യുക്തി ദർശിക്കാനായേക്കും. അതും ശരിയാണ്, ഇതും ശരിയാണ് എന്നൊരവസ്ഥ വന്നാൽ സ്വാഭാവികമായും ആശയക്കുഴപ്പമുണ്ടാകുമല്ലോ.

എന്നാൽ പരിശുദ്ധാത്മാവിൻെര പ്രവർത്തനം യുക്തിയുടെ പ്രവർത്തനത്തിൽ നിന്ന് വ്യത്യസ്തമാണ്. അതിനർത്ഥം അത് യുക്തിക്ക് വിരുദ്ധമാണെന്നല്ല. യുക്തിക്ക് തീർച്ചയായും അതിൻെറ സ്ഥാനമുണ്ട്. ദൈവത്തെ സ്നേഹിക്കാനും ദൈവിക പ്രവൃത്തി വെളിപ്പെടാനും യുക്തിയുടെ ഇരിപ്പിടമായ മനുഷ്യമനസ്സ് ഒരു അത്യന്താപേക്ഷിത ഘടകം തന്നെയാണ്. എന്നിരുന്നാലും പരിശുദ്ധാത്മാവ് നല്കുന്ന ബോധ്യം യുക്തിയുടെ പരി

മിതിയിൽ ഒതുങ്ങുന്നതല്ല. അത് യുക്തിയെയും കടന്നുചെല്ലുന്നതാണ്. യുക്തി ബുദ്ധിയിൽ (മനസ്സിൽ) പ്രവർത്തിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിലാണ് പ്രവർത്തിക്കുന്നത്. (അതു പിന്നീട് വിശദീകരിക്കാം)

ഇന്നിപ്പോൾ നമ്മുടെ വ്യാഖ്യാനങ്ങൾ പലപ്പോഴും ബോധ്യത്തിനു പകരം ആശയക്കുഴപ്പമാണു വളർത്തുന്നത്. പരിശുദ്ധാത്മാവിൽ ആശ്രയിക്കാതെ സ്വന്ത ബുദ്ധിയുടെ നിരന്തര വ്യായാമത്തിലൂടെ ആശയങ്ങൾ ഉണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുമ്പോഴാണ് ബോധ്യത്തിനു പകരം ആശയക്കുഴപ്പം ഉണ്ടാകുന്നത്. ഒരു പക്ഷെ പുതിയ വ്യാഖ്യാനം ബുദ്ധിയിൽ യുക്തിയുടെ കോട്ട കെട്ടുവാൻ പ്രാപ്തിയുള്ളതായിരിക്കാം. എന്നാലും പരിശുദ്ധാത്മാവിന് യുക്തിയെയും കടന്ന് ആത്മാവിലേക്കു പ്രവേശിക്കാൻ കഴിയാതെവണ്ണം ബുദ്ധിപരം മാത്രമായ വ്യാഖ്യാനങ്ങൾ തടസ്സം സൃഷ്ടിക്കുന്നു. നമ്മുടെ ആത്മാവിനെ തൊടാൻ പരിശുദ്ധാത്മാവിനേ കഴിയൂ. അതു മനസ്സിലാക്കാതെ യുക്തികൊണ്ട് ജനങ്ങളെ ബോധ്യത്തിലേക്ക് നടത്താൻ പലപ്പോഴും നാം പരിശ്രമിക്കാറുണ്ട്. അത്, വിഫലമായൊരു ശ്രമമാണെന്ന് മാത്രമല്ല, നമ്മുടെ അഹങ്കാരത്തിന്റെ പ്രതിഫലനവുമാണ്.

പരിശുദ്ധാത്മാവിന്റെ പ്രവൃത്തി പരിശുദ്ധാത്മാവു ചെയ്യട്ടെ എന്നു ചിന്തിക്കാനുള്ള വിനയം നമുക്കുണ്ടായിരിക്കണം. ബോധ്യം വരുത്തുക എന്നത് പരിശുദ്ധാത്മാവിന്റെ ജോലിയാണ്, നമ്മുടേതല്ല. അത് പരിശുദ്ധാത്മാവു തന്നെ ചെയ്തേ മതിയാകൂ. നമുക്ക് ആകെ ചെയ്യാനാവുന്നത് സാക്ഷിയാവുക എന്നതു മാത്രമാണ്. എന്നാൽ പലപ്പോഴും അപ്പൊളജറ്റിക് വിദഗ്ദ്ധർ തങ്ങളുടെ അക്കാദമിക് ജ്ഞാനത്താലും യുക്ത്യധിഷ്ഠിതമായ വാദങ്ങളാലും എതിരാളികളെ മുട്ടുകുത്തിക്കാൻ നോക്കുന്നു. ഓർക്കുക, ഇതൊരു യുദ്ധമല്ല. ഒരു പക്ഷെ എതിരാളി (അതു തന്നെ എത്രയോ തെറ്റായ വാക്കാണ്) നിങ്ങളുടെ 'അക്കാദമിക് 'ബലത്തിനു മുമ്പിൽ മുട്ടുകുത്തിയേക്കാം: എന്നുവെച്ചാൽ, അയാളുടെ വാദമുഖങ്ങൾ- പൂണിയിലെ അമ്പുകൾ- തീർന്നുപോയെന്നിരിക്കാം. മൗനിയായി എന്നുവെച്ച് അയാൾക്ക് ബോധ്യം വന്നു എന്നു പറയാനാവില്ല. നിങ്ങൾ അയാളെ മാക്സിമം ഒരു ആശയക്കുഴപ്പത്തിലേക്കു നയിച്ചു എന്നു മാത്രം. പരിശുദ്ധാത്മാവിന്റെ ജോലി - ബോധ്യം വരുത്തുക - ബാക്കി കിടക്കുകയാണ്. നമ്മുടെ വ്യാഖ്യാനം, പരിശുദ്ധാത്മാവിനു ബോധ്യം വരുത്താനുള്ള ഒരു വേദി മാത്രമാകണം. പരിശുദ്ധാത്മാവ് ആത്മാവിലെ ബോധ്യത്താൽ നമ്മെ നിറയ്ക്കും.



പരിശുദ്ധാത്മാവിന്റെ രണ്ടാമത്തെ വലിയ പ്രവൃത്തി സത്യത്തിലേക്കു വഴി നടത്തുക എന്നതാണ്. പരിശുദ്ധാത്മാവിനെ കർത്താവ് ഇവിടെ വിളിക്കുന്നതു തന്നെ 'സത്യത്തിന്റെ ആത്മാവ്' എന്നാണ്. ദൈവത്തിന്റെ സത്യങ്ങളെ മനുഷ്യരിലേക്ക് കൊണ്ടുവരുന്ന വ്യക്തിയാണ് പരിശുദ്ധാത്മാവ്; മനുഷ്യരെ ദൈവത്തിന്റെ സത്യത്തിലേക്കും. അവിടുന്നു വന്ന് നിങ്ങളെ സകല സത്യത്തിലേക്കും വഴി നടത്തും.

പാപത്തിന്റെ അന്ധകാരത്തിൽ കഴിയുന്ന ജനതയെ സുവിശേഷത്തിന്റെ സത്യത്തിലേക്കു നടത്തുന്ന ഒരു പ്രക്രിയയെക്കുറിച്ചല്ല കർത്താവ് ഇവിടെ പറയുന്നത്. തീർച്ചയായും പരിശുദ്ധാത്മാവ് അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് ജനങ്ങളെ നയിക്കും. എന്നാൽ ഇവിടെ കർത്താവ്, ശിഷ്യൻമാർ സത്യത്തിലേക്കു നയിക്കപ്പെടുന്ന കാര്യമാണ് പറയുന്നത്.

അവർ സത്യമറിഞ്ഞവരല്ലെ? തീർച്ചയായും അതെ! എന്നാൽ അവരുടെ അറിവിന്റെ ക്ഷമത വളരെ കുറവാണ്. അതുകൊണ്ട് വ്യാഖ്യാനം വേണ്ടി വരുന്നു. പരിശുദ്ധാത്മാവ് യേശുവിന്റെ വാക്കുകളെത്തന്നെ ഉപയോഗിച്ച് കൂടുതൽ കൂടുതൽ സത്യങ്ങളിലേക്ക് ശിഷ്യരെ വഴി നടത്തും. ഇന്നും തുടരുന്ന ഒരു പ്രക്രിയയാണത്.

വ്യാഖ്യാനത്തിന്റെ ഒന്നാമത്തെ ലക്ഷ്യം ബോധ്യം വരുത്തുകയാണെങ്കിൽ രണ്ടാം ലക്ഷ്യം സത്യത്തിലേക്കു നയിക്കുകയാണ്. വചനവ്യാഖ്യാനം പുതിയ പുതിയ സത്യങ്ങളിലേക്കു നമ്മെ നയിക്കുവാൻ ഉതകുന്നതായിരിക്കണം.

വഴി നടത്തുക എന്ന ശൈലിയും ശ്രദ്ധിക്കേണ്ടതുണ്ട്. ഇതൊരു പ്രക്രിയയാണ്. ഒരു ശിഷ്യനും എല്ലാ ദൈവിക സത്യങ്ങളും ഒറ്റ ദിവസം കൊണ്ട് മനസ്സിലാക്കുന്നില്ല. യേശുവിന്റെ വാക്കുകളിലാണു സത്യം. അതിലുപരി, യേശുവിലാണു സത്യം. പരിശുദ്ധാത്മാവ് യേശുവിന്റെ സത്യങ്ങളിലേക്ക് - ഓരോരോ സത്യങ്ങളിലേക്ക് നമ്മെ വഴി നടത്തുന്നു. ഒന്നിൽ നിന്നു മറ്റൊന്നിലേക്കുള്ള ഒരു തീർത്ഥയാത്ര! എവിടെയെങ്കിലും ഒരിടത്ത് നാം കുടുങ്ങിപ്പോയാലോ, പുതിയ സത്യങ്ങളിലേക്ക് നമുക്ക് നടന്നു കയറാൻ കഴിയാതെ വരും.

പരിശുദ്ധാത്മാവ് വഴി നടത്തുകയേയുള്ളു: വലിച്ചുകൊണ്ടുപോവുകയില്ല. ആത്മാവിനു വിധേയപ്പെട്ട് ഓരോ ചുവടും മുമ്പോട്ടു വെയ്ക്കുക

എന്നത് നമ്മുടെ ചുമതലയാണ്. ഇല്ലെങ്കിൽ എവിടെയെങ്കിലുമൊരിടത്ത് സത്യത്തിൻെറ വഴിയിലെ ഏതോ ഒരു കോണിൽ നാം വളർച്ച മുരടിച്ചവരായി നിന്നുപോകും.

വചനവ്യാഖ്യാനം പരിശുദ്ധാത്മാവിനോടു ചേർന്നു നടത്തേണ്ട ഒരു ക്രിയയാണെന്ന് നാം കണ്ടു. നാം വ്യാഖ്യാനിക്കുമ്പോൾ ആത്മാവ് ഹൃദയത്തിൽ സാക്ഷ്യം വഹിക്കുന്നു. പരിശുദ്ധാത്മാവ് ആത്മാവിലെ ബോധ്യങ്ങളിലേക്കും പുതിയ സത്യങ്ങളിലേക്കും വഴി നടത്തുകയും ചെയ്യുന്നു.

വചന വ്യാഖ്യാനത്തിൻെറ മെച്ചപ്പെട്ട ഒരു മാതൃക നമുക്കു വീക്ഷിക്കാം. മറ്റാരുടേതുമല്ല, യേശുവിൻെറ തന്നെ വ്യാഖ്യാനത്തിൻെറ മാതൃക. ഇക്കാലത്തെ വചനവ്യാഖ്യാനങ്ങളുടെ അടിസ്ഥാനപരമായ ചില പാളിച്ചകളും അടിസ്ഥാനപരമായ ചില അനിവാര്യതകളും കാണാൻ ഇതു നമ്മെ സഹായിക്കും.

യേശുവിൻെറ ക്രൂശീകരണവും അടക്കവും കഴിഞ്ഞു. മൂന്നാം നാൾ യേശുവിൻെറ അനുഗാമികളായിരുന്ന ചില സ്ത്രീകൾ കല്ലറയ്ക്കൽ ചെന്നു. അവർക്ക് യേശുവിൻെറ ശരീരം കാണാൻ കഴിഞ്ഞില്ല. എന്നാൽ 'യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു' എന്നു പറഞ്ഞ ദൂതൻമാരുടെ ദർശനം അവർക്കുണ്ടായി. അതവർ അപ്പൊസ്തലരോടു പറഞ്ഞു. അവർക്ക് ആ വാക്ക് കഥപോലെ തോന്നി.

അന്നുതന്നെ - ഉയിർപ്പിൻെറ ആ ദിവസം തന്നെ - യേശുവിൻെറ ശിഷ്യരിൽ രണ്ടുപേർ യരുശലേമിൽ നിന്നും ഏഴുനാഴിക ദൂരമുള്ള എമ്മവുസ് എന്ന ഗ്രാമത്തിലേക്ക് പോവുകയായിരുന്നു. അവരുടെ യാത്രയെ സുവിശേഷകനായ ലൂക്കോസ് 24-ാംഅദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. വഴിയാത്രയിൽ അവർ അന്നു സംഭവിച്ച കാര്യങ്ങളെപ്പറ്റി തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നു. സ്ത്രീകൾ അതിരാവിലെ കല്ലറയ്ക്കൽ പോയപ്പോൾ യേശുവിൻെറ ശരീരം കണ്ടില്ല. പത്രോസ് പോയി നോക്കിയിട്ടും തുണി മാത്രമെ കണ്ടുള്ളു; കർത്താവിൻെറ ശരീരം കണ്ടില്ല. സംഭവിച്ചത് എന്തായിരിക്കാം?

അവർ ഇങ്ങനെ സംസാരിച്ചും തർക്കിച്ചും കൊണ്ടിരിക്കുമ്പോൾ യേശു ഒരു യാത്രികൻെറ ഭാവത്തിൽ അവരോടു ചേർന്നു നടന്നു. എന്നാൽ അത് യേശുവാണെന്ന് അവർക്കു മനസ്സിലാകാതെവണ്ണം അവിടുന്ന് അവരുടെ കണ്ണ് നിരോധിച്ചിരുന്നു.



"എന്തിനെപ്പറ്റിയാണ് നിങ്ങൾ വാദിക്കുകയും തർക്കിക്കുകയും ചെയ്യുന്നത്?" അവിടുന്ന് അവരോടു ചോദിച്ചു. അവർ വാടിയ മുഖത്തോടെ തങ്ങളുടെ സഹയാത്രികനെ നോക്കി. അവരിൽ ക്ലയോപ്പാവ് എന്ന പേരുള്ള വ്യക്തി പറഞ്ഞു:"ഈ പെസഹാകാലത്ത് ഉത്സവം ആചരിക്കാനായി വിദേശികളായ എത്രയോ പേർ യരുശലേമിൽ വന്നു. അവരിൽ നിങ്ങൾ മാത്രം യരുശലേമിൽ നടന്ന ഈ കാര്യത്തെപ്പറ്റി അറിയാതെ പോയത് അത്ഭുതം തന്നെ".

"ഏതു കാര്യം?" പരദേശി ചോദിച്ചു.

"ഞങ്ങൾ സംസാരിക്കുന്നത്, നസ്റായനായ യേശുവിനെക്കുറിച്ചാണ്. ദൈവതിരുമുമ്പാകെയും സകല മനുഷ്യരുടെ മുമ്പാകെയും അവിടുന്ന് പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്നു. എന്തു ചെയ്യാം! നമ്മുടെ മഹാപുരോഹിതൻമാരും പ്രമാണികളും അത് അംഗീകരിച്ചില്ല. അവർ യേശുവിനെ മരണശിക്ഷ വിധിച്ച് ക്രൂശിച്ചു. ഞങ്ങൾ യേശുവിൻെറ ശിഷ്യരായിരുന്നു കേട്ടോ. ഞങ്ങളുടെ പ്രത്യാശയും യേശു യിസ്രായേലിനെ വീണ്ടെടുക്കാനായി ദൈവം അയച്ച മശിഹയാണെന്നായിരുന്നു.

ഇപ്പോൾ ഞങ്ങൾ തർക്കിച്ചുകൊണ്ടിരുന്നത് വേറെ ചില കാര്യങ്ങളാണ്. യേശുവിൻെറ ക്രൂശീകരണം കഴിഞ്ഞിട്ട് ഇതിപ്പോൾ മൂന്നാം നാൾ ആണ്. ഞങ്ങളുടെ സ്ത്രീകളിൽ ചിലർ ഇന്ന് യേശുവിൻെറ ശവശരീരത്തിൽ സുഗന്ധവർഗ്ഗം പൂശേണ്ടതിനായി കല്ലറയ്ക്കൽ പോയി. ഇന്നലെ ശബ്ബത്തായിരുന്നല്ലോ, അതിനാലാണ് അവർ ഇന്നലെ പോകാഞ്ഞത്. എന്നാൽ അതിരാവിലെ കല്ലറയ്ക്കൽ ചെന്നപ്പോൾ അവർ കണ്ട കാഴ്ച അത്ഭുതകരം തന്നെ. കല്ലറയ്ക്കൽ വച്ചിരുന്ന ഭാരമുള്ള കല്ല് അവിടെയില്ല. യേശുവിൻെറ ശരീരം കല്ലറയ്ക്കുള്ളിൽ കണ്ടതുമില്ല. അവർ മടങ്ങിവന്ന് ഞങ്ങളോട് ഈ വിവരം പറഞ്ഞു. തന്നെയുമല്ല, ചില ദൂതൻമാർ അവർക്ക് പ്രത്യക്ഷപ്പെട്ട് യേശു ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞ ദർശനവും അവർക്കുണ്ടായത്രെ. ഞങ്ങൾ ആകെ ഭ്രമിച്ചുപോയി. അങ്ങനെ സംഭവിക്കുമോ? അതറിയാനായി ഞങ്ങളുടെ കൂട്ടത്തിൽ ചിലർ കല്ലറയ്ക്കൽ പോയി നോക്കി. സ്ത്രീകൾ പറഞ്ഞതുപോലെ തന്നെ! യേശുവിൻെറ ശരീരം കല്ലറയിൽ ഇല്ല........... ഇതാണ് ഞങ്ങൾ സംസാരിക്കുകയും തർക്കിക്കുകയും ചെയ്യുന്നത്."

ഇതു കേട്ടിട്ട് യേശു അവരോടു പറഞ്ഞു: (യേശുവാണെന്ന് അവർക്ക് അറിയില്ല) "അയ്യോ! കഷ്ടം തന്നെ!! നിങ്ങൾ ഇത്ര ബുദ്ധിഹീനരായി

പ്പോയല്ലോ. നിങ്ങളുടെ പ്രശ്നം നിങ്ങൾ പ്രവാചകന്മാർ പറഞ്ഞത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളാണ് എന്നതാണ്. പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് അറിയില്ലെ, ക്രിസ്തു ഇപ്രകാരമുള്ള കഷ്ടങ്ങൾ ഒക്കെ അനുഭവിച്ചു കഴിഞ്ഞിട്ടാണ് ദൈവം അവന് ഒരുക്കിയിരിക്കുന്ന മഹത്വത്തിലേക്കു പ്രവേശിക്കേണ്ടത്."

ഇതുപറഞ്ഞിട്ട് യേശു അവർക്ക് മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ച് (ക്രിസ്തുവിനെക്കുറിച്ച്) എഴുതിയിട്ടുള്ള ഭാഗങ്ങൾ എടുത്ത് വ്യാഖ്യാനിച്ചുകൊടുത്തു. (ലൂക്കോസ് 24:13-27)

യേശുവചനം വ്യാഖ്യാനിക്കുന്ന കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. കർത്താവ് വചന വ്യാഖ്യാനത്തിനു മുതിരുന്നതിന് കാരണമുണ്ട്. അവിടുത്തെ ശിഷ്യന്മാർ വചനത്തെ തെറ്റായി മനസ്സിലാക്കി. അവർ വചനം അറിയാത്തവരല്ല, തെറ്റായി അറിഞ്ഞവരാണ്.ഒരു പരിധിവരെ വ്യാഖ്യാതാക്കളാൽ വഞ്ചിക്കപ്പെട്ടവർ!

ശിഷ്യർക്ക് യേശുവിനെപ്പറ്റി വലിയൊരു പ്രതീക്ഷയുണ്ടായിരുന്നു- അവിടുന്ന് യിസ്രായേലിനെ വീണ്ടെടുക്കുവാനായി ദൈവം അയച്ച മശിഹയാണെന്ന്! (വാക്യം 21)

മശിഹൈക പ്രതീക്ഷ അക്കാലത്തെ എല്ലാ യഹൂദനുമുണ്ടായിരുന്നതാണ്. എന്നാൽ അവരെല്ലാവരും പ്രതീക്ഷിച്ചിരുന്നത് ഒരു രാഷ്ട്രീയ മശിഹയെയാണ് - റോമിൻെറ അടിമത്തത്തിൽ നിന്ന് തങ്ങളെ വീണ്ടെടുക്കാൻ ദൈവം അയയ്ക്കുന്ന ശക്തനും ബലവാനുമായ മശിഹ.

യേശുവിനെ മശിഹയായി കണക്കാക്കിയിരുന്ന ധാരാളമാളുകൾ അന്നു പലസ്തീനിലുണ്ടായിരുന്നു. അതുകൊണ്ടാണ് ഒരിക്കൽ അവർ യേശുവിനെ രാജാവാക്കാൻപോലും പരിശ്രമിച്ചത്. (യോഹന്നാൻ 6:15) ക്രൂശീകരണത്തിനു ചില ദിവസങ്ങൾക്കു മുമ്പ് ദേവാലയത്തിലേക്ക് യേശുകർത്താവ് കഴുതപ്പുറത്തു നടത്തിയ വിജയയാത്രയിൽ ജനം അവിടുത്തേക്ക് ഹോശന്ന പാടിയതും യേശു മശിഹയാണെന്ന പ്രതീക്ഷയിലായിരുന്നു. യേശുവിൻെറ ശിഷ്യന്മാരും യേശുവിൽ നിന്ന് അതു തന്നെ പ്രതീക്ഷിച്ചു.

എന്നാൽ യേശുവിൻെറ ക്രൂശു മരണം അവരുടെ എല്ലാ പ്രതീക്ഷയെയും തകർത്തുകളഞ്ഞു. ഒരു പക്ഷെ, തൻെറ ജീവിതകാലത്ത് യേശു നടത്തിയ എല്ലാ അത്ഭുത പ്രവൃത്തികളെയും അതിശയിച്ചുകൊണ്ട് അന്ത്യനിമിഷത്തിൽ അവിടുന്ന് ക്രൂശിൽ നിന്ന് ഇറങ്ങിവരുമെന്നുപോലും അവർ പ്രതീക്ഷിച്ചുകാണും.അതും സംഭവിച്ചില്ല. യേശു ക്രൂശിക്കപ്പെട്ടു, അടക്കപ്പെട്ടു. ഏറ്റവും വലിയ പ്രതീക്ഷ ഏറ്റവും വലിയ നിരാശയ്ക്ക് വഴിമാറി. ഇനിയിപ്പോൾ യരുശലേമിൽ കഴിഞ്ഞിട്ട് എന്തെടുക്കാൻ? ഗ്രാമങ്ങളിലേക്കു മടങ്ങിപ്പോവുക തന്നെ.

ശിഷ്യൻമാരുടെ മശിഹൈക പ്രതീക്ഷയുടെയും തകർച്ചയുടെയും കഥയിൽ വചന വ്യാഖ്യാനത്തിന് എന്തു പ്രസക്തി എന്നു ചോദിച്ചേക്കാം. എന്നാൽ യേശു പറയുന്നത് എല്ലാം തകരാറിലാക്കിയത് വചനവ്യാഖ്യാനത്തിൽ പറ്റിയ തകരാറാണെന്നാണ്.

ശിഷ്യരുടെ മശിഹൈക പ്രതീക്ഷ വളർത്തിയത് വചനമാണ്-മോശെ തുടങ്ങി സകല പ്രവാചകൻമാരും മറ്റ് തിരുവെഴുത്തുകളും! അതിലൂടെയാണ് അവർ മശിഹ വരുമെന്നറിഞ്ഞത്. എന്നാൽ അവർക്കുപറ്റിയ തെറ്റ്, പ്രവാചക വാക്യങ്ങളിൽ ചിലതു മാത്രം അവർ കൈക്കൊണ്ടുവെന്നതാണ്. മഹത്വവാനായ, പ്രഭാവപൂർണനായ മശിഹയെ മാത്രമെ അവർ വചനത്തിൽ നിന്ന് കണ്ടുള്ളു. എന്നാൽ, തിരുവചനം ശരിക്കു മനസ്സിലാക്കിയിരുന്നെങ്കിൽ കഷ്ടമനുഭവിക്കുന്ന മശിഹായെക്കൂടെ അവർക്കു കാണാമായിരുന്നു.കഷ്ടമനുഭവിച്ചിട്ട് മഹത്വത്തിലേക്കു പ്രവേശിക്കുന്ന മശിഹയെയാണ് പ്രവാചകൻമാർ പരിചയപ്പെടുത്തുന്നത്. (വാക്യം.26)

ഒരു വലിയ കുന്നിൻെറ മുകളിൽ കയറി ദൂരേക്കു നോക്കിയാൽ നമുക്ക് ചക്രവാളം വരെയുള്ള പർവ്വത നിരകളെ കാണുവാൻ കഴിയും. ഒറ്റ നോട്ടത്തിൽ അവിടെ നിരയായി നിൽക്കുന്ന കുന്നുകളെ മാത്രമെ കാണുവാൻ കഴിയൂ. എന്നാൽ നാം കാണുന്ന ഓരോ കുന്നിനുമിടയിൽ താഴ്വരകളുണ്ട്. ഒരുപക്ഷെ, അവിടെ ജനവാസമുണ്ട്, കെട്ടിടങ്ങളുണ്ട് ഫാക്ടറികളുണ്ട്, ജീവിതമുണ്ട്.........എന്നാൽ നാം കാണുന്നത് കുന്നുകൾ മാത്രം.

ബൈബിൾ വ്യാഖ്യാനത്തിലും ഈ അപകടമുണ്ടെന്ന് കർത്താവു പറയുന്നു. "നിങ്ങൾ പ്രവാചകന്മാർ പറഞ്ഞത് എല്ലാം വിശ്വസിച്ചില്ല. അവരുടെ വാക്കുകളിലെ എല്ലാം കണ്ടില്ല. കുന്നുകൾ മാത്രം കണ്ടു. താഴ്വരകൾ കണ്ടില്ല. മശിഹായുടെ മഹത്വം കണ്ടു; മശിഹായുടെ താഴ്ചവർ കണ്ടില്ല. താഴ്വരകൾ കടന്നിട്ടാണ് ഗിരിശൃംഗത്തിലെത്തുന്നത്, കഷ്ടമേറ്റിട്ടാണ് മഹത്വത്തിൽ പ്രവേശിക്കുന്നതെന്ന് നിങ്ങൾ അറിഞ്ഞില്ല.

യിസ്രയേലിൽ മിക്കവരും മഹത്വവാനായ മശിഹയെ മാത്രം സ്വപ്നം കണ്ടു. ശിഷ്യൻമാരും അതു തന്നെ കണ്ടു. ഈ അപകടം എന്നുമുണ്ട്. ബഹുജനത്തിൻെറ വിശ്വാസം (Popular faith) പിൻതുടരുവാനുള്ള

പ്രവണത. എന്നാൽ വചനം മിക്കപ്പോഴും ബഹുജനത്തിന്റെ ധാരണകളുടെ വിരുദ്ധ ദിശയിലാണ്.

പ്രവാചക പുസ്തകങ്ങളിൽ കഷ്ടമേൽക്കുകയും മഹത്വം പ്രാപിക്കുകയും ചെയ്യുന്ന മശിഹയെപ്പറ്റി കൃത്യമായ വിവരണമുണ്ടായിരിക്കെ ബഹുജനവും മഹത്വവാനായ മശിഹയെ മാത്രം കാത്തിരിക്കത്തക്ക നിലയിൽ വചന വ്യാഖ്യാനം പാളിപ്പോകാനുള്ള കാരണമെന്താണ്?

പോപ്പുലർ വ്യാഖ്യാതാക്കൾ എപ്പോഴും ബഹുജനത്തിന് ഇഷ്ടപ്പെടുന്ന വചനഭാഗങ്ങൾ മാത്രം എടുത്തുകാട്ടുന്നു എന്നതാണ് അതിന്റെ കാരണം. രാഷ്ട്രീയ അടിമത്തത്തിൽ കഴിയുന്ന ജനത്തിന് സന്തോഷം പകരാനിടയുള്ളത് അവർക്കു വിടുതലും അവരെ പീഡിപ്പിക്കുന്നവർക്കു പീഡയും നൽകാൻ വരുന്ന പരാജയമറിയാത്ത ഒരു മശിഹയുടെ ചിത്രം മാത്രമാണ്. അതിനാൽ യിസ്രായേലിലെ എല്ലാ വചനപണ്ഡിതരും ആകാശം കീറി ഇറങ്ങിവരുന്ന മശിഹയെപ്പറ്റി പ്രസംഗിച്ചു. എല്ലാവർക്കും കയ്യടിയും കിട്ടി. അതിനു പകരം മശിഹയും അവരെപ്പോലെ കഷ്ടപ്പെടുമെന്നും അവരെപ്പോലെ പീഡിപ്പിക്കപ്പെടുമെന്നും അടിയേൽക്കുമെന്നും തുപ്പലേൽക്കുമെന്നും ഒക്കെപ്പറഞ്ഞാൽ ആർക്കാണ് അതു കേൾക്കാനിഷ്ടം? ആരാണ് കയ്യടിക്കുക? ആരാണ് സ്തോത്രകാഴ്ച കൊടുക്കുക.?

ജനങ്ങൾക്കിഷ്ടമുള്ള നിലയിൽ മാത്രം വചനം വ്യാഖ്യാനിക്കുന്നവരാണ് ഇന്നും കൂടുതൽ. ജനങ്ങൾക്കു സത്യമല്ല സന്തോഷമാണ് വേണ്ടത്- ആ സന്തോഷം മായയാണെങ്കിൽ കൂടെയും!

ജനങ്ങൾക്ക് ആവശ്യമുള്ളതല്ലേ അവർക്കു നൽകേണ്ടത് എന്നു ചോദിച്ചേക്കാം. ഒരു കാര്യമോർക്കണം ജനങ്ങൾക്ക് ആവശ്യമുള്ളതും ജനങ്ങൾക്ക് ആഗ്രഹമുള്ളതും രണ്ടും രണ്ടാണ്. ഒരു പ്രമേഹരോഗിക്ക് ആഗ്രഹമുള്ളത് ലഡു ആയിരിക്കും. ആവശ്യമുള്ളത് പാവയ്ക്കാ ജ്യൂസും. അയൽക്കാരൻ ലഡു കൊടുത്താൽ അയാൾക്കു സന്തോഷമായി. പാവയ്ക്കാജ്യൂസുമായെത്തുന്ന ഭാര്യയോട് ദേഷ്യവും. അയൽക്കാരൻ സ്നേഹം കൊണ്ട് ലഡുവും ഭാര്യ ദേഷ്യംകൊണ്ട് പാവയ്ക്കാ ജ്യൂസും കൊണ്ടു തരികയല്ല എന്നോർക്കണം. നിങ്ങൾക്ക് ആവശ്യമുള്ളതു തരുന്നത് ഭാര്യയാണ് അയൽക്കാരനല്ല.

എല്ലാവരും പ്രവാചക പുസ്തകങ്ങളിൽ മഹത്വവാനായ മശിഹയെ മാത്രം കണ്ടപ്പോൾ, ശിഷ്യരെങ്കിലും കഷ്ടപ്പെടുന്ന ദാസനായ മശിഹയെ അറിയണമായിരുന്നു. പകരം ഇവിടെ ശിഷ്യരും മഹത്വം മാത്രമന്വേഷിച്ചു പോയിരിക്കുന്നു.



പോപ്പുലർ വ്യാഖ്യാതാക്കളോടു കൂട്ടുപിടിക്കാത്ത, സത്യത്തിന്റെ പ്രഘോഷകനായ ഒരു പ്രവാചകനെപ്പറ്റി 2 ദിനവൃത്താന്തം 18-ാം അദ്ധ്യായത്തിലുണ്ട്- മിഖായാവ് എന്ന പ്രവാചകൻ.

യിസ്രായേൽ രാജാവായ ആഹാബും യഹൂദാ രാജാവായ യഹോശാഫാത്തും ഒരു അവിശുദ്ധ കൂട്ടുകെട്ടിലേർപ്പെട്ടു. അവരൊരുമിച്ച് ഗിലെയാദിലെ രാമോത്ത് എന്ന പട്ടണം പിടിക്കാൻ തീരുമാനിച്ചു. പുറപ്പെടും മുമ്പെ യഹോശാഫാത്ത് ചോദിച്ചു: "നമുക്ക് ആലോചന വേണ്ടെ? യഹോവയുടെ പ്രവാചകൻമാരോട് ഒന്നു ചോദിച്ചിട്ട് യുദ്ധത്തിനു പുറപ്പെടാം."

ആഹാബ് രാജാവ് നാനൂറു പ്രവാചകൻമാരെ വരുത്തി ആലോചന ചോദിച്ചു. നാനൂറുപേരും ഒരുപോലെ പറഞ്ഞു: "ഒന്നുകൊണ്ടും ഭയപ്പെടേണ്ട. പുറപ്പെടുക! നിങ്ങൾ രാമോത്തിനെ പിടിച്ചടക്കും."

ആഹാബിനോടു കൂട്ടുകൂടിയെങ്കിലും യഹോശാഫാത്ത് അല്പം ആത്മീയമൊക്കെയുള്ള വ്യക്തിയാണ്. ഈ നാനൂറ് പ്രവാചകൻമാരുടെയും പ്രവചനം കേട്ടിട്ട് യഹോശാഫാത്തിന് തൃപ്തി വന്നില്ല. "നാം ആലോചന ചോദിക്കേണ്ടതിനായിട്ട് ഇനി വല്ല പ്രവാചകനും ബാക്കിയുണ്ടോ?" അദ്ദേഹം ചോദിച്ചു.

"ഒരുത്തൻ ബാക്കിയുണ്ട്." ആഹാബു രാജാവു പറഞ്ഞു. "എന്നാൽ അവനെ വിളിക്കാതിരിക്കുകയാണു ഭേദം. കാരണം, അവൻ എപ്പോഴും ചെയ്യുന്നത്, എനിക്ക് എന്ത് ഇഷ്ടമാണോ അതിന്റെ വിപരീതം പ്രവചിക്കുക എന്നാണ്. എനിക്കവനെ ഇഷ്ടമല്ല. അതുകൊണ്ട് ഞാനിപ്പോൾ അവനെ വിളിക്കുന്നേയില്ല."

ആഹാബു പറയുന്നതു ശ്രദ്ധിക്കുക: പ്രവാചകൻ എനിക്കിഷ്ടമില്ലാത്തതു പറയുന്നതിനാൽ ഞാനവനെ വിളിക്കുന്നില്ല.

പ്രവാചകൻ ദൈവത്തിന്റെ ദൂതനല്ലെ? അവൻ പറയുന്നത് ദൈവത്തിന്റെ സന്ദേശമല്ലെ? ദൈവത്തിന്റെ സന്ദേശം മനുഷ്യനു കൈമാറുമ്പോൾ അത് കേൾക്കുന്നവനിഷ്ടമില്ല എന്ന കാരണത്താൽ നമുക്കു മാറ്റാൻ അവകാശമുണ്ടോ? 400 പ്രവാചകരും ഇപ്പോൾ അതാണു ചെയ്തിരിക്കുന്നത്. സന്ദേശം അയയ്ക്കുന്ന ആളല്ല, സന്ദേശം സ്വീകരിക്കുന്ന ആളാണ് സന്ദേശത്തിന്റെ ഉള്ളടക്കം തീരുമാനിക്കുന്നത് എന്നിടത്തോളമെത്തിയിരിക്കുന്നു കാര്യങ്ങൾ.

എന്നാൽ മിഖായാവ് ബഹുജനവ്യാഖ്യാനത്തിനനുസൃതമായി മാറുവാൻ തയ്യാറുള്ളവനല്ലായിരുന്നു. അവൻ പറഞ്ഞു. "രാമോത്തിലേക്കു

പോകുവാൻ ദൈവം നിന്നെ അയച്ചിട്ടില്ല. ഇനി മറുതലിച്ച് പോയാൽ നീ ശുഭമായി മടങ്ങിവരികയില്ല." മിഖായാവു പറഞ്ഞതുപോലെയാണ് കാര്യങ്ങൾ നടന്നത്.

എല്ലാവരും മഹത്വവാനായ മശിഹയെ മാത്രം കാണുമ്പോൾ കഷ്ടപ്പെടുന്ന മശിഹയെക്കൂടെ കാണുന്നതാണ് കൃത്യമായ വ്യാഖ്യാനത്തിന്റെ പരിണിതി. എല്ലാവരും സമൃദ്ധിയുടെ വാക്യങ്ങൾ മാത്രം തെരഞ്ഞു പിടിച്ചു വായിക്കുമ്പോൾ "കഷ്ടമനുഭവിക്കാൻ എനിക്കു വരം ലഭിച്ചിരിക്കുന്നു" എന്ന വാക്യം കൂടെ കാണുന്നവനാണ് യഥാർത്ഥ വ്യാഖ്യാതാവ്.

യേശു തന്റെ ശിഷ്യരെ സംബോധന ചെയ്യുന്ന വാക്കുകൾ ശ്രദ്ധിക്കൂ: *"അയ്യോ ബുദ്ധിഹീനരേ, പ്രവാചകൻമാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ......" (ലൂക്കോസ് 24:25)* "O foolishmen and slow of heart to believe all that the prophets have spoken..."

ഇവിടെ, അവരുടെ ബുദ്ധിക്കു മാത്രമല്ല ഹൃദയത്തിനും തകരാറുണ്ടെന്ന് കർത്താവു പറയുന്നു. അവർ (foolish) ബുദ്ധിഹീനർ ആണ്; Slow of heart (ഹൃദയത്തുടിപ്പില്ലാത്തവർ) ആണ്. പോപ്പുലർ വ്യാഖ്യാനത്തിന്റെ പിടിയിൽപ്പെട്ടവരുടെ ബുദ്ധിയും ഹൃദയവും ശരിയായി പ്രവർത്തിക്കുന്നില്ല എന്നാണ് ഇവിടെ വിവക്ഷ. പ്രവാചകൻമാർ പറഞ്ഞത് എല്ലാം വിശ്വസിക്കാൻ അവർ തയ്യാറായില്ല. എന്നാൽ ഒട്ടും വിശ്വസിക്കാതിരുന്നുമില്ല. തങ്ങളെ സന്തോഷിപ്പിച്ചതു മാത്രം അവർ സ്വീകരിച്ചു. മഹത്വത്തെ സ്വീകരിച്ചു. കഷ്ടതയെ ഉപേക്ഷിച്ചു.

വചനത്തെ ഭാഗികമായി സ്വീകരിച്ച് ഭാഗികമായി ഉപേക്ഷിക്കുന്നതിലെ അപകടം ചില്ലറയല്ല. അസത്യത്തേക്കാൾ ഭീകരമാണ് അർദ്ധ സത്യങ്ങൾ എന്നു പറയാറുണ്ട്. അത് വളരെ ശരിയുമാണ്.

പണ്ട് കുരുക്ഷേത്രയുദ്ധത്തിൽ പാണ്ഡവർ വലിയൊരു പ്രതിസന്ധിയെ നേരിട്ടു. അമ്പൊടുങ്ങാത്ത ആവനാഴിയും അനന്യമായ കൈവേഗതയും തെറ്റാത്ത തന്ത്രങ്ങളുമായി ദ്രോണാചാര്യർ പോരാടി മുന്നേറുകയാണ്. കൗരവപ്പടയിലെ ആരെയും നേരിടാൻ പാണ്ഡവർക്കു ശക്തിയുണ്ട്. എന്നാൽ ദ്രോണാചാര്യരെ നേരിടുക എളുപ്പമല്ല. കാരണം ദ്രോണരാണ് പാണ്ഡവരെ യുദ്ധം പഠിപ്പിച്ചത്. ദ്രോണർക്ക് അറിയാത്തതൊന്നും പാണ്ഡവർക്കറിയില്ല. എന്തു ചെയ്യും? ദോണരെ തടഞ്ഞേ മതിയാകൂ. നേരിട്ടു പോരാടി ദ്രോണരെ തടുത്തു നിർത്താൻ ആർക്കും കഴിയില്ല. ദ്രോണർ തനിയെ യുദ്ധം ഉപേക്ഷിക്കണം. എന്താണു മാർഗ്ഗം.



തന്ത്രങ്ങളുടെ രാജാവ് കൃഷ്ണൻ രംഗത്തെത്തി. ദ്രോണരുടെ ഏകപുത്രൻ അശ്വത്ഥാമാവ് മരിക്കണം. മരിച്ചെന്നറിഞ്ഞാൽ ദ്രോണർ യുദ്ധമവസാനിപ്പിക്കും. പിന്നെ പാണ്ഡവപ്പടയ്ക്കു മുന്നേറാം.

എന്നാൽ അശ്വത്ഥാമാവിനെയും കൊല്ലുക എളുപ്പമല്ല. അയാളും അതുല്യനായ പടയാളിയാണ്. ഇപ്പോൾ പടയിൽകാണാവുന്നിടത്തല്ല അശ്വത്ഥാമാവ്. ഇനിയെന്തു ചെയ്യും? അശ്വത്ഥാമാവ് മരിച്ചു എന്ന് വ്യാജമായി വിളിച്ചു പറഞ്ഞാലോ?

ദ്രോണർ വിശ്വസിക്കാനിടയില്ല. യുദ്ധത്തിൽ തന്ത്രങ്ങൾ പലതുമുണ്ട്. അതിനാൽ അശ്വത്ഥാമാവിന്റെ മരണവാർത്ത വ്യാജമായി ചമച്ചതാകാമെന്നു ചിന്തിക്കാനുള്ള ബുദ്ധിയൊക്കെ ദ്രോണർക്കുണ്ട്.

ഒടുവിൽ കൃഷ്ണൻ തന്നെ ബുദ്ധി കണ്ടു പിടിച്ചു. 'അശ്വത്ഥാമാവ് മരിച്ചു' എന്ന് ധർമ്മ പുത്രർ പറഞ്ഞാൽ ദ്രോണർ വിശ്വസിക്കും; കാരണം ധർമ്മപുത്രർ കള്ളം പറയില്ല. എന്നാൽ ധർമ്മപുത്രർ യുദ്ധം തോറ്റാലും കള്ളം പറയില്ലെന്നായി. വീണ്ടും കൃഷ്ണന്റെ ബുദ്ധി കത്തി.

പടക്കൂട്ടത്തിൽ നിന്ന് ഒരു ആനയെ പിടിച്ചു. അതിന് അശ്വത്ഥാമാവ് എന്നു പേരിട്ടു. ഭീമൻ അതിനെ തച്ചുകൊന്നു. എല്ലാവരും ജയഭേരി മുഴക്കി. "അശ്വത്ഥാമാവു മരിച്ചു; അശ്വത്ഥാമാവു മരിച്ചു."

ദ്രോണർ ശബ്ദം കേട്ടു. ഒരു നിമിഷം തരിച്ചിരുന്നു. പിന്നെ വിളിച്ചു ചോദിച്ചു. "ധർമ്മാ, സത്യം പറയൂ, അശ്വത്ഥാമാവ് മരിച്ചോ?" ധർമ്മപുത്രർ ഒന്നു പരുങ്ങി. പിന്നെ പറഞ്ഞു. "മരിച്ചു" പിന്നെ അതിലും ചെറിയ വാക്കിൽ പറഞ്ഞു: "അശ്വത്ഥാമാവ് എന്ന ആന മരിച്ചു".

ദ്രോണർ വില്ലു താഴെവച്ചു. അർജുനൻ അമ്പെയ്യുകയും ചെയ്തു. ധർമ്മപുത്രരുടെ അന്നത്തെ ഒരു അർദ്ധസത്യമാണ് കുരുക്ഷേത്രയുദ്ധത്തിന്റെ ഗതി തിരിച്ചുവിട്ടത്.

വചന വ്യാഖ്യാനരംഗത്തും ഇന്നത്തെ പ്രശ്നങ്ങൾക്ക് മുഖ്യകാരണം അർദ്ധസത്യങ്ങളുടെ വിളയാട്ടമാണ്. പ്രവാചകന്മാർ പറഞ്ഞത് എല്ലാം സ്വീകരിക്കാതെ ചിലതു മാത്രം സ്വീകരിക്കുന്നത്........ മഹത്വം സ്വീകരിച്ച് കഷ്ടത ഉപേക്ഷിക്കുന്നത്...........

ഭാഗികമായി മാത്രം അറിഞ്ഞിരുന്ന തന്റെ ശിഷ്യരെ കർത്താവ് പൂർണമായ അറിവിലേക്കു നയിക്കുന്നു. ഇതാണ് ശരിയായ വ്യാഖ്യാനത്തിന്റെ ലക്ഷ്യം. ഭാഗികതയിൽ നിന്നും പൂർണതയിലേക്ക് ജനത്തെ നയി

ക്കുക (നാം തന്നെ നയിക്കപ്പെടുക) അതിനായി കർത്താവ് തിരുവെഴുത്തുകളിലൂടെ ഒരു പ്രയാണം തന്നെ നടത്തുന്നു. *"മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ച് ഉള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു." (ലൂക്കോസ് 24:27)*

വചനത്തിൽ നിന്ന് ഒരു ആശയം വ്യാഖ്യാനിക്കണമെങ്കിൽ ആ ആശയത്തെപ്പറ്റി വചനത്തിൻെറ ഓരോ ഭാഗത്തും പറഞ്ഞിരിക്കുന്ന കാര്യങ്ങളെപ്പറ്റിയുള്ള സാമാന്യ അറിവ് അത്യന്താപേക്ഷിതമാണ്. ദൈവ വചനത്തെ വെട്ടിമുറിച്ച് നമുക്കിഷ്ടമുള്ളതു മാത്രം സ്വീകരിച്ചാൽ ഈ സാമാന്യ അറിവ് നമുക്കു ലഭ്യമാകയില്ല. അതിനായി, വചനത്തെക്കുറിച്ചും വചനത്തിൻെറ ഉള്ളടക്കത്തെക്കുറിച്ചും സമഗ്രമായ ഒരു അവബോധം (Wholistic understanding) ആവശ്യമായിരിക്കുന്നു.

പണ്ഡിതന്മാർക്കുമാത്രം ലഭ്യമായ കാര്യമല്ല അത്. വേദപുസ്തകം വായിക്കാനറിയാവുന്നവർക്ക് (അതിനു കഴിവില്ലാത്തവർക്ക് കേൾവിയാൽ) ഈ സമൂല വീക്ഷണം നേടിയെടുക്കാവുന്നതേയുള്ളൂ. മുമ്പു സൂചിപ്പിച്ചിട്ടുള്ളതു പോലെ ശിക്ഷണമുള്ള ഒരു വായന നാം ശീലമാക്കണമെന്നു മാത്രം. വചനം അവിടെ നിന്നും ഇവിടെ നിന്നും മുറിച്ചു മുറിച്ചു വായിക്കുന്നതു കൂടാതെ ഇടയ്ക്കിടെ സമയമെടുത്ത് പുസ്തകം പുസ്തകമായി വായിച്ചാൽ നമുക്ക് ഈ സമഗ്ര വീക്ഷണം നേടിയെടുക്കാൻ കഴിയും. കർത്താവ് ശിഷ്യന്മാർക്ക് വചനം വ്യാഖ്യാനിച്ചുകൊടുക്കുമ്പോൾ ഈ വീക്ഷണത്തിന് ഊന്നൽ കൊടുത്താണ് വ്യാഖ്യാനിക്കുന്നത്. മോശെ (ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങൾ), പ്രവാചകന്മാർ, പിന്നെ എല്ലാ തിരുവെഴുത്തും.......ഇവിടെയെല്ലാം മശിഹയെപ്പറ്റി എന്തു പറഞ്ഞിരിക്കുന്നു........ ഇതായിരിക്കുന്നു യേശുവിൻെറ വ്യാഖ്യാനത്തിൻെറ അടിസ്ഥാനം.

യേശുവിൻെറ വ്യാഖ്യാനം അവരുടെ ചിന്താക്കുഴപ്പത്തെ അകറ്റി എന്നു തന്നെ വേണം കരുതാൻ. വ്യാഖ്യാനം കഴിയുമ്പോൾ ആശയക്കുഴപ്പത്തിലേക്കല്ല, ബോധ്യത്തിലേക്കു നയിക്കപ്പെടുന്നു. ശിഷ്യന്മാർ യേശുവിനെ (യേശുവാണെന്ന് അറിയാതെ തന്നെ) തങ്ങളോടു കൂടെ പാർക്കാൻ നിർബന്ധിച്ചു. യേശു അവരോടു കൂടെ പാർക്കാൻ പോയി. അവരുമായി ഭക്ഷണത്തിനിരിക്കുമ്പോൾ അവിടുന്ന് അപ്പമെടുത്ത് അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു. പെട്ടെന്ന് അവരുടെ കണ്ണു തുറന്നു. അവർ കർത്താവിനെ തിരിച്ചറിഞ്ഞു. പിന്നെ യേശു അവർക്ക് അപ്രത്യക്ഷനായി.

ഇപ്പോൾ അവർ പഴയ ശിഷ്യരല്ല. യേശുവിൻെറ, കൃത്യതയോടെയുള്ള വചന വ്യാഖ്യാനം അവനെ മാറ്റിമറിച്ചു. അവർ പ്രത്യാശയിലേക്കു മടങ്ങി



വന്നുകഴിഞ്ഞു. യേശുവിന് ക്രൂശിൽ സംഭവിച്ചത് ഒരു പരാജയമല്ലെന്നും മഹത്വത്തിലേക്കു പ്രവേശിക്കാനുള്ള വഴി മാത്രമാണെന്നും ഇപ്പോഴവർക്കറിയാം. കഷ്ടമനുഭവിച്ച മശിഹ മഹത്വവാനായി ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെന്ന് അവർ അറിഞ്ഞു. രാവിലെ യേശു ഉയിർത്തെഴുന്നേറ്റുവെന്ന് പറയുന്ന ദൂതൻമാരുടെ ദർശനം കണ്ടെന്ന് സ്ത്രീകൾ പറഞ്ഞപ്പോൾ അവർ ഭ്രമിച്ചുപോയി (വാക്യം 23) ഇപ്പോൾ ഉയിർത്തെഴുന്നേറ്റവനായ യേശുവിനെ നേരിൽ കണ്ടപ്പോൾ അവർ സന്തോഷിച്ചു. എല്ലാം മാറ്റിമറിച്ചത് യേശു വചനത്തിനു നല്കിയ വ്യാഖ്യാനമാണ്.

യേശുവിൻെറ വ്യാഖ്യാനം അവരുടെ ജീവിതത്തിൽ എങ്ങനെ ക്രിയ ചെയ്തുവെന്നതിനെപ്പറ്റി അവർ അന്യോന്യം പറയുന്നുണ്ട്.

*"അവൻ (യേശു) വഴിയിൽ നമ്മോടു സംസാരിച്ച് തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്ന് അവർ തമ്മിൽ പറഞ്ഞു. (ലൂക്കോസ് 24:32)*

യേശുവിൻെറ വചന വ്യാഖ്യാനം രണ്ടു രീതിയിൽ അനുഭവിച്ചതായി അവർ സാക്ഷിക്കുന്നു.

**1. അവൻ തിരുവെഴുത്തുകളെ തെളിയിച്ചു.**

യേശുവിൻെറ വ്യാഖ്യാനം ആദ്യം സ്പർശിക്കുന്നത് ശിഷ്യന്മാരുടെ ബുദ്ധിയെയാണ്- മനസ്സിനെയാണ്. കാര്യകാരണസഹിതം യേശു വിഷയങ്ങൾ പറഞ്ഞു. ഓരോ പ്രവാചകരും, ഓരോ തിരുവെഴുത്തുകളും, മശിഹയെക്കുറിച്ചു പറഞ്ഞ കാര്യങ്ങളുടെ വ്യാഖ്യാനത്തിലൂടെ അവർക്ക് അപ്പോഴുണ്ടായിരുന്ന ആശയക്കുഴപ്പത്തെ അവസാനിപ്പിച്ച് അവരെ യുക്ത്യധിഷ്ഠിതമായ ഒരു ബോധ്യത്തിലേക്ക് - മശിഹ കഷ്ടമനുഭവിച്ചിട്ടാണ് മഹത്വത്തിലേക്കു പ്രവേശിക്കേണ്ടത് എന്ന ബോധ്യത്തിലേക്കു നയിച്ചു. അത് അവരുടെ ബുദ്ധിയെ തെളിയിക്കുന്നതായിരുന്നു.

മനുഷ്യൻെറ യുക്തിയെ ദൈവം തീർച്ചയായും മാനിക്കുന്നുണ്ട്. മനുഷ്യനിലെ ദൈവസ്വരൂപത്തിൻെറ ഒരു തെളിവുകൂടെയാണ് യുക്തിബോധം എന്നത്. വചനവ്യാഖ്യാനത്തിലും മനുഷ്യൻെറ യുക്തിയുടെ മണ്ഡലം പ്രവർത്തിക്കുന്നുണ്ട്. അതിനർത്ഥം വചനത്തെ മുഴുവൻ നമുക്ക് യുക്തികൊണ്ട് വിശദീകരിക്കാമെന്നല്ല. ചിലപ്പോൾ വചനം നമ്മുടെ യുക്തിയെയും കടന്നുപോയെന്നിരിക്കാം. എന്നാൽ, വചനം പലപ്പോഴും യുക്തിക്ക് അതീതമാണെങ്കിലും യുക്തിക്ക് വിരുദ്ധമല്ല. കർത്താവ് വചനം വ്യാഖ്യാനിച്ചപ്പോൾ ശിഷ്യർക്ക് അത് യുക്തിസഹമായി തോന്നി.

കർത്താവ് വിശദീകരിച്ച തിരുവചനവാക്യങ്ങൾ കൂട്ടിവെച്ച് രണ്ടാമതൊന്നു കൂടെ വായിച്ചപ്പോൾ, കർത്താവിൻെറ അവകാശവാദം - മശിഹ കഷ്ടമനുഭവിച്ചിട്ടു വേണം മഹത്വത്തിൽ പ്രവേശിക്കേണ്ടത് എന്ന വസ്തുത- യുക്തിക്കു നിരക്കുന്നതായി അവർക്ക് മനസ്സിലായി. അവരുടെ ബുദ്ധി തെളിഞ്ഞു!"

യുക്തിസഹമായിരിക്കണം നമ്മുടെ വിശ്വാസമെന്ന് പത്രൊസും പറയുന്നുണ്ട്. *"നിങ്ങളുടെ ഉള്ളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിക്കണം." (1 പത്രോസ് 3:15)*

യാതൊരു യുക്തിയുമില്ലാതെ വചനത്തെ വ്യാഖ്യാനിച്ച് പഠിപ്പിക്കുന്നവരെ സൂക്ഷിക്കണം. അവർ പറയുന്നതെല്ലാം 'വെളിപ്പാടാണ്' എന്നാണ് അവരുടെ വാദം. അവരുടെ വെളിപ്പാടുകളിൽ സാധാരണക്കാരന് ഒരു യുക്തിയും കാണാൻ കഴിയില്ല. 'വെളിപ്പാടു' ള്ളവർക്കേ അത് അറിയാൻ കഴിയൂ എന്ന് അവർ പറയുന്നു. ഒരാളുടെ വെളിപ്പാടുവെച്ച് അയാൾ വചനത്തെ വ്യാഖ്യാനിക്കുകയാണെങ്കിൽ, സാധാരണക്കാരന് അതിലെ ന്യായം (യുക്തി) ചോദിക്കാൻ അവകാശമുണ്ട്. അത് ബുദ്ധിക്കു തെളിവായില്ലെങ്കിൽ സൂക്ഷിച്ചുമാത്രം ആ വ്യാഖ്യാനത്തോട് ഇടപെടണം.

പൌലൊസ് കൊരിന്ത്യർക്കു ലേഖനമെഴുതുമ്പോൾ,

*"സഹോദരന്മാരെ, ഞാൻ വെളിപ്പാടായിട്ടോ, ജ്ഞാനമായിട്ടോ, പ്രവചനമായിട്ടോ, ഉപദേശമായിട്ടോ നിങ്ങളോടു സംസാരിക്കാതെ അന്യഭാഷകളിൽ സംസാരിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്കെന്തു പ്രയോജനം വരും? " (1 കൊരിന്ത്യർ 14:6)* എന്നു ചോദിക്കുന്നു.

അപ്പൊസ്തലൻ ഇവിടെ വെളിപ്പാടിനെയും ജ്ഞാനത്തെയും വേർതിരിച്ചു കാണുകയാണ്. 'ജ്ഞാനം' എന്നാൽ ബുദ്ധിയുടെ മണ്ഡലത്തിലെ അടുക്കായ ചിന്തകളാണ്. എന്നാൽ 'വെളിപ്പാട്' ഒരു ശുശ്രൂഷകൻെറ ആത്മാവിലുളവാകുന്ന ഉൾബോധ്യമാണ്. (Intution)

'വെളിപ്പാട്' പുറത്തുപറയുമ്പോൾ പ്രവചനമായി. ദൈവത്തിനു പകരം സംസാരിക്കുന്നതിനെയാണ് ഇവിടെ 'പ്രവചനം' എന്നതുകൊണ്ടുദ്ദേശിക്കുന്നത് - അത് പുൾപിറ്റിൽ നിന്നുകൊണ്ടു വേണമെങ്കിലും പറയാം.

'ജ്ഞാനം' പകർന്നുകൊടുക്കുമ്പോൾ 'ഉപദേശ' മായി. ജ്ഞാനത്തിൽ നിന്ന് ഒരുവനു പ്രവചനം പറയാൻ പറ്റില്ല. പ്രവചനത്തിന് വെളിപ്പാടിൻെറ പിൻബലം വേണം.



ജ്ഞാനത്തിൽ നിന്നു പ്രവചനം പറഞ്ഞുകൂടാ എന്നതുപോലെ പ്രധാനമാണ് വെളിപ്പാടിൽ നിന്ന് ഉപദേശം പറഞ്ഞുകൂടാ എന്നത്. ഉപദേശം യുക്തിസഹമായിരിക്കണം; ചോദ്യം ചെയ്യപ്പെടാവുന്നതായിരിക്കണം ഉപദേശം (1 പത്രോസ് 3:15).

വെളിപ്പാട് യുക്തിക്കപ്പുറത്തെ കാര്യങ്ങളായതിനാൽ പ്രവചനം ചിലപ്പോഴൊക്കെ യുക്തിപരമായി വിശദീകരിക്കാൻ പ്രയാസമായിരിക്കും. എന്നാൽ ഉപദേശത്തിന് എപ്പോഴും യുക്തിയുണ്ടാവണം. അതിനാൽ ജ്ഞാനം തന്നെയാവണം ഉപദേശത്തിൻെറ അടിത്തറ. ഒരാളുടെ വ്യക്തിപരമായ വെളിപ്പാടിൻെറ അടിസ്ഥാനത്തിൽ വചനം വ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന പ്രസ്ഥാനങ്ങളാണ് മിക്കപ്പോഴും 'കൾട്ടു' കളായി രൂപാന്തരപ്പെടുന്നത്.

**2. "അവൻ തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരിക്കുന്നില്ലയോ?"**

യേശുവിൻെറ വചനവ്യാഖ്യാനം ഒന്നാമത് ശിഷ്യൻമാരുടെ ബുദ്ധിയെ തെളിയിച്ചെങ്കിൽ രണ്ടാമതു സംഭവിക്കുന്നത്, അതവരുടെ ഹൃദയത്തെ കത്തിക്കുകയാണ്. യുക്തിയുടെ ഇരിപ്പിടമാണ് മനസ്സ് എങ്കിൽ വികാരത്തിൻെറ ഇരിപ്പിടമാണ് ഹൃദയം. മോശെ തുടങ്ങി സകല പ്രവാചകൻമാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിൽ നിന്നും മശിഹയെക്കുറിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ യേശു ശിഷ്യന്മാർക്ക് വിശദീകരിച്ചു കൊടുത്തു. തങ്ങളോടു സംസാരിക്കുന്നത് യേശുവാണെന്ന് അവർക്കറിയില്ല. യരുശലേമിൽ ആരാധിക്കാനെത്തിയ ഒരു പരദേശി എന്നേ അവർ അദ്ദേഹത്തെപ്പറ്റി ചിന്തിച്ചുള്ളു. എന്നാൽ ഓരോ ഭാഗത്തിൻെറ വിശദീകരണവും അവരുടെ ഹൃദയം നിറച്ചു. അപരിചിതൻെറ വാക്കുകളിലൂടെ അവർ യേശുവിനെ കണ്ടു. യേശുവിൻെറ വാക്കുകളും പ്രവൃത്തികളും അവർ വീണ്ടും ഓർമ്മിച്ചു. അവരുടെ ഹൃദയം യേശുവിനായി കത്തി! യേശു കഷ്ടമനുഭവിച്ചുകഴിഞ്ഞെന്ന് അവർക്കറിയാം; എന്നാൽ കഷ്ടമനുഭവിച്ച യേശു, ക്രിസ്തുവായിരുന്നോ എന്നായിരുന്നു അവരുടെ സംശയം. അതിപ്പോൾ മാറി, യേശുതന്നെ ക്രിസ്തുവെന്ന് അവർക്കു ബുദ്ധിയിൽ തെളിവായി. ഇപ്പോൾ ആ അറിവ് ഹൃദയത്തിലേക്ക് വികാരമായി ഒലിച്ചിറങ്ങുകയാണ്. യേശുവിനെ കാണാനും അനുഭവിക്കാനുമുള്ള അഭിവാഞ്ഛ അവരിൽ വളർന്നു......അവരുടെ ഓരോ പരമാണുവും യേശുവിനായി ദാഹിച്ചു. അവരുടെ ഹൃദയം അവരുടെ ഉള്ളിൽ കത്തി. അവരുടെ വികാരലോകം സജീവമായി.

വചന വ്യാഖ്യാനത്തിൽ ബുദ്ധി തെളിയുക മാത്രമല്ല ഹൃദയം കത്തുകയും വേണം. അത് വ്യക്തികളിൽ യേശുവിനായുള്ള അഭിവാഞ്ഛ വളർത്തണം. എമ്മവുസിലേക്ക് പോയ ശിഷ്യർ ബുദ്ധിഹീനരും (Foolish) ഹൃദയത്തുടിപ്പില്ലാത്തവരും(Slow of heart) ആയിരുന്നു. അവരുടെ ഈ രണ്ടു പ്രശ്നങ്ങളെയും യേശു തന്റെ വചന വ്യാഖ്യാനത്തിലൂടെ മാറ്റിയെടുത്തു. അവരുടെ ബുദ്ധിയെ തെളിയിക്കുകയും ഹൃദയത്തെ കത്തിക്കുകയും ചെയ്തു. ബുദ്ധിയെയും വികാരത്തെയും സ്പർശിക്കുന്നതാവണം വചന വ്യാഖ്യാനം.

ചിലരുടെ പ്രസംഗങ്ങൾ വളരെ ബുദ്ധിപരമായിരിക്കും. നമ്മുടെ യുക്തിയെ അവർ ആകാശത്തുകയറ്റി നിർത്തും. വാക്യങ്ങളുടെ ഗ്രീക്കും ഹീബ്രുവും അരാമെയ്ക്കും അതിന്റെ പാഠഭേദങ്ങളുമൊക്കെ വിശദീകരിക്കും. എന്നാൽ പ്രസംഗത്തിൽ കത്തലുണ്ടാവില്ല. നമ്മുടെ ബുദ്ധിയെയല്ലാതെ ഹൃദയത്തെ അത് സ്പർശിക്കുകയില്ല. അതുകേട്ട് പ്രസംഗകന്റെ പാണ്ഡിത്യത്തിൽ അത്ഭുതം കൂറുന്നതൊഴികെ യേശുവിനോടു നമുക്കു പ്രത്യേകിച്ച് സ്നേഹമൊന്നും തോന്നാനിടയില്ല.

മറ്റു ചിലരുടെ പ്രസംഗങ്ങൾ തിരിച്ചാണ്. വലിയ കത്തലായിരിക്കും. പ്രസംഗകൻ തന്നെ നിന്നു കത്തുകയായിരിക്കും (തമാശ കാണിച്ച് മിമിക്രിക്കാരൻ നിന്നു ചിരിക്കുന്നതുപോലെ) എന്നാൽ പ്രസംഗം കഴിഞ്ഞിറങ്ങി അല്പം കഴിഞ്ഞ് എന്താ പ്രസംഗിച്ചതെന്ന് കേട്ടിരുന്നവരോടോ പ്രസംഗകരോടോ ചോദിച്ചാൽ അവർക്ക് ഓർത്തിരിക്കാനാവില്ല. കാരണം, അത് ബുദ്ധിയെ തെളിയിച്ചില്ല; പുതിയ ബോധ്യങ്ങളൊന്നും നൽകിയില്ല.

**3. ആത്മാവിലെ ബോധ്യം**

കൃത്യമായ വചനവ്യാഖ്യാനം ബുദ്ധിയെ തെളിയിക്കുന്നതും ഹൃദയത്തെ കത്തിക്കുന്നതും കൂടാതെ മറ്റൊന്നുകൂടെ ചെയ്യുന്നുണ്ട്. അത് ബുദ്ധിക്കും വികാരത്തിനുമപ്പുറത്ത് ആത്മാവിന്റെ തലത്തിലേക്ക് ഇറങ്ങിച്ചെന്ന് ആത്മാവിൽ ബോധ്യങ്ങളെ നൽകുന്നു.

പരിശുദ്ധാത്മാവാണ് യഥാർത്ഥ വ്യാഖ്യാതാവ് എന്നു നാം കണ്ടു. അതു വ്യക്തമാകുന്നത് ബോധ്യങ്ങളാൽ നാം നിറയപ്പെടുമ്പോഴാണ്. അതിനുമുമ്പുള്ള രണ്ടു പടികളിലും- ബുദ്ധിയെ തെളിയിക്കുന്നതിലും ഹൃദയത്തെ കത്തിക്കുന്നതിലും ആത്മാവിന്റെ പ്രവൃത്തിയില്ലേ എന്നു ചോദിച്ചേക്കാം. തീർച്ചയായും ഉണ്ട്. എന്നാൽ ആത്മാവിന്റെ പ്രവർത്തനത്തിന്റെ അഭാവത്തിലും, മിടുക്കനായ ഒരു പ്രഭാഷകന് ഒരുപക്ഷെ നിങ്ങളുടെ ബുദ്ധിയെ തെളിയിക്കുവാനും വികാരത്തെ ഇളക്കുവാനും കഴിഞ്ഞുവെന്നുവരാം. എന്നാൽ ആത്മാവിലേക്ക് ഇറങ്ങിച്ചെല്ലാൻ പരിശുദ്ധാത്മാവിനേ കഴിയൂ. ആത്മ പ്രവർത്തനത്തിന്റെ അഭാവത്തിലും ഒരാളെ നിങ്ങൾക്ക് നിഗമനങ്ങളിലേക്ക് (Conclusion)നയിക്കാൻ കഴിയും. എന്നാൽ ആത്മാവിലെ ബോധ്യം (Conviction) പരിശുദ്ധാത്മാവിനു മാത്രം നൽകാൻ കഴിയുന്ന കാര്യമാണ്. പരിശുദ്ധാത്മാവിന്റെ കാറ്റടിക്കാതെയും ഹൃദയത്തെ ഊഷ്മളമാക്കുംവിധം വികാരങ്ങളുടെ വേലിയേറ്റമുണ്ടാകാം. എന്നാൽ ആത്മാവിനെ സ്പർശിക്കാൻ പരിശുദ്ധാത്മാവിനേ കഴിയൂ.

ബുദ്ധിയുടെയും വികാരങ്ങളുടെയും മണ്ഡലത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നില്ലെന്ന് ഒരിക്കലും ചിന്തിക്കരുത്. യേശു തന്നെയും തന്റെ ശിഷ്യൻമാരുടെ ബുദ്ധിയെ തെളിയിക്കുകയും ഹൃദയത്തെ കത്തിക്കുകയും ചെയ്തല്ലോ. എന്നാൽ ഒരാൾക്കു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എന്നു പറയുന്നതും ഒരാൾക്ക് മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എന്നു പറയുന്നുതും വ്യത്യസ്തമാണ്. ബുദ്ധിയെയും ഹൃദയത്തെയും പരിശുദ്ധാത്മാവിനും സ്പർശിക്കാം, മിടുക്കനായ ഒരു പ്രഭാഷകനും സ്പർശിക്കാം. എന്നാൽ ആത്മാവിനെ പരിശുദ്ധാത്മാവിനു മാത്രമെ സ്പർശിക്കാൻ കഴിയൂ.

പരിശുദ്ധാത്മാവിന്റെ സാക്ഷ്യം നമ്മുടെ ആത്മാവിലേക്ക് ഒഴുകിയെത്തുന്നത് ഒരു പ്രക്രിയയാണ്. അതിന്റെ പടികളിലാണ് ബുദ്ധി തെളിയിക്കപ്പെടുന്നതും ഹൃദയം കത്തുന്നതും. അതിനാൽ ആത്മാവിലേക്കുള്ള പ്രയാണത്തിൽ നമുക്ക് മനസ്സിനെയും ഹൃദയത്തെയും അവഗണിക്കാൻ കഴിയില്ല.

വ്യാഖ്യാനത്തിന്റെ പ്രയാണത്തെ ഇങ്ങനെ വിശദീകരിക്കാമെന്ന് തോന്നുന്നു.

ഒന്ന്. അത് മനസ്സിനെ (ബുദ്ധിയെ) തെളിയിക്കുന്നു

രണ്ട്. അത് ഹൃദയത്തെ (വികാരത്തെ) കത്തിക്കുന്നു.

മൂന്ന്. അത് ആത്മാവിനെ ബോധ്യപ്പെടുത്തുന്നു.

മൂന്ന് തലങ്ങളിലും പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. എന്നാൽ ബോധ്യമുണ്ടാവുന്നത് ആത്മതലത്തിലാണ്. അതാണ് നില നിൽക്കുന്നത്. അതിനാണ് വ്യത്യാസങ്ങളുണ്ടാവുന്നത്.

കൃത്യമായ വ്യാഖ്യാനം മറ്റൊരു പ്രവൃത്തി ചെയ്യുന്നതാണ് നാം പിന്നീട് കാണുന്നത്.

"ആ നാഴികയിൽത്തന്നെ അവർ എഴുന്നേറ്റ് യരുശലേമിലേക്ക് മടങ്ങിപ്പോന്നു." (ലൂക്കോസ് 24:33)

യരുശലേമിൽ നിന്ന് എമ്മവുസിലേക്കു പോയവരാണവർ. നേരം വൈകാറായപ്പോഴാണ് അവർ എമ്മവുസുലെത്തിയത്. എന്നാൽ വചന വ്യാഖ്യാനം അവരിൽ ക്രിയ ചെയ്തു. യേശുവിനെ തിരിച്ചറിഞ്ഞു കഴിഞ്ഞു. ആത്മാവിൽ അവർക്ക് അവരുടെ ദൗത്യത്തെപ്പറ്റി ബോധ്യമുണ്ടായി. അവർ ആ നാഴികയിൽത്തന്നെ യരുശലേമിലേക്കു മടങ്ങിപ്പോയി.

എമ്മവുസ്സിൽ നിന്ന് യരുശലേമിലേക്ക് ഏഴു നാഴിക ദൂരമുണ്ട്. ഇപ്പോൾ സന്ധ്യയായി. ഇനി തിരിച്ചുപോവുകയാണെങ്കിൽ യാത്ര രാത്രിയിലാകും. യാത്രയിൽ അപകടമുണ്ടാകാം; അതു തന്നെയല്ല, അവർ ഏഴു നാഴിക നടന്ന് വന്നെത്തിയതേയുള്ളു......വീണ്ടും ഏഴു നാഴിക നീളുന്ന തിരിച്ചു നടപ്പ് ബുദ്ധിമുട്ടുതന്നെ. എന്നാൽ ശിഷ്യന്മാർ അതൊന്നും കണക്കാക്കിയില്ല. ക്ഷീണം വകവെച്ചില്ല. രാത്രിയിലെ അപകടത്തെ ഭീതിപ്പെട്ടില്ല. ആ നാഴികയിൽത്തന്നെ അവർ മടങ്ങിപ്പോയി.

വചന വ്യാഖ്യാനം കൃത്യമാണെങ്കിൽ അത് ക്രിയ ചെയ്യും. ഇവിടെ യേശുവിൻെറ വ്യാഖ്യാനം ശിഷ്യരുടെ ബുദ്ധിയെ തെളിയിക്കുകയും ഹൃദയത്തെ കത്തിക്കുകയും മാത്രമല്ല ചെയ്തത്. അത് അവരുടെ ആത്മാവിനെ ബലപ്പെടുത്തിയിരിക്കുന്നു. ആത്മാവ് സ്പർശിക്കപ്പെട്ടവന് അടങ്ങിയിരുന്നുകൂടാ. അവന് യഥാസ്ഥാനപ്പെട്ടേ മതിയാകൂ.

യഥാസ്ഥാനപ്പെടുത്തുന്നതാണു വചനം. യഥാസ്ഥാനത്തിന് പലപ്പോഴും വില കൊടുക്കേണ്ടിവരും. നമ്മുടെ സ്വഭാവത്തെ രൂപാന്തരപ്പെടുത്തേണ്ടിവരും; പല സുഖങ്ങളേയും വെടിയേണ്ടിവരും ചിലവാക്കുകയും ചിലവാകുകയും വേണ്ടിവരും; അപകടങ്ങളെ കണക്കിലെടുക്കാതെ അനിശ്ചിതത്വത്തിലേക്ക് എടുത്തു ചാടേണ്ടിവരും....

എന്നാലിന്ന് ആളുകൾ വചനത്തെ വ്യാഖ്യാനിക്കുന്നത് ആർക്കും ഒരു വിലയും കൊടുക്കേണ്ടി വരാത്ത നിലയിലാണ്. എല്ലാവർക്കും അവർ ഇപ്പോൾ എങ്ങനെയാണോ അങ്ങനെ തന്നെ കഴിയാം. ഒരു മാറ്റവും ആവശ്യമില്ല. "കർത്താവു വരാറായി അതുകൊണ്ട് നമുക്ക് സന്തോഷിക്കാം നമ്മുടെ കഷ്ടതയെല്ലാം തീരാറായി അതുകൊണ്ടു സന്തോഷിക്കാം"എന്നൊക്കെ പറയാനാണ് നമുക്കിഷ്ടം. പറയുന്നത് തെറ്റൊന്നുമല്ല. നല്ല കാര്യം തന്നെ. പ്രവചനനിവൃത്തി, കൂടാരം, യുഗങ്ങൾ......പഠിപ്പിക്കുന്നത് വലിയ വലിയ കാര്യങ്ങളാണ്. എന്നാൽ ആർക്കും ഒരു വ്യത്യാസവും ഉണ്ടാകുന്നില്ല, ഉണ്ടാകണമെന്ന് വ്യാഖ്യാതാവ് ആഗ്രഹിക്കുന്നുമില്ല. എന്നാൽ വചനം എപ്പോഴും യഥാസ്ഥാനപ്പെടുത്തുന്നതായിരിക്കണം.

കുര്യാക്കോസ് തോട്ടത്തിൽ പറഞ്ഞ ഒരു കഥ: അദ്ദേഹം പാസ്റ്ററായിരുന്ന സഭയിലെ ഒരു മാതാവ് അദ്ദേഹത്തിൻെറ അടുക്കലെത്തി ചോദിച്ചു: "പാസ്റ്ററെ, ഞാനൊരു ദർശനം കണ്ടു. അതിൻെറ അർത്ഥമെന്താ?"

"ദർശനം പറ അമ്മച്ചീ, എനിക്കങ്ങനെ വ്യാഖ്യാനവരമൊന്നുമില്ലെങ്കിലും നോക്കാം." എന്നായി പാസ്റ്റർ.

"ഞാൻ നമ്മുടെ സഭയിൽ ഒരു കുഞ്ഞിനെ കണ്ടു. ഇപ്പോൾ ജനിച്ച ഒരു ശിശു........എന്താണതിൻെറ അർത്ഥം?" അമ്മച്ചി ചോദിച്ചു.

"അതിനിപ്പോൾ പ്രത്യേകിച്ച് വ്യാഖ്യാനത്തിൻെറ ആവശ്യമൊന്നുമില്ലല്ലോ അമ്മച്ചീ" കുര്യാക്കോസ് പറഞ്ഞു. "കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്, നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയി വരുന്നില്ലെങ്കിൽ ദൈവരാജ്യം അവകാശമാക്കുകയില്ലെന്ന്. ഈ ദർശനം ഇപ്പോൾ കിട്ടിയത് അമ്മച്ചി തിരിഞ്ഞ് ശിശുവിനെപ്പോലെ......... ശാഠ്യമൊക്കെ ഉപേക്ഷിച്ച് ലളിത മനസ്കയായി......."

"പാസ്റ്ററെ, അതിൻെറ വ്യാഖ്യാനം അങ്ങനല്ല" അമ്മച്ചി ഇടയ്ക്കു കയറിപ്പറഞ്ഞു: "അതല്ല.......അതല്ല......"

"എന്നാൽ പിന്നെ അമ്മച്ചി തന്നെ വ്യാഖ്യാനിക്കൂ" എന്നായി കുര്യാക്കോസ്.

"അതിൻെറ വ്യാഖ്യാനമിതാണ്. ദൈവം നമുക്ക് സഭയിൽ വളരെയേറെ പുതിയ ആത്മാക്കളെ തരാൻ പോവുകയാണ്." അമ്മച്ചി പ്രഖ്യാപിച്ചു.

വ്യാഖ്യാനം ശരിയാണോ തെറ്റാണോ എന്നൊന്നും അറിയില്ല. എന്തായാലും അമ്മച്ചിയുടെ വ്യാഖ്യാനം കൊണ്ട് ആർക്കും ദോഷമൊന്നും ഉണ്ടാകാൻ പോകുന്നില്ല.ആരും സങ്കടപ്പെടുകയോ ദേഷ്യപ്പെടുകയോ ഒന്നും ആവശ്യമില്ല. എല്ലാവർക്കും സന്തോഷിക്കാം. കാരണം ആ വ്യാഖ്യാനം ആരിൽ നിന്നും വില ആവശ്യപ്പെടുന്നില്ല.

എല്ലാവരേയും സന്തോഷിപ്പിക്കുന്ന, ആരും ഒരു വിലയും നൽകേണ്ടാത്ത വ്യാഖ്യാനങ്ങൾക്കാണ് ഇന്ന് ഡിമാൻറ്. എന്നാൽ "മാർക്കറ്റ്" നോക്കി വിട്ടുവീഴ്ചകൾ നടത്തുന്ന വ്യാഖ്യാതാക്കൾ ദൈവവചനത്തെ വിൽപ്പനച്ചരക്കാക്കുകയാണ്.

വചന വ്യാഖ്യാനത്തിൻെറ സാങ്കേതിക പ്രമാണങ്ങൾ ഈ പുസ്തകത്തിൽ ചേർത്തിട്ടില്ല. വചന വ്യാഖ്യാനത്തിൽ ഓർത്തിരിക്കേണ്ട ചില അടിസ്ഥാനവിഷയങ്ങൾ മാത്രമെ കുറിച്ചിട്ടുള്ളു.

ഒന്നാമത്, യഥാർത്ഥ വ്യാഖ്യാതാവ് പരിശുദ്ധാത്മാവാണ്. അതിനാൽ ആത്മശക്തിയിലല്ലാതെയുള്ള വചന വ്യാഖ്യാനം ഫലപ്രാപ്തിയിലെത്തില്ല. വചനം പ്രത്യക്ഷത്തിൽ വ്യാഖ്യാനിക്കുന്നത് ആരെങ്കിലുമാകാം. എന്നാൽ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ അതിന് സാക്ഷ്യം നൽകണം. ആത്മാവ് നമുക്ക് ബോധ്യം വരുത്തും- പാപത്തെക്കുറിച്ച്, നീതിയെക്കുറിച്ച്, ന്യായവിധിയെക്കുറിച്ച്.

ആത്മാവ് നമ്മെ സത്യത്തിലേക്കു വഴി നടത്തും-സകല സത്യത്തിലേക്കും! വചന വ്യാഖ്യാനം ബോധ്യങ്ങളെ നൽകുന്നതും പുതിയ സത്യത്തിലേക്ക് നമ്മെ നയിക്കുന്നതുമാകണം.

യേശുവിൻെറ വചനവ്യാഖ്യാനമാതൃകയോളം കൃത്യത ആരുടേതിനുമുണ്ടാവില്ലല്ലോ. വചനത്തെക്കുറിച്ചുള്ള ഒരു സമഗ്രവീക്ഷണം അത്യാവശ്യമാണെന്ന് അവിടുന്നു പഠിപ്പിച്ചു. പ്രവാചകൻമാർ പറഞ്ഞത് എല്ലാം വിശ്വസിക്കണം തിരുവെഴുത്തുകളിൽ നിന്ന് ഇഷ്ടമുള്ളതു മാത്രം മുറിച്ചെടുക്കരുത്.

യേശുവിൻെറ വചന വ്യാഖ്യാനം ശിഷ്യരുടെ ബുദ്ധിയെ തെളിയിച്ചു. ഹൃദയത്തെ കത്തിച്ചു; അവരുടെ ആത്മാവിൽ അത് ചലനങ്ങൾ സൃഷ്ടിച്ചു. അവരെ യഥാസ്ഥാനപ്പെടുത്തി. യഥാസ്ഥാനപ്പെടുവാനും വിലകൊടുക്കുവാനും പ്രേരിപ്പിക്കുന്നതായിരിക്കണം വചന വ്യാഖ്യാനം.



# 13 കണ്ണാടി കാണുന്നവർ

സമയം രാവിലെ 8.20. ശോഭന കണ്ണാടിയുടെ മുമ്പിൽത്തന്നെ നിൽക്കുകയാണ്. 7.45നു തുടങ്ങിയതാണ് ഒരുക്കം. ഇതുവരെ തീർന്നിട്ടില്ല.

"പെണ്ണേ, എട്ടരയ്ക്ക് ബസ്സു വരും. ഇറങ്ങിപ്പോകുന്നുണ്ടോ?"

അമ്മ.

"ഒരു മിനിറ്റൂടെ അമ്മെ." ശോഭന കണ്ണാടിയിലേക്ക് ഒന്നുകൂടെ സൂക്ഷിച്ചുനോക്കി. പുരികം പ്ലക് ചെയ്തത് അല്പം കേറിപ്പോയിട്ടുണ്ടോ? ഇല്ല........അയ്യോ, ഇതെന്താ കണ്ണിനു താഴെ ഈ കറുപ്പ്......ശ്ശെ! എന്തു ചെയ്യും? കുമ്പളങ്ങ നീരു പുരട്ടിയാൽ മതിയെന്നാ വിമലചേച്ചി പറഞ്ഞത്. "അമ്മെ, പച്ചക്കറിവാങ്ങിക്കുമ്പോൾ ഒരു കുമ്പളങ്ങ കൂടെ വാങ്ങിച്ചോണെ" അവൾ വിളിച്ചു പറഞ്ഞു. അമ്മയ്ക്ക് അതുകേട്ട് അത്ഭുതം! പച്ചക്കറി തൊട്ടുകൂട്ടാത്ത കൊച്ചിന് കുമ്പളങ്ങാക്കറിയോട് ഇതെന്നു തുടങ്ങി താല്പര്യം?

എട്ടരയ്ക്ക് രണ്ടു മിനിറ്റു ബാക്കിയുള്ളപ്പോൾ ശോഭന ഒരു വിധത്തിൽ കണ്ണാടിയുടെ മുമ്പിൽ നിന്നു മാറി; ബാഗെടുത്ത് ഒറ്റ ഓട്ടം! ദൈവമേ ഇന്നു ബസ്സു പോകുമോ എന്തോ. ഫസ്റ്റ് പീരിഡ് സുവോളജിയാ. താമസിച്ചു ചെന്നാൽ അമ്മിണിടീച്ചറ് എടുത്തിട്ട് ചാടിക്കും.

ബെഡ്റൂമിൽ വലിയ നിലക്കണ്ണാടി വയ്ക്കണമെന്നുള്ളതായിരുന്നു ശോഭനയുടെ അടുത്ത കാലത്തെ ഏറ്റവും വലിയ ഡിമാൻറ്. വാഷ് ബേസിനു മുകളിലെ കൂനാച്ചിക്കണ്ണാടിയിൽ നോക്കിയാൽ മുഖത്തിൻെറ ഒരു ഷെയ്പും മനസ്സിലാക്കാൻ പറ്റുമായിരുന്നില്ല. നിരാഹാരം കിടന്നിട്ടാണെങ്കിലും അവളത് സാധിച്ചെടുത്തു. കണ്ണാടിയുടെ മുകളിൽ ഒരു നൂറ് വാട്ട് ബൾബും പിടിപ്പിച്ചു. ശ്ശൊ ഇപ്പൊഴാ മുഖം ശരിക്കൊന്നു പെരുമാറാൻ പറ്റുന്നത്!

ഒരാൾ കണ്ണാടിയിൽ നോക്കി എന്തു ചെയ്യുന്നുവെന്നത് ഒരു വിശകലനത്തിനു വിധേയമാക്കി നോക്കാം. കണ്ണാടിയിൽ നോക്കി ഒരാൾ മുടി ചീകുന്നതോ മുഖം മിനുക്കുന്നതോ ഒക്കെയേ പ്രത്യക്ഷത്തിൽ നാം കാണുന്നുള്ളു. എന്നാൽ കണ്ണാടിയിൽ നോക്കി നിൽക്കുന്ന നിമിഷ ങ്ങളിൽ ഒരാളുടെ മനസ്സിൽ പല ചിന്തകൾ, പല ആശയങ്ങൾ ഒക്കെ മിന്നിമറയുന്നുണ്ട്.

കണ്ണാടിയിൽ നോക്കുന്ന ഒരാൾ പിന്നെയും അതിൽത്തന്നെ സൂക്ഷിച്ചുനോക്കുന്നത് എന്തുകൊണ്ടാണ്? തൻെറ തന്നെ സൗന്ദര്യം ആസ്വദിക്കാനാണോ? സ്വാനുരാഗികളായി പലരുമുണ്ടെങ്കിലും മിക്കവർക്കും തങ്ങളുടെ തന്നെ രൂപത്തെ അത്രകണ്ടു തൃപ്തിയല്ല. കണ്ണാടിയിൽ തൻെറ മുഖം തുടർച്ചയായി കണ്ടു കൊണ്ടിരിക്കുന്നതിനല്ല, മറ്റൊരാൾക്കു കാണിച്ചുകൊടുക്കാൻ പാകത്തിൽ അതിനെ ഒരുക്കാനാണ് മിക്കവരും കണ്ണാടിയിൽ നോക്കിക്കൊണ്ടേയിരിക്കുന്നത്.

ശോഭന കണ്ണാടിയിൽ നോക്കുന്നു; അവൾ തൻെറ മുഖം കണ്ണാടിയിൽ കാണുന്നു. അവൾക്ക് അവളുടെ മുഖം ഇഷ്ടമാണ്. എന്നാലും തൻെറ മുഖം ഇതിനെക്കാൾ മെച്ചമായിരുന്നെങ്കിൽ എന്നൊരാഗ്രഹം അവൾക്ക് തീർച്ചയായുമുണ്ട്. പുരികം അല്പം കൂടെ വളഞ്ഞിരുന്നെങ്കിൽ..........കണ്ണിൻെറ താഴത്തെ കറുപ്പ് ഇല്ലായിരുന്നെങ്കിൽ.......... മുഖക്കുരു വന്ന പാട് മാഞ്ഞുപോയിരുന്നെങ്കിൽ.........ചുണ്ടിന് അല്പം കൂടെ നിറമുണ്ടായിരുന്നെങ്കിൽ........

കണ്ണാടിയിൽ അവൾ സ്വന്തമുഖം കാണുന്നതോടൊപ്പം അവളുടെ മനോദർപ്പണത്തിൽ മറ്റൊരു മുഖം കൂടെ ദൃശ്യമാക്കുന്നു. അവളുടെ ഭാവനയിൽ അവൾ തീർത്ത 'പൂർണ്ണത'യുള്ള രൂപം! ശോഭനയുടെ ഭാവനയിലെ ശോഭന!!

പിന്നീടവൾ കണ്ണാടിയിൽ നോക്കുമ്പോൾ രണ്ടു മുഖമാണ് കാണുന്നത്. കുഴികളുള്ള, കുറവുകളുള്ള തൻെറ ഇപ്പോഴത്തെ മുഖം



നേരെ മുന്നിൽ. ഭാവനയിലുള്ള പൂർണ്ണമുഖം മനസ്സിൽ.

മിനുക്കിയെടുക്കേണ്ട മുഖമാണ് നേരെ മുന്നിൽ. എങ്ങനെ മിനുക്കണം? ഭാവനയിലെ മുഖംപോലെ മിനുക്കണം! അതിനാണ് ഓരോരുത്തരും കണ്ണാടിക്കുമുമ്പിൽ സമയം ചെലവഴിക്കുന്നത്. ഒടുവിൽ നമ്മുടെ യഥാർത്ഥ മുഖം മിനുക്കി ഭാവനയിലെ മുഖത്തോട് ഏകദേശം അനുരൂപമാവുമ്പോൾ സംതൃപ്തിയോടെ നാം കണ്ണാടിക്കുമുമ്പിൽ നിന്നു മാറുന്നു. വചനവും ഒരു കണ്ണാടിയാണെന്ന് യാക്കോബ് അപ്പൊസ്തലൻ പറയുന്നു.

*"എങ്കിലും നിങ്ങൾ വചനം കേൾക്കുകമാത്രം ചെയ്യുന്നവരാകാതെ അതിനെ ജീവിതത്തിൽ പ്രയോഗിക്കുന്നവരുമാകുവിൻ; എന്തുകൊണ്ടെന്നാൽ വചനം കേൾക്കുക മാത്രം ചെയ്യുകയും അനുസരിക്കുന്നതിനു ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നവർ തങ്ങളെത്തന്നെ വഞ്ചിക്കുകയാണ്. ഒരു മനുഷ്യൻ വചനം കേൾക്കുകമാത്രം ചെയ്യുന്നതല്ലാതെ ജീവിതത്തിൽ അത് പ്രയോഗിക്കുന്നില്ലെങ്കിൽ അത് അവൻ തൻെറ യഥാർത്ഥ മുഖത്തെ (സ്വാഭാവിക മുഖത്തെ) കാണുവാനായി കണ്ണാടിയിലേക്കു നോക്കിയിട്ട്, ഒന്നും ചെയ്യാതെ പെട്ടെന്ന് മാറിപ്പോകുന്നതുപോലെയാണ്. എന്തായിരുന്നു തൻെറ രൂപം എന്നത് അവൻ പെട്ടെന്നു തന്നെ മറന്നുപോവുകയും ചെയ്യുന്നു. എന്നാൽ, പൂർണ്ണതയുള്ള ദൈവിക നിയമത്തിലേക്ക് ഒരുവൻ ഉറ്റു നോക്കുകയും (ആ നിയമത്തിൻെറ അനുസരണം ഒരുവനിൽ അടിമത്തമല്ല സ്വാതന്ത്ര്യമാണു നൽകുന്നത്) അതിൽ നില നിൽക്കുകയും ചെയ്താൽ തൻെറ എല്ലാ പ്രവൃത്തികളിലും അവൻ അനുഗൃഹീതൻ ആയിരിക്കും. അവൻ വചനത്തെ കേട്ടു മറക്കുന്നവൻ അല്ല; കേട്ടതിനെ പ്രവൃത്തിപഥത്തിലേക്കു കൊണ്ടുവരുന്നവനാണ് (യാക്കോബ് 1:23-25)*

വചനമാകുന്ന കണ്ണാടിയിൽ നാം നമ്മുടെ മാംസളമായ മുഖമല്ല കാണുന്നത്. പ്രത്യുത, നമ്മുടെ പ്രകൃതത്തെയാണ്. വചനത്തിൽ ഞാൻ എൻെറ 'സ്വഭാവിക മുഖം' കാണുന്നു.

എന്താണ് സ്വാഭാവികമുഖം? സാധാരണ അർത്ഥത്തിൽ നിന്ന് അല്പം വ്യത്യാസം ഇവിടെയുണ്ട്. നമ്മുടെ യഥാർത്ഥമുഖം (നമ്മുടെ പ്രകൃതം-സ്വഭാവം) എന്നല്ല ഇവിടെ അർത്ഥം "സ്വാഭാവികമായും നമുക്ക് ഉണ്ടാകേണ്ടിയിരുന്ന മുഖം" എന്നാണ് ഇവിടുത്തെ അർത്ഥം. ഐ.എ.എസ് ഓഫീസറുടേയും കോളജ് പ്രൊഫസറുടെയും മകൻ പത്താം ക്ലാസ്സിൽ തോറ്റാൽ നാം പറയാനിടയുള്ളത്,"സ്വാഭാവികമായും ആ കുട്ടി റാങ്കു

വാങ്ങേണ്ടിയിരുന്നു" എന്നല്ലെ. ഇവിടെ കുട്ടിയുടെ രണ്ടു നിലയിലുള്ള 'മുഖം' നമ്മൾ കാണുന്നു. ഒന്ന് മാതാപിതാക്കളുടെ പശ്ചാത്തലമനുസരിച്ച് നാം പ്രതീക്ഷിച്ച നില; രണ്ടാമത് കുട്ടിയുടെ ഇപ്പോഴത്തെ പരിതാപകരമായ നില.

ദൈവം സൃഷ്ടിച്ച ആദ്യമനുഷ്യൻെറ നില ഇന്ന് എൻേറതുപോലെ പരിതാപകരമല്ലായിരുന്നു. ദൈവം മനുഷ്യനെ തൻെറ സ്വരൂപത്തിലും സാദൃശ്യത്തിലുമാണു സൃഷ്ടിച്ചത്. അവന് ദൈവത്തിൻെറ പ്രകൃതവും ദൈവത്തിൻെറ സ്വഭാവവുമായിരുന്നു. അവൻ ദൈവമായിരുന്നില്ല. എന്നാൽ ദൈവത്തിൻെറ വർഗ്ഗമായിരുന്നു. അതുകൊണ്ട് അവന് ദൈവവുമായി കൂട്ടായ്മയുണ്ടായിരുന്നു. അവൻ വളരുന്നുണ്ടായിരുന്നു. അവൻ വളർന്നത് ദൈവത്തിൻെറ സ്വഭാവത്തിലും പ്രകൃതത്തിലുമായിരുന്നു.

എന്നാൽ മനുഷ്യൻ ദൈവത്തോടു മത്സരിച്ചു. ദൈവവുമായുള്ള കൂട്ടായ്മവിട്ട് അവൻ പിശാചുമായുള്ള കൂട്ടായ്മ തെരഞ്ഞെടുത്തു. അവൻ ദൈവത്തോടകന്ന് പിശാചിനോട് അടുത്തു. ഉല്പത്തി പുസ്തകം 3-ാം അദ്ധ്യായത്തിൽ അതിൻെറ വിവരണമുണ്ട്. മനുഷ്യവർഗ്ഗത്തിൻെറ വീഴ്ച (fall) എന്നാണ് അതിനെ വിശേഷിപ്പിക്കാറ്. എന്നാൽ ശരിക്കും അത് ഒരു 'വീഴ്ച' എന്നതിനെക്കാൾ 'ചാട്ടം' ആയിരുന്നു. അതല്ലെങ്കിൽ തെരഞ്ഞെടുത്ത വീഴ്ച. വീഴുവാൻ കൊതിച്ചാണ് അവൻ വീണത്. വീണു കഴിഞ്ഞാണ് അവൻ വീഴ്ചയുടെ ആഴമറിഞ്ഞത്. ചാടുവാൻ എളുപ്പമായിരുന്നു. തിരിച്ചു കയറാൻ പരസഹായം കൂടാതെ കഴിയില്ല.

വീഴ്ച മനുഷ്യനെ തകർത്തുകളഞ്ഞു. അവൻെറ രൂപം മാറി, ഭാവം മാറി, സ്വഭാവം മാറി, മുഖം മാറി. ദൈവത്തോടുകൂടെ സഹവസിച്ചിരുന്നപ്പോൾ അവനിൽ ദൈവിക ഗുണങ്ങളാണ് വിളങ്ങി നിന്നിരുന്നത്. എന്നാൽ പിശാചിനോട് അടുത്തപ്പോൾ അവനിൽ പിശാചിൻെറ ഗുണങ്ങൾ വെളിപ്പെടുവാൻ തുടങ്ങി. ദൈവാനുരൂപിയായി വളരേണ്ടിയിരുന്ന അവൻ ഇപ്പോൾ പിശാചിന് അനുരൂപമായാണ് വളരുന്നത്. അതാണ് ഇന്നത്തെ മനുഷ്യൻെറ 'വൈകൃത'ത്തിനു കാരണം. വീഴ്ച സംഭവിച്ചിരുന്നില്ലെങ്കിൽ, പാപം ലോകത്തിലേക്കു പ്രവേശിച്ചിരുന്നില്ലെങ്കിൽ, പാപം എന്നെ വികൃതരൂപിയാക്കിയിരുന്നില്ലെങ്കിൽ, സ്വാഭാവികമായി എനിക്കുണ്ടാകേണ്ടിയിരുന്നത് ദൈവോൻമുഖമായ മുഖം ആയിരുന്നു. അതാണ് 'സ്വാഭാവികമായി ഉണ്ടാകേണ്ടിയിരുന്ന മുഖം' എന്ന പ്രയോഗത്തിലെ വിവക്ഷ. പ്രതീക്ഷിക്കപ്പെടുന്ന മുഖം - ആരുടെ പ്രതീക്ഷ? മറ്റാരുടേതുമല്ല ദൈവത്തിൻേറതുതന്നെ. ദൈവം എന്നിൽ നിന്നു പ്രതീക്ഷിക്കുന്ന മുഖം! ഞാൻ ദൈവത്തോടുള്ള കൂട്ടായ്മയിൽത്തന്നെ ആയിരുന്നെങ്കിൽ, പാപം എല്ലാം തകിടം മറിച്ചില്ലായിരുന്നെങ്കിൽ, എനിക്കുണ്ടാകുമായിരുന്നതേജസ്സുറ്റ പ്രകൃതം!അതാണ് വചനത്തിൽ എനിക്കു കാണാൻ കഴിയുന്നത്.

എനിക്ക് എന്നെത്തന്നെ കാണാൻ വചനത്തിലേക്കു പോകേണ്ടതില്ല. എൻെറ ചുറ്റുമുള്ളവർ അതു പറയും. അതല്ലെങ്കിൽ ഞാൻ തന്നെ ആത്മാർത്ഥതയോടെ എന്നെ നോക്കിയാൽ മതി. നമ്മുടെ പ്രകൃതം നമുക്കറിയാൻ കഴിയും. എന്നാൽ സ്വാഭാവികമായി എനിക്കുണ്ടായിരിക്കേണ്ടിയിരുന്ന, ദൈവം എന്നിൽ നിന്നു പ്രതീക്ഷിക്കുന്ന മുഖം എനിക്ക് തിരുവചനത്തിലേ കാണാൻ കഴിയൂ. എന്നെക്കുറിച്ച് ദൈവം പ്രതീക്ഷിക്കുന്നത് ഞാൻ വചനത്തിലാണ് കണ്ടെത്തുന്നത്.

നിലക്കണ്ണാടിയുടെ കാഴ്ചയുടെ വിപരീത ദിശയിലാണ് വചനക്കണ്ണാടിയുടെ പ്രവർത്തനം. നിലക്കണ്ണാടിയിൽ നമ്മുടെ വികൃത മുഖം മുന്നിൽ കാണുന്നു, പൂർണ്ണതയുള്ള മുഖം മനസ്സിൽ കാണുന്നു. വചനക്കണ്ണാടിയിൽ നാം പൂർണ്ണതയുള്ള മുഖം- ദൈവം നമ്മെക്കുറിച്ചു പ്രതീക്ഷിക്കുന്ന മുഖം- വചനത്തിൽ കാണുന്നു. നമ്മുടെ വികൃതമുഖം മനസ്സിൽ കാണുന്നു. വചനം കേൾക്കുന്നവനിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത്, അവൻ ദൈവവചനത്തിൽ കാണുന്ന ദൈവേച്ഛപ്രകാരമുള്ള പൂർണ്ണ മനുഷ്യൻെറ രൂപവും (പാപം പ്രവേശിച്ചിരുന്നില്ലെങ്കിൽ അതായിരുന്നു അവനുണ്ടായിരിക്കേണ്ടിയിരുന്ന സ്വാഭാവികമുഖം) പാപം വികൃതമാക്കിയ ഇപ്പോഴത്തെ രൂപവും താരതമ്യം ചെയ്ത്, നമ്മുടെ ഇപ്പോഴത്തെ വികൃതമായ അവസ്ഥയെ സ്വാഭാവികമായും നമുക്ക് ഉണ്ടാകേണ്ടിയിരുന്ന പൂർണ്ണതയുള്ള രൂപത്തോട് അനുരൂപപ്പെടുത്തണം എന്നാണ്.

പാപം ചെയ്തിരുന്നില്ലെങ്കിൽ ആത്യന്തികമായി ഞാൻ ആരെപ്പോലെ ആകുമായിരുന്നു? ഇതൊരു സുപ്രധാനമായ ചോദ്യമാണ്. ആദമായിരുന്നോ, ദൈവത്തിൻെറ മനസ്സിലുണ്ടായിരുന്ന പൂർണ്ണതയുള്ള പുരുഷൻ?

ഒരിക്കലുമല്ല. അങ്ങനെയെങ്കിൽ ആദം പാപം ചെയ്യാതെ ദൈവാനുരൂപനായി വളർന്നാൽ ആരെപ്പോലെ ആയിത്തീരുമായിരുന്നു എന്നാണു നാം അറിയേണ്ടത്.

ദൈവത്തിൻെറ മനസ്സിൽ പൂർണതയുള്ള ഒരു മനുഷ്യൻ മാത്രമേയുള്ളു എന്നാണ് നമുക്ക് അറിയാൻ കഴിയുന്നത്. അത് തൻെറ നിത്യ പുത്രനായ യേശുക്രിസ്തു മാത്രമാണ്. ആദം പോലും പൂർണ മനുഷ്യനായി

രുന്നില്ല. ആദവും ദൈവിക സഹവാസത്തിൽ വളർന്ന് ക്രിസ്തുവിനെപ്പോലെ ആയിത്തീരണം എന്നാണ് ദൈവം ആഗ്രഹിച്ചത്.

ഭൂമിയിലെ ഓരോ വ്യക്തിയും വളർന്ന് ക്രിസ്തുവിനെപ്പോലെ ആകണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ശരിക്കും പറഞ്ഞാൽ ആ ഒരു മുൻ നിയമനത്തോടെയാണ് തന്നെ സ്നേഹിക്കുന്ന ഓരോ വ്യക്തിയെയും ദൈവം ഭൂമിയിൽ ആക്കിയിരിക്കുന്നത്.

*"അവിടുന്ന്, മുന്നറിഞ്ഞവരെ തൻെറ പുത്രൻെറ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻ നിയമിച്ചിരിക്കുന്നു. അങ്ങനെ തൻെറ പുത്രൻ അനേക സഹോദരന്മാരുടെ ഇടയിൽ ആദ്യജാതൻ ആയിത്തീരും." (റോമർ 8:29)*


ദൈവത്തിന് നിത്യപുത്രൻ ഒന്നേയുള്ളു. പൂർണ്ണ മനുഷ്യനായ യേശുക്രിസ്തു. എന്നാൽ സൃഷ്ടിക്കപ്പെട്ട ഓരോ മനുഷ്യനും ദൈവിക സംസർഗ്ഗത്തിൽ വളർന്ന് ക്രിസ്താനുരൂപികളായി, ക്രിസ്തു ആദ്യജാതൻ മറ്റുള്ളവർ സഹോദരങ്ങൾ എന്ന നിലയിലേക്ക് എത്തിച്ചേരണമെന്നായിരുന്നു ദൈവത്തിൻെറ ഇച്ഛ. ആഗ്രഹം ഇപ്പോഴും അതു തന്നെ. എന്നാൽ ദൈവിക സംസർഗ്ഗത്തിലേ ഈ വളർച്ച സാധിക്കൂ. എന്തു ചെയ്യാം, മനുഷ്യൻ പാപം ചെയ്തു ദൈവിക സംസർഗ്ഗം വിട്ടുകളഞ്ഞു. ക്രിസ്തുവിനെ നോക്കി ഉയരത്തിലേക്കു വളരേണ്ടിയിരുന്ന മനുഷ്യൻ പിശാചിനെ നോക്കി കീഴോട്ടു വളർന്നു.

എന്നാൽ ദൈവികധാരയിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്നവരെ ദൈവിക സംസർഗ്ഗത്തിലേക്കു കൊണ്ടുവരാൻ, അതിനു തടസ്സമായിരുന്ന പാപത്തിൻെറ മതിലിനെ ഇടിച്ചുകൊണ്ട് യേശു വീണ്ടെടുപ്പുകാരനായി. ആദം പാപം ചെയ്തപ്പോൾ പാപം അവനും ദൈവത്തിനുമിടയിൽ മതിലായെങ്കിൽ ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ട ഓരോരുത്തരും പാപത്തിൻെറ മതിലിനപ്പുറത്തേക്ക്, ദൈവസംസർഗ്ഗത്തിൻെറ മണ്ഡലത്തിലേക്കു പ്രവേശിക്കുകയാണ്. എന്നാൽ അതൊരു തുടക്കം മാത്രമാണ്. നമ്മെക്കുറിച്ചുള്ള ദൈവോദ്ദേശ്യം നമ്മെ പാപത്തിൻെറ മതിലിനപ്പുറത്തേക്കു കടത്തുന്നതിലൂടെ തീർന്നുപോകുന്നില്ല. ഇനിയും നമുക്കു വളരണം "തലയാകുന്ന ക്രിസ്തുവോളം" വളരണം. അത് ദൈവ സംസർഗ്ഗത്തിലൂടെയേ കഴിയൂ. പാപത്തിൽ നിന്നു വീണ്ടെടുക്കപ്പെടുന്നതിൻെറ തലേനിമിഷം വരെ നമുക്കതിനു കഴിയില്ലായിരുന്നു. കാരണം നാം വീണുപോയവരായിരുന്നു. വീഴ്ചയുടെ അവസ്ഥയിൽ (fallen stage) ഒരുവൻ വീണുകൊണ്ടേയിരിക്കും. ഇനി സ്വയമായി എത്ര പരിശ്രമിച്ചാലും



വീഴ്ചയുടെ ആഘാതം കുറയ്ക്കാമെന്നല്ലാതെ പാപത്തിൻെറ മതിലിനു മുകളിലേക്കു കയറാൻ കഴിയില്ല. മുകളിൽ കയറിയില്ലെങ്കിൽ ദൈവ സംസർഗ്ഗമില്ല. ദൈവ സംസർഗ്ഗമില്ലെങ്കിൽ വളർച്ചയില്ല. വളരാത്തവന് ദൈവപുത്രൻെറ സ്വരൂപത്തോടുള്ള അനുരൂപത അപ്രാപ്യം!.

ദൈവകൃപ!




ദൈവകൃപ! ദൈവകൃപ!

ദൈവപുത്രൻ നമ്മെ വീണ്ടെടുത്ത് പാപത്തിൻെറ മതിലിന് അപ്പുറത്ത് ദൈവ സംസർഗ്ഗത്തിലേക്ക് നിർത്തിയിരിക്കുന്നു. ഇനിയും വളരുക.......... ദൈവപുത്രൻെറ സ്വരൂപം പ്രാപിക്കുവോളം!

വചനക്കണ്ണാടിയിൽ നാം ദൈവപുത്രൻെറ സ്വരൂപം കാണുന്നു. ദൈവത്തിന് നമ്മെക്കുറിച്ചുള്ള ഇച്ഛയുടെ പൂർത്തീകരണമായ മുഖം. പാപം ഇടയ്ക്കു കയറിയിരുന്നില്ലെങ്കിൽ സ്വാഭാവികമായും നമുക്ക് ആ മുഖമായിരുന്നു ഉണ്ടാകേണ്ടിയിരുന്നത്. ഇപ്പോൾ അത് വികൃതമാണെങ്കിലും ദൈവത്തിൻെറ ഇച്ഛയിലുള്ള മുഖത്തോട് അവിടുത്തെ പുത്ര

ന്റെ അനുരൂപതയിലേക്ക് നമുക്ക് വളരാനുള്ള സാധ്യതയുണ്ട്. വീണ്ടെടുപ്പിനാൽ നാം ദൈവസംസർഗ്ഗത്തിലേക്കു മടങ്ങി വന്നിരിക്കുന്നു. ഇനിയിപ്പോൾ വചനത്തിൽ കാണുന്ന, സ്വാഭാവികമായി നമുക്കുണ്ടാകേണ്ടിയിരുന്ന രൂപത്തിലേക്ക് തന്റെ പുത്രന്റെ സ്വരൂപത്തിലേക്ക് നമുക്കു വളരാം. അതിനായി ദൈവം നമ്മെ മുൻ നിയമിച്ചിരിക്കുന്നു.

വചനക്കണ്ണാടിയിൽ രണ്ടുകൂട്ടരും നോക്കുന്നു. വചനം കേട്ടിട്ട് ചെയ്യാത്തവനും, വചനം പ്രവൃത്തിപഥത്തിൽ കൊണ്ടു വരുന്നവനും - രണ്ടു കൂട്ടരും അവരുടെ സ്വാഭാവിക മുഖം കാണുന്നു. എന്നാൽ രണ്ടു കൂട്ടരിലും അത് രണ്ടു വിധത്തിലുള്ള ഫലമാണുണ്ടാക്കുന്നത്.

വചനം കേൾക്കുക മാത്രം ചെയ്യുന്നതല്ലാതെ അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാത്തവന്റെ കാര്യമെടുക്കുക. സഭായോഗത്തിലോ, കുടുംബപ്രാർത്ഥനയിലോ, ടി.വി.യിലോ, സി.ഡിയിലോ ഒക്കെയായിരിക്കാം അയാൾ വചനം കേട്ടത്. അയാൾ വചനം ശ്രദ്ധിച്ചില്ലെന്നും പറയാനാവില്ല. കാരണം, തന്റെ സ്വാഭാവികമുഖം-തന്നെക്കുറിച്ച് ദൈവം ഇച്ഛിക്കുന്നത് എന്തെന്ന് അയാൾ വചനക്കണ്ണാടിയിൽ കണ്ടു. ഇയാൾ സഭയിലെ പ്രധാനപ്പെട്ട വ്യക്തിയായിരിക്കാം. ഒരു പക്ഷെ, വചനം കേൾക്കുന്നവൻ മാത്രമല്ല വചനം പറയുന്നവനും കൂടെയാകാം. വചനത്തിലൂടെ ദൈവത്തിന്റെ ഇച്ഛ അറിഞ്ഞ അയാൾക്ക് അനുതാപമുണ്ടാകുന്നുണ്ട്. അതിനർത്ഥം അയാൾക്ക് ആത്മാർത്ഥതയുണ്ടെന്നാണ്. എന്നാൽ താൻ വചനക്കണ്ണാടിയിൽ കണ്ടറിഞ്ഞ രൂപവും, തന്റെ ഇപ്പോഴത്തെ വികൃതാവസ്ഥയും താരതമ്യപ്പെടുത്താനും ഒരു മിനുക്കു പണിക്ക് വിധേയനാകാനും അയാൾ തയ്യാറായില്ല.

പലപ്പോഴും ആളുകൾ പറയുന്നതുകേട്ടിട്ടില്ലെ, “അങ്ങനെയാണു ബ്രദർ വേണ്ടത്; അതാണ് ദൈവം ആഗ്രഹിക്കുന്നത്; അതാണ് ആത്മികന്റെ ലക്ഷണം.” എന്നൊക്കെ? അതിനർത്ഥം വചനക്കണ്ണാടിയിൽ അയാൾ സ്വാഭാവികമുഖം കണ്ടിട്ടുണ്ടെന്നാണ്. എന്നാൽ ഈ പറയുന്നതല്ലാതെ, ആ സ്വാഭാവിക മുഖരൂപം പ്രാപിക്കുന്നതിനുള്ള ബോധപൂർവ്വമായ പരിശ്രമം - പ്രവൃത്തി അവരുടെ പക്കൽ നിന്ന് ഉണ്ടാവുന്നില്ല.

ഈ അപകടം നമുക്കെല്ലാം ഉണ്ടാകാം. വചനത്തിൽ നാം സന്തോഷിക്കും; വചനത്തിൽ കാണുന്ന ദൈവേച്ഛയെപ്പറ്റി സംസാരിക്കും; നാം ദൈവേച്ഛയിലേക്കു വളർന്നിട്ടില്ലെന്ന് അനുതപിക്കും. എന്നാൽ എല്ലാം കേൾവിയുടെ സമയത്തേക്കു മാത്രം. ഒന്നു നോക്കിയിട്ട് അവൻ “പുറപ്പെട്ടു



പോകുന്നു” (വാക്യം. 24) കുത്തിയിരുന്ന് വിശകലനം നടത്താനും വചനത്തിനനുസൃതമായി ജീവിതം ക്രമീകരിക്കാനും സമയമില്ല. വേറെ നൂറുകൂട്ടം കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. ജോലിക്കാര്യങ്ങൾ, വീട്ടുകാര്യങ്ങൾ, ബിസിനസ്സുകാര്യങ്ങൾ, സഭാ കാര്യങ്ങൾ........(ഒരുപക്ഷെ വചനം പഠിപ്പിക്കുന്നതുപോലും ഈ തിരക്കിലെ ഒരു കാര്യമാകാം) തിരക്കിൽ പെട്ട് നട്ടം തിരിയുമ്പോൾ അപകടം! വചനത്തിലൂടെ നാം മനസ്സിലാക്കിയ ദൈവേച്ഛയുടെ രൂപം നാം മറന്നുപോകുന്നു. പിന്നെ നാം ചിന്തിക്കുന്നത് നാം ദൈവേച്ഛയിൽത്തന്നെയെന്നാണ്. നാം ഇടയ്ക്കിടെ വചനം കേൾക്കുകയും, ഇടയ്ക്കിടെ ആത്മിക അനുഭവങ്ങൾ പ്രാപിക്കുകയും ചെയ്യുന്നുണ്ടല്ലോ. പിന്നെ, എപ്പോഴുമതിനു കഴിയാത്തത് തിരക്കു കൊണ്ടു മാത്രം. (മിക്കപ്പോഴും ഈ തിരക്ക് ആത്മീക കാര്യങ്ങളിലെ തിരക്കാകാം)

നിലക്കണ്ണാടിയുടെ കാഴ്ചയിൽത്തന്നെ, ഒറ്റനോട്ടത്തിൽ നമുക്ക് നമ്മുടെ ഇപ്പോഴത്തെ മുഖം കാണാം. എന്നാൽ നമ്മുടെ ഭാവനയിലെ പൂർണതയുള്ള മുഖം മനസ്സിൽ വരാൻ അല്പം സമയമെടുക്കും. പിന്നെ താരതമ്യം, പിന്നെ മിനുക്കൽ. കണ്ണാടിയിൽ ഒന്നു നോക്കി പുറപ്പെട്ടു പോകുന്നവൻ ഒരു ആനച്ചന്തമേ നോക്കുന്നുള്ളു. അവൻ തന്റെ വൈകൃതം ശ്രദ്ധിക്കുന്നില്ല. സുന്ദരനായ തന്നെ അവൻ ഭാവനയിൽ കാണുന്നുമില്ല. കഥയിലെ ശോഭനയെപ്പോലെ മണിക്കൂറുകൾ കണ്ണാടിക്കു മുമ്പിൽ ഇരിക്കാൻ അവനു സമയമില്ല. എന്നാൽ, അങ്ങനെയുള്ളവന്റെ മുഖത്ത് കുണ്ടും കുഴിയും പാടും അവശേഷിക്കും.

വചനം കേൾക്കുക മാത്രം ചെയ്ത്, അതിനെ പ്രവൃത്തി പഥത്തിൽ കൊണ്ടുവരാത്തവൻ - വചനത്തിൽ കാണുന്ന ദൈവേച്ഛയുടെ മുഖരൂപത്തിനനുസൃതമായി തന്റെ വികൃതമുഖത്തെ മാറ്റിയെടുക്കാത്തവൻ തങ്ങളെത്തന്നെ വഞ്ചിക്കുകയാണെന്ന് യാക്കോബു പറയുന്നു. (1:22)

‘തങ്ങളെത്തന്നെ വഞ്ചിക്കുന്നു’ എന്ന പ്രയോഗത്തിൽ നിന്ന്, ഈ വ്യക്തി ആത്മാർത്ഥതയുള്ള ആളാണ് എന്നറിയാം. (ആത്മാർത്ഥതയില്ലാത്തവന് ആത്മവഞ്ചന നടത്താനാവില്ലല്ലോ.) നിങ്ങൾ ആത്മാർത്ഥതയുള്ള വ്യക്തിയാണ് എന്നതുമാത്രം നിങ്ങളുടെ ആത്മീയതയെ ഉറപ്പാക്കുന്നില്ല. ദൈവേച്ഛയുടെ മുഖരൂപത്തോട് നിങ്ങളുടെ സ്വരൂപത്തെ അനുരൂപമാക്കിയേ പറ്റൂ.

പ്രവൃത്തിചെയ്യുന്നവൻ വചനക്കണ്ണാടിയിലേക്ക് ഉറ്റുനോക്കുന്നു. വചനത്തിൽ അവൻ അവനെക്കുറിച്ചുള്ള ദൈവേഷ്ടം അറിയുന്നു.

തിരക്കു കൂടാതെ അതിൽ ഉറ്റുനോക്കിയിരിക്കുന്നതിനാൽ, അവൻെറ ഇപ്പോഴത്തെ രൂപത്തിൻെറ വൈകൃതം ഒന്നായി അവൻെറ മനസ്സിലേക്കു വരുന്നു. ഇപ്പോൾ അവൻ രണ്ടു രൂപവും കാണുന്നു: ദൈവേച്ഛയിലെ പൂർണ രൂപവും തൻെറ വികൃതാവസ്ഥയും അവൻ താരതമ്യം ചെയ്യുകയാണ്........എവിടെയാണു പാലിച്ചകൾ? എവിടെയാണ് കുഴികൾ? എവിടെയാണ് പാടുകൾ.........അവനത് മിനുക്കിയെടുക്കുന്നു. ദൈവസ്വരൂപം പ്രാപിക്കുന്നു.

വചനത്തിൽ നിലനില്ക്കുന്നവനാണ് ഈ ഭാഗ്യാവസ്ഥ *"സ്വാതന്ത്ര്യത്തിൻെറ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ, കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഒക്കെയും ഭാഗ്യവാൻ ആകും" (യാക്കോബ് 1:25)*

രണ്ടു കാര്യങ്ങൾ യാക്കോബ് ഇവിടെ ഊന്നൽ കൊടുക്കുന്നുണ്ട്. ഒന്ന്, വചനത്തിൽ നിലനില്ക്കുക. രണ്ട്, പ്രവൃത്തി ചെയ്യുക.

വചനത്തിൽ നിലനില്ക്കാത്തവന്, തുടർമാനമായി അതിൽ സഞ്ചരിക്കാത്തവന്, വചനത്തിൽ വസിക്കാത്തവന് നിലനില്പില്ല. അതിനാലാണ്, തന്നിൽ വിശ്വസിച്ച യഹൂദന്മാരോടു യേശു: *"നിങ്ങൾ എൻെറ വചനത്തിൽ നില നിന്നാൽ വാസ്തവമായി എൻെറ ശിഷ്യൻമാരായി" എന്നു പറഞ്ഞത്. (യോഹന്നാൻ 8:31)*

വചനത്തിൽ ഉറ്റുനോക്കിയിരിക്കാതെ, അതിൽ നില നിൽക്കാതെ നമുക്ക് ദൈവേച്ഛ അറിയാൻ കഴിയില്ല; നമ്മുടെ വികൃതാവസ്ഥയെപ്പറ്റിയുള്ള ബോധ്യമുണ്ടാവില്ല, അത് താരതമ്യം ചെയ്ത്, കുണ്ടും കുഴിയും നികത്തി എറിപ്പും തുറിപ്പും ചെത്തി ദൈവപുത്രൻെറ സ്വരൂപത്തോട് അനുരൂപത പ്രാപിക്കാനാവില്ല. വചനത്തിൽ നിലനിൽക്കാതെ നമുക്ക് അവൻെറ യഥാർത്ഥ ശിഷ്യരാവാനാവില്ല.

വചനത്തിൽ നിലനില്ക്കുക മാത്രമല്ല, പ്രവൃത്തി ചെയ്യണം. അല്ലാത്തവൻ അനുഗൃഹാവസ്ഥ പ്രാപിക്കില്ല. കർത്താവു പറയുന്നു. *"എൻെറ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു" (മത്തായി 7:24)*

വചനം കേൾക്കുന്നവനല്ല, കേട്ടു ചെയ്യുന്നവനാണ് ബുദ്ധിമാൻ. കേട്ടു ചെയ്യാത്തവൻ ബുദ്ധികെട്ടവൻ. (മത്തായി 7:26)

❖ ❖ ❖



# 14 ആത്മശക്തിയാൽ അനുസരണത്തിലേക്ക്

രാമുവും ശ്യാമുവും അഞ്ചുവയസ്സുവരെ തെരുവിലാണു വളർന്നത് - അച്ഛനോടും അമ്മയോടും കൂടെ. എന്നാൽ ക്ഷയരോഗിയും കഞ്ചാവിന് അടിമയുമായ അച്ഛൻ ഒരു ദിവസം മരിച്ചു. നിർഭാഗ്യമെന്നു പറയട്ടെ, ഒരു കാറിടിച്ച് അധികം താമസിയാതെ അമ്മയും.

കരുണതോന്നിയ ആരോ ഈ കുട്ടികളെ ഒരു അനാഥശാലയിലെത്തിച്ചു. കുരുന്നിൻെറ കഥകൾ പത്രത്തിൽ കണ്ട ഡോക്ടർ ജയിൻ അവരെ ദത്തെടുക്കാൻ തീരുമാനിച്ചു. നിയമ നടപടികൾ പൂർത്തിയാക്കി കുട്ടികളെയും കൊണ്ട് ഡോക്ടർ തൻെറ കാറിൽ അദ്ദേഹത്തിൻെറ വീട്ടിലേക്കു പോവുകയായിരുന്നു. മുന്നിലിരുന്ന് ഡ്രൈവ് ചെയ്യുമ്പോൾ പിൻസീറ്റിലിരുന്ന് രാമു ശ്യാമുവിനോടു പറഞ്ഞു, "എടാ ഇയാളുടെ വീട്ടിൽ നമ്മളു ചെന്നാൽ പിന്നെ തെരുവിലെ പഴയ സ്വഭാവമൊന്നും എടുക്കരുത്. ഇയാൾ പറയുന്നതെല്ലാം അതുപോലെ അനുസരിച്ചോണം. അല്ലെങ്കിൽ ഇയാൾ നമ്മെ വീട്ടിൽ നിന്ന് ഇറക്കി വിട്ടാലോ?"

നമ്മളും ദൈവത്തിൻെറ കല്പനകൾ പലപ്പോഴും അനുസരിക്കുന്നത് ഇതേ കാരണത്താലാണ്. നമ്മൾ പാപത്തിൻെറ കുഴിയിലും കുഴഞ്ഞ ചേറ്റിലുമായിരുന്നു. നമ്മൾ അനാഥരായിരുന്നു. കർത്താവ് നമ്മുടെ ഹീനാവസ്ഥയിലേക്ക് ഇറങ്ങിവന്ന് നമ്മെ വീണ്ടെടുത്ത് അവൻെറ സാമ്രാജ്യത്തി

ലേക്ക് പ്രവേശിപ്പിച്ചിരിക്കുന്നു. നാം അവന്റെ ഭവനത്തിലേക്ക് സ്വർഗ്ഗത്തിലേക്ക് യാത്ര ചെയ്യുകയാണ്. ഇനിയിപ്പോൾ പഴയ സ്വഭാവമൊന്നും എടുത്തേക്കരുത്. കർത്താവു പറയുന്നതൊക്കെ അങ്ങ് അനുസരിച്ചേക്കണം. അല്ലെങ്കിൽ കർത്താവു നമ്മെ വീട്ടിൽ നിന്ന് ഇറക്കി വിട്ടെങ്കിലോ? സ്വർഗ്ഗത്തിലേക്ക് കയറ്റിയില്ലെങ്കിലോ?

മിക്കവരും കൽപന അനുസരിക്കുന്നത് സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം നിഷേധിക്കപ്പെടാതിരിക്കാനാണ്. ഒരു കൽപനയെങ്കിലും കുറച്ച് അനുസരിച്ച് സ്വർഗ്ഗത്തിൽ പോകാൻ പറ്റുമെങ്കിൽ ആ കൽപന ലംഘിക്കാനാണ് നമുക്ക് ആഗ്രഹം. സിനിമ കണ്ടാലും സ്വർഗ്ഗത്തിൽ പോകാൻ പറ്റുമോ, എന്നാൽ പിന്നെ സിനിമ കാണുന്ന സുഖം കളയുന്നതെന്തിന്?

എന്താണ് സ്വർഗ്ഗത്തിലേക്കു പ്രവേശിക്കാനുള്ള മിനിമം യോഗ്യത എന്നാണ് നമ്മുടെ ചിന്ത. സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം നഷ്ടപ്പെടാതെ നമുക്ക് എത്ര കൽപനവരെ ലംഘിക്കാം?

കല്പനകൾ അനുസരിക്കുന്നതും സ്വർഗ്ഗത്തിൽ പോകുന്നതും തമ്മിൽ ബന്ധമില്ലായിരുന്നെങ്കിൽ നാം ഇന്നനുസരിക്കുന്ന എല്ലാ കല്പനകളും അനുസരിക്കുമായിരുന്നോ? സ്വയം ചിന്തിച്ചു നോക്കൂ ഇല്ലെങ്കിൽ നാം രാമുവും ശ്യാമുവും പറയുന്നതു തന്നെയാണ് പറയുന്നത് - അനുസരിച്ചേക്കാം ഇല്ലെങ്കിൽ അയാൾ വീട്ടിൽ നിന്ന് ഇറക്കിവിട്ടാലോ!!

സ്വർഗ്ഗം നഷ്ടപ്പെടുമോ എന്ന ഭീതികൊണ്ടുമാത്രമാണ് നാം ഇപ്പോഴും ദൈവകല്പനകൾ അനുസരിക്കുന്നതെങ്കിൽ അടിമത്തത്തിൽ നിന്ന് നാം പൂർണ്ണമായി വിടുവിക്കപ്പെട്ടിട്ടില്ല. രാമുവിനെയും ശ്യാമുവിനെയും ഡോക്ടർ ജയിൻ വീട്ടിലേക്കു കൊണ്ടുവന്നിരിക്കുന്നത് അടിമകളായല്ല, മക്കളായാണ്. ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു. (യോഹന്നാൻ 8:47) മക്കൾ അപ്പന്റെ വചനം കേൾക്കുന്നത്, അത് അനുസരിക്കുന്നത്, അനുസരിച്ചില്ലെങ്കിൽ വീട്ടിൽ നിന്ന് ഇറക്കിവിടുമോ എന്ന പേടികൊണ്ടല്ല; അവൻ വീട്ടിലെ അംഗമായതുകൊണ്ടാണ്. അപ്പൻ പറയുന്നത് വീട്ടുകാര്യമാണ്. വീട്ടുകാര്യം അവന്റെ കാര്യം കൂടെയാണ്.

ദൈവഭവനത്തിൽ ഈ സ്വാതന്ത്ര്യം നാം അനുഭവിക്കണം. "ഇറക്കിവിടുമോ" എന്ന ഭീതിയോടെ ഓരോ നിമിഷങ്ങളും കഴിയുന്ന അവസ്ഥ മാറണം. ദാസനെ മാത്രമെ ഇറക്കിവിടുകയുള്ളു. "ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല."അവന്റെ വീട്ടിലെ അസ്തിത്വം യജമാനന്റെ കൽപനകളുടെ അക്ഷരംപ്രതിയുള്ള അനുസരണത്തിൻമേലാണ്. എന്നാൽ, "പുത്രനോ എന്നേക്കും വീട്ടിൽ വസിക്കുന്നു." (യോഹന്നാൻ 8:35) പുത്രനും പിതാവിന്റെ കൽപനകളെ അനുസരിക്കുന്നുണ്ട്. എന്നാൽ



ദാസൻ ഭീതിയോടെ അനുസരിക്കുമ്പോൾ പുത്രൻ സ്വാതന്ത്ര്യത്തോടെ അനുസരിക്കുന്നു. *"നാം പിന്നേയും ഭയപ്പെടേണ്ടതിന് ദാസ്യത്വത്തിന്റെ ആത്മാവിനെ അല്ല, നാം അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത്." (റോമർ 8:15)*

കർത്താവു പറയുന്നു: *"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപ്പനകളെ കാത്തുകൊള്ളും." (യോഹന്നാൻ 14:15)*

വചനം അനുസരിക്കുവാൻ പഴയ നിയമത്തിൽ നിന്നു വ്യത്യസ്തമായ ഒരു കാരണമാണ് കർത്താവ് ഇവിടെ പറയുന്നത്. പഴയ നിയമത്തിൽ പറയുന്നത്, *"നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനും, നിങ്ങൾക്കു നന്നായിരിക്കേണ്ടതിനും......ദീർഘായുസ്സോടിരിക്കേണ്ടതിനും നിങ്ങളുടെ ദൈവമായ യഹോവ കൽപിച്ച എല്ലാ വഴികളിലും നടന്നുകൊൾവിൻ" എന്നാണ്. (ആവർത്തനം 5:38)* അനുസരിച്ചാൽ നിങ്ങൾ ജീവിച്ചിരിക്കും, അല്ലെങ്കിൽ മരിച്ചുപോകും. അനുസരിച്ചാൽ ദീർഘായുസ്സോടിരിക്കും അല്ലെങ്കിൽ ആയുസ്സൊടുങ്ങിപ്പോകും. *"അവയെ ചെയ്യുന്ന മനുഷ്യൻ അവയാൽ ജീവിക്കും." (ലേവ്യപുസ്തകം 18:5)*

പഴയ നിയമത്തിലും പുതിയ നിയമത്തിലും കൽപ്പനകളുണ്ട്. കൽപ്പനകളുടെ അനുസരണവുമുണ്ട്. എന്നാൽ പഴയ നിയമത്തിൽ ഭീതിയാൽ കൽപ്പനകൾ അനുസരിച്ചു. പുതിയ നിയമത്തിൽ യേശു പറയുന്നു: ഭീതി കളയൂ! സ്നേഹം സ്വീകരിക്കൂ!!

ഭീതി കളയാൻ പറഞ്ഞതിനർത്ഥം കല്പനകൾ കളയണമെന്നല്ല. ദാസനും പുത്രനും കല്പനകൾ അനുസരിക്കുന്നു. എന്നാൽ പുത്രൻ ചെയ്യുന്നത് സ്നേഹത്താലാണ്. *"സ്നേഹത്തിൽ ഭയമില്ല. സ്നേഹം തികഞ്ഞുവരുമ്പോൾ ഭയം പുറത്താകുന്നു. ദണ്ഡനമാണ് ഭയം വിളിച്ചുവരുത്തുന്നത്. ദണ്ഡനം ഭയന്ന് അനുസരിക്കുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല."(1 യോഹന്നാൻ 4:18)* സ്വർഗ്ഗം നഷ്ടപ്പെടുമോ എന്ന ഭീതിയിലാണ് ഇപ്പോഴും കൽപ്പനകൾ അനുസരിക്കുന്നതെങ്കിൽ യഥാർത്ഥ ത്തിൽ നാം കർത്താവിനോടുള്ള സ്നേഹത്തിൽ തികഞ്ഞവരല്ല. *"അവന്റെ കല്പനകൾ പ്രമാണിക്കുന്നതാണ് അവനോടുള്ള സ്നേഹം." (1 യോഹന്നാൻ 5:3)* അതാണ് നാം അവനെ സ്നേഹിക്കുന്നുവെന്ന തിന്റെ തെളിവ്. അവനെ സ്നേഹിക്കുന്നു എന്നു പറഞ്ഞിട്ട്, അവന്റെ കല്പനകളെ (സന്തോഷത്തോടെ) അനുസരിക്കുവാൻ മടിക്കുന്നവൻ, പറയുന്നത് വ്യാജമാണ്. (1 യോഹന്നാൻ 2:4) സ്നേഹിക്കുന്നവൻ കൽപനകൾ പ്രമാണിക്കാൻ ഉത്സാഹിക്കും-ഭീതികൂടാതെ!

"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ

കാത്തുകൊള്ളും.” ശരിതന്നെ. എന്നാൽ പ്രായോഗിക തലത്തിൽ ചില ബുദ്ധിമുട്ടുകൾ! എനിക്കു കർത്താവിനോടു സ്നേഹമുണ്ട്. കർത്താവിൻെറ കൽപനകളെ അനുസരിക്കാൻ എനിക്ക് ആത്മാർത്ഥമായ ആഗ്രഹമുണ്ട്. ഭീതികൊണ്ടല്ല; സ്നേഹം കൊണ്ടുതന്നെ. എന്നിട്ടും ദൈവകൽപനകളിൽ പലതും പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. ആഗ്രഹമില്ലാഞ്ഞിട്ടല്ല - കഴിവില്ലാഞ്ഞിട്ട്! ഒരു കൽപനപോലും - ദൈവത്തിന് എന്നെപ്പറ്റിയുള്ള ഇച്ഛകളിലൊന്നുപോലും നിർവ്വഹിക്കപ്പെടാതെ വിട്ടുപോകരുത് എന്ന് എനിക്ക് ആത്മാർത്ഥമായ ആഗ്രഹമുണ്ടായിരുന്നിട്ടും ദൈവേച്ഛയുടെ പൂർണ്ണത എന്നിൽ വെളിപ്പെടുന്നില്ല. സ്നേഹമുണ്ടെന്നു പറഞ്ഞിട്ടു മാത്രമെന്തുകാര്യം? ശക്തി വേണ്ടെ?

ആത്മാർത്ഥയുള്ള മിക്കവരേയും അലട്ടുന്ന പ്രശ്നമാണിത്. വചനത്തിൻെറ പൂർണ്ണ അനുസരണത്തിനുള്ള ശക്തി അവർക്കില്ല.

“നമ്മുടെ ബലഹീനത കർത്താവിനുമറിയാം” എന്നായിരിക്കും നിങ്ങളുടെ ഉത്തരം. ശരിതന്നെ. എന്നാൽ, നമ്മിൽ പലരും ചിന്തിക്കുന്നതുപോലെ, കർത്താവ് ഒരു ഒത്തു തീർപ്പിന് തയ്യാറല്ല. “മോനെ, സാരമില്ല. നിനക്ക് ആഗ്രഹമുണ്ടല്ലോ. അതുമതി” എന്ന് കർത്താവു പറയില്ല. പൂർണമായ അനുസരണമാണ് കർത്താവിനാഗ്രഹം. അപ്പോഴെന്തു ചെയ്യും?

കർത്താവിനെ സ്നേഹിക്കുന്ന, എന്നാൽ ബലഹീനനായ എൻെറ മേൽ കർത്താവ് ഭാരമുള്ള ഒരു ചുമടു കയറ്റിവെയ്ക്കുമോ?

അതുമില്ല. കർത്താവ് മറ്റൊരു കാര്യമാണ് നിർദ്ദേശിക്കുന്നത്.

*“നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എൻെറ കൽപനകളെ കാത്തുകൊള്ളും. എന്നാൽ പലപ്പോഴും നിങ്ങൾക്ക് സ്വന്തശക്തിയാൽ കൽപനകൾ അനുസരിക്കുന്നതിന് കഴിയാതെ പോയേക്കാം. അതു ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഞാൻ പിതാവിനോടു ചോദിക്കും. പിതാവ്, സത്യത്തിൻെറ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് അയച്ചുതരും.” (യോഹന്നാൻ 14:15,16)* കൽപനകളുടെ പൂർണമായ അനുസരണത്തിന് ഈ കാര്യസ്ഥൻ നിങ്ങളെ സഹായിക്കും.

“സ്നേഹിക്കുന്നവൻ കൽപനകളെ പ്രമാണിക്കും” എന്നു പറയുന്ന അതേ ഖണ്ഡികയിൽ, അതിനോടു ചേർന്നാണ് സത്യത്തിൻെറ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥൻ വരുന്ന കാര്യം എഴുതിയിരിക്കുന്നത് എന്നതു ശ്രദ്ധിക്കുക. മാത്രമല്ല, ഈ രണ്ടു വാക്യങ്ങൾ തമ്മിൽ ‘എന്നാൽ’



എന്നൊരു വാക്കുകൊണ്ട് യോജിപ്പിച്ചിട്ടുമുണ്ട്. എന്താണിതിനർത്ഥം? കൽപനകളെ കാക്കുവാൻ, വചനത്തെ പ്രമാണിക്കുവാൻ നമ്മെ സഹായിക്കേണ്ടതിനാണ് പരിശുദ്ധാത്മാവു വന്നത് എന്നല്ലെ?

സഭയുടെ പാരമ്പര്യ ഉപദേശ പ്രമാണങ്ങൾ (ഡോഗ്മ) അനുസരിക്കുന്നതിനു മാത്രമല്ല, വചനത്തിൻെറ അക്ഷരത്തിനപ്പുറത്തുള്ള ആത്മാവിലേക്ക്, സകല സത്യത്തിലേക്കും പരിശുദ്ധാത്മാവു നമ്മെ വഴി നടത്തും. നമുക്കു തനിയെ പോകുവാൻ കഴിവില്ലാത്ത മേഖലകളിലേക്ക് ആത്മാവു നമ്മളെ കൈപിടിച്ച് നടത്തിക്കൊണ്ടുപോകും.

എങ്ങനെയാണ് ആത്മാവ് നമ്മളെ ഇതിനു സഹായിക്കുന്നത്? നമ്മോടുകൂടെ നടന്നുകൊണ്ട്, നമ്മിൽത്തന്നെ വസിച്ചുകൊണ്ട്.......പരിശുദ്ധാത്മാവുമൊന്നിച്ചുള്ള സഹവാസമാണ് വചനത്തിൻെറ അനുസരണത്തിന് നമ്മെ പ്രാപ്തരാക്കുന്നത്.

ഇന്നു നാം കൽപനകൾ അനുസരിക്കുന്നത് ഭീതികൊണ്ടല്ല, സ്നേഹം കൊണ്ട്. ‘ഭവനത്തിൽ നിന്ന് ഇറക്കിവിടപ്പെടുമോ’, എന്ന ഭയമല്ല ഇന്നു നമ്മെ ഭരിക്കുന്നത്; ഞാൻ പുത്രനാണ് എന്ന ബോധ്യം!

കർത്താവിനെ ഞാൻ സ്നേഹിക്കുന്നു, അവൻെറ കൽപ്പനകളെ ഞാൻ പ്രമാണിക്കുന്നു. എന്നാൽ എൻെറ സ്വന്തശക്തിയാൽ അവൻെറ കൽപ്പനകളെ പ്രമാണിക്കാൻ നോക്കിയാൽ അതൊരു വമ്പൻ പരാജയമായിരിക്കും. ഞാൻ ബലഹീനനാണ്; അത് കർത്താവിനുമറിയാം. അവൻ പറഞ്ഞു: ആത്മാവു നിന്നെ സഹായിക്കും. അവൻ നിന്നെ വഴി നടത്തും. നിന്നോടുകൂടെ നടന്ന്, നിന്നിൽ വസിച്ച് അവൻ നിന്നെ ശക്തീകരിക്കും.

സ്വന്തശക്തിയിൽ, ഇച്ഛാശക്തിയുടെ പിൻബലത്തിൽ കല്പനകളനുസരിക്കാനുള്ള പരിശ്രമം ഞാൻ അവസാനിപ്പിച്ചു. ആത്മാവിനെ അവൻ തന്നിട്ടുണ്ടല്ലോ പിന്നെ ഞാനെന്തിന് അമിതഭാരം തനിയെ ചുമന്ന് പരാജയപ്പെടണം?

ആത്മാവ് എന്നെ വഴി നടത്തുവാൻ തുടങ്ങി. താഴെ വീണപ്പോൾ പിടിച്ചെഴുന്നേൽപിച്ചു. തളർന്നപ്പോൾ താങ്ങി. തകർന്നപ്പോൾ ആശ്വാസപ്രദനായി അടുത്തിരുന്നു. പിന്നെയും നടക്കാൻ തുടങ്ങി. സത്യങ്ങളിലേക്ക്, കൂടുതൽ സത്യങ്ങളിലേക്ക്.........വചനത്തിൻെറ അക്ഷരങ്ങൾക്കുമപ്പുറത്തുള്ള കൂടുതൽ കൂടുതൽ സത്യങ്ങളിലേക്ക് നയിക്കപ്പെടുമ്പോൾ അത് താണ്ടിക്കയറുവാനുള്ള ശക്തിയുമവൻ പകർന്നുതന്നു. എൻെറ കൂടെ നടന്നുകൊണ്ട്, എന്നിൽത്തന്നെ വസിച്ചുകൊണ്ട്.

തീർന്നില്ല ; നടക്കുകയാണ്, കൂടുതൽ കൂടുതൽ സത്യങ്ങളിലേക്ക്......

●

# 15 ഉണർവ്വിൻെറ വാതായനം

"വേദപുസ്തക സത്യങ്ങളിലേക്ക് സഭ മടങ്ങിപ്പോവുകയും പുതിയ നിയമ ജീവിതരീതി ജനം പിൻതുടരുകയും ചെയ്യുന്നിടത്തെല്ലാം ദൈവം ഉണർവ്വിനെ അയയ്ക്കും."

ലോകപ്രശസ്ത ഉണർവ്വു ചരിത്രകാരനായ എഡ്വിൻ ഓർ "ഇവാഞ്ചലിക്കൽ എവെയ്ക്കനിംഗ്സ്" എന്ന തൻെറ പുസ്തക പരമ്പരയുടെ മുഖവുരയിൽ കുറിച്ചതാണത്. ലോകത്തിലെ മിക്കവാറുമെല്ലാ ഉണർവ്വുകളുടെയും ചരിത്രം കുറിച്ച ആ കൈകളുടെ ഉടമസ്ഥൻ ദീർഘമായ അന്വേഷണങ്ങളുടെയും വിശദമായ വിശകലനത്തിൻെറയും അന്ത്യമായ കണ്ടെത്തലാണ് ഇവിടെ പ്രസ്താവിക്കുന്നത്.

പഴയ നിയമത്തിലെ ഏറ്റവും വലിയ സാമൂഹ്യ ഉണർവ്വായിട്ടാണ് യഹൂദരാജാവായ യോശീയാവിൻെറ കാലത്തെ ഉണർവ്വിനെ അറിയുന്നത്. 2 രാജാക്കന്മാരുടെ പുസ്തകം 22,23 അദ്ധ്യായങ്ങളിലും 2 ദിനവൃത്താന്ത പുസ്തകം 34,35 അദ്ധ്യായങ്ങളിലും യോശീയാവിൻെറ ഉണർവ്വിനെ വിശദീകരിക്കുന്നുണ്ട്. അത് മൊത്തമായി വായിക്കുക.

എട്ടു വയസ്സിൽ രാജവാഴ്ച തുടങ്ങിയവനായിരുന്നു യോശീയാവ്. അവൻെറ യൗവ്വനത്തിൽ തന്നെ അവൻ യഹോവയെ അന്വേഷിച്ചു തുടങ്ങി. (2 ദിനവൃത്താന്തം 34:3) ഇരുപത്തി ആറാം വയസ്സിൽ അവൻ



ദേവാലയം പുതുക്കിപ്പണിയാൻ ആഗ്രഹിച്ചു. അവിടെ നിന്നായിരുന്നു എല്ലാത്തിൻെറയും തുടക്കം.

യഹോവയുടെ ആലയത്തിൽ നിന്ന് 'ന്യായപ്രമാണപുസ്തകം' കണ്ടെടുക്കപ്പെട്ടു. ഒരുപക്ഷെ ഇത് കൽക്കെട്ടുകൾക്കുള്ളിൽ സൂക്ഷിക്കപ്പെട്ട ചുരുളുകളായിരുന്നിരിക്കാം. എന്തായാലും പുസ്തകം രാജാവിൻെറ കയ്യിലെത്തി. സെകട്ടറിയായിരുന്ന ശാഫാൻ പുസ്തകം രാജാവിനെ വായിച്ചു കേൾപ്പിച്ചു.

ന്യായപ്രമാണപുസ്തകത്തിൻെറ വാക്കുകളെ കേട്ടിട്ട് രാജാവ് വസ്ത്രം കീറി! *"അയ്യോ! നമ്മെക്കുറിച്ചുള്ള ദൈവത്തിൻെറ ഇച്ഛകളായിരുന്നല്ലോ ഈ പുസ്തകത്തിൽ. നമുക്കുവേണ്ടി എഴുതപ്പെട്ട ഈ പുസ്തകം നേരത്തെ കണ്ടെടുക്കപ്പെട്ടില്ലല്ലോ"* എന്നാണ് രാജാവിൻെറ വിലാപം (2. രാജാക്കന്മാർ 22:13)

വചനത്തിൻെറ വ്യാഖ്യാനത്തിനും, അതിൻെറ ആത്മാവിൻെറ അന്വേഷണത്തിനുമായി രാജാവ് പ്രവാചകരെ അന്വേഷിച്ചു. ഒരു സാധാരണക്കാരിക്കാണ് ദൈവം അരുളപ്പാടു കൊടുത്തത്......കൊട്ടാരം തയ്യൽക്കാരൻെറ ഭാര്യയായ ഹൂൽദാ പ്രവാചകിക്ക്.

പ്രവാചകി പറഞ്ഞു: ഇത് ന്യായവിധിയുടെ സന്ദേശമാണ് (22:16,17) എന്നാൽ രാജാവ് വചനത്തിനു മുമ്പാകെ തന്നെ താഴ്ത്തി അനുതപിച്ചതിനാൽ (വാ. 18) ദൈവം യഥാസ്ഥാനപ്പെടുത്തും. (വാ. 20)

രാജാവ് സകല ജനങ്ങളെയും വിളിച്ചുകൂട്ടി. പിന്നീട് എല്ലാവരെയും വചനം വായിച്ചു കേൾപ്പിച്ചു. പിന്നെ പറഞ്ഞു: "യഹോവയുടെ ആലയത്തിൽ നിന്നുകിട്ടിയ വചനമാണിത്. ഞാനിതു വായിച്ചപ്പോൾ എൻെറ ഹൃദയം തകർന്നുപോയി. ഞാൻ വചനത്തെക്കുറിച്ച് അരുളപ്പാടു ചോദിച്ചു. ഇത് ന്യായവിധിയുടെ സന്ദേശമാണ്. യഹോവ പറയുന്നത് ഇതാണ്: "നാം യഹോവയെ ഉപക്ഷേിച്ച് അന്യദേവൻമാർക്ക് ധൂപം കാട്ടി. നമ്മുടെ സകല പ്രവൃത്തികളാലും ദൈവത്തിൻെറ കോപത്തെ ഉദ്ദീപിപ്പിച്ചു. അതുകൊണ്ട് അവിടുന്ന് തൻെറ പുസ്തകത്തിലെ നിയമമനുസരിച്ചുള്ള ശിക്ഷ നമ്മുടെ മേൽ അയയ്ക്കും.(22:17,18) അതുകൊണ്ട് ജനമെ, ഒരു അനുതാപവും മടങ്ങിവരവും അത്യന്താപേക്ഷിതമാണ്. ഞാനതിനു മുൻകൈയെടുക്കും.

ഞാൻ യഹോവയെ അനുസരിച്ചു നടക്കയും അവൻെറ കല്പനകളും സാക്ഷ്യങ്ങളും ചട്ടങ്ങളും പൂർണ ഹൃദയത്തോടും പൂർണ മനസ്സോടും

പ്രമാണിക്കയും, ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന നിയമത്തിന്റെ വാക്യങ്ങൾ നിവർത്തിക്കയും ചെയ്യും? ഞാനങ്ങനെ ഉടമ്പടി ചെയ്യുന്നു. എന്താണ് നിങ്ങളുടെ പ്രതികരണം?

ജനമെല്ലാം പറഞ്ഞു: "ഞങ്ങൾ ആ ഉടമ്പടിയിൽ യോജിക്കുന്നു." (2 രാജാക്കൻമാർ 23:1-3)

ഉണർവിന്റെ ആരംഭമായിരുന്നു അത്. അവർ ദേവാലയത്തിൽ കൊണ്ടുവെച്ചിരുന്ന ബാലിന്റെയും അശേരയുടെയും ആകാശരാജ്ഞിയുടെയും പ്രതിഷ്ഠകൾ വലിച്ചിളക്കി ദൂരെ കിദ്രോനിൽ കൊണ്ടു ചുട്ടു. യോശീയാവിന്റെ പിതാക്കന്മാർ സ്ഥാപിച്ചിരുന്ന അന്യദൈവങ്ങളുടെ പൂജാഗിരികളെയും തകർത്തുകളഞ്ഞു. അവയ്ക്കു ധൂപം കാട്ടിയിരുന്നവരെ നീക്കി ദേവാലയത്തിലെ കൾട്ട് വേശ്യകളെ തുരത്തി; അവരുടെ വീടുകളെ ഇടിച്ചു; യഹൂദ്യയിലും യിസ്രായേലിലുമുള്ള സകല വിഗ്രഹങ്ങളും തച്ചുടച്ചു....... ഒരു സംഹാരയാത്ര!! (2 രാജാക്കന്മാർ 23:4-20 വരെയുള്ള ദീർഘമായ വാക്യങ്ങളിൽ ഉണർവ്വിന്റെ പ്രാരംഭപടിയായ വിഗ്രഹഭഞ്ജനത്തെ മാത്രമാണു വിവരിക്കുന്നത്)

പിന്നീട് യോശിയാവ് "ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്ന പ്രകാരമുള്ള" വലിയൊരു പെസഹ കഴിച്ചു. (2 ദിനവൃത്താന്തം 35:1) ശുദ്ധീകരണത്തിനുശേഷം ആരാധനയിലേക്ക്. അതുപോലെയൊരു പെസഹ ചരിത്രത്തിൽ വേറെ ഉണ്ടായിട്ടില്ല (2 രാജാക്കന്മാർ 23:25) യഹോവയുടെ ആലയത്തിലെ സകല ശുശ്രൂഷകളും ക്രമത്തിലാക്കുക എന്നതായിരുന്നു അടുത്തപടി. (2 ദിനവൃത്താന്തം 35:16) ഇങ്ങനെയുള്ള എല്ലാ പ്രവർത്തനങ്ങളാലും യോശിയാവ് ദേവാലയത്തെ യഥാസ്ഥാനപ്പെടുത്തി (2 ദിനവൃത്താന്തം. 35:20)

ഉണർവ്വിന്റെ വഴി നോക്കുക.

യുവാവായ യോശിയാവ് - അവൻ രാജാവുമാണ്- യഹോവയെ അന്വേഷിക്കുന്നു. ദേവാലയം പണിയിൽ അവനു താല്പര്യം. യോശിയാവ് ദൈവത്തെ അന്വേഷിച്ചപ്പോൾ ദൈവം അവനെത്തേടി ഇറങ്ങിച്ചെന്നു - തന്റെ വചനത്തിലൂടെ. വചനം അവനെ കീറിമുറിച്ചു. തനിക്കുവേണ്ടിയുള്ളതാണു വചനം എന്ന് അവൻ അറിഞ്ഞു. എന്നാൽ അതിന് വ്യാഖ്യാനവും വിവേചനവും വേണമെന്ന് അവൻ അറിഞ്ഞു. ഒരു സാധാരണക്കാരിയിൽ നിന്ന് - തന്റെ വസ്ത്രവിചാരകന്റെ ഭാര്യയിൽ നിന്ന് -ദൈവിക സന്ദേശം സ്വീകരിക്കാനുള്ള വിനയം അവൻ കാട്ടി. ദൈവിക ന്യായവിധിയെക്കുറിച്ചുള്ള ബോധ്യം അവനു ലഭിച്ചു.



ഉണർവ്വ് ആരംഭിക്കുകയായി. അത് രാജാവിനെ ബാധിച്ചു. ജനങ്ങളെ ബാധിച്ചിട്ടില്ലതാനും. ജനങ്ങൾ ഉണർത്തപ്പെടണം എന്നാൽ ഉണർവ്വ് കല്പനയാക്കാൻ പറ്റില്ല. ജനങ്ങൾ ഉണർത്തപ്പെടാൻ ജനനായകൻ കല്പനയിറക്കിയാൽ പോരാ. രാജാവിനറിയാം തന്നെ ഉണർത്തിയത് വചനമാണ്. വചനം ജനങ്ങളിലെത്തുകയാണ് ഉണർവ്വിനുള്ള പോം വഴി.

രാജാവ് ജനങ്ങളെയെല്ലാം കൂട്ടിവിളിച്ചു: സകലനിവാസികളെയും. അവരോട് സാക്ഷ്യം പറഞ്ഞു. വചനം എന്നെ രൂപാന്തരപ്പെടുത്തി. ഞാൻ ഉണർത്തപ്പെട്ടു. ഞാൻ ദൈവവുമായി ഉടമ്പടി ചെയ്യുന്നു. ഞാൻ വചനം അനുസരിക്കും. നിങ്ങളെന്തു തീരുമാനിക്കും?

വചനം ജനത്തെയും സ്പർശിച്ചു തുടങ്ങി. ജനം പറഞ്ഞു. ഞങ്ങളും ഉടമ്പടിയിൽ പങ്കുചേരുന്നു. ഞങ്ങളും വചനം അനുസരിക്കും.

വചനത്തിന്റെ അനുസരണമാണ് ഉടമ്പടി. വചനത്തിന്റെ അനുസരണമാണ് ഉണർവ്വ്. പാട്ടു പാടിപ്പിരിഞ്ഞാൽ ഉണർവ്വാകില്ല. ജനം ഉടമ്പടിയിലേക്ക് വരണം. ഉടമ്പടി ദൈവിക പ്രവർത്തനങ്ങളുടെ സ്വീകരണത്തിന് ഒരു അത്യന്താപേക്ഷിതഘടകമാണ്. ദൈവം നോഹയുമായി ഉടമ്പടി ചെയ്തു. അബ്രഹാമുമായി ഉടമ്പടി ചെയ്തു. സീനായിൽ യിസ്രായേൽ മക്കളുമായി ഉടമ്പടി ചെയ്തു. ഉടമ്പടിയുടെ രക്തം ചൊരിഞ്ഞ് യേശു തന്റെ മണവാട്ടിയുമായി ഉടമ്പടി ചെയ്തു.

ഉടമ്പടിയുടെ ജനം വ്യത്യസ്തരായേ പറ്റൂ. അവർ വിശുദ്ധരാണ്, വേർപെട്ടവരാണ്. ഇനി അശുദ്ധി പറ്റില്ല. ഉടമ്പടിയുടെ ജീവിതം അത്യന്താപേക്ഷിതം.

യേശിയാവ് ശുദ്ധീകരണം ആരംഭിച്ചു. രാജ്യം മുഴുവൻ രാജാവ് തേരോട്ടി. സകല വിഗ്രഹങ്ങളും തകർന്നു. സകല പൂജാഗിരികളും ഇടിഞ്ഞു. കല്പനകൊണ്ട് ചെയ്യാനുള്ളതേ ഉള്ളായിരുന്നു ഈ കാര്യങ്ങൾ. അങ്ങനെ ചെയ്താൽ തെരുവിൽ നിന്ന് പൂജാഗിരികൾ വീട്ടിൽ കയറുമെന്ന് മാത്രം. കുടുംബനാഥന്റെയോ സഭാനേതാവിന്റെയോ കല്പനകൊണ്ട് ഉണർവ്വുണ്ടാകാൻ പറ്റില്ല. ശുദ്ധീകരണവും പറ്റില കല്പന പേടിച്ച് അശുദ്ധി തെരുവിൽ കാട്ടിയില്ലെങ്കിലും ഭവനത്തിൽ നിന്നും ഹൃദയത്തിൽ നിന്നും അത് ഇറങ്ങിപ്പോവില്ല.

ശുദ്ധീകരണം കഴിഞ്ഞാണ് പെസഹ ആരാധന! രാജാവിനു വേണമെങ്കിൽ നേരത്തെയും പെസഹ നടത്താമായിരുന്നല്ലോ. എന്നാൽ, ശുദ്ധീകരണമില്ലാത്ത പെസഹ അർത്ഥശൂന്യമാണ്. ജനത്തെ വിളിച്ചുകൂട്ടി ആരാ

ധിപ്പിക്കുന്നതുകൊണ്ടു മാത്രം ഉണർവ്വുണ്ടാവില്ല. ശുദ്ധീകരണമാണ് ആദ്യ മുണ്ടാവേണ്ടത്.

ആരാണ്, എന്താണ് ശുദ്ധീകരിക്കുന്നത്? വചനം!

"ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു" (യോഹന്നാൻ 15:3)

വചനത്താലാണ് ശുദ്ധീകരിക്കപ്പെടുന്നത്. മഹാപുരോഹിത പ്രാർത്ഥ നയിലും കർത്താവ് ഇതു തന്നെ പറയുന്നു. *"സത്യത്താൽ അവരെ വിശു ദ്ധീകരിക്കേണമെ, നിൻെറ വചനം സത്യമാകുന്നു" (യോഹ ന്നാൻ 17:7)*

എങ്ങനെയാണ് ശുദ്ധീകരിക്കപ്പെടുന്നത്? കുറെ കരയുന്നതിനാലോ? ഒരിക്കലുമല്ല. കെട്ടിടം പണിയിൽ ഇഷ്ടിക എറിച്ചു നിന്നാൽ എന്താ ചെയ്യുന്നത്? വെള്ളമൊഴിച്ചു കഴുകുകയോ? ഒരിക്കലുമല്ല. അളവു കോൽ പിടിച്ച്, എറിച്ചു നില്ക്കുന്ന ഇഷ്ടിക പൊട്ടിച്ചു കളയും. അതാണു ശുദ്ധീ കരണം. വചനത്തിൻെറ അളവുകോൽ കവച്ചു വെയ്ക്കുന്ന ഇച്ഛ കളും താല്പര്യങ്ങളും പൊട്ടിച്ചു കളയണം. മുരടിച്ച കൊമ്പുകൾ ചെത്തിവെടി പ്പാക്കണം. (യോഹന്നാൻ 15:2)

ആരാധന കഴിഞ്ഞപ്പോൾ ശുശ്രൂഷകൾ ക്രമത്തിലായി, ആലയം യഥാ സ്ഥാനത്താക്കപ്പെട്ടു.

മാതൃകാപരമായ ഉണർവ്വ്. അല്ലെ? എന്നാൽ യോശീയാവിൻെറ ഹൃ ദയ വ്യഗ്രത തിരുവചനത്തിൻെറ കണ്ടെത്തലിൽ ചെന്നെത്തിയതാണ് ഉണർവ്വിനു വഴിത്തിരിവായത്. പിന്നെ വചനം അതിൻെറ വഴിയിൽ കാ ര്യങ്ങൾ ചെയ്തു. വചനം ജനത്തെ ഉടമ്പടി ബന്ധത്തിലേക്കു നയിച്ചു, ശുദ്ധീകരണത്തിലേക്കു നയിച്ചു, യഥാസ്ഥാനത്തിലേക്കു നയിച്ചു......

യഥാർത്ഥമായ ഉണർവ്വുകളിലെല്ലാം വചനം പ്രവർത്തിക്കുന്നുണ്ട്. പ്രവാസത്തിലിരുന്ന ദാനിയേൽ യിരെമ്യാ പ്രവാചകൻെറ പുസ്തകത്തിൽ നിന്നും പ്രവാസകാലം 70 സംവത്സരം ആയിരിക്കുമെന്നു ഗ്രഹിച്ചതാണ്. യരുശലേമിൻെറ പുനരുദ്ധാനത്തിനായി ഉപവസിക്കുവാനും പ്രവർത്തി ക്കുവാനും ദാനിയേലിനു പ്രേരണയായത്. (ദാനീയേൽ 9-ാം അദ്ധ്യായം)

പ്രവാസത്തിൽ നിന്നു മടങ്ങി വന്ന ജനം ന്യായപ്രമാണത്തിൻെറ ശ്രവണത്തിനായി ആവലോടെ കാത്തിരിക്കുന്ന കാഴ്ചയാണ് നെഹമ്യാ വിൽ നാം കാണുന്നത്. അവർ യഹോവയുടെ ന്യായപ്രമാണ വാക്കുകളെ കേട്ട് കരഞ്ഞു. അനുതപിച്ചു, സന്തോഷിച്ചു. അവർ വീടുവിട്ട് കൂടാരങ്ങളെ



പണിത് അതിൽ താമസിച്ചുകൊണ്ട് വചനം കേട്ടു. നെഹമ്യാവ് 8:17,18) പ്രവാസത്തിനുമുമ്പുണ്ടായിരുന്ന ജനങ്ങളെക്കാൾ തീഷ്ണതയോടെ പ്രവാസാനന്തര ജനങ്ങൾ ഏക സത്യദൈവവിശ്വാസത്തിലും ഭക്തിയി ലും വളർന്നതിൻെറ കാരണം എസ്രാ ശാസ്ത്രി മുതൽ ഇങ്ങോട്ടുള്ളവർ 'വചനം' ജനങ്ങൾക്ക് സമീപമാക്കിയതല്ലാതെ മറ്റൊന്നുമല്ല. (സിറിയൻ പീഡനത്തിൻെറ പാരമ്യതയിലും, പ്രബലപ്രവാചകരുടെ അഭാവത്തിലും യഹൂദൻ ഭക്തി മുറുകെ പിടിച്ചിരുന്നു. എന്നോർക്കണം - അത് വചനത്തി ൻെറ ശക്തിയല്ലാതെ മറ്റൊന്നുമല്ല)

പുതിയ നിയമത്തിൽ, യേശുവിൻെറ വചനങ്ങൾക്കായി ജനം വിശപ്പു മറന്നിരുന്നു. പെന്തക്കോസ്തുനാളിൽ എല്ലാവരും അന്യഭാഷ സംസാരി ച്ചപ്പോഴും, വ്യാഖ്യാനം കേട്ടപ്പോഴുമല്ല, പത്രോസിൻെറ പ്രസംഗം കേട്ടപ്പോ ഴാണ് - വചനം ശ്രവിച്ചപ്പോഴാണ്- ജനങ്ങൾ ഹൃദയത്തിൽ കുത്തു കൊണ്ടവരായി യേശുവിൻെറ അനുയായികളായത്. കൊർന്നല്യോസി ൻെറ ഭവനത്തിൽ വചനം കേട്ടവരുടെ മേൽ പരിശുദ്ധാത്മാവ് വന്നു.

സഭാ ചരിത്രത്തിൽത്തന്നെ, നവീകരണത്തിൻെറ മുന്നേറ്റത്തിനു കാരണം, വില്യം ടിൻെറയ്ലിനെപ്പോലുള്ളവർ വചനം സാധാരണക്കാർ ക്കായി നല്കാൻ ശ്രമിച്ചതല്ലെ? മാർട്ടിൻ ലൂഥറിൻെറയും സ്വിംഗ്ലിയുടെയും നവീകരണം ബൈബിളിനെ ജനങ്ങളിലേക്കെത്തിച്ചതു കൊണ്ടല്ലെ, അത് ഇന്നും നില്ക്കുന്നത്?

ഗ്രെയ്റ്റ് അവെയ്ക്കനിംഗിൻെറ കാലം ഇന്നും ഓർമയായി നിലനിൽ ക്കാൻ കാരണം ജോനാൻ എഡ്വേർഡ്സിൻെറ വചനാടിസ്ഥാനത്തിലു ള്ള പ്രഭാഷണങ്ങളല്ലെ? ജോൺ വെസ്ലി മെഥൊഡിസം യൂറോപ്പിലാകെ പടർത്തിയത് വചനം ജനങ്ങളിലെത്തിച്ചുകൊണ്ടല്ലെ?ഇവാഞ്ചലിക്കൽ എവെയ്ക്കനിംഗിൻെറ അമേരിക്കൻ ശുശ്രൂഷകൻ ജോർജ്ജ് വൈറ്റ് ഫീൽ ഡ് ഇന്നുമോർക്കുന്നത് അദ്ദേഹത്തിൻെറ പ്രസംഗങ്ങളിലെ വചനാധിഷ്ഠി തമായ ശുദ്ധീകരണത്തിനായുള്ള ആഹ്വാനത്താലാണ്.

പെന്തക്കോസ്തുണർവ്വിൻെറ മുന്നോടിയായ ഹോളിനെ സമൂവ് മെൻറും വചനം ആവശ്യപ്പെടുന്ന വിശുദ്ധിക്കായി നിലകൊണ്ടു. പെന്ത ക്കോസ്തുണർവ്വുതന്നെ 'അന്ത്യകാല'ത്തെക്കുറിച്ചുള്ള പഠനങ്ങൾ, സർവ്വ ജഢത്തിൻമേലും ഒഴുക്കുന്ന ആത്മാവിൻെറ അഗ്നിയെ കാത്തിരി ക്കാൻ ചിലരെ പ്രേരിപ്പിച്ചതിൻെറ പരിണിത ഫലമല്ലെ?

ഇതൊക്കെ ഉണർവ്വു വരുന്ന നാൾ വഴി. ഉണർവ്വു നിലനില്ക്കുന്നതും വചനത്താലാണ്. എഡ്വിൻ ഓറിൻെറ വാക്കുകളിൽ, വേദപുസ്തക

സത്യങ്ങളിലേക്ക് സഭ മടങ്ങിപ്പോവുകയും ജനം പുതിയ നിയമ ജീവിത രീതിയെ സ്വീകരിക്കുകയും ചെയ്താൽ ഉണർവ്വുണ്ടാകും. എന്നാൽ, ഉണർത്തപ്പെട്ട സഭ വചനത്തിൽ നിലനിന്നാൽ പുതിയ നിയമജീവിതരീതി യഥാസ്ഥാനപ്പെടുകയും ചെയ്യും.

വചനത്തിന്റെ അടിസ്ഥാനത്തിൽ പണിതുയരുന്ന ഉണർവ്വ് ജനത്തെ ദൈവിക ഉടമ്പടി ബന്ധത്തിലേക്കു ഉയർത്തുന്നു; അവരെ ശുദ്ധീകരിക്കുന്നു. അവരെ ക്രമീകരിക്കുന്നു. അവരെ യഥാസ്ഥാനപ്പെടുത്തുന്നു. യഥാർത്ഥ ആത്മീയ ഉണർവ്വിൽ ദൈവരാജ്യം ഭൂമിയിലേക്ക് ഇറങ്ങി വരികയാണ്.

വചനാധിഷ്ഠിതമായ ഒരു ഉണർവ്വിനായുള്ള അഭിവാഞ്ഛയാൽ നമ്മുടെ ഹൃദയം നിറയട്ടെ. വചനമാണ് അതിന്റെ വാതായനമെന്നതു മറക്കേണ്ട. ദൈവം അത് അയയ്ക്കും. തീർച്ച!

❖ ❖ ❖